# യൂണിറ്റ് 1അമ്യതം

| നമ്പർ | പഠനനേട്ടം | പ്രവർത്തനം | പഠന സാമഗ്രികൾ | ആശയങ്ങൾ, ധാരണകൾ, മൂല്യങ്ങൾ | ഉല്പന്നം | വിലയിരുത്തൽ | സമയം |
|---|---|---|---|---|---|---|---|
| 1 | വേദനിക്കുന്നവരെയും ദുരിതമനുഭവിക്കുന്നവരേയും സ്നേഹിക്കാനും സഹായിക്കാനു നമുക്ക് കഴിയേണ്ടതുണ്ട് എന്ന മനോഭാവം വളർത്തുന്നു | മീൽസ് റെഡി | short film വീഡിയോ | ആവശ്യമായ ജീവിത സൗകര്യങ്ങൾ അനുഭവിക്കാൻ കഴിയാതെ കഷ്ടപ്പെടുന്ന എത്രയോ പേർ നമുക്ക് ചുറ്റിലും ഉണ്ട്. അവരെ സ്നേഹിക്കാനും സഹായിക്കാനും നമുക്ക് കഴിയണം | | ചർച്ചകളിലെ പങ്കാളിത്തം | 45 |
| 2 | കവിത ഈണത്തിലും താളത്തിലും | പ്രവേശകപ്രവർത്തനം,കണ്ടെത്താം കണ്ടെത്താം - | “കുടയില്ലാത്തവർ" കവിത ഓഡിയോ | സ്നേഹത്തിന്റെ മഹത്വം വ്യക്തമാക്കുന്ന നിരവധി സാഹിത്യരചനകൾ ഉണ്ട് . | ക്രോഡീകരണക്കുറിപ്പുകൾ | ക്രോഡീകരണക്കുറിപ്പുകൾ | 90 |

| | | | | | | | |
|---|---|---|---|---|---|---|---|
| | ചൊല്ലുന്നു കവിത വായിച്ച് ആശയം ഗ്രഹിക്കുന്നു" | എഴുതാം | | | | | |
| 3 | കവിത വായിച്ച് പ്രധാന ആശയങ്ങൾ കണ്ടെത്തുന്നു | 'കവിതവായന ' | പാഠപുസ്തകം | സ്നേഹത്തിന് വ്യത്യസ്ത മുഖങ്ങളുണ്ട് | | ചോദ്യങ്ങളുടെ നിലവാരം | 60 |
| 4 | "ഇഷ്ടപ്പെട്ട കവിതകൾ ശേഖരിക്കുന്നു" കവിത ഈണത്തിലും താളത്തിലും ചൊല്ലുന്നു കവിത വായിച്ച് പ്രധാന | 1. പ്രവേശക പ്രവർത്തനം 2. പറയാം എഴുതാം 3. വരികൾ കണ്ടെത്താം 4. സമാന കവിതകൾ 5. ഒരേ ഈണം ... ഒരേ താളം | ടി ബി പേജ് 7ലെ ചിത്രം സ്കാൻ ചെയ്ത് Enlarge ചെയ്തത് വെണ്ണക്കണ്ണൻ - ചെറുശ്ശേരി കവിത - ഓഡിയോ ഇടശ്ശേരിയുടെ പൂതപ്പാട്ട് - ഓഡിയോ വള്ളത്തോൾ കവിത 'ആവൂ | സ്നേഹത്തിന്റെ മഹത്വം വ്യക്തമാക്കുന്ന നിരവധി സാഹിത്യരചനകൾ ഉണ്ട്. കവിതയുടെ താളത്തിന് അതിലെ വരികളുടെ അക്ഷരങ്ങളുടെ എണ്ണവുമായി ബന്ധമുണ്ട് | ക്രോഡീകരണ കുറിപ്പുകള് ചെറുശ്ശേരി, വള്ളത്തോള് എന്നിവരുടെ കവിതകള് | കവിതയ്ക്ക് ഈണം നല്കൽ സമാന കവിതകൾ (ആശയമുള്ളവ) കണ്ടെത്തൽ ആശയഗ്രഹണ ചോദ്യങ്ങളുടെ ഉത്തരം "കുട്ടികളുടെ കണ്ടെത്തലുകൾ " | 135 |

| | | | | | | | |
|---|---|---|---|---|---|---|---|
| | ആശയങ്ങൾ കണ്ടെത്തുന്നു | | വിശപ്പില്ലേ.......- ഓഡിയോ ചെറുശ്ശേരിയുടെയും വള്ളത്തോളിന്റെയും കവിതകൾ | | | | |
| 5 | തെറ്റ് കൂടാതെ വ്യവഹാര രൂപം തയ്യാറാക്കുന്നു (കുറിപ്പ്) | കഥയാക്കാം | 'റ്റി.ബി - 10 പൂതപ്പാട്ട് എന്ന കൃതിയുടെ മുഴുവൻ ഭാഗവും കഥയോ കവിതയോ കഥാപ്രസംഗമായോ കുട്ടികൾക്ക് ലഭ്യമാക്കണം ' | 'സ്നേഹത്തിന്റെ മഹത്വം വ്യക്തമാക്കുന്ന നിരവധി സാഹിത്യകൃതികൾ ഉണ്ട് | കഥ (രചന) | കഥ | 60 |
| 6 | പാഠത്തിലെ ആശയത്തെ വിവരണം, ചിത്രീകരണം , പോസ്റ്റർ വാർത്ത, അഭിനയം തുടങ്ങിയ വ്യത്യസ്ത രീതിയിൽ | വാർത്ത തയ്യാറാക്കാം | ചാർട്ട് | നാം ജിവികളോട് സ്നേഹപൂർണ്ണമായി പെരുമാറുന്നതിലൂടെ നാം ജീവിക്കുന്ന സുന്ദരമാക്കാന് കഴിയും | വാര്ത്ത രചന | വാർത്ത | 120 |

| | | | | | | | |
|---|---|---|---|---|---|---|---|
| | അവതരിപ്പി ക്കുന്നു | | | | | | |
| 7 | പാഠത്തിലെ ആശയത്തെ വിവരണം, ചിത്രീകരണം , പോസ്റ്റർ വാർത്ത, അഭിനയം തുടങ്ങിയ വ്യത്യസ്തരീതി യിൽ അവതരിപ്പി ക്കുന്നു. " | തത്സമയ സംപ്രേക്ഷ ണം | പാഠപുസ്തകം | നാം ജിവികളോട് സ്നേഹപൂർണ്ണമായി പെരുമാറുന്നതിലൂടെ നാം ജീവിക്കുന്ന സുന്ദരമാക്കാൻ കഴിയും ഒരു സംഭവം വ്യത്യസ്ത വ്യവഹാര രൂപങ്ങളിലൂടെ എത്തിക്കാം | വാർത്ത അവതരണം | വാർത്ത അവതരണം | 90 |
| 8 | പാഠത്തിലെ ആശയത്തെ വിവരണം, ചിത്രീകരണം , പോസ്റ്റർ വാർത്ത, | മറക്കാത്ത മഴക്കാലം,ശേ ഖരിക്കൂ ചൊല്ലി രസിക്കൂ | ഐസിടിയിൽ ഒരു മഴക്കാല ചിത്രം | സ്നേഹത്തിന്റെ മഹത്വം വ്യക്തമാക്കുന്ന നിരവധി സാഹിത്യരചനകൾ ഉണ്ട് | മഴയനുഭവം - കുറിപ്പ്<br>കവിത ( മഴയുമായി ബന്ധപ്പെട്ടത് ) | മഴയനുഭവക്കു റിപ്പ്<br>മഴക്കവിത<br>ചിത്രങ്ങൾ | 90 |

| | | | | | | | |
|---|---|---|---|---|---|---|---|
| | അഭിനയം തുടങ്ങിയ വ്യത്യസ്തരീതിയിൽ അവതരിപ്പിക്കുന്നു." | | | | ചിത്രങ്ങള് | | |
| 9 | കവിത ഈണത്തിലും താളത്തിലും ചൊല്ലുന്നു.. അനുഭവക്കുറിപ്പ് തയ്യാറാക്കുന്നു. | കവിതാലാപനം | കവിത-ഓഡിയോ | സ്നേഹത്തിന് വ്യത്യസ്ത മുഖങ്ങളുണ്ട് | | കവിതാലാപനം | 30 |
| 10 | ഉചിതമായ വ്യവഹാരരൂപം തയ്യാറാക്കുന്നു | സംഭാഷണം | ലൈബ്രറിയിലുള്ള പുസ്തകങ്ങൾ | സ്നേഹത്തിന് വിവിധ മുഖങ്ങളുണ്ട് | സംഭാഷണം രചന | സംഭാഷണം | 120 |
| | | ആസ്വാദനക്കുറിപ്പ് | ഓഡിയോ | സ്നേഹത്തിന് വിവിധ മുഖങ്ങളുണ്ട് | | | 60 |
| | | രണ്ട് | കവിത എഴുതിയ | സ്നേഹത്തിന് വിവിധ | താരതമ്യക്കുറി | താരതമ്യക്കുറിപ്പ് | 120 |

| | | | | | | | |
|---|---|---|---|---|---|---|---|
| | | സഹോദരിമാർ | ചാർട്ട് (കുഞ്ഞേടത്തി) | മുഖങ്ങളുണ്ട് | പ്പ് | | |
| | | അനുഭവക്കുറിപ്പ് തയ്യാറാക്കുന്നു | ചാർട്ട് | മഴ | അനുഭവക്കുറിപ്പ് | അനുഭവക്കുറിപ്പ് | 120 |
| 11 | പരിചയപ്പെടുന്ന പുതിയ പദങ്ങൾ പ്രയോഗങ്ങൾ ചൊല്ലുകൾ, ശൈലികൾ എന്നിവ ഉചിത സന്ദർഭത്തിൽ പ്രയോഗിക്കുന്നു. | അർത്ഥം കണ്ടെത്താം<br><br>അടിവരയിട്ട പദങ്ങൾ<br><br>മാതൃക പോലെ മാറ്റിയെഴുതുന്നു<br><br>സമാനാർത്ഥമുള്ള പദങ്ങൾ | പദസൂചിക<br><br>സമാനാർത്ഥ പദസൂചിക | പുതിയ പദങ്ങളുടെ അർത്ഥം, സമാനാർത്ഥം വരുന്നുവ പദങ്ങൾ എന്നിവ കണ്ടെത്തുന്നു. | നോട്ടുബുക്കില്<br><br>പദങ്ങളുടെ അര്ത്ഥം<br><br>സമാനപദങ്ങള്<br><br>മാതൃകപോലെ മാറ്റിയെഴുതാന് | | 90 |
| 12 | | പ്രയോഗശേഷി കണ്ടെത്തൽ, | വാക്യ സ്റ്റിപുകൾ , ചിത്രങ്ങൾ " പുതു " ചേർന്നു വരുന്ന | സ്നേഹത്തിന്റെ മഹത്വം വ്യക്തമാക്കുന്ന നിരവധി | " പുതു " ചേര്ന്നു വരുന്ന പദങ്ങള് , | പദങ്ങൾ, പ്രയോഗങ്ങളുടെ | 90 |

| | | | | | | | |
|---|---|---|---|---|---|---|---|
| | | വാക്കുകൾ കണ്ടെത്താം | പദങ്ങൾ എന്നിവ സ്ലൈഡ്ഷോ | സാഹിത്യരചനകൾ ഉണ്ട് | വരികളുടെ പ്രയോഗഭംഗി കണ്ടെത്തിയത് | അനുയോജ്യത | |
| 13 | തെറ്റുകൂടാതെ ഉചിതമായ വ്യവഹാരരൂപം തയ്യാറാക്കുന്നു | ഡയറി എഴുതാം | പാഠപുസ്തകം | നാം ജീവികളോട് സ്നേഹപൂർണ്ണമായി പെരുമാറുന്നതിലൂടെ നാം ജീവിക്കുന്ന ലോകം rnസുന്ദരമാക്കാൻ കഴിയും | ഡയറി രചന | ഡയറി | 60 |
| 14 | "പാഠത്തിലെ ആശയത്തെ വിവരണം, ചിത്രീകരണം, പോസ്റ്റർ വാർത്ത, അഭിനയം തുടങ്ങിയ വ്യത്യസ്തരീതിയിൽ | മറക്കാത്ത മഴക്കാലം,ശേഖരിക്കൂ ചൊല്ലി രസിക്കൂ | ഐസിടിയിൽ ഒരു മഴക്കാല ചിത്രം | സ്നേഹത്തിന്റെ മഹത്വം വ്യക്തമാക്കുന്ന നിരവധി സാഹിത്യരചനകൾ ഉണ്ട് | മഴയനുഭവം - കുറിപ്പ്<br><br>കവിത ( മഴയുമായി ബന്ധപ്പെട്ടത് )<br><br>ചിത്രങ്ങള് | മഴയനുഭവക്കുറിപ്പ്<br><br>മഴക്കവിത<br><br>ചിത്രങ്ങൾ | 90 |

| | | | | | | | |
|---|---|---|---|---|---|---|---|
| | അവതരിപ്പി ക്കുന്നു." | | | | | | |
| 15 | ഇഷ്ടപ്പെട്ട കവിതകൾ ശേഖരിക്കു ന്നു" | തേടിപ്പിടിക്കാം മഴപ്പാട്ടുകൾ | ലൈബ്രറിയിലുള്ള പുസ്തകങ്ങൾ | ഒരേ വിഷയം കേന്ദ്രീകരിച്ച് വിവിധ കവിതകൾ ഉണ്ട് | | | 45 |
| 16 | ആശയത്തെ ചിത്രീകരിക്കു ന്നു | ആശയത്തിന നുസരിച്ച് ചിത്രം വരയ്ക്കുന്നു | ചിത്രം വരയ്ക്കാനുള്ള ചാർട്ട് | സ്നേഹത്തിന് വിവിധ മുഖങ്ങളുണ്ട് | | | 40 |
| 17 | ഉച്ചാരണശു ദ്ധി, ഒഴുക്ക്, ആവശ്യമായ ഭാവ വ്യതിയാനം എന്നിവയോ ടെ വായിക്കുന്നു. | I - കണ്ടെത്താം<br><br>2. കണ്ടെത്താം എഴുതാം | വീഡിയോ / ഓഡിയോ (മൈനയും ശബ്ദവും)<br><br>വീഡിയോ പൂക്കളും ഇലകളും നിറഞ്ഞു നില്ക്കുന്ന മരം<br><br>ക്രോഡീകരണ ചാർട്ട് | സഹജീവികളോട് സ്നേഹപൂർവ്വമായി പെരുമാറുന്നതിലൂടെ നാം ജീവിക്കുന്ന ലോകത്തെ സുന്ദരമാക്കാന് കഴിയും. സ്നേഹത്തിന്റെ പ്രകാശത്തിന് നമ്മുടെ ചുറ്റുപാടിനെ മാറ്റാനുള്ള കഴിവുണ്ട്. | നോട്ടുബുക്കി ല് ക്രോഡീകരണ ക്കുറിപ്പുകള് | ആശയം ക്രോഡീകരിച്ച് എഴുതുന്നതിനു ള്ള കഴിവ് | 90 |

| | | | | | | | |
|---|---|---|---|---|---|---|---|
| 18 | നമുക്കു ചുറ്റുമുള്ള എല്ലാത്തിനെയും സ്നേഹിക്കുന്നതിലൂടെ നാം ജീവിക്കുന്ന ലോകത്തെ സുന്ദരമാക്കാൻ കഴിയുമെന്ന് ബോധ്യപ്പെടുത്തുന്നു. | **I -** സ്നേഹവചനങ്ങൾ ശേഖരിക്കാം<br><br>2. പോസ്റ്റർ രചന<br><br>3. കഥാകൃത്ത് പരിചയം | ICT - സ്നേഹവചനങ്ങൾ ശേഖരിക്കാം<br><br>ICT - വിവിധതരം പോസ്റ്റർ മാതൃകകൾ<br><br>ICT - ഗുരുനിത്യ ചൈതന്യ യതിയുടെ ചിത്രം<br><br>പ്രസംഗത്തിന്റെ ഓഡിയോ / വീഡിയോ | സ്നേഹത്തിന് വ്യത്യസ്ത മുഖങ്ങൾ ഉണ്ട്. സ്നേഹം തിരിച്ചുകൊടുക്കാൻ കഴിയേണ്ടതുണ്ട്.<br><br>സ്നേഹവചനങ്ങൾ ശേഖരിക്കുന്നതിലൂടെ സ്നേഹത്തിന്റെ മഹത്വം അറിയുന്നു. | സ്നേഹവചനങ്ങള്<br><br>പോസ്റ്റര് | സ്നേഹവാക്കുകളുടെ ശേഖരണം (ആശയം, വൈവിധ്യം എന്നിവ)<br><br>പോസ്റ്റർ രചന | |

**പഠനനേട്ടം : വേദനിക്കുന്നവരെയും ദുരിതമനുഭവിക്കുന്നവരേയും സ്നേഹിക്കാനും സഹായിക്കാനും നമുക്ക് കഴിയേണ്ടതുണ്ട് എന്ന മനോഭാവം വളർത്തുന്നു.**

പ്രവർത്തനത്തിന്റെ പേര് : പ്രവേശകപ്രവർത്തനം

ആശയങ്ങൾ, മൂല്യങ്ങൾ ധാരണകൾ : ആവശ്യമായ ജീവിത സൗകര്യങ്ങൾ അനുഭവിക്കാൻ കഴിയാതെ കഷ്ടപ്പെടുന്ന എത്രയോ പേർ നമുക്ക് ചുറ്റിലും ഉണ്ട്. അവരെ സ്നേഹിക്കാനും സഹായിക്കാനും നമുക്ക് കഴിയണം.

പഠന സാമഗ്രികൾ: short film വീഡിയോ

തീയതി : .................................... സമയം : 45 മിനിട്ട്

| **പ്രവർത്തനം** | **പ്രതികരണം** |
|---|---|
| '1. "മീൽസ് റെഡി" എന്ന വീഡിയോ പ്രദർശനം<br>ചർച്ച -ചോദ്യങ്ങൾ നിങ്ങൾ എപ്പോഴെങ്കിലും വിശന്നിരുന്നിട്ടുണ്ടോ? വിശന്നിരിക്കുന്ന ആരെയെങ്കിലും നിങ്ങൾ കണ്ടിട്ടുണ്ടോ? സഹായിച്ചിട്ടുണ്ടോ? ചർച്ച<br>കുട്ടികൾക്ക് പറയാൻ അവസരം<br>ഒരു കുട്ടി വിശക്കുന്നവനെ സഹായിച്ച കഥ വായിക്കാം | |

വിലയിരുത്തൽ : ചർച്ചകളിലെ പങ്കാളിത്തം

**പഠനനേട്ടം : വേദനിക്കുന്നവരെയും ദുരിതമനുഭവിക്കുന്നവരേയും സ്നേഹിക്കാനും സഹായിക്കാനും നമുക്ക് കഴിയേണ്ടതുണ്ട് എന്ന മനോഭാവം വളർത്തുന്നു**

പ്രവർത്തനത്തിന്റെ പേര് : പ്രവേശകപ്രവർത്തനം

ആശയങ്ങൾ, മൂല്യങ്ങൾ ധാരണകൾ : ആവശ്യമായ ജീവിത സൗകര്യങ്ങൾ അനുഭവിക്കാൻ കഴിയാതെ കഷ്ടപ്പെടുന്ന എത്രയോ പേർ നമുക്ക് ചുറ്റിലും ഉണ്ട്. അവരെ സ്നേഹിക്കാനും സഹായിക്കാനും നമുക്ക് കഴിയണം.

പഠന സാമഗ്രികൾ: short film  വീഡിയോ

തീയതി : .....................................                സമയം : 45 മിനിട്ട്

| പ്രവർത്തനങ്ങൾ | പ്രതികരണം |
|---|---|
| ടി ബി പേജ് 7ലെ ചിത്രം കുട്ടികൾ നിരീക്ഷിക്കുന്നു.<br>ഡോ. കെ. ശ്രീകുമാറിന്റെ വിശപ്പ് എന്ന കഥയിലെ ടി ബി ൽ കൊടുത്ത ഭാഗം കുട്ടികൾ വ്യക്തമായി വായിക്കുന്നു.<br>ആശയഗ്രഹണത്തിനുള്ള ചോദ്യങ്ങൾ ചോദിക്കുന്നു.<br>ഐ സി റ്റി ഉപയോഗിച്ച് ടി ബി പേജ് ചിത്രം Enlarge ചെയ്ത് പ്രദർശിപ്പിക്കുന്നു.<br>ചിത്രത്തിൽ എന്താണ് കാണുന്നത്?<br>കഥയിൽ ആരെല്ലാം ഉണ്ട്<br>കഥയിൽ ആരെയാണ് ഇഷ്ടപ്പെട്ടത്?<br>ഇഷ്ടപ്പെടാൻ കാരണം?<br>കഥയിലെ കുട്ടികളുടെ പെരുമാറ്റത്തെക്കുറിച്ച്  നിങ്ങളുടെ അഭിപ്രായമെന്ത്?<br>കുട്ടികൾസ്വതന്ത്രമായി പ്രതികരിക്കുന്നു.<br>കഥയിലെ കുട്ടികളുടെ സ്ഥാനത്ത്<br>നിങ്ങളായിരുന്നുവെങ്കിൽ<br>ടീച്ചർ ക്രോഡീകരിക്കുന്നു.<br>ക്രോഡീകരണം ബിബി ചാർട്ടിൽ എഴുതുന്നു. | |

| | |
|---|---|
| എന്തുചെയ്യുമായിരുന്നു.<br>കുട്ടികൾസ്വതന്ത്രമായി പ്രതികരിക്കുന്നു<br>ചെറിയവാക്കുകളിൽ എഴുതി പ്രകടിപ്പിക്കുന്നു.<br>അമ്മ കുട്ടിക്ക് ഉച്ചയ്ക്ക് കഴിക്കാൻ കൊടുത്തയച്ച ചോറും, മുളകു ചമ്മന്തിയും<br>വഴിയോരത്തെ വൃദ്ധയ്ക്ക് നല്കിയ കുട്ടിയുടെ മനോഭാവം.<br>സകലചരാചരങ്ങളെയും സ്നേഹിക്കണമെന്ന ചിന്ത<br>സ്നേഹത്തിന് വേണ്ടി ചെറിയ ത്യാഗങ്ങൾ<br>നമ്മെ സ്നേഹിക്കുന്നവരും, നാം സ്നേഹിക്കേണ്ടിവരും<br>തുടങ്ങിയവ വ്യക്തിഗതമായും ഗ്രൂപ്പിലും ചർച്ച ചെയ്യുന്നു.<br>സ്നേഹത്തിന്റെ മഹത്വം വിളിച്ചോതുന്ന തരത്തിൽ പ്രവേശകം പ്രവർത്തനം<br>നടത്തുന്നു. | |

വിലയിരുത്തൽ :

റിഫ്ലക്ഷൻ നോട്ട് :

**പഠനനേട്ടം : "കവിത ഈണത്തിലും താളത്തിലും ചൊല്ലുന്നു കവിത വായിച്ച് ആശയം ഗ്രഹിക്കുന്നു"**

പ്രവർത്തനത്തിന്റെ പേര് : പ്രവേശക പ്രവർത്തനം

ആശയങ്ങൾ, മൂല്യങ്ങൾ ധാരണകൾ : സ്നേഹത്തിന്റെ മഹത്വം വ്യക്തമാക്കുന്ന നിരവധി സാഹിത്യരചനകൾ ഉണ്ട്

പഠന സാമഗ്രികൾ: കുടയില്ലാത്തവർ" കവിത ഓഡിയോ

പ്രതീക്ഷിത ഉല്പന്നങ്ങൾ: ക്രോഡീകരണക്കുറിപ്പുകൾ

തീയതി : .....................................                    സമയം 90 മിനിട്ട്

| പ്രവർത്തനം | പ്രതികരണം |
|---|---|
| സ്കൂൾതുറക്കുമ്പോൾ ഉള്ള അനുഭവങ്ങൾ എന്തൊക്കെയാണെന്ന് കുട്ടികൾ പറയുന്നു.<br>പുത്തൻഉടുപ്പ്<br>പുത്തൻകുട<br>പുതിയ ബാഗ്<br>പുസ്തകങ്ങൾ<br>പുതിയകൂട്ടുകാർ, വിദ്യാലയാന്തരീക്ഷം മഴ....<br>കുട്ടികൾ പ്രതികരിക്കന്നു<br>കുട്ടികളുടെ വ്യത്യസ്തങ്ങളായ അനുഭവങ്ങൾ പങ്കുവെയ്ക്കുന്നു.<br>ഇത്തരത്തിൽ അനുഭവങ്ങളുള്ള ഒരു കവിത "കുടയില്ലാത്തവർ"നമ്മുടെ പാഠപുസ്തകത്തിലുണ്ട് അത് നമുക്ക് ചൊല്ലാം<br>പ്രവർത്തനം-രണ്ട്.-കവിത അവതരണം<br>കണ്ടെത്താം<br>കവിത വ്യക്തിഗതമായി വായിക്കുന്നു<br>തുടർന്ന് സംഘമായി ചൊല്ലുന്നു<br>കവിത ഓഡിയോ കേൾപ്പിക്കുന്നു സമാനാശയം ലഭിക്കുന്നതിനായി ചോദ്യങ്ങളുടെ ഉത്തരം വരികളായും<br>സ്വന്തമായി വാക്യത്തിലും എഴുതുന്നു<br>വേനലൊഴിവെത്ര വേഗംപോയി. ഒഴിവുകാലത്തോടൊപ്പം എന്തെല്ലാമാണ് പോയി മറഞ്ഞത് | |

| | |
|---|---|
| സ്വന്തം ബാല്യം കവി ഓർമ്മിച്ചതെങ്ങനെ?<br>പല നിറത്തിലുള്ള കുടകൾ ചൂടിപ്പോകുന്നവർ ഏതുപോലെയെന്നാണ് കവി പറയുന്നത്<br>കുട്ടിക്കാലത്ത് കവിയെങ്ങനെയാണ്?<br>കവി വിദ്യാലയത്തിൽ മഴക്കാലത്ത് പോയത് എങ്ങനെയായീരുന്നു?<br>കവിയുടെ മനസ്സിൽ കുഞ്ഞുപെങ്ങളോട് സ്നേഹം തോന്നിപ്പിക്കുന്ന വരികൾ ഏവ?<br>ഉത്തരങ്ങൾ കുട്ടികൾഗ്രൂപ്പിൽചർച്ച ചെയ്ത് അവതരിപ്പിക്കുന്നു<br>ടീച്ചറുടെ സഹായത്തോടെ ഉത്തരം ക്രോഡീകരിച്ച് എഴുതുന്നു<br>ക്രോഡീകരണം<br>ഒഴിവുകാലത്തോടൊപ്പം പോയ് മറഞ്ഞത് പൂരവും പെരുന്നാളും, തെയ്യക്കോലവും വിഷുവുമാണ്,<br>മഴ വെള്ളച്ചാലിലൂടെ പലനിറത്തിലുള്ള കുടകൾപിടിച്ച് പൊടിമീനുകളെ പോലെ നടന്നുനീങ്ങുന്ന കുട്ടികളെ കണ്ടപ്പോഴാണ് കവിക്ക് ബാല്യകാലം ഓർമ്മ വരുന്നത്.<br>മഴവെള്ളച്ചാലുകൾനീന്തിപ്പോകുന്ന പൊടിമീനുകളെപ്പോലെ തോന്നുന്നു.<br>വാഴയില ചൂടിയിട്ടുണ്ടെങ്കിലും മഴയത്തും നനഞ്ഞു പോവുകയായിരുന്ന തന്നെ തന്റെ കുടയിൽചേർത്തു നിർത്താൻ കൊച്ചുപെങ്ങൾ മനസ്സുകാണിച്ചു.<br>വാഴയില വെട്ടി തലയിൽ വെച്ച് ചെറിയ സ്ലേററും ബുക്കും മാറിൽ ചേർത്ത്പിടിച്ചുമാണ് കവി വിദ്യാലയത്തിൽ പോയത്.<br>കുതിരുന്നു ഞാൻ-ആ മഴയിലല്ലാ-ഒരു കുഞ്ഞുപെങ്ങൾ തൻസ്നേഹവായ്പ്പിൽ<br>നോട്ടുബുക്കിൽ എഴുതുന്നു | |

വിലയിരുത്തൽ : ക്രോഡീകരണക്കുറിപ്പുകൾ

തുടർ പ്രവർത്തനങ്ങൾ :

**പഠനനേട്ടം : "കവിത ഈണത്തിലും താളത്തിലും ചൊല്ലുന്നു കവിത വായിച്ച് ആശയം ഗ്രഹിക്കുന്നു"**

പ്രവർത്തനത്തിന്റെ പേര് : കണ്ടെത്താം-എഴുതാം

ആശയങ്ങൾ, മൂല്യങ്ങൾ ധാരണകൾ : സ്നേഹത്തിന്റെ മഹത്വം വ്യക്തമാക്കുന്ന നിരവധി സാഹിത്യരചനകൾ ഉണ്ട്

പഠന സാമഗ്രികൾ: കുടയില്ലാത്തവർ" കവിത

പ്രതീക്ഷിത ഉല്പന്നങ്ങൾ: ക്രോഡീകരണം

തീയതി : ..................................... സമയം :90 മിനിട്ട്

| പ്രവർത്തനം | പ്രതികരണം |
|---|---|
| പ്രവർത്തനം-3- കണ്ടെത്താം-എഴുതാം<br>കവിത ഭാവാത്മകമായി ചൊല്ലുന്നു<br>കവിതയുടെ ആശയം ആഴത്തിൽ മനസ്സിലാകുന്നതിനുള്ള ചോദ്യങ്ങൾ നല്കുന്നു<br>വേനൽകിനാക്കൾ കരിഞ്ഞേ പോയി<br>എന്തൊക്കെയായിരിക്കാം കവിയുടെ വേനൽ കിനാക്കൾ?<br>കുതിരുന്നു ഞാനാ മഴയിലല്ലാ ഒരു കുഞ്ഞു പെങ്ങൾതൻ സ്നേഹവായ്പ്പിൽ<br>കുഞ്ഞു പെങ്ങളുടെസ്നേഹവായ്പ്പിൽ കുതിർന്നു എന്നു കവി പറയുന്നതെന്തുകൊണ്ട്?<br>കുട്ടികൾഗ്രൂപ്പിൽ ചർച്ചചെയ്യുന്നു.അവതരിപ്പിക്കുന്നു<br>മെച്ചപ്പെടുത്തുന്നു. ക്രോഡീകരിക്കുന്നു<br>ക്രോഡീകരണം<br>അവധിക്കാലം കഴിയുമ്പോൾ അതുവരെയുണ്ടായിരുന്ന | |

| | |
|---|---|
| ആഹ്ലാദാരവങ്ങൾഅവസാനിക്കുന്നു<br>കളിച്ചും ചിരിച്ചും കൂട്ടുകൂടിയും മതിവരാത്താഗ്രഹങ്ങളുമാണ് ഈ വേനൽക്കിനാവായി കവി പറയുന്നത്<br>മഴ നനഞ്ഞുപോകേണ്ടിവന്ന അവസ്ഥ തന്നെ കുടയിൽ ചേർത്തു പിടിച്ചു കൊണ്ടുപോകുന്ന കൊച്ചുപെങ്ങൾ<br>കവിയ്ക്ക് സ്നേഹത്തിന്റെ ഒരു പെരുമഴ തന്നെയാണ് അനുഭവപ്പെടുന്നത്.<br>ആ സ്നേഹപ്രകടനം കവിയെ നന്നായി സ്പർശിക്കുന്നു<br>ക്രോഡീകരണം നോട്ടുബുക്കിൽ എഴുതുന്നു. | |

തുടർ പ്രവർത്തനങ്ങൾ : ഈ വരികളുടെ ആശയം എഴുതുക.

"അനിയനല്ലാത്തോരനിയനേയും നനയാതെന്നോതിതൻകുടയിൽനിർത്തുന്നു"

**പഠനനേട്ടം : ഇഷ്ടപ്പെട്ട കവിതകൾ ശേഖരിക്കുന്നു "**

**കവിത ഈണത്തിലും താളത്തിലും ചൊല്ലുന്നു**

**കവിത വായിച്ച് പ്രധാന ആശയങ്ങൾ കണ്ടെത്തുന്നു**

പ്രവർത്തനത്തിന്റെ പേര് : പറയാം എഴുതാം,വരികൾ കണ്ടെത്താം, സമാന കവിതകൾ ,ഒരേ ഈണം ... ഒരേ താളം

ആശയങ്ങൾ, മൂല്യങ്ങൾ ധാരണകൾ : സ്നേഹത്തിന്റെ മഹത്വം വ്യക്തമാക്കുന്ന നിരവധി സാഹിത്യരചനകൾ ഉണ്ട്.

കവിതയുടെ താളത്തിന് അതിലെ വരികളുടെ അക്ഷരങ്ങളുടെ എണ്ണവുമായി ബന്ധമുണ്ട്.

പഠന സാമഗ്രികൾ: ടി ബി പേജ് 7 ലെ ചിത്രം സ്കാൻ ചെയ്ത് Enlarge ചെയ്തത്

വെണ്ണക്കണ്ണൻ - ചെറുശ്ശേരി കവിത - ഓഡിയോ

ഇടശ്ശേരിയുടെ പൂതപ്പാട്ട് - ഓഡിയോ

വള്ളത്തോൾ കവിത

'ആവൂ വിശപ്പില്ലേ.......' - ഓഡിയോ

ചെറുശ്ശേരിയുടെയും വള്ളത്തോളിന്റെയും കവിതകൾ

പ്രതീക്ഷിത ഉല്പന്നങ്ങൾ:  ക്രോഡീകരണ കുറിപ്പുകൾ

ചെറുശ്ശേരി, വള്ളത്തോൾ എന്നിവരുടെ കവിതകൾ

തീയതി : .....................................                സമയം :135 മിനിട്ട്

| പ്രവർത്തനം | |
|---|---|
| പ്രവർത്തനങ്ങൾ- 2. പറയാം എഴുതാം<br>കുട്ടികൾവ്യക്തിഗതമായി കവിത വായിക്കുന്നു.<br>ഗ്രൂപ്പ്തിരിഞ്ഞ് ഈണം, താളം എന്നിവ നല്കി കവിത അവതരിപ്പിക്കുന്നു.<br>ആശയഗ്രഹണത്തിന്  ഉതകുന്ന രീതിയിൽ കവിതയിലെ ചോദ്യങ്ങൾ ചോദിക്കുന്നു.<br>വെണ്ണക്കണ്ണൻഓഡിയോ കേൾപ്പിക്കുന്നു.<br>ചോദ്യങ്ങൾക്കുള്ള ഉത്തരം കവിതകളായും തുടർന്ന്  സ്വന്തം വാക്യങ്ങളായും പറയുന്നു.<br>എഴുതുന്നു.<br>ഉദാ: കവിത – വെണ്ണ ലഭിക്കാൻ കണ്ണൻ എന്തൊക്കെ ന്യായങ്ങളാണ് അമ്മയോട് | |

| | |
|---|---|
| പറയുന്നത്?<br>1. "സ്നാനവുംചെയ്തു നീയാഗമിപ്പോളവും<br>പാലിച്ചേനല്ലോയി പാൽവെണ്ണ ഞാൻ"<br>2. "ഒറ്റക്കൈത്തന്നിൽനീ വെണ്ണ വച്ചീടിനാൽ<br>മറ്റക്കൈക്കണ്ടിട്ടു കേഴുമല്ലോ"<br>3. "കള്ളനായുള്ളൊരു കാകൻതാൻ വന്നിട്ടെൻ<br>കൈയിലേ വെണ്ണയെ കൊണ്ടു പോയി"<br>വാക്യം-<br>1 .അമ്മ കുളിച്ചു വരുന്നതു വരെ താൻ പാൽ വെണ്ണ കാത്തു സൂക്ഷിച്ചു<br>2. ഒരു കൈയിൽമാത്രം വെണ്ണ വയ്ക്കുമ്പോൾമറ്റെക്കൈ സങ്കടപ്പെടും.<br>3. വെണ്ണ കാക്ക കൊണ്ടുപോയി<br>നോട്ടുബുക്കിൽഎഴുതുന്നു.<br>ഇത്തരത്തിലുള്ള ചോദ്യങ്ങൾ നല്കുന്നു.<br>ഉത്തരം കണ്ടെത്താൻ ആവശ്യപ്പെടുന്നു.<br>"വെണ്ണകിട്ടിയപ്പോൾകണ്ണൻ  എന്താണ് ചെയ്തത്?<br>വെണ്ണിലാവോലുന്ന തിങ്കൾ പോലെ"കണ്ണന്റെ മുഖം തിളങ്ങാൻ കാരണമെന്ത്? | |

വിലയിരുത്തൽ : കവിതയ്ക്ക് ഈണം നല്കൽ,സമാന കവിതകൾ (ആശയമുള്ളവ) കണ്ടെത്തൽ,ആശയഗ്രഹണ ചോദ്യങ്ങളുടെ ഉത്തരം"കുട്ടികളുടെ കണ്ടെത്തലുകൾ "

റഫറൻസ് : കൃഷ്ണഗാഥ

തുടർ പ്രവർത്തനങ്ങൾ :

റിഫ്ലക്ഷൻ നോട്ട് :

**പഠനനേട്ടം : "ഇഷ്ടപ്പെട്ട കവിതകള് ശേഖരിക്കുന്നു "**

**കവിത ഈണത്തിലും താളത്തിലും ചൊല്ലുന്നു**

**കവിത വായിച്ച് പ്രധാന ആശയങ്ങള് കണ്ടെത്തുന്നു**

പ്രവർത്തനത്തിന്റെ പേര് : വരികൾ കണ്ടെത്താം

ആശയങ്ങൾ, മൂല്യങ്ങൾ ധാരണകൾ : സ്നേഹത്തിന്റെ മഹത്വം വ്യക്തമാക്കുന്ന നിരവധി സാഹിത്യരചനകൾ ഉണ്ട്.

കവിതയുടെ താളത്തിന് അതിലെ വരികളുടെ അക്ഷരങ്ങളുടെ എണ്ണവുമായി ബന്ധമുണ്ട്.

പഠന സാമഗ്രികൾ:

വെണ്ണക്കണ്ണൻ - ചെറുശ്ശേരി കവിത - ഓഡിയോ

പ്രതീക്ഷിത ഉല്പന്നങ്ങൾ:

തീയതി : .....................................  സമയം : 45 മിനിട്ട്

| പ്രവർത്തനം | പ്രതികരണം |
|---|---|
| പ്രവർത്തനം: 3- വരികൾകണ്ടെത്താം<br>താഴെപ്പറയുന്ന  ആശയം വരുന്ന വരികൾ കണ്ടെത്തുന്നു. (കുട്ടികൾവ്യക്തിഗതം) | |

| | |
|---|---|
| കൈയിലെ വെണ്ണ കാക്ക കൊണ്ടുപോയി<br>കണ്ണൻകള്ളം പറഞ്ഞിട്ടും അമ്മ വീണ്ടും വെണ്ണ നല്കുന്നു.<br>വെണ്ണ കിട്ടിയപ്പോൾ കണ്ണന്റെ മുഖം നിലാവുപോലെ തിളങ്ങുന്നു.<br>അവതരിപ്പിക്കുന്നു.- ക്രോഡീകരണം<br>1. "കള്ളനായുള്ളൊരു കാകൻ താൻ വന്നിട്ടെൻ<br>കൈയിലെ വെണ്ണയെ കൊണ്ടുപോയി<br>2. വൈകാതെവണ്ണമക്കൈതവ പ്പൈതൽ തൻ<br>കൈകളിൽരണ്ടിലും വെണ്ണവച്ചാൻ"<br>3. വെണ്ണയെക്കണ്ടൊരു കണ്ണന്താനന്നേരം<br>വെണ്ണിലാവഞ്ചിച്ചിരിപ്പു ചൊന്നാൻ "<br><br>കുട്ടികൾ ഗ്രൂപ്പ് തിരിഞ്ഞ് കവിതയുടെ ആശയം കണ്ടെത്തി അവതരിപ്പിക്കുന്നു. മറ്റു ഗ്രൂപ്പുകൾ ബന്ധപ്പെട്ട വരികൾ കണ്ടെത്തുന്നു. | |

വിലയിരുത്തൽ : കവിതയുടെ ആശയം കണ്ടെത്തൽ

**പഠനനേട്ടം : "ഇഷ്ടപ്പെട്ട കവിതകള് ശേഖരിക്കുന്നു "**

**കവിത ഈണത്തിലും താളത്തിലും ചൊല്ലുന്നു**

**കവിത വായിച്ച് പ്രധാന ആശയങ്ങള് കണ്ടെത്തുന്നു**

പ്രവർത്തനത്തിന്റെ പേര് : ചൊല്ലി രസിക്കാം

ആശയങ്ങൾ, മൂല്യങ്ങൾ ധാരണകൾ :സ്നേഹത്തിന്റെ മഹത്വം വ്യക്തമാക്കുന്ന നിരവധി സാഹിത്യരചനകൾ ഉണ്ട്.

കവിതയുടെ താളത്തിന് അതിലെ വരികളുടെ അക്ഷരങ്ങളുടെ എണ്ണവുമായി ബന്ധമുണ്ട്.

പഠന സാമഗ്രികൾ: പാഠപുസ്തകം,ഇടശ്ശേരിയുടെ പൂതപ്പാട്ട് ഓഡിയോ

പ്രതീക്ഷിത ഉല്പന്നങ്ങൾ:  സമാന കവിതകളുടെ ശേഖരം

തീയതി : .................................... സമയം : 90 മിനിട്ട്

| പ്രവർത്തനം | പ്രതികരണം |
|---|---|
| പ്രവർത്തനങ്ങൾ- 4. സമാന കവിതകൾ കണ്ടെത്തുന്നു.<br>(ചൊല്ലിരസിക്കാം- ടിബി പേജ്- 10)<br>കണ്ണന്റെ അമ്മയുടെ സ്നേഹവാത്സല്യങ്ങൾകുട്ടികൾ കവിതയുടെ അവതരണത്തിലൂടെയും ആശയഗ്രഹണ ചോദ്യങ്ങളുടെ ഉത്തരങ്ങളിലൂടെയും കുട്ടികൾ മനസ്സിലാക്കുന്നു.<br>മറ്റൊരു അമ്മയുടെ സ്നേഹവാത്സല്യങ്ങൾപരിചയപ്പെടുത്തുന്നു.<br>ഇടശ്ശേരിയുടെ "പൂതപ്പാട്ട്" അവതരിപ്പിക്കുന്നതിനായി കുട്ടികളെ ഗ്രൂപ്പുകളാക്കുന്നു.<br>ഓരോ ഗ്രൂപ്പും ടി ബി പേജ് 10 ലെ "പൂതപ്പാട്ട്" അവതരിപ്പിക്കുന്നു.<br>അതിനുശേഷം പൂതപ്പാട്ടിന്റെ ഓഡിയോ കേൾപ്പിക്കുന്നു. (പൂർണ്ണരൂപം)<br>ഐ സി റ്റി<br>ഇടശ്ശേരിയുടെ<br>പൂതപ്പാട്ട് ഓഡിയോ<br>ആശയഗ്രഹണ ചോദ്യങ്ങൾ<br>എന്തൊക്കെയാണ് ഉണ്ണിയുടെ ആഭരണങ്ങൾ?<br>അമ്മ ഉണ്ണിക്ക് ആഹാരം എങ്ങനെയാണ്  കൊടുക്കുന്നത്<br>അമ്മ കുഞ്ഞിനെ ഉറക്കുന്നതെങ്ങനെയാണ്? | |

| | |
|---|---|
| കവിതയിൽനിന്ന് ഉത്തരം കണ്ടെത്തുന്നു.<br>നോട്ടുബുക്കിൽഎഴുതുന്നു.<br>ക്രോഡീകരണം<br>1. ഉണ്ണിയുടെ അരയിൽ കിങ്ങിണി,<br>കാതിൽ കുടക്കടുക്കൻ<br>2. ഉണ്ണിക്ക്  പാപ്പ, പാൽ, കാച്ചിയ മോരൊഴിച്ചിട്ട് ചോറ്  കാക്കയുടെയും പൂച്ചയുടെയും പാട്ടുകൾ പാടിക്കൊടുത്തും, മാനത്തമ്പിളിമാമനെ കാണിച്ചുകൊടുത്തുമാണ്  ആഹാരം കൊടുക്കുന്നത്.<br>നങ്ങേലികുഞ്ഞിനെ തങ്കകട്ടിലിൽപട്ട് വിരിച്ച് താലോലം പാടിയും, പൂ പോലുള്ള തുടയിൽ തട്ടിയുമാണ്  ഉറക്കിയത്.<br>ഉത്തരങ്ങൾനോട്ടുബുക്കിലേയ്ക്ക്  എഴുതുന്നു.<br>പ്രവർത്തനം: 5- ഒരേ ഈണം... ഒരേ താളം<br>കവിത ഓഡിയോ വള്ളത്തോൾ കൃഷ്ണഗാഥ ടിബി പേജ്11 ലെ- മഹാകവി വള്ളത്തോളിന്റെ സാഹിത്യമഞ്ജരിയിലെ കവിത കുട്ടികൾ ചൊല്ലുന്നു.<br>ആവൂവിശപ്പില്ലേ, കാച്ചിയപാലിതാ<br>.................................................................<br>.................................................................<br>വല്ലതും മുമ്പട്ടിൽ സംസാരിപ്പിൻ<br>അതിനുശേഷം ചെറുശ്ശേരിയുടെ കൃഷ്ണഗാഥയിലെ പാഠഭാഗത്തിലെ കവിത കുട്ടികൾ  ചൊല്ലുന്നു. വള്ളത്തോളിന്റെയും ചെറുശ്ശേരിയുടെയും കവിതയുടെ ഓഡിയോ കേൾപ്പിക്കുന്നു. ഈ രണ്ടുകവിതകളും ഈണത്തിൽ ചൊല്ലാൻകഴിയുന്നത് എന്തുകൊണ്ടാണ്?<br>ചർച്ച | |

| | |
|---|---|
| ക്രോഡീകരണം<br>രണ്ടുകവിതകളിലെയും വരികളിലെ അക്ഷരങ്ങളുടെ എണ്ണം തുല്യമായതിനാലാണ് ഒരേ താളവും ഒരേ ഈണവും കിട്ടുന്നത്. | |

വിലയിരുത്തൽ : കവിതയ്ക്ക് ഈണം നൽകൽ

സമാനകവിതകൾ(ആശയമുള്ളവ) കണ്ടെത്തൽ, ആശയഗ്രഹണ ചോദ്യങ്ങളുടെ ഉത്തരം, ചർച്ചകളിലെ പങ്കാളിത്തം

റഫറൻസ് : പൂതപ്പാട്ട് - ഇടശ്ശേരി

തുടർ പ്രവർത്തനങ്ങൾ : കഷ്ടപ്പെടുന്നവരെ സഹായിക്കുന്ന വീഡിയോ/ചിത്രങ്ങൾ/പേപ്പർകട്ടിംഗുകൾ എന്നിവ ശേഖരിക്കുകയും ക്ലാസ്സിൽ പ്രദർശിപ്പിക്കുകയും ചെയ്യുക.

1) വള്ളത്തോളിന്റെ സാഹിത്യ മഞ്ജരിയിലെ കവിതകളും ചെറുശ്ശേരിയുടെ കൃഷ്ണഗാഥയിലെകവിതകളും ശേഖരിച്ച് ചൊല്ലുക.

2) 'സ്നേഹം'എന്ന ആശയം വരുന്ന കവിതകൾ കണ്ടെത്തൽ

റിഫ്ലക്ഷൻ നോട്ട് :

**പഠനനേട്ടം : കവിത ഈണത്തിലും താളത്തിലും ചൊല്ലുന്നു**

പ്രവർത്തനത്തിന്റെ പേര് : പറയാം എഴുതാം

ആശയങ്ങൾ, മൂല്യങ്ങൾ ധാരണകൾ :സ്നേഹത്തിന്റെ മഹത്വം വ്യക്തമാക്കുന്ന നിരവധി സാഹിത്യരചനകൾ ഉണ്ട്.

പഠന സാമഗ്രികൾ: പാഠപുസ്തകം

പ്രതീക്ഷിത ഉല്പന്നങ്ങൾ: പാഠപുസ്തകത്തിലെ ചോദ്യങ്ങളുടെ ഉത്തരം

തീയതി : .....................................                സമയം :45 മിനിട്ട്

| പ്രവർത്തനം | പ്രതികരണം |
| --- | --- |
| 'അധ്യാപികയും കുട്ടികളും ചേർന്ന് കവിതാലാപനം നടത്തണം റ്റി..ബി പറയാം എഴുതാം റ്റി.ബി പേജ്- 9 HB Page 71 പാഠപുസ്തകത്തിലെ ചോദ്യങ്ങൾക്ക് കുട്ടികൾ വ്യക്തിഗതമായി നോട്ട്പുസ്തകത്തിൽ ഉത്തരം എഴുതണം അധ്യാപിക നിർദ്ദേശിക്കുന്ന കുട്ടികൾ അവർ എഴുതിയ ഉത്തരങ്ങൾ വായിക്കട്ടെ | |

വിലയിരുത്തൽ : കുട്ടികളുടെ കണ്ടെത്തലുകൾ

പഠനനേട്ടം : ഉചിതമായ വ്യവഹാരരൂപം തയ്യാറാക്കുന്നു

പ്രവർത്തനത്തിന്റെ പേര് : കഥയാക്കാം

ആശയങ്ങൾ, മൂല്യങ്ങൾ ധാരണകൾ : 'സ്നേഹത്തിന്റെ മഹത്വം വ്യക്തമാക്കുന്നനിരവധി സാഹിത്യകൃതികൾ ഉണ്ട്.'

പഠന സാമഗ്രികൾ: 'റ്റി.ബി - 10 പൂതപ്പാട്ട് എന്ന കൃതിയുടെ മുഴുവൻ ഭാഗവും കഥയോ കവിതയോ കഥാപ്രസംഗമായോ കുട്ടികൾക്ക് ലഭ്യമാക്കണം

പ്രതീക്ഷിത ഉല്പന്നങ്ങൾ: കഥ (രചന)

തീയതി : .....................................                    സമയം :60 മിനിട്ട്

| പ്രവർത്തനം | പ്രതികരണം |
|---|---|
| 'പൂതപ്പാട്ട് എന്ന കവിത കഥാരൂപത്തിലേക്ക്  മാറ്റി എഴുതട്ടെ<br>റാൻഡം അവതരണം<br>ഗ്രൂപ്പിൽ മെച്ചപ്പെട്ടത് കണ്ടെത്തുന്നു<br>ഗ്രൂപ്പ്അവതരണം<br>എന്തുകൊണ്ടാണിത് മെച്ചപ്പെട്ടത്-ചർച്ച ഉചിതമായിടത്ത് അധ്യാപിക അഭിപ്രായപ്രകടനം നടത്തണം എഡിറ്റിംഗ് നടത്തേണ്ടതില്ല' | |

വിലയിരുത്തൽ : കഥ

തുടർ പ്രവർത്തനങ്ങൾ : ഇഷ്ടപ്പെട്ട മറ്റൊരു കവിതയെ കഥാരൂപത്തിലേക്കു മാറ്റുക

റിഫ്ലക്ഷൻ നോട്ട് :

**പഠനനേട്ടം : "പാഠത്തിലെ ആശയത്തെ വിവരണം, ചിത്രീകരണം, പോസ്റ്റർ വാർത്ത, അഭിനയം തുടങ്ങിയ വ്യത്യസ്തരീതിയിൽ അവതരിപ്പിക്കുന്നു. "**

പ്രവർത്തനത്തിന്റെ പേര് : വാർത്ത തയ്യാറാക്കാം.

ആശയങ്ങൾ, മൂല്യങ്ങൾ ധാരണകൾ : നാം ജിവികളോട് സ്നേഹപൂർണ്ണമായി പെരുമാറുന്നതിലൂടെ നാം ജീവിക്കുന്ന സുന്ദരമാക്കാൻ കഴിയും

പഠന സാമഗ്രികൾ: ചാർട്ട്

പ്രതീക്ഷിത ഉല്പന്നങ്ങൾ: വാർത്താ രചന

തീയതി : ..................................... സമയം : 120 മിനിട്ട്

| പ്രവർത്തനം | പ്രതികരണം |
|---|---|
| വാർത്ത തയ്യാറാക്കാം<br><br>പാഠഭാഗത്തിലെ മൈന പാടിയതും മരം പൂത്തതും ഈ സംഭവം പിറ്റെ ദിവസം പത്രത്തിനു വന്നാൽ ഈ വാർത്ത കുട്ടികൾ തയ്യാറാക്കട്ടെ<br><br>എഡിറ്റിംഗ് പ്രോസസ്.' | |

വിലയിരുത്തൽ : വാർത്ത

തുടർ പ്രവർത്തനങ്ങൾ : വ്യത്യസ്തമായ വാർത്തകൾ ശേഖരിക്കാം

**പഠനനേട്ടം : "പാഠത്തിലെ ആശയത്തെ വിവരണം, ചിത്രീകരണം, പോസ്റ്റർ വാർത്ത, അഭിനയം തുടങ്ങിയ വ്യത്യസ്തരീതിയിൽ അവതരിപ്പിക്കുന്നു. "**

പ്രവർത്തനത്തിന്റെ പേര് : തത്സമയ സംപ്രേഷണം

ആശയങ്ങൾ, മൂല്യങ്ങൾ ധാരണകൾ : നാം ജിവികളോട് സ്നേഹപൂർണ്ണമായി പെരുമാറുന്നതിലൂടെ നാം ജീവിക്കുന്ന സുന്ദരമാക്കാൻ കഴിയും ഒരു സംഭവം വ്യത്യസ്ത വ്യവഹാര രൂപങ്ങളിലൂടെ എത്തിക്കാം

പഠന സാമഗ്രികൾ: പാഠപുസ്തകം

പ്രതീക്ഷിത ഉല്പന്നങ്ങൾ:

തീയതി : ..................................... സമയം : 90 മിനിട്ട്

| പ്രവർത്തനം | പ്രതികരണം |
|---|---|
| 'കുട്ടനേയും അനുജത്തിയേയും തേടി ചാനൽ പ്രവർത്തകർ വന്നു. അവർ കുട്ടനുമായി സംസാരിക്കുന്നത് തത്സമയ സംപ്രേക്ഷണം (5 വ്യത്യസ്ത ഗ്രൂപ്പ്അവതരണം)ഗ്രൂപ്പിംഗ് - തയ്യാറാക്കുന്നതിന് 10 മിനിട്ട്അധ്യാപിക ഓരോഗ്രൂപ്പിലും ആവശ്യമായ ഇടപെടലുകൾ നടത്തണം. 5 മിനിട്ട് അവതരണംചർച്ച ആരുടെ അവതരണമാണ് നന്നായത്? എന്തെല്ലാം ഗുണമേന്മകളാണ് നിങ്ങൾ അവരുടെ അവതരണത്തിൽ കണ്ടത് ? ഇത്തരം ഒരു സന്ദർഭത്തിൽ റിപ്പോർട്ടർ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ എന്തെല്ലാം? ചർച്ചക്രോഡീകരണം' | |

വിലയിരുത്തൽ : വാർത്ത അവതരണം

റിഫ്ലക്ഷൻ നോട്ട് :

**പഠനനേട്ടം : "ഇഷ്ടപ്പെട്ട കവിതകൾ ശേഖരിക്കുന്നു"**

**കവിത ഈണത്തിലും താളത്തിലും ചൊല്ലുന്നു**

**കവിത വായിച്ച് പ്രധാന ആശയങ്ങൾ കണ്ടെത്തുന്നു**

പ്രവർത്തനത്തിന്റെ പേര് : സ്കൂളിലെ എന്റെ ആദ്യ ദിനം

ആശയങ്ങൾ, മൂല്യങ്ങൾ ധാരണകൾ : സ്നേഹത്തിന് വ്യത്യസ്ത മുഖങ്ങളുണ്ട്

പഠന സാമഗ്രികൾ:

പ്രതീക്ഷിത ഉല്പന്നങ്ങൾ:

തീയതി : .................................... സമയം :45 മിനിട്ട്

| പ്രവർത്തനം | പ്രതികരണം |
|---|---|
| 'നിങ്ങൾ ആദ്യമായി സ്കൂളിൽ വന്ന ദിവസം ഓർമ്മയുണ്ടോ? -ആരുടെ കൂടെയാണ് സ്കൂളിൽവന്നത്? അന്ന് എന്തെല്ലാമാണ് വിദ്യാലയത്തിൽ നടന്നത് ?<br><br>സ്വ. പ്രതികരണം<br><br>നിങ്ങൾ അംഗനവാടിയിൽ പോയിട്ടുണ്ടോ ? അംഗനവാടിയിലെ | |

| | |
|---|---|
| അനുഭവങ്ങൾഓർമ്മയുണ്ടോ? ലഘു ചർച്ച  കവിതാലാപനം - ഒരു വട്ടം കൂടിയെൻ ഓർമ്മകൾ മേയുന്ന തിരുമുറ്റത്തെത്തുവാൻ മോഹം ........... ' | |

വിലയിരുത്തൽ : കവിതാലാപനം

തുടർ പ്രവർത്തനങ്ങൾ : അനുഭവക്കുറിപ്പ്

**പഠനനേട്ടം : ഉചിതമായ വ്യവഹാരരൂപം തയ്യാറാക്കുന്നു**

പ്രവർത്തനത്തിന്റെ പേര് : സംഭാഷണം, അനുഭവക്കുറിപ്പ് ചിത്രരചന

ആശയങ്ങൾ, മൂല്യങ്ങൾ ധാരണകൾ : സ്നേഹത്തിന് വിവിധ മുഖങ്ങളുണ്ട്

പഠന സാമഗ്രികൾ: ലൈബ്രറിയിലുള്ള പുസ്തകങ്ങൾ, ഓഡിയോ, കവിത എഴുതിയ ചാർട്ട്,

പ്രതീക്ഷിത ഉല്പന്നങ്ങൾ: സംഭാഷണം രചന അനുഭവക്കുറിപ്പ്, താരതമ്യക്കുറിപ്പ്, ചിത്രം

തീയതി : .....................................                സമയം :420 മിനിട്ട്

| പ്രവർത്തനം | പ്രതികരണം |
|---|---|
| ഒ.എൻ.വിയുടെ ചിത്രം വർഷങ്ങൾക്കു ശേഷം ഒ.എൻ.വിയും പെങ്ങളും കണ്ടുമുട്ടിയാൽ എന്തൊക്കെ സംസാരിക്കും - എഡിറ്റിങ്ങ് പ്രോസസ്<br><br>'കുടയില്ലാത്തവർ - കുഞ്ഞേടത്തി എന്നീ കവിതകളിലെ രണ്ട് | |

| | |
|---|---|
| ചേച്ചിമാരെയും കുറിച്ച് താരതമ്യകുറിപ്പ് എഴുതുന്നു.(വ്യക്തിഗതം) Randem presentation ചർച്ച ടീച്ചർ വെർഷൻ [N.B:- എഡിറ്റിംഗ് ആവശ്യമില്ല. ടീച്ചർ വെർഷൻ നിർബന്ധമായും അവതരിപ്പിക്കണം<br><br>റ്റി.ബി പേജ് നമ്പര്-20 പലനിറമോലും നീരാമ്പൽ പോലാം കുടകൾക്കു കീഴെ പോണോരേ ഈ ആശയം വരുന്ന രീതിയിൽ ചിത്രം വരയ്ക്കുക. (വ്യക്തിഗതം)'<br><br>മഴക്കാല അനുഭവങ്ങൾ ചെളിയിൽ വീണത് മഴയത്ത് ഓടിയത് -സ്വതന്ത്ര പ്രതികരണം മഴക്കാല അനുഭവം എഴുതുക<br><br>വലിയ ചാർട്ട് പേപ്പറിൽ ഓരോ കുട്ടിയും എഴുതണം (വ്യക്തിഗതം)എഡിറ്റിംഗ് പ്രോസസ്സ് ' | |

വിലയിരുത്തൽ : സംഭാഷണം, താരതമ്യക്കുറിപ്പ്, അനുഭവക്കുറിപ്പ്

അനുഭവക്കുറിപ്പ്

തുടർ പ്രവർത്തനങ്ങൾ :

റിഫ്ലക്ഷൻ നോട്ട് :

**പഠനനേട്ടം : "പരിചയപ്പെടുന്ന പുതിയ പദങ്ങൾ പ്രയോഗങ്ങൾ, ചൊല്ലുകൾ, ശൈലികൾ എന്നിവ ഉചിത സന്ദർഭത്തിൽ പ്രയോഗിക്കുന്നു. "**

പ്രവർത്തനത്തിന്റെ പേര് : 1. അർത്ഥം കണ്ടെത്താം 2. അടിവരയിട്ട പദങ്ങൾ 3. മാതൃക പോലെ മാറ്റിയെഴുതുന്നു 4. സമാനാർത്ഥമുള്ള പദങ്ങൾ

ആശയങ്ങൾ, മൂല്യങ്ങൾ ധാരണകൾ : പുതിയ പദങ്ങളുടെ അർത്ഥം, സമാനാർത്ഥം വരുന്നവ പദങ്ങൾ എന്നിവ കണ്ടെത്തുന്നു.

പഠന സാമഗ്രികൾ: പദസൂചിക, സമാനാർത്ഥ പദസൂചിക

പ്രതീക്ഷിത ഉല്പന്നങ്ങൾ: നോട്ടുബുക്കിൽ എഴുതിയത്

തീയതി : ..................................... സമയം : 180 മിനിട്ട്

| പ്രവർത്തനം | പ്രതികരണം |
|---|---|
| **പ്രവർത്തനങ്ങൾ - 1. അർത്ഥം കണ്ടെത്താം**<br><br>കുട്ടികൾ കവിത വായിച്ച് പരിചിതമില്ലാത്ത പദങ്ങൾ പട്ടികപ്പെടുത്തുന്നു.<br><br>പദങ്ങൾ പട്ടികപ്പെടുത്തുന്നു.<br><br>പദങ്ങളുടെ അർത്ഥം സന്ദർഭത്തിനനുസരിച്ച് ഊഹിച്ച് പറയുന്നു.<br><br>അർത്ഥം ഊഹിക്കുവാൻ ചില പദങ്ങൾ വാക്യത്തിൽ പ്രയോഗിക്കുന്നു. | |

| | |
|---|---|
| ഉദാ:- എല്ലാ ദിവസവും സ്കൂളിലേയ്ക്ക് വരുന്നതിനുമുമ്പ് കുട്ടികൾ സ്നാനം ചെയ്യുന്നത് നല്ലതാണ്.<br><br>രാവിലെ വീട്ടുമുറ്റത്ത് പറന്നെത്തുന്ന കാകൻ പരിസരം വൃത്തിയാക്കാറുണ്ട്.<br><br>കുട്ടികൾക്ക്അർത്ഥം കണ്ടെത്താൻ കഴിയുന്ന പദങ്ങൾ വാക്യത്തിൽ പ്രയോഗിച്ചും, മറ്റുള്ളവ അർത്ഥസൂചിക നോക്കി അക്ഷരമാലാ ക്രമത്തിൽ എഴുതുകയുംചെയ്യുന്നു.<br><br>**പദങ്ങൾ**<br><br>സ്നാനം കോമളം ചെഞ്ചമ്മേ<br><br>ആഗമിക്കുക കേഴുക ആനനം<br><br>പാലിക്കുക ആർത്തൻ ഏറ്റം<br><br>പൈതൽ കാകൻ തിങ്കൾ<br><br>ചൊല്ലി അഞ്ചിതം കൈതവം തൂമ<br><br>അക്ഷരമാലാ ക്രമത്തിൽ പദങ്ങൾ എഴുതി അർത്ഥസൂചിക നോക്കി അർത്ഥം കണ്ടെത്തുന്നു.<br><br>അവതരിപ്പിക്കുന്നു മെച്ചപ്പെടുത്തുന്നു | |

| | |
|---|---|
| അർത്ഥം നോട്ടുബുക്കിൽ എഴുതുന്നു. നോട്ടുബുക്കിലേയ്ക്ക്<br><br>**പ്രവർത്തനം :** 2 അടിവരയിട്ട പദത്തിനു പകരം മറ്റൊരു പദം ചേർക്കൽ<br><br>ടി ബി പേജ് 10 ലെ വാക്യങ്ങൾ ടീച്ചർ ബി ബി /ചാർട്ടിൽ എഴുതുന്നു.<br><br>കള്ളനായുള്ള <u>കാകൻ</u><br><br>വെണ്ണിലാവോലുന്ന <u>തിങ്കൾ</u><br><br>ആർത്തനായ് നിന്നു ഞാൻ <u>കേഴും</u> പോലെ<br><br>അടിവരയിട്ട പദത്തിനു പകരം ചേർക്കാവുന്ന മറ്റ് പദങ്ങൾ ഏതൊക്കെയാകാം എന്ന് കുട്ടികൾ പറയുന്നു.<br><br>കള്ളനായുള്ള <u>കാക്ക</u><br><br>വെണ്ണിലാവോലുന്ന <u>ചന്ദ്രൻ</u><br><br>ആർത്തനായ് നിന്നു ഞാൻ <u>കരയും</u> പോലെ<br><br>കാക്ക, ചന്ദ്രൻ, കരയുക എന്നിവയ്ക്കു പകരം മറ്റു പദങ്ങൾ ഉപയോഗിച്ചാൽ വാക്യത്തിന്റെ ഭംഗി എന്തായിരിക്കും എന്ന് ചർച്ച ചെയ്യുന്നു. | |

| | |
|---|---|
| **പ്രവർത്തനം : 3- മാതൃക പോലെ മാറ്റിയെഴുതാം**<br><br>ടി ബി പേജ് 10 ലെ പദങ്ങൾ ചാർട്ടിൽ എഴുതുന്നു.<br><br>അർത്ഥ വ്യത്യാസം വരാതെ എഴുതാൻ ആവശ്യപ്പെടുന്നു.<br><br>ഉദാ:- ആഗമിപ്പോളവും - ആഗമിക്കുന്നതുവരെ<br><br>ഏതുമേ താരാതെ - ഒന്നും തരാതെ<br><br>കേഴും പോലെ - കരയും പോലെ<br><br>ഇതുപോലെയുള്ള പദങ്ങൾ കണ്ടെത്തി.<br><br>പദസമ്പത്ത് നോട്ടുബുക്കിൽ എഴുതുന്നു.<br><br>**<u>പ്രവർത്തനം : 4- സമാനാർത്ഥമുള്ള പദങ്ങൾ കണ്ടെത്തുന്നു</u>**<br><br>കുട്ടികളെ ഗ്രൂപ്പുകളാക്കുന്നു.<br><br>മുഖം, നിലാവ്, പുഞ്ചിരി, കൈ, അമ്മ, പാൽ തുടങ്ങിയ പദങ്ങൾ എഴുതിയ സ്ലിപ്പുകൾ നല്കുന്നു. ടി ബി പേജ് 79 നോക്കി കണ്ടെത്തുന്നു.<br><br>കിട്ടാത്തവ ചർച്ച ചെയ്ത് എഴുതുന്നു. | |

| | |
|---|---|
| ടീച്ചർ  ഇടപെട്ട് പദാവലി വികസനം നടത്തുന്നു.<br><br>ടീച്ചർ വെർഷൻ നോക്കി നോട്ടുബുക്കിൽ എഴുതുന്നു.<br><br>ടീച്ചർ വെർഷൻ<br><br>മുഖം - ആനനം, ആസ്യം, വദനം<br><br>നിലാവ് - ജ്യോത്സ്യന, ചന്ദ്രിക<br><br>കൈ - കരം, പാണി, ഹസ്തം | |

വിലയിരുത്തൽ : പദങ്ങളുടെ അനുയോജ്യമായ കൂട്ടിച്ചേർക്കൽ

സമാനാർത്ഥം വരുന്ന പദങ്ങൾ

തുടർ പ്രവർത്തനങ്ങൾ : അമ്പിളി, ആറ്, വീട് തുടങ്ങിയ പദങ്ങളുടെ സമാനാർത്ഥ പദങ്ങൾ കണ്ടെത്തുക.

പ്രയോഗ ഭംഗികണ്ടെത്തൽ , വാക്കുകൾ കണ്ടെത്താം

റിഫ്ലക്ഷൻ നോട്ട് :

**പഠനനേട്ടം : "പരിചയപ്പെടുന്ന പുതിയ പദങ്ങൾ പ്രയോഗങ്ങൾ ചൊല്ലുകൾ, ശൈലികൾ എന്നിവ ഉചിത സന്ദർഭത്തിൽ പ്രയോഗിക്കുന്നു. "**

പ്രവർത്തനത്തിന്റെ പേര് : പ്രയോഗശേഷി കണ്ടെത്തല് ,വാക്കുകള് കണ്ടെത്താം

ആശയങ്ങൾ, മൂല്യങ്ങൾ ധാരണകൾ : പഠന സാമഗ്രികൾ: വാക്യ സ്ലിപുകള് , ചിത്രങ്ങള് " പുതു " ചേര്ന്നു വരുന്ന പദങ്ങള് എന്നിവ സ്ലൈഡ്ഷോ

പ്രതീക്ഷിത ഉല്പന്നങ്ങൾ: " പുതു " ചേര്ന്നു വരുന്ന പദങ്ങള് , വരികള്ളുടെ പ്രയോഗഭംഗി കണ്ടെത്തിയത്

തീയതി : ..................................... സമയം : 90 മിനിട്ട്

സ്നേഹത്തിന്റെ മഹത്വം വ്യക്തമാക്കുന്ന നിരവധി സാഹിത്യരചനകൾ ഉണ്ട് .

| പ്രവർത്തനം | പ്രതികരണം |
|---|---|
| പ്രവർത്തനം 1<br><br>**പ്രയോഗശേഷി കണ്ടെത്തൽ**<br><br>കുട്ടികളെ ഗ്രൂപ്പുകളാക്കുന്നു<br><br>അതേ ഗ്രൂപ്പിൽ വാക്യ സ്ലിപുകൾ നല്കുന്നു<br><br>മഴത്തുള്ളികള്ളും തുള്ളി വന്നല്ലോ. | |

| | |
|---|---|
| പൊടി മീനിൻ നിര പോലും കൂട്ടുകാർ<br><br>അനിയനല്ലാത്തോരനിയൻ.<br><br>ഈ പ്രയോഗങ്ങളുടെ ഭംഗി വിശദമാക്കുന്ന രീതിയിൽ ചർച്ച നടത്തുന്നു.<br><br>1. മഴത്തുള്ളികൾ, കുട്ടികൾ തമ്മിൽ ബന്ധപ്പെടുത്താൻ കാരണമെന്ത്?<br><br>ടീച്ചർ വിശദീകരിക്കുന്നു.<br><br>മഴ പെയ്യുമ്പോൾ മഴത്തുള്ളികൾ തുള്ളിക്കളിക്കുന്നുതു പോലെ, വിദ്യാലയം തുറക്കുമ്പോൾ കുട്ടികൾ സന്തോഷത്തോടെ തുള്ളി ഓടി വരുന്നു .<br><br>ഇതുപോലെ മറ്റു വരികളുടെ ആശയം കണ്ടെത്തി വ്യക്തിഗത അവതരണം നടത്തുന്നു.<br><br>ഗ്രൂപ്പിൽ അവതരിപ്പിക്കുന്നു<br><br>മെച്ചപ്പെടുത്തി, ടീച്ചറുടെ സഹായത്തോടെ<br><br>നേട്ടങ്ങൾ നോട്ടുബുക്കിൽ എഴുതുന്നു.<br><br>പ്രവർത്തനം 2 | |

| | |
|---|---|
| **വാക്കുകൾ കണ്ടെത്താം**<br><br>കുട്ടികൾവ്യക്തിഗതമായി ടി ബി പേര് 18 പരിശോധിച്ച് പുതു എന്നു ചേർന്നു വരുന്ന പദങ്ങൾ കണ്ടെത്തി അവതരിപ്പിക്കുന്നു. ടീച്ചർ ചാർട്ടിൽ എഴുതുന്നു.വിഭാഗം കുട്ടികൾക്ക് വായിക്കാനവസരം നല്കുന്നു<br><br>പദങ്ങൾ/ ചിത്രങ്ങൾ നിറം കൊടുത്ത് ഐസിടിയിൽ കാണിക്കുന്നു.<br><br>ചിത്രങ്ങൾ - പൂക്കണി , പൂതം , പൂരം കാഴ്ചകൾ<br><br>ചിത്രങ്ങൾ പദങ്ങൾ എന്നിവ സ്ലൈഡ്ഷോ ആയി കാണിക്കുന്നു. | |

വിലയിരുത്തൽ : പദങ്ങളുടെ, പ്രയോഗങ്ങളുടെ അനുയോജ്യത

തുടർ പ്രവർത്തനങ്ങൾ : പ്രയോഗ ഭംഗി വരുന്ന കവിതകൾ ശേഖരിക്കുന്നു

"പുതു " ചേർന്നു വരുന്ന മറ്റു പദങ്ങൾ എഴുതുക.

റിഫ്ലക്ഷൻ നോട്ട് :

പഠനനേട്ടം **: "**പാഠത്തിലെ ആശയത്തെ വിവരണം**,** ചിത്രീകരണം**,** പോസ്റ്റർ വാർത്ത**,** അഭിനയം തുടങ്ങിയ വ്യത്യസ്തരീതിയിൽ അവതരിപ്പിക്കുന്നു**. "**

തെറ്റുകൂടാതെ ഉചിതമായ വ്യവഹാരരൂപം തയ്യാറാക്കുന്നു

പ്രവർത്തനത്തിന്റെ പേര് : മറക്കാത്ത  മഴക്കാലം,ശേഖരിക്കൂ ചൊല്ലി രസിക്കൂ

ആശയങ്ങൾ, മൂല്യങ്ങൾ ധാരണകൾ : സ്നേഹത്തിന്റെ മഹത്വം വ്യക്തമാക്കുന്ന സാഹിത്യരചനകൾ ഉണ്ട്

പഠന സാമഗ്രികൾ: ഐസിടിയിൽ ഒരു മഴക്കാല ചിത്രം

പ്രതീക്ഷിത ഉല്പന്നങ്ങൾ: മഴയനുഭവം –കുറിപ്പ്  കവിത ( മഴയുമായി ബന്ധപ്പെട്ടത് ) ചിത്രങ്ങൾ

തീയതി : .....................................                സമയം :90 മിനിട്ട്

| **പ്രവർത്തനം** | **പ്രതികരണം** |
|---|---|
| **പ്രവർത്തനം 1 മറക്കാത്ത മഴക്കാലം**<br><br>കുട്ടികൾക്കുണ്ടായ മഴക്കാല അനുഭവങ്ങൾ പറയാനുള്ള അവസരം നല്കുന്നു.<br><br>ടീച്ചർ സ്വന്തം മഴക്കാല അനുഭവങ്ങൾ പറയാനുള്ള അവസരം നല്കുന്നു.<br><br>ടീച്ചർ സ്വന്തം മഴക്കാല അനുഭവങ്ങൾ പറയുന്നു. | |

| | |
|---|---|
| തുടർന്ന് ഐസിടിയിൽ ഒരു മഴക്കാല ചിത്രം  പ്രദർശിപ്പിക്കുന്നു.<br><br>ഓരോരുത്തരുടേയും അനുഭവങ്ങൾ എഴുതുന്നു.<br><br>അവതരിപ്പിക്കുന്നു.<br><br>അനുഭവങ്ങളിലെ വ്യത്യസ്തത ചർച്ച ചെയ്യുന്നു.<br><br>ആഹ്ലാദകരമായവ<br><br>സങ്കടകരമായവ<br><br>ഇത്തരത്തിൽ മറക്കാത്ത അനുഭവമായി മാറിയ മഴക്കാലം<br><br>എംടി വാസുദേവൻ നായരുടെ മഴയനുഭവം<br><br>ഗ്രൂപ്പിൽ വായിക്കാൻ നല്കുന്നു (എച്ച് ബി പേജ് 81)<br><br>ഇ .ഹരികുമാർ എഴുതിയ അനുഭവം (എച്ച് ബി പേജ് 82)<br><br>ഇതിനെ  തുടർന്ന് കുട്ടികൾ സ്വന്തം രചനയിൽ ആവശ്യമായ മാറ്റം വരുത്തി എഴുതുന്നു .<br><br>അവതരിപ്പിക്കുന്നു . | |

| | |
|---|---|
| പതിപ്പാക്കുന്നു.<br><br>തുടർപ്രവർത്തനം -മഴയനുഭവത്തെ കവിതാ രൂപത്തിൽ മാറ്റുന്നു<br><br>പ്രവർത്തനം 2 ശേഖരിക്കൂ ചൊല്ലി രസിക്കൂ<br><br>മഴയെ വർണ്ണിക്കുന്ന കവിതകൾ അടങ്ങിയ പുസ്തകങ്ങൾ ടീച്ചർ ഗ്രൂപ്പിൽ നല്കുന്നു.<br><br>ഉദാ- ഒഎൻ വി കുറുപ്പിന്റെ<br><br>"കൊട്ടിപ്പാടുന്നു മഴ ....<br><br>നടവരമ്പത്തൊരു....."<br><br>(എച്ച് ബി പേജ് 83)<br><br>ഈ കവിത വിശദീകരിക്കുന്നു<br><br>കൊടുത്ത പുസ്തകങ്ങളിൽ നിന്ന് ഇഷ്ടപ്പെട്ട വരികൾ ശേഖരിക്കുന്നു.<br><br>മഴക്കവിതാ പതിപ്പ് ഉണ്ടാക്കുന്നു<br><br>പ്രവർത്തനം ചിത്രം വരക്കാം | |

| | |
|---|---|
| ഒഎൻ വിയുടെ കവിത വായിച്ച് ചിത്രീകരിക്കുന്നു.<br><br>ചിത്രപതിപ്പ് രൂപപ്പെടുത്തുന്നു<br><br>പ്രവർത്തനം 4<br><br>ചർച്ചചെയ്യുക<br><br>ഒഎൻവിയുടെ കുട്ട്യേടത്തി എന്ന കവിതയും ഞാനഗ്നി എന്ന കവിതയിലെയും സ്നേഹത്തിന്റെ മഹത്വം ചർച്ചചെയ്യുന്നു.<br><br>താരതമ്യക്കുറിപ്പ് തയ്യാറാക്കുന്നു .<br><br>ഗ്രൂപ്പിൽ അവതരിപ്പിക്കുന്നു<br><br>മെച്ചപ്പെടുത്തുന്നു<br><br>നോട്ടുബുക്കിലേക്ക് എഴുതുന്നു. | |

വിലയിരുത്തൽ : മഴയനുഭവക്കുറിപ്പ്, മഴക്കവിത, ചിത്രങ്ങൾ

തുടർ പ്രവർത്തനങ്ങൾ : മഴപ്പാട്ടുകൾ, മഴക്കവിതകൾ, എന്നിവ ശേഖരിക്കുക.പതിപ്പ് നിർമിക്കുക'

റിഫ്ലക്ഷൻ നോട്ട് :

**പഠനനേട്ടം : തെറ്റുകൂടാതെ ഉചിതമായ വ്യവഹാരരൂപം തയ്യാറാക്കുന്നു**

പ്രവർത്തനത്തിന്റെ പേര് : ഡയറി എഴുതാം

ആശയങ്ങൾ, മൂല്യങ്ങൾ ധാരണകൾ : 'നാം ജീവികളോട് സ്നേഹപൂർണ്ണമായി പെരുമാറുന്നതിലൂടെ നാം ജീവിക്കുന്ന ലോകം സുന്ദരമാക്കാൻ കഴിയും'

പഠന സാമഗ്രികൾ: പാഠപുസ്തകം

പ്രതീക്ഷിത ഉല്പന്നങ്ങൾ: ഡയറി രചന

തീയതി : ..................................... സമയം :60 മിനിട്ട്

| പ്രവർത്തനം | പ്രതികരണം |
|---|---|
| 'അന്ന് രാത്രി കുട്ടൻ എഴുതിയ ഡയറി എന്തായിരിക്കും?<br>അനുജത്തി എഴുതിയ ഡയറി എന്തായിരിക്കും?<br><br>4 ഗ്രൂപ്പായി തിരിക്കുക<br><br>ഗ്രൂപ്പിൽ മെച്ചപ്പെട്ടത് കണ്ടെത്തുക എഡിറ്റിംഗ് പ്രോസസ്. | |

വിലയിരുത്തൽ : ഡയറി

റഫറൻസ് :

തുടർ പ്രവർത്തനങ്ങൾ : ദിവസവും എഴുതുന്ന സ്വന്തം ഡയറിക്കുറിപ്പ്

റിഫ്ലക്ഷൻ നോട്ട് :

പഠനനേട്ടം **:** ആസ്വാദനക്കുറിപ്പ് തയ്യാറാക്കുന്നു.

പ്രവർത്തനത്തിന്റെ പേര് : **ആവർത്തനത്തിന്റെ ഭംഗി കണ്ടെത്തി ആസ്വദിക്കാം**

ആശയങ്ങൾ, മൂല്യങ്ങൾ ധാരണകൾ : ശബ്ദഭംഗി, അർത്ഥഭംഗി, ആശയം എന്നിവ ഉൾക്കൊണ്ട് ആസ്വദിക്കുന്നു

പഠന സാമഗ്രികൾ: ആവർത്തിച്ചു വരുന്ന അക്ഷരങ്ങൾ എഴുതിയ വരികൾ ചാർട്ടിൽ എഴുതിയത്

പ്രതീക്ഷിത ഉല്പന്നങ്ങൾ: ആസ്വാദനക്കുറിപ്പ്

തീയതി : .................................... സമയം : 45 മിനിട്ട്

| | |
|---|---|
| **പ്രവർത്തനം - 1. ആവർത്തനത്തിന്റെ ഭംഗി കണ്ടെത്തി ആസ്വദിക്കാം.**<br><br>"വെണ്ണയെക്കണ്ടൊരു കണ്ണന്താനന്നേരം<br><br>വെണ്ണിലാവഞ്ചി ചിരിച്ചു ചൊന്നാൻ"<br><br>ഇതുപോലെ അക്ഷരങ്ങൾ ആവർത്തിച്ചു വരുന്ന വരികൾ പാഠഭാഗത്തുനിന്നും | |

| | |
|---|---|
| കുട്ടികൾ കണ്ടെത്തുന്നു.<br><br>അവതരിപ്പിക്കുന്നു.<br><br>"ഒറ്റക്കൈതന്നിൽ നീ വെണ്ണവച്ചീടിനാൻ<br><br>മറ്റെക്കൈക്കണ്ടിട്ടു കേഴുമല്ലോ"<br><br>"വെണ്ണയെക്കണ്ടൊരു കണ്ണന്തന്നാനനം<br><br>വെണ്ണിലാവോലുന്ന തിങ്കൾപോലെ"<br><br>ഈ വരികളിലെ ആശയം ഉൾക്കൊള്ളിച്ചുകൊണ്ട് ആസ്വാദനക്കുറിപ്പ് തയ്യാറാക്കുന്നു.<br><br>ഗ്രൂപ്പുകളാക്കുന്നു.<br><br>ഓരോ ഗ്രൂപ്പിനും വരികൾ നൽകുന്നു.<br><br>ഗ്രൂപ്പിൽ ചർച്ച ചെയ്ത് കുറിപ്പ് തയ്യാറാക്കി അവതരിപ്പിക്കുന്നു.<br><br>ടീച്ചർ വെർഷൻ അവതരിപ്പിക്കുന്നു.<br><br>മെച്ചപ്പെടുത്തി നോട്ടുബുക്കിൽ എഴുതുന്നു. | |

വിലയിരുത്തൽ : ആസ്വാദനക്കുറിപ്പ്

റഫറൻസ് :

തുടർ പ്രവർത്തനങ്ങൾ : 'വെണ്ണയെക്കണ്ടൊരു ........

ചെഞ്ചമ്മേ നിന്നു വിളങ്ങിയപ്പോൾ' ഈ വരികളുടെ ആസ്വാദനക്കുറിപ്പ് തയ്യാറാക്കുക

റിഫ്ലക്ഷൻ നോട്ട് :

**പഠനനേട്ടം : ഉച്ചാരണശുദ്ധി, ഒഴുക്ക്, ആവശ്യമായ ഭാവ വ്യതിയാനം എന്നിവയോടെ വായിക്കുന്നു**

പ്രവർത്തനത്തിന്റെ പേര് : **I - കണ്ടെത്താം** 2.**കണ്ടെത്താം എഴുതാം**

ആശയങ്ങൾ, മൂല്യങ്ങൾ ധാരണകൾ : സഹജീവികളോട് സ്നേഹപൂർവ്വമായി പെരുമാറുന്നതിലൂടെ നാം ജീവിക്കുന്ന ലോകത്തെ സുന്ദരമാക്കാൻ കഴിയും. സ്നേഹത്തിന്റെ പ്രകാശത്തിന് നമ്മുടെ ചുറ്റുപാടിനെ മാറ്റാനുള്ള കഴിവുണ്ട്.

പഠന സാമഗ്രികൾ: പാഠപുസ്തകം, ചാർട്ട്

പ്രതീക്ഷിത ഉല്പന്നങ്ങൾ: നോട്ടുബുക്കിൽ ക്രോഡീകരണക്കുറിപ്പുകൾ

തീയതി : ..................................... സമയം :90 മിനിട്ട്

| പ്രവർത്തനം | പ്രതികരണം |
|---|---|
| **പ്രവർത്തനം : I. അർത്ഥം കണ്ടെത്താം**<br><br>പാഠഭാഗത്തിലെ പുതിയ പദങ്ങൾ കുട്ടികൾ പട്ടികപ്പെടുത്തുന്നു.<br><br>സന്ദർഭത്തിനനുസരിച്ച് അർത്ഥം കണ്ടെത്താൻ ആവശ്യപ്പെടുന്നു.<br><br>അർത്ഥം ഊഹിച്ച് എഴുതുന്നു.<br><br>ക്ഷുഭിതൻ, ലാക്ക്<br><br>ശോഭ, അനുബന്ധം<br><br>ജഗത്, പീഡ<br><br>വസന്തം, മൃദുലം<br><br>വൃദ്ധി, വ്യാഹതി<br><br>ഈ പദങ്ങളുടെ അർത്ഥം കുട്ടികൾ വ്യക്തിഗതമായി ഊഹിച്ചെഴുതുന്നു.<br><br>അവതരിപ്പിക്കുന്നു.<br><br>തുടർന്ന് ഈ പദങ്ങൾ വരുന്ന വാക്യങ്ങൾ ടി ബി യിൽ നിന്ന് കണ്ടെത്തി ചർച്ച | |

| | |
|---|---|
| അർത്ഥ സൂചിക നോക്കി നോട്ടുബുക്കിൽ എഴുതുന്നു.<br><br>വാക്യരചന നടത്തുന്നു.<br><br>നോട്ടുബുക്കിൽ എഴുതുന്നു.<br><br>**പ്രവർത്തനം : 2. വ്യത്യാസം കണ്ടെത്താം**<br><br>ചില വാക്യങ്ങൾ ബി ബി/ചാർട്ടിൽ എഴുതുന്നു<br><br>കുട്ടികൾ ചർച്ച ചെയ്യുന്നു.<br><br>ഉദാ:-സത്യം മാത്രമേ പറയൂ.<br><br>അസത്യം പറയരുത്<br><br>ഈ രണ്ടു വാക്യങ്ങളുടെ അർത്ഥം കണ്ടെത്തുന്നു.<br><br>'സത്യം'എന്ന വാക്കിന്റെ മുമ്പിൽ 'അ'ചേർന്നപ്പോൾ അർത്ഥ വ്യത്യാസം വന്നിട്ടുണ്ടോ?<br><br>ചർച്ച<br><br>അർത്ഥ വ്യത്യാസം വരുന്നുണ്ടെന്ന് കണ്ടെത്തുന്നു. | |

| | |
|---|---|
| അസത്യം എന്ന വാക്കിൽ  വിപരീതാർത്ഥം കിട്ടുന്നു.<br><br>ഇത്തരത്തിലുള്ള മറ്റു പദങ്ങൾ ഗ്രൂപ്പിൽ കണ്ടെത്തുന്നു.<br><br>നീതി<br><br>ധർമ്മം<br><br>സാധാരണം<br><br>ഹിംസ<br><br>സമത്വം<br><br>ഈ വാക്കുകൾക്ക് മുമ്പിൽ'അ'ചേർത്തുകൊണ്ട് വാക്യരചന നടത്തുന്നു.<br><br>നോട്ടുബുക്കിൽ എഴുതുന്നു.<br><br>'അ'പേരുചേർക്കുമ്പോൾ മാത്രമല്ല വീപരീതാർത്ഥം വരുന്നത്.<br><br>ഉദാ:- ശത്രു , മിത്രം<br><br>എലിയുടെ ശത്രുവാണ് ചേര. എന്നാൽ കർഷകന്റെ മിത്രവുമാണ്. | |

| | |
|---|---|
| ചർച്ചയിലൂടെ വാക്കുകളുടെ അർത്ഥം കുട്ടികൾക്ക് ബോധ്യപ്പെടുന്നു.<br><br>ഇതുപോലുള്ള പദങ്ങൾ നല്കുന്നു.<br><br>ഇഷ്ടം<br><br>ഉപകാരം<br><br>ഗന്ധം<br><br>രാത്രി<br><br>വെളിച്ചം<br><br>സത്കർമ്മം<br><br>ദുഷ്ടൻ<br><br>സന്തോഷം<br><br>ഈ വാക്കുകൾ ഉപയോഗിച്ച് വാക്യരചന നടത്തുകയും പദങ്ങളുടെ അർത്ഥവ്യത്യാസം തിരിച്ചറിയുന്നു.<br><br>ഇത്തരം പ്രവർത്തനങ്ങൾ ഐ സി റ്റി ഉപയോഗിച്ച് പ്രദർശിപ്പിക്കുന്നു. | |

| | |
|---|---|
| വാക്കുകൾക്ക് പ്രത്യേകം നിറം നല്കി അവതരിപ്പിക്കണം.<br><br>**പ്രവർത്തനം : 3. കേട്ടെഴുതാം**<br><br>വായനയുടെ വ്യത്യസ്ത തലങ്ങളിലേയ്ക്ക് (ശ്രാവ്യവായന, മൗനവായന )കുട്ടികളെ നയിക്കുന്നതിന് ചില പദങ്ങൾ കണ്ടെത്തുന്നതിനുള്ള അവസരം നല്കുന്നു.<br><br>ചർച്ച<br><br>പുതിയ പദങ്ങൾ വായിക്കാൻ പ്രയാസം നേരിടുന്ന പദങ്ങൾ കുട്ടികൾ കണ്ടെത്തുന്നു.<br><br>ക്ഷുഭിതൻ<br><br>തെറ്റാലി<br><br>മാധുര്യം<br><br>അനുബന്ധം<br><br>പീഡ<br><br>മൃദുലം<br><br>വൃദ്ധ | |

| | |
|---|---|
| ഈ പദങ്ങൾ ICTയിൽ പ്രദർശിപ്പിക്കുന്നു.<br><br>കുട്ടികൾ ടി ബി പരിശോധിച്ച് പദങ്ങൾ വരുന്ന വാക്യങ്ങൾ കണ്ടെത്തുന്നു.<br><br>നോട്ടുബുക്കിൽ എഴുതുന്നു.<br><br>തുടർന്ന് കുട്ടികൾ വാക്കുകളുടെ അർത്ഥം പറയുകയും മറ്റുള്ളവർ സമാനപദം തുടരുന്നു.<br><br>എന്റെ ഭാഷാപുസ്തകം വികസിപ്പിക്കുന്നു.<br><br>**പ്രവർത്തനം : 4 മാറ്റിയെഴുതാം**<br><br>പാഠഭാഗത്തുള്ള ചില വാക്യങ്ങൾ ബി ബി /ചാർട്ടിൽ എഴുതുന്നു.<br><br>ആ വാക്യത്തിന്റെ അർത്ഥ വ്യത്യാസം വരാതെ എഴുതാൻ പറയുന്നു.<br><br>ഉദാ:- ഒരിക്കലും ഒരു പക്ഷി പേടിയില്ലാതെ ഇത്ര അടുത്തു വന്നിരിക്കുന്നത്. കുട്ടൻ ഒരിക്കലും കണ്ടിട്ടില്ല.<br><br>രണ്ടു വാക്യങ്ങളിലെയും പദങ്ങൾ ഏതെല്ലാമെന്ന് കുട്ടികൾ പറയുന്നു.<br><br>പദങ്ങൾക്ക് എന്തെങ്കിലും മാറ്റം വന്നിട്ടുണ്ടോ? | |

| | |
|---|---|
| പദങ്ങൾ ഉപയോഗിച്ചിരിക്കുന്ന ക്രമത്തിന് മാറ്റമുണ്ടോ?<br><br>ക്രമം മാറ്റിയപ്പോൾ അർത്ഥത്തിന് മാറ്റം വന്നിട്ടുണ്ടോ?<br><br>ചർച്ച<br><br>അവതരണം.<br><br>രണ്ടു വാക്യങ്ങളിലെയും പദങ്ങൾക്ക് മാറ്റമില്ല<br><br>ഉപയോഗിച്ചിരിക്കുന്ന ക്രമത്തിന് മാറ്റം ഉണ്ടോ, ഉണ്ട്<br><br>ക്രമം മാറ്റിയപ്പോൾ അർത്ഥത്തിന് മാറ്റം വന്നിട്ടില്ല<br><br>ഇതുപോലെ താഴെക്കൊടുത്ത വാക്യങ്ങൾ മാറ്റി എഴുതുന്നു.<br><br>അവർ കളിക്കുകയാണ് മുറ്റത്ത്<br><br>അവനു തോന്നി പതുക്കെ അടുത്തി ചെന്നാൽ അതിനെ  കൈയിലെടുക്കാമെന്ന്.<br><br>അവതരിപ്പിക്കുന്നു.<br><br>മെച്ചപ്പെടുത്തി നോട്ടുബുക്കിൽ എഴുതുന്നു. | |

| | |
|---|---|
| **ക്രോഡീകരണം**<br><br>മുറ്റത്ത് അവർ കളിക്കുകയാണ്<br><br>പതുക്കെ അടുത്തു ചെന്നാൽ അതിനെ കൈയിലെടുക്കാമെന്ന് അവനു തോന്നി<br><br>കുട്ടികൾ നോട്ടുബുക്കിൽ എഴുതുന്നു. | |

വിലയിരുത്തൽ : ശ്രാവ്യവായന

റഫറൻസ് :

തുടർ പ്രവർത്തനങ്ങൾ : "പട്ടുപോലെ മൃദുവായ തളിരിലകൾ

ആ കൊമ്പിലാകെ വന്നു നിറഞ്ഞു. "

ഈ വാക്യത്തെ അർത്ഥ വ്യത്യാസം വരാതെ മാറ്റിയെഴുതുക.

റിഫ്ലക്ഷൻ നോട്ട് :

**പഠനനേട്ടം : ഉച്ചാരണശുദ്ധി, ഒഴുക്ക്, ആവശ്യമായ ഭാവ വ്യതിയാനം എന്നിവയോടെ വായിക്കുന്നു.**

പ്രവർത്തനത്തിന്റെ പേര് : I - കണ്ടെത്താം 2.കണ്ടെത്താം എഴുതാം (സ്നേഹം താൻശക്തി )

ആശയങ്ങൾ, മൂല്യങ്ങൾ ധാരണകൾ : സഹജീവികളോട് സ്നേഹപൂർവ്വമായി പെരുമാറുന്നതിലൂടെ നാം ജീവിക്കുന്ന ലോകത്തെ സുന്ദരമാക്കാൻ കഴിയും . സ്നേഹത്തിന്റെ പ്രകാശത്തിന് നമ്മുടെ ചുറ്റുപാടിനെ മാറ്റാനും കഴിവുണ്ട് .

പഠന സാമഗ്രികൾ: വീഡിയോ / ഓഡിയോ (മൈനയും ശബ്ദവും),വീഡിയോ പൂക്കളും ഇലകളും നിറഞ്ഞുനില്ക്കുന്ന മരം, ക്രോഡീകരണ ചാർട്ട്

പ്രതീക്ഷിത ഉല്പന്നങ്ങൾ: നോട്ടുബുക്കിൽ ക്രോഡീകരണക്കുറിപ്പുകൾ

തീയതി : ....................................                സമയം : 90 മിനിട്ട്

| | |
|---|---|
| **പ്രവർത്തനം** 1 -**കണ്ടെത്താം**<br><br>കുട്ടികൾ കേട്ടിട്ടുള്ള പക്ഷികളുടെ ശബ്ദം ഏതെന്നു പറയുന്നു .ഏതു പക്ഷിയുടെ ശബ്ദമാണ് ഇഷ്ടം ? ചർച്ച .<br><br>സ്നേഹം താൻ ശക്തി എന്ന പാഠഭാഗം കുട്ടികൾ വ്യക്തിഗതമായി വായിക്കുന്നു .<br><br>തുടർന്ന് സംഘവായന | |

| | |
|---|---|
| മൈനയുടെ ചിത്രം ,ശബ്ദം -വീഡിയോ or ഓഡിയോ കാണിക്കുന്നു .<br><br>സാമാന്യ ആശയം ഗ്രഹിക്കുന്നതിനുള്ള ചോദ്യങ്ങൾ ചോദിക്കുന്നു .<br><br>• കുട്ടൻ ക്ഷുഭിതനായത് എന്തുകൊണ്ട് ?<br>• അമ്മയ്ക്കും കുട്ടനും അമ്മ പകർന്നു നല്കിയ പാഠം എന്തായിരുന്നു ?<br>• മൈനയുടെ പാട്ടുകേട്ട് മരത്തിനുണ്ടായ മാറ്റം എന്ത് ?<br>• മൈന മനുഷ്യശബ്ദത്തിൽ പാടിയ പാട്ട് എന്താണ് ?<br>• ക്രിസ്റ്റീനയുടേയും ലൈലയുടേയും വീടിന്റെ പ്രത്യേകത എന്ത്?<br><br>ഉത്തരം കണ്ടെത്തി അവതരിപ്പിക്കുന്നു .<br><br>മെച്ചപ്പെടുത്തി നോട്ടുബുക്കിൽ എഴുതുന്നു .<br><br>**ക്രോഡീകരണം**<br><br>*കുട്ടൻ ക്ഷുഭിതനായത്<br><br>മൈനയെപിടിക്കാനായി അതിന്റെ തൊട്ടടുത്ത് കുട്ടൻ എത്തിയപ്പോൾ മനുഷ്യൻ ചിരിക്കുന്ന ശബ്ദത്തിൽ ഒച്ചയെടുത്തു കൊണ്ടു പറന്നു പോയതിനാൽ ആണ് | |

| | |
|---|---|
| കുട്ടൻ ക്ഷുഭിതനായത് .<br><br>* മൈനയുടെ പാട്ടുകേട്ട് മരത്തിനുണ്ടായ മാറ്റം -ഉണങ്ങിയും മുരടിച്ചും നിന്ന മാവ് അതിവേഗം പൂത്തു തളിർത്തു .<br><br>* മൈന മനുഷ്യശബ്ദത്തിൽ പാടിയ പാട്ട്<br><br>"സ്നേഹത്തിൽ നിന്നുദിക്കുന്നു ലോകം<br><br>സ്നേഹത്താൽ വൃദ്ധി തേടുന്നു<br><br>സ്നേഹം താൻ ശക്തി ജഗത്തിൽ<br><br>സ്നേഹം താനാനന്ദമാർക്കും<br><br>സ്നേഹം താൻ ജീവിതം ശ്രീമന് സ്നേഹ<br><br>വ്യാഹതി തന്നെ മരണം .”<br><br>ക്രിസ്റ്റീനയുടേയും ലൈലയുടേയും വീട്ടുമുറ്റത്ത് ധാരാളം പഴച്ചെടികളും പൂച്ചെടികളും ഉണ്ട്.<br><br>ഉത്തരം നോട്ടുബുക്കിൽ എഴുതുന്നു . | |

**പ്രവർത്തനം -2**

**കണ്ടെത്താം എഴുതാം**

സ്നേഹം താൻ ശക്തി എന്ന കഥ ഭാവാത്മകമായി വീണ്ടും വായിക്കുന്നു .

ചോദ്യങ്ങൾക്കുത്തരം വ്യക്തിഗതമായി എഴുതുന്നു .

ടി.ബി പേജിലെ 15 ലെ ചോദ്യങ്ങൾ

- “ ചേട്ടാ ഇത് വെറുമൊരു മൈനയല്ല ”.

  എന്തു കൊണ്ടായിരിക്കും ലൈല ഇങ്ങനെ പറഞ്ഞത് ?

- മൈനയുടെ പാട്ട് കുട്ടികൾ ഏറ്റു പറഞ്ഞപ്പോൾ ചുറ്റുപാടിനുണ്ടായ മാറ്റങ്ങൾ എന്തെല്ലാമാണ് ?

"ഒരു പീഡയുറുമ്പിനും വരുത്തരുത് " എന്നതിന്റെ ആശയമെന്ത് ?

ഉത്തരം പറയുന്നു

വീഡിയോ -പൂക്കളും ഇലകളും നിറഞ്ഞുനില്ക്കുന്ന പ്രകൃതി ദൃശ്യം കാണിക്കുന്നു .

| | |
|---|---|
| ചർച്ച<br><br>മെച്ചപ്പെടുത്തുന്നു .<br><br>ടീച്ചറുടെ സഹായത്തോടെ ക്രോഡീകരണം നടത്തുന്നു .<br><br>**ക്രോഡീകരണം**<br><br>* മനുഷ്യശബ്ദത്തിലുള്ള പാട്ട് കേട്ട് ഉണങ്ങിയ മരങ്ങൾ തളിർത്തതു കൊണ്ടാണ്<br><br>ഇത് വെറുമൊരു മൈനയല്ല എന്ന് ലൈല പറഞ്ഞത് .<br><br>*കുട്ടികളുടെ സ്നേഹഗീതങ്ങളാൽ മുറ്റവും പുരയിടവും ചുറ്റുപാടും നാടും എല്ലാം പൂച്ചെടികൾ നിറഞ്ഞ് മനോഹരമായിത്തീർന്നു .<br><br>* ഭൂമിയിലെ ഒരു ജീവജാലത്തിനു പോലും വേദനയുണർത്തുന്ന പ്രവൃത്തികൾ നമ്മുടെ ഭാഗത്തുനിന്ന് ഉണ്ടാവാൻ പാടില്ല .എല്ലാത്തിനേയും സ്നേഹിക്കുകയാണ് വേണ്ടത് .ഒരു ഉറുമ്പിനുപോലും നമ്മുടെ പ്രവൃത്തിയാൽ വേദനിക്കരുത് എന്നതാണ് ആശയം .<br><br>ക്രോഡീകരണം കുട്ടികളുടെ നോട്ടുബുക്കിൽ എഴുതുന്നു . | |

വിലയിരുത്തൽ : ആശയം ക്രോഡീകരിച്ചെഴുതുന്നതിനുള്ള കഴിവ്

റഫറൻസ് :

തുടർ പ്രവർത്തനങ്ങൾ : "സ്നേഹത്തിൽ നിന്നുദിക്കുന്നു ......

വ്യാഹതി തന്നെ മരണം " കവിതയുടെ ആശയം കണ്ടെത്തി എഴുതുന്നു .

റിഫ്ലക്ഷൻ നോട്ട് :

**പഠനനേട്ടം : നമുക്കു ചുറ്റുമുള്ള എല്ലാത്തിനെയും സ്നേഹിക്കുന്നതിലൂടെ നാം ജീവിക്കുന്ന ലോകത്തെ സുന്ദരമാക്കാന് കഴിയുമെന്ന് ബോധ്യപ്പെടുത്തുന്നു.**

പ്രവർത്തനത്തിന്റെ പേര് : I - സ്നേഹവചനങ്ങൾ ശേഖരിക്കാം 2. പോസ്റ്റർ രചന 3. കഥാകൃത്ത് പരിചയം

ആശയങ്ങൾ, മൂല്യങ്ങൾ ധാരണകൾ : സ്നേഹത്തിന് വ്യത്യസ്ത മുഖങ്ങൾ ഉണ്ട്. സ്നേഹം തിരിച്ചുകൊടുക്കാൻ കഴിയേണ്ടതുണ്ട്.

സ്നേഹവചനങ്ങൾ ശേഖരിക്കുന്നതിലൂടെ സ്നേഹത്തിന്റെ മഹത്വം അറിയുന്നു.

പഠന സാമഗ്രികൾ: ICT - സ്നേഹവചനങ്ങൾ ശേഖരിക്കാം

ICT - വിവിധതരം പോസ്റ്റർ മാതൃകകൾ

ICT - ഗുരുനിത്യ ചൈതന്യ യതിയുടെ ചിത്രം

പ്രസംഗത്തിന്റെ ഓഡിയോ / വീഡിയോ

പ്രതീക്ഷിത ഉല്പന്നങ്ങൾ: സ്നേഹവചനങ്ങൾ, പോസ്റ്റർ

തീയതി : ..................................... സമയം :90 മിനിട്ട്

| പ്രവർത്തനം | പ്രതികരണം |
|---|---|
| **പ്രവര്ത്തനം : I. സ്നേഹവചനങ്ങൾ ശേഖരിക്കുന്നു**<br><br>വെണ്ണക്കണ്ണൻ, സ്നേഹം താൻ ശക്തി എന്നീ പാഠഭാഗങ്ങളിൽ നിന്ന് സ്നേഹത്തിന്റെ മഹത്വം എന്താണെന്ന് ചർച്ച ചെയ്യുന്നു.<br><br>വെണ്ണക്കണ്ണൻ എന്ന പാഠഭാഗത്തിൽ ആരുടെ സ്നേഹമാണ് പറയുന്നത്?<br><br>അമ്മയ്ക്ക് മകനോടുള്ള ഉദാത്തമായ സ്നേഹം<br><br>മകന്റെ കുസൃതികൾ എല്ലാം സ്നേഹത്തിന്റെ കാഴ്ചപ്പാടിലൂടെ അമ്മ നോക്കിക്കാണുന്നു.<br><br>സ്നേഹം താൻ ശക്തി എന്ന പാഠഭാഗത്തിൽ സഹജീവികളോടുള്ള സ്നേഹം അതിന്റെ സ്നേഹവചനങ്ങൾ പ്രദർശിപ്പിക്കുന്നു. ഐ സി റ്റി<br><br>മഹാകവി കുമാരനാശാന്റെ ചണ്ഡാലഭിക്ഷുകിയിലെ വരികൾ ടീച്ചർ അവതരിപ്പിക്കുന്നു.<br><br>സ്നേഹത്തിൽ നിന്നുദിക്കുന്നു ലോകം | |

| | |
|---|---|
| ............................<br><br>വ്യാഹതി തന്നെ മരണം<br><br>(TB പേജ് 14 ലെ കവിത)<br><br>ഇതിന്റെ ആശയം കുട്ടികൾ ചർച്ച ചെയ്യുന്നു.<br><br>സ്നേഹത്തിന്റെ ഉദാത്തമായ സന്ദേശം ഈ വരികളിലൂടെ ലഭിക്കുന്നു.<br><br>മറ്റു സ്നേഹസന്ദേശങ്ങളും വരികളും അവതരിപ്പിക്കുന്നു.<br><br>ഒരു പീഡയെറുമ്പിനും വരു-<br><br>ത്തരുതെന്നുള്ളനുകമ്പയും സദാ-<br><br>കരുണാകര ! നല്കുകുള്ളിൽ നിൻ<br><br>തിരുമെയ് വിട്ടകലാതെ ചിന്തയും<br><br>**ശ്രീനാരായണ ഗുരു**<br><br>**പ്രവത്തനം : 2. പോസ്റ്റർ രചന** | |

| | |
|---|---|
| TB പേജ് 17 ലെ സ്നേഹവചനങ്ങൾ      കുട്ടികൾ വായിക്കുന്നു.<br>നോട്ടുബുക്കിൽ എഴുതുന്നു<br>മറ്റു വാചകങ്ങൾ വായനാ സാമഗ്രികളിൽ നിന്ന് കണ്ടെത്തുന്നു.<br>അതുപയോഗിച്ച് പോസ്റ്റർ രചന നടത്തുന്നു.<br>പോസ്റ്ററുകളുടെ മാതൃക ഐ സിറ്റി യിൽ  കാണിക്കുന്നു.<br>നിന്നെപ്പോലെ നിന്റെ<br>അയല്ക്കാരനെയും സ്നേഹിക്കുക<br>- യേശുക്രിസ്തു<br>സ്നേഹിക്കയുണ്ണീ നീ നിന്നെ<br>ദ്രോഹിക്കുന്ന ജനത്തെയും<br>കുമാരനാശാൻ<br>സ്നേഹമാണഖിലസാരമൂഴിയിൽ | |

| | |
|---|---|
| സ്നേഹസാരമിഹ സത്യമേകമാം<br><br>കുമാരനാശാൻ<br><br>ഒരൊറ്റ മതമുണ്ടുലകിനുയിരാം<br><br>പ്രേമമതൊന്നല്ലോ<br><br>പരക്കെ നമ്മെ പാലമൃതൂട്ടും<br><br>പാർവ്വണ ശശിബിംബം<br><br>ഉള്ളൂർ<br><br>സ്നേഹിക്കയില്ല ഞാൻ നോവുമാത്മാവിനെ<br><br>സ്നേഹിച്ചിടാത്തൊരു തത്വശാസ്ത്രത്തെയും<br><br>വയലാർ<br><br>എന്റെ കവിതാ പുസ്തകത്തിൽ എഴുതുന്നു.<br><br>പോസ്റ്റർ തയ്യാറാക്കി ക്ലാസ്സിൽ / സ്കൂളിൽ പതിപ്പിക്കുന്നു. | |

| പ്രവർത്തനം : 3. കഥാകൃത്ത് പരിചയം<br><br>ഗുരു നിത്യചൈതന്യ യതിയുടെ ചിത്രം പ്രദർശിപ്പിക്കുന്നു.<br><br>പ്രസംഗത്തിന്റെ വീഡിയോ ക്ലിപ്പിംഗ് / ഓഡിയോ കേൾപ്പിക്കുന്നു.<br><br>വിദ്യാഭ്യാസം, ആരോഗ്യശാസ്ത്രം, സാഹിത്യം, സംഗീതം, ചിത്രകല, വാസ്തുശില്പം, ആദ്ധ്യാത്മികത, മാനവികത തുടങ്ങി എല്ലാ വിഷയങ്ങളെക്കുറിച്ച് പഠിപ്പിച്ചും പഠിച്ചും ജീവിച്ചിരുന്ന കേരളീയ സന്യാസി.<br><br>1924 ൽ പത്തനംതിട്ട ജില്ലയിലെ മുറിഞ്ഞ കല്ലിൽ (വാകയാർ) ജനിച്ചു. ജയചന്ദ്രൻ എന്നത് യഥാർത്ഥനാമം.സന്യാസം സ്വീകരിച്ചപ്പോൾ ഗുരു നിത്യചൈതന്യ യതി എന്ന പേര് സ്വീകരിച്ചു<br><br>പരിവർത്തോന്മുഖ വിദ്യാഭ്യാസം,സത്യത്തിന്റെ മുഖങ്ങൾ,ഭാരതീയ മനശാസ്ത്രത്തിന് ഒരാമുഖം, ജാതി,മതം, ദൈവം തുടങ്ങിയ കൃതികൾ എഴുതിയിട്ടുണ്ട്. കേരള സാഹിത്യ അക്കാദമി അവാർഡ് കിട്ടിയിട്ടുണ്ട്.<br><br>1999 മെയ് 14 ന് അന്തരിച്ചു. | |
|---|---|

വിലയിരുത്തൽ : സ്നേഹവാക്കുകളുടെ ശേഖരണം (ആശയം, വൈവിധ്യം എന്നിവ), പോസ്റ്റർ രചന

റഫറൻസ് :

തുടർ പ്രവർത്തനങ്ങൾ : സ്നേഹവചനങ്ങൾ ശേഖരിച്ച് പതിപ്പ് തയ്യാറാക്കുക.

റിഫ്ലക്ഷൻ നോട്ട് :

# യൂണിറ്റ് 2 ഹരിതം

| നമ്പ് | പഠനനേട്ടം | പ്രവർത്തനം | പഠന സാമഗ്രികൾ | ആശയങ്ങൾ, ധാരണകൾ, മൂല്യങ്ങൾ | ഉല്പന്നം | വിലയിരുത്തൽ | സമയം |
|---|---|---|---|---|---|---|---|
| 1 | പുതിയ പദങ്ങൾ, പ്രയോഗങ്ങൾ, ചൊല്ലുകൾ, ശൈലികൾ എന്നിവ ഉൾപ്പെടുത്തി സന്ദർഭാനുസരണം രചനകൾ നടത്തുന്നു. സംസാരിക്കുന്നു | പ്രവേശകം - പച്ചക്കിളി കാഴ്ചയനുഭവങ്ങൾ | കവിതകൾ പുസ്തകം, ആഹ്ലാദകരമായ കാഴ്ചകളുടെ ചിത്രങ്ങൾ- ഓലത്തുമ്പിലിരുന്നാടുന്ന ഓലേഞ്ഞാലി, കൂട്ടത്തോടെ പറന്നുയരുന്ന പ്രാവുകൾ തുടങ്ങിയവ | പ്രകൃതി സൗന്ദര്യം ആസ്വദിക്കുകയും ആസ്വദിപ്പിക്കുകയും ചെയ്യുന്നതിലൂടെ നമുക്കു ചുറ്റുമുള്ളവർക്കും സന്തോഷം നല്കും. | കണ്ടെത്തിയ പദങ്ങൾ പ്രയോഗങ്ങൾ ഇഷ്ടപ്പെട്ട വരികൾ സമാന കവിത | വായന ലേഖന പ്രവർത്തനം ആശയ ഗ്രഹണശേഷി | 45 |
| 2 | കവിതകൾ ഈണത്തിലും താളത്തിലും ചൊല്ലുന്നു. | ചൊല്ലി രസിക്കാം<br><br>കണ്ടെത്താം<br>എഴുതാം | കവിതകൾ ,പുസ്തകം ഭാഷാപ്രയോഗങ്ങൾ ചാർട്ട് | പ്രകൃതിയിലെ ജീവജാലങ്ങൾക്കു നല്കുന്ന സ്നേഹപൂർണമായ പരിചരണം ആവിഷ്കരിച്ചിരിക്കുന്ന സാഹിത്യരചനകളുടെ ആസ്വാദനത്തിലൂടെ | കവിതയിലെ ആശയം , ഭാഷാപ്രയോഗങ്ങൾ ,സമാനപദങ്ങൾ എഴുതിയത് | ഈണം കണ്ടെത്തൽ | 60 |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | കുട്ടികൾക്ക് അവരുടെ ചുറ്റുപാടിനോട് ആഭിമുഖ്യമുണ്ടാകുന്നു | | | |
| 3 | കവിതയുടെ ആസ്വാദനത്തിലൂടെ തന്റെ ചുറ്റുപാടിനോടും ജീവജാലങ്ങളോടും സ്നേഹവും ആഭിമുഖ്യവും വളർത്തുന്നു | പറയാം<br>എഴുതാം<br>എഴുതാം | 1. പുസ്തകം<br>2. ചാർട്ട്<br>3. സ്ലൈഡ്<br>4. ഡോക്യുമെന്ററി | പ്രകൃതി സൗന്ദര്യം ആസ്വദിക്കുകയും ആസ്വദിപ്പിക്കുകയും ചെയ്യുന്നതു നമുക്കും മറ്റുള്ളവർക്കും സന്തോഷം നല്കും.<br>പ്രകൃതി സൗന്ദര്യം, സംരക്ഷണം എന്നിവ പ്രമേയമായിട്ടുള്ള നിരവധി സാഹിത്യ രചനകളുണ്ട്. | പദങ്ങൾ പിരിച്ചെഴുതിയത് . | രചന പ്രവർത്തനങ്ങൾ | 90 |
| | ഉചിതമായ രീതിയിൽ കഥ പൂർത്തിയാക്കുന്നു.<br>പാഠഭാഗത്തുള്ള | പ്രയോഗഭംഗി<br>വിവരണം | വിവിധ തരം പൂച്ചെടികളുടെ ചിത്രങ്ങൾ സ്ലൈഡ് | പ്രകൃതി സൗന്ദര്യം ആസ്വദിക്കുകയും ആസ്വദിപ്പിക്കുകയും ചെയ്യുന്നതു നമുക്കും | വിവരണം<br>ചിത്രം വരച്ചത് | പ്രയോഗ കണ്ടെത്തൽ | |

| | | | | | | | |
|---|---|---|---|---|---|---|---|
| | സമസ്തപദങ്ങൾ പിരിച്ചെഴുതുകയും ചേർത്തെഴുതുകയും ചെയ്യുന്നു. | നിറം കൊടുക്കാം | | മറ്റുള്ളവർക്കും സന്തോഷം നല്കും. | പതിപ്പ് | വിവരണം തയാറാക്കൽ<br>ചിത്രങ്ങൾക്കു നിറം നൽകൽ | |
| 4 | ഉചിതമായ രീതിയിൽ കഥ പൂർത്തിയാക്കുന്നു.<br>ഉച്ചാരണശുദ്ധി, ഒഴുക്ക്, ആവശ്യമായ ഭാവവ്യതിയാനം എന്നിവയോടെ വായിക്കുന്നു. | കഥാവായന<br>പറയാം<br>എഴുതാം | കാട്ടുതീയുണ്ടാകുന്ന വീഡിയോ<br>പുസ്തകം<br>ചിത്രങ്ങൾ | പ്രകൃതിയിലെ ഏറ്റവും പ്രധാനപ്പെട്ട ജീവമണ്ഡലവും അനന്യമായ സൗന്ദര്യാനുഭവവും പകരുന്ന ആവാസകേന്ദ്രവുമാണ് കാട്. ആധുനിക മനുഷ്യൻ സ്വാർത്ഥ താല്പര്യങ്ങൾ നേടുന്നതിനായി കാട് നശിപ്പിക്കുന്നു. കാട് സംരക്ഷിക്കപ്പെടേണ്ടതാണ്. | ചോദ്യോത്തരങ്ങൾ<br>കുറിപ്പ് | കഥാവായന<br>ലേഖന പ്രവർത്തനങ്ങൾ | 90 |

**കവിതാ അവതരണം (പ്രവേശകം)**

**പഠനനേട്ടം : പുതിയ പദങ്ങൾ, പ്രയോഗങ്ങൾ, ചൊല്ലുകൾ, ശൈലികൾ, എന്നിവ ഉൾപ്പെടുത്തി സന്ദർഭാനുസരണം രചനകൾ നടത്തുന്നു. സംസാരിക്കുന്നു**

പ്രവർത്തനത്തിന്റെ പേര് : പച്ചക്കിളി - കാഴ്ചയനുഭവങ്ങൾ

ആശയങ്ങൾ, മൂല്യങ്ങൾ ധാരണകൾ : പ്രകൃതി സൗന്ദര്യം ആസ്വദിക്കുകയും ആസ്വദിപ്പിക്കുകയും ചെയ്യുന്നതു നമുക്കും ചുറ്റുമുള്ളവർക്കും സന്തോഷം നല്കും

പഠന സാമഗ്രികൾ: കവിതകൾ പുസ്തകം, ആഹ്ലാദകരമായ കാഴ്ചകളുടെ ചിത്രങ്ങൾ-ഓലത്തുമ്പിലിരുന്നാടുന്ന ഓലേഞ്ഞാലി, കൂട്ടത്തോടെ പറന്നുയരുന്ന പ്രാവുകൾ തുടങ്ങിയവ

പ്രതീക്ഷിത ഉല്പന്നങ്ങൾ: കണ്ടെത്തിയ പദങ്ങൾ പ്രയോഗങ്ങൾ, ഇഷ്ടപ്പെട്ട വരികൾ , സമാന കവിത

തീയതി : ..................................... സമയം :45 മിനിട്ട്

| പ്രവർത്തനം | പ്രതികരണം |
|---|---|
| **പ്രവർത്തന ഘട്ടം - 1 പ്രവേശകം- പച്ചക്കിളി**<br><br>പച്ചക്കിളി എന്ന കവിത ടീച്ചർ ക്ലാസ്സിൽ അവതരിപ്പിക്കുന്നു.<br><br>കവിത ഈണം കണ്ടെത്തി ചൊല്ലുവാൻ അവസരം നല്കുന്നു .<br><br>കവിതയിലെ മുഖ്യ ആശയം ഉൾക്കൊള്ളുന്ന വരികൾ കുട്ടികൾ കണ്ടെത്താനുള്ള | |

സൂചനകൾ നല്കുന്നു .

*ഇഷ്ടപ്പെട്ട വരികൾ

*വിശേഷണങ്ങൾ പ്രയോഗങ്ങൾ കണ്ടെത്തൽ

കുട്ടികൾ കവിത സ്വയം വായിക്കുന്നു.

**ചർച്ച**

- പച്ചക്കിളി എവിടെയാണ് പാറി എത്തിയത്?
- കിളി വന്നിരുന്നപ്പോൾ അശോകമരത്തിന്റെ ചില്ലയ്ക്ക് എന്തു മാറ്റമാണുണ്ടായത്?
- ശാരികപൈതലിന്റെ മോടി കണ്ട് ആരാണ് കൂടെ കൂടിയത്?

ചോദ്യങ്ങൾക്ക് കുട്ടികൾ ഉത്തരം പറയുന്നു. തുടർന്ന് കുട്ടികൾ ക്ലാസ്സിൽ കവിത ചൊല്ലി അവതരിപ്പിക്കുന്നു.

**ക്രോഡീകരണം**

പച്ചക്കിളി അശോകമരത്തിന്റെ ചില്ലയിൽ ചെന്നിരുന്നപ്പോൾ മരം അതിനെ ആഹ്ലാദത്തോടെ സ്വീകരിക്കുന്നതും ആ ആഹ്ലാദം പങ്കുവയ്ക്കാൻ കാറ്റ് അടുത്തു

| | |
|---|---|
| കൂടുന്നതുമായ മനോഹരമായ കാഴ്ചയാണ് കവിതയിൽ കാണുന്നത്.<br><br>**പ്രവര്‍ത്തന ഘട്ടം - 2** കാഴ്ചയനുഭവങ്ങൾ<br><br>കുട്ടികൾ കണ്ടിട്ടുള്ള ആഹ്ലാദകരമായ കാഴ്ചകൾ ക്ലാസ്സിൽ അവതരിപ്പിക്കുന്നതിന് അവസരം. കുട്ടികൾ സ്വതന്ത്രമായി പ്രതികരിക്കുന്നു. തുടർന്ന് ടീച്ചർ ചില ആഹ്ലാദകരമായ കാഴ്ചകളുടെ ചിത്രങ്ങൾ പ്രദർശിപ്പിക്കുന്നു.<br><br>**ചിത്രങ്ങൾ**<br><br>• പ്രകൃതി ഭംഗി<br>• ജീവജാലങ്ങൾ<br>• കിളിയും മരവും<br>• പൂക്കളും മരങ്ങളും<br><br>കുട്ടികൾ തങ്ങളുടെ കാഴ്ചയനുഭവങ്ങൾ പറയുന്നു. എല്ലാ കുട്ടികൾക്കും അനുഭവം പങ്കുവയ്ക്കുന്നതിനിടെ അവസരം നല്കുന്നു. | |

വിലയിരുത്തൽ : കവിത വായന, ആശയ ഗ്രഹണശേഷി, അനുഭവം പങ്കുവെയ്ക്കൽ

റഫറൻസ് :

തുടർ പ്രവർത്തനങ്ങൾ : "പുഞ്ചനെൽപ്പാടങ്ങൾ പുഞ്ചിരി കൊൾകവെ

കൊഞ്ചിയും പൂഞ്ചിറകിട്ടടിച്ചും " എന്ന സമാനകവിത കണ്ടെത്തി എഴുതുന്നു

റിഫ്ലക്ഷൻ നോട്ട് :

**പഠനനേട്ടം : കവിതകൾ ഈണത്തിലും താളത്തിലും ചൊല്ലുന്നു.**

പ്രവർത്തനത്തിന്റെ പേര് : ചൊല്ലി രസിക്കാം കണ്ടെത്താം എഴുതാം

ആശയങ്ങൾ, മൂല്യങ്ങൾ ധാരണകൾ : പ്രകൃതിയിലെ ജീവജാലങ്ങൾക്കു നല്കുന്ന സ്നേഹപൂർവമായ പരിചരണം ആവിഷ്കരിച്ചിരിക്കുന്ന സാഹിത്യരചനകളുടെ ആസ്വാദനത്തിലൂടെ കുട്ടികൾക്ക് അവരുടെ ചുറ്റുപാടിനോട് ആഭിമുഖ്യമുണ്ടാകുന്നു.

പഠന സാമഗ്രികൾ: കവിതകൾ ,പുസ്തകം ,ഭാഷാപ്രയോഗങ്ങൾ -ചാർട്ട്

പ്രതീക്ഷിത ഉല്പന്നങ്ങൾ: കവിതയിലെ ആശയം , ഭാഷാപ്രയോഗങ്ങൾ ,സമാനപദങ്ങൾ എഴുതിയത് .

തീയതി : .....................................   സമയം :60 മിനിട്ട്

| പ്രവർത്തനം | പ്രതികരണം |
|---|---|
| **പ്രവർത്തനം - ചൊല്ലി രസിക്കാം**<br><br>കവിത ആസ്വാദനത്തിലേയ്ക്കു കടക്കുന്നതിന്റെ ഭാഗമായി കവിത ഒറ്റയ്ക്കും കൂട്ടമായും ചൊല്ലുന്നു. കവിത ചൊല്ലുമ്പോൾ അർഥം, ഭാവം എന്നിവ | |

| | |
|---|---|
| നഷ്ടപ്പെടാതെ വ്യത്യസ്ത ഈണത്തിൽ ചൊല്ലുന്നു. ഏറ്റവും നന്നായി അവതരിപ്പിക്കുന്ന കുട്ടികൾക്ക് പൊതു അവതരണത്തിന് അവസരം. പൊതുഅവതരണം റെക്കോർഡ് ചെയ്യുന്നു .റെക്കോർഡ് ചെയ്തത് കേൾപ്പിക്കുന്നു . സ്വയം വിലയിരുത്തുന്നു . ടീച്ചർക്ക് ഒപ്പവും ഗ്രൂപ്പായും ചൊല്ലുന്നു. കുട്ടികൾ ഗ്രൂപ്പായി ചൊല്ലുമ്പോൾ പരസ്പരം വിലയിരുത്തുന്നു.<br><br>**വിലയിരുത്തൽ സൂചകങ്ങൾ**<br><br>ഭാവം ഉൾക്കൊണ്ട് ചൊല്ലുന്നു.<br><br>അർത്ഥഭംഗമില്ലാതെ ചൊല്ലുന്നു.<br><br>അക്ഷരസ്ഫുടതയോടെ ചൊല്ലുന്നു.<br><br>**പ്രവർത്തന ഘട്ടം -2 കണ്ടെത്താം**<br><br>സമാന അർഥമുള്ള പദങ്ങൾ കവിതയിൽ നിന്ന് കണ്ടെത്തുന്നു. സന്തോഷം എന്ന വാക്കിന് പകരം മോദം, ആനന്ദം എന്നീ പദങ്ങൾ കവിതയിൽ നിന്നു തന്നെ കണ്ടെത്താം. സന്തോഷിപ്പിക്കൽ - മനംകുളിർപ്പിക്കുക എന്നിങ്ങനെ വരുന്ന പ്രയോഗങ്ങൾ കവിതയിൽ നിന്ന് കണ്ടെത്തി ഭാഷാ പുസ്തകത്തിൽ എഴുതുന്നു . കൂടുതൽ പദങ്ങൾക്ക് പാഠപുസ്തകത്തിനു പിന്നിൽ നല്കിയിരിക്കുന്ന സമാനാർത്ഥ സൂചിക നോക്കി കണ്ടെത്തുന്നു. തുടർന്ന് TB Page 25 | |

| | |
|---|---|
| പൂരിപ്പിക്കുന്നു .ഭാഷാപുസ്തകത്തിൽ എഴുതുന്നു | |

വിലയിരുത്തൽ : ഈണം കണ്ടെത്തൽ, ഗ്രൂപ്പ് അവതരണം, പദങ്ങൾ കണ്ടെത്തൽ അർത്ഥം കണ്ടെത്തൽ, രചന

തുടർ പ്രവർത്തനങ്ങൾ : കവിതയുടെ ആശയം എഴുതാം

റിഫ്ലക്ഷൻ നോട്ട് :

**പഠനനേട്ടം : കവിതയുടെ ആസ്വാദനത്തിലൂടെ തന്റെ ചുറ്റുപാടിനോടും ജീവജാലങ്ങളോടും സ്നേഹവും ആഭിമുഖ്യവും വളർത്തുന്നു.**

പ്രവർത്തനത്തിന്റെ പേര് : പറയാം എഴുതാം

ആശയങ്ങൾ, മൂല്യങ്ങൾ ധാരണകൾ : പ്രകൃതി സൗന്ദര്യം ആസ്വദിക്കുകയും ആസ്വദിപ്പിക്കുകയും ചെയ്യുന്നതു നമുക്കും മറ്റുള്ളവർക്കും സന്തോഷം നല്കും.

പ്രകൃതി സൗന്ദര്യം, സംരക്ഷണം എന്നിവ പ്രമേയമായിട്ടുള്ള നിരവധി സാഹിത്യ രചനകളുണ്ട്.

പഠന സാമഗ്രികൾ: 1. പുസ്തകം 2. ചാർട്ട് 3. സ്ലൈഡ് 4. ഡോക്യുമെന്ററി

പ്രതീക്ഷിത ഉല്പന്നങ്ങൾ: കുറിപ്പ്

തീയതി : .....................................    സമയം :90 മിനിട്ട്

| പ്രവർത്തനം | പ്രതികരണം |
| --- | --- |
| **പ്രവർത്തനം - പറയാം എഴുതാം**<br><br>ടീച്ചർ ക്ലാസ്സിൽ ഋതുക്കളുമായി ബന്ധപ്പെട്ട ടീച്ചർ ടെക്സ്റ്റിലെ പേജ് 92-ലെ ഋതുക്കൾ സ്ലൈഡായി പ്രദര്ശിപ്പിക്കുന്നു.<br><br>**ചർച്ച**<br><br>• ഹേമന്തം എന്നാല് മഞ്ഞുകാലമാണല്ലോ. മറ്റ് ഏതൊക്കെ കാലങ്ങളെക്കുറിച്ച് നിങ്ങൾക്കറിയാം?<br>• അവയുടെ പ്രത്യേകതകൾ ഏതെല്ലാം.<br>• ഋതുക്കളുടെ പേര്<br>• ഋതുക്കളുടെ കാലം<br><br>കുട്ടികൾ കണ്ടെത്തിയവ കുറിപ്പായി എഴുതുന്നു. പരസ്പരം കൈമാറി മെച്ചപ്പെടുത്തി പൊതുവായി അവതരിപ്പിക്കുന്നു. ടീച്ചർ ക്രോഡീകരിക്കുന്നു.<br><br>**പ്രവർത്തനം - ചൊല്ലി രസിക്കാം**<br><br>കവിത ആസ്വാദനത്തിലേയ്ക്കു കടക്കുന്നതിന്റെ ഭാഗമായി കവിത ഒറ്റയ്ക്കും കൂട്ടമായും ചൊല്ലുന്നു. കവിത ചൊല്ലുമ്പോൾ അർഥം, ഭാവം എന്നിവ നഷ്ടപ്പെടാതെ വ്യത്യസ്ത | |

| | |
|---|---|
| ഈണത്തിൽ ചൊല്ലുന്നു. ഏറ്റവും നന്നായി അവതരിപ്പിക്കുന്ന കുട്ടികൾക്ക് പൊതുഅവതരണത്തിന്  അവസരം. ഗ്രൂപ്പായും ഒന്നിച്ചും ടീച്ചർക്ക് ഒപ്പവും ചൊല്ലുന്നു. കുട്ടികൾ ഗ്രൂപ്പായി ചൊല്ലുമ്പോൾ പരസ്പരം വിലയിരുത്തുന്നു.<br><br>**ക്രോഡീകരണം**<br><br>ഭാരതീയ സങ്കല്പമനുസരിച്ച് ആറ് ഋതുക്കളാണുള്ളത്. വസന്തം, ഗ്രീഷ്മം, വർഷം, ശരത്, ഹേമന്തം, ശിശിരം എന്നിവയാണവ<br><br>**പ്രവർത്തന ഘട്ടം -2 എഴുതാം**<br><br>ആർത്തിരമ്പുകയായതുവേലമെ-<br><br>ന്നന്തരംഗത്തിലാനന്ദ സാഗരം.<br><br>**<u>ചർച്ച</u>**<br><br>എന്തുകൊണ്ടാണ് കുട്ടിയുടെ മനസ്സിൽ ആനന്ദം ആർത്തിരമ്പിയത്?<br><br>കുട്ടി പനിനീർച്ചെടിയെ ഏതെല്ലാം വിധത്തിൽ സ്നേഹിച്ചു എന്ന രീതിയിൽ ചർച്ച മുന്നോട്ട് പോകുന്നു.<br><br>കുട്ടി പനിനീർച്ചെടിക്ക് എന്തെല്ലാം കാര്യങ്ങൾ ചെയ്തുകൊടുത്തു? | |

| | |
|---|---|
| • വെള്ളമൊഴിച്ചു<br><br>• കീടങ്ങളിൽ നിന്നും ഉച്ചവെയിലിൽ നിന്നും സംരക്ഷിച്ചു.<br><br>എന്തുകൊണ്ടാണ് ഇങ്ങനെയെല്ലാം ചെയ്തത്?<br><br>പനിനീർച്ചെടിയോട് സ്നേഹമുള്ളതുകൊണ്ട്<br><br>കുട്ടിയുടെ ആഗ്രഹമെന്തായിരുന്നു?<br><br>പനിനീർച്ചെടി മൊട്ടിട്ടു കാണുക<br><br>കൂടുതൽ ചോദ്യങ്ങൾ ക്ലാസ്സിൽ അവതരിപ്പിക്കുന്നു. ചർച്ചയുടെ അടിസ്ഥാനത്തിൽ കുറിപ്പ് എഴുതുന്നു. ഗ്രൂപ്പിൽ മെച്ചപ്പെടുത്തുന്നു. അവതരിപ്പിക്കുന്നു. ടീച്ചർ ക്രോഡീകരിക്കുന്നു.<br><br>**ക്രോഡീകരണം**<br><br>താൻ വളരെ കൂടുതൽ സ്നേഹിക്കുകയും പരിപാലിക്കുകയും ചെയ്ത പനിനീർച്ചെടിയിലെ മൊട്ടുകൾ മഞ്ഞുകാലത്ത് പുലരിയെ നോക്കി ചിരിച്ചതുകൊണ്ടാണ് കുട്ടിയുടെ മനസ്സിൽ ആനന്ദസാഗരം ആർത്തിരമ്പിയത്. (പുലരിത്തുടുപ്പിൽ തിളങ്ങുന്ന പൂമൊട്ടുകൾ പുലരിയെ നോക്കി പുഞ്ചിരിക്കുന്നതായി സങ്കല്പിച്ചിരിക്കുന്നു). | |

വിലയിരുത്തൽ : ആശയഗ്രഹണ ശേഷി, ലേഖന പ്രവര്ത്തനങ്ങൾ

റഫറൻസ് :

തുടർ പ്രവർത്തനങ്ങൾ :

റിഫ്ലക്ഷൻ നോട്ട് :

**പഠനനേട്ടം : കവിതയുടെ ആസ്വാദനത്തിലൂടെ തന്റെ ചുറ്റുപാടിനോടും ജീവജാലങ്ങളോടും സ്നേഹവും ആഭിമുഖ്യവും വളർത്തുന്നു.**

പ്രവർത്തനത്തിന്റെ പേര് : പദം പിരിച്ചെഴുതാം പൂരിപ്പിക്കാം

ആശയങ്ങൾ, മൂല്യങ്ങൾ ധാരണകൾ : സ്നേഹത്തിന്റെ മഹത്ത്വം വ്യക്തമാക്കുന്ന നിരവധി സാഹിത്യരചനകളുണ്ട്.

പഠന സാമഗ്രികൾ: 1. പുസ്തകം 2. ചാര്ട്ട്

പ്രതീക്ഷിത ഉല്പന്നങ്ങൾ: പദങ്ങൾ പിരിച്ചെഴുതിയത് .

തീയതി : ..................................... സമയം :90 മിനിട്ട്

| പ്രവർത്തനം | പ്രതികരണം |
|---|---|
| **പ്രവർത്തനം - പിരിച്ചെഴുതാം**<br><br>ടീച്ചർ ചില പദങ്ങൾ ഐ സി റ്റി ചാർട്ടിൽ എഴുതി പ്രദര്ശിപ്പിക്കുന്നു.<br><br>• നാമ്പുണരുന്നത്<br>• ആർത്തിരമ്പുക<br>• മഞ്ഞുകാലം<br><br>പദങ്ങൾ പിരിച്ച് പറയാൻ അവസരം നല്കുന്നു. കുട്ടികൾ പറയുന്നു. ടീച്ചർ ചാർട്ടിൽ എഴുതുന്നു. കുട്ടികൾ വ്യക്തിഗതമായി വായിക്കുന്നു. പ്രയാസം നേരിടുന്ന കുട്ടികളെ ടീച്ചർ സഹായിക്കുന്നു.<br><br>• നാമ്പുണരുന്നത് - നാമ്പ് + ഉണരുന്നത്<br>• ആർത്തിരമ്പുക - ആർത്ത് + ഇരമ്പുക<br>• മഞ്ഞുകാലം - മഞ്ഞ് + കാലം<br><br>കൂടുതൽ പദങ്ങൾ കണ്ടെത്തി പിരിച്ചെഴുതാൻ നിർദ്ദേശിക്കുന്നു.<br><br>**പ്രവർത്തനഘട്ടം - 2 പൂരിപ്പിക്കാം** | |

| | |
|---|---|
| • **നോക്കി നോക്കി** മനം കുളിർപ്പിക്കുവാൻ<br><br>ഇതുപോലുള്ള കൂടുതൽ വാക്യങ്ങൾ കണ്ടെത്തുന്നു. എഴുതുന്നു. ക്ലാസിൽ വായിക്കുന്നു. തുടർന്ന് ടി ബി യിലെ 26-ലെ പൂരിപ്പിക്കാം പ്രവർത്തനം പൂർത്തിയാക്കുന്നു. | |

വിലയിരുത്തൽ : പദങ്ങൾ കണ്ടെത്തൽ പിരിച്ചെഴുതൽ

തുടർ പ്രവർത്തനങ്ങൾ :

റിഫ്ലക്ഷൻ നോട്ട് :

**പഠനനേട്ടം : ഉചിതമായ രീതിയിൽ കഥ പൂർത്തിയാക്കുന്നു.**

**പാഠഭാഗത്തുള്ള സമസ്തപദങ്ങൾ പിരിച്ചെഴുതുകയും ചേർത്തെഴുതുകയും ചെയ്യുന്നു.**

പ്രവർത്തനത്തിന്റെ പേര് : പ്രയോഗഭംഗി വിവരണം നിറം കൊടുക്കാം

ആശയങ്ങൾ, മൂല്യങ്ങൾ ധാരണകൾ : പ്രകൃതി സൗന്ദര്യം ആസ്വദിക്കുകയും ആസ്വദിപ്പിക്കുകയും ചെയ്യുന്നതു നമുക്കും മറ്റുള്ളവർക്കും സന്തോഷം നല്കും.

പഠന സാമഗ്രികൾ: വിവിധ തരം പൂച്ചെടികളുടെ ചിത്രങ്ങൾ സ്ലൈഡ്

പ്രതീക്ഷിത ഉല്പന്നങ്ങൾ: വിവരണം, ചിത്രം വരച്ചത്, പതിപ്പ്

തീയതി : .....................................          സമയം :90 മിനിട്ട്

| പ്രവർത്തനം | പ്രതികരണം |
|---|---|
| **പ്രവർത്തനം - 1. പ്രയോഗഭംഗി**<br><br>വിസ്മരിക്കാതെ നിന്നു ഞാനപ്പുതു<br><br>പുഷ്പവല്ലിക്കു കാവൽ മാലാഖയായ്<br><br>താൻ കാവൽ മാലാഖയാണെന്ന് കുട്ടി കരുതാൻ  കാരണമെന്തായിരിക്കും?<br><br>**ചർച്ച**<br><br>എന്തിനാണ് കാവൽ നില്ക്കുന്നത്?<br><br>എങ്ങനെയാണ് കുട്ടി പനിനീർച്ചെടിക്കു കാവൽ നിന്നത്?<br><br>കുട്ടി സ്വയം ആരാണെന്നാണ് കരുതുന്നത്?<br><br>പ്രയോഗ ഭംഗി ചർച്ച ചെയ്ത് കുറിപ്പു തയാറാക്കുന്നു.<br><br>പരസ്പരം കൈമാറി വിലയിരുത്തുന്നു.<br><br>ഗ്രൂപ്പിൽ അവതരിപ്പിക്കുന്നു.  പൊതു അവതരണത്തിന്  അവസരം. | |

| | |
|---|---|
| ക്രോഡീകരണം<br><br>ചെടിയോടുള്ള സ്നേഹം കൊണ്ട് അതിനെ സംരക്ഷിച്ച കുട്ടി ചെടിക്കു കാവൽ മാലാഖയായിത്തീർന്നു.  ഇങ്ങനെ ഓരോ വ്യക്തിക്കും അവരെ സംരക്ഷിക്കുന്ന കാവൽ മാലാഖമാരുണ്ട് എന്നാണ് വിശ്വാസം.<br><br>**പ്രവർത്തനഘട്ടം - 2 വിവരണം**<br><br>വീട്ടുമുറ്റത്തെ അലങ്കാരച്ചെടിയെക്കുറിച്ച് വിവരണം തയ്യാറാക്കാം<br><br>**ചർച്ച ചോദ്യങ്ങൾ**<br><br>• നിങ്ങളുടെ വീട്ടുമുറ്റത്ത് ചെടികളുണ്ടോ?<br><br>• ഏതെല്ലാം ചെടികളാണുള്ളത്?<br><br>• ചെടിയുടെ പേരുകൾ പട്ടികപ്പെടുത്തുന്നു.  എല്ലാ കുട്ടികൾക്കും വായിക്കാൻ അവസരം നല്കുന്നു.<br><br>എഴുതിയ ചെടികളുടെ പേരിൽ നിന്ന് കുട്ടികൾക്ക് ഇഷ്ടമായ ഒരു ചെടിയുടെ വിവരണം തയാറാക്കുന്നു.<br><br>**വിവരണത്തിൽ ഉൾപ്പെടേണ്ടവ പദസൂര്യനായി നല്കുന്നു .(ഐസിടി)** | |

- ചെടിയുടെ പേര്
- ചെടിയുടെ ഭംഗി
- പൂവിന്റെ നിറം,ഇതൾ
- പരിപാലനം
- വ്യത്യസ്തത എന്നിവ പരിഗണിച്ച് വ്യക്തിഗതമായി വിവരണം തയാറാക്കുന്നു. പരസ്പരം കൈമാറി വായിക്കുന്നു .
- ക്ലാസിൽ പൊതുവായി അവതരിപ്പിക്കുന്നു.
- കുട്ടികളുടെ രചനകൾ ശേഖരിച്ച് പതിപ്പ് തയാറാക്കുന്നു.

**പ്രവർത്തനഘട്ടം - 3**

ടീച്ചർ വിവിധ തരം പൂച്ചെടികളുടെ ചിത്രങ്ങൾ ഐസിടിയിൽ പ്രദർശിപ്പിക്കുന്നു.

തുടർന്ന് പുസ്തകത്തിലെ ഇലയും തണ്ടും നോക്കി ചെടി ഏതാണെന്നു കണ്ടെത്തി എഴുതുന്നു . പുസ്തകത്തിലെ ചിത്രത്തിൽ പൂക്കൾ വരച്ചുചേർക്കുന്നു. തുടർന്ന് ഇലയ്ക്കും തണ്ടിനും പൂവിനും അനുയോജ്യമായ നിറം നല്കുന്നു. പരസ്പരം കൈമാറി വിലയിരുത്തുന്നു

വിലയിരുത്തൽ : ചിത്രത്തിന് അനുയോജ്യമായ നിറം നൽകൽ, ആശയങ്ങളുടെ ക്രമമായ അവതരണം.

തുടർ പ്രവർത്തനങ്ങൾ : ഇഷ്ടമുള്ള പൂച്ചെടികളുടെ ചിത്രം വരയ്ക്കുന്നു . നിറം  നല്കുന്നു .വരച്ച ചിത്രം നോക്കി വിവരണം തയ്യാറാക്കുന്നു. പതിപ്പാക്കുന്നു .

റിഫ്ലക്ഷൻ നോട്ട് :

പഠനനേട്ടം **:** ഉചിതമായ രീതിയിൽ കഥ പൂർത്തിയാക്കുന്നു**.**

ഉച്ചാരണശുദ്ധി**,** ഒഴുക്ക്**,** ആവശ്യമായ ഭാവവ്യതിയാനം എന്നിവയോട് വായിക്കുന്നു

പ്രവർത്തനത്തിന്റെ പേര് : കഥാവായന പറയാം എഴുതാം

ആശയങ്ങൾ, മൂല്യങ്ങൾ ധാരണകൾ : പ്രകൃതിയിലെ ഏറ്റവും പ്രധാനപ്പെട്ട ജീവമണ്ഡലവും അനന്യമായ സൗന്ദര്യാനുഭവവും പകരുന്ന ആവാസകേന്ദ്രവുമാണ് കാട്. ആധുനിക മനുഷ്യൻ സ്വാർത്ഥ താല്പര്യങ്ങൾ നേടുന്നതിനായി കാട് നശിപ്പിക്കുന്നു. കാട് സംരക്ഷിക്കപ്പെടേണ്ടതാണ്.

പഠന സാമഗ്രികൾ: കാട്ടുതീയുണ്ടാകുന്ന വീഡിയോ    പുസ്തകം    ചിത്രങ്ങൾ .

പ്രതീക്ഷിത ഉല്പന്നങ്ങൾ:  ചോദ്യോത്തരങ്ങൾ, കുറിപ്പ്

തീയതി : .....................................    സമയം :90 മിനിട്ട്

| പ്രവർത്തനം | പ്രതികരണം |
| --- | --- |
| പ്രവര്ത്തനം - 1. കഥാവായന<br>ടീച്ചർ ക്ലാസ്സിൽ കാട്ടുതീയുമായി ബന്ധപ്പെട്ട വീഡിയോ ക്ലാസിൽ പ്രദർശിപ്പിക്കുന്നു.<br><br>ചർച്ച<br><br>തീപിടിത്തവുമായി ബന്ധപ്പെട്ട അനുഭവങ്ങൾ പങ്കുവെയ്ക്കുന്നു.<br><br>വീഡിയോയിൽ ആരൊക്കെയാണ് കാണുന്നത്?<br><br>ആരൊക്കെയാണ് ബാധിക്കപ്പെടുന്നത്?<br><br>കാട്ടുതീയുണ്ടാക്കാൻ കാരണമെന്തൊക്കെയാണ്?<br><br>ചർച്ചയിലൂടെ ക്രോഡീകരിക്കുന്നു. ഇതുപോലെ കാട്ടുതീയുമായി ബന്ധപ്പെട്ട ഒരു കഥ നമ്മുടെ പുസ്തകത്തിലുണ്ട്. നമുക്കു പരിചയപ്പെടാം. കുട്ടികൾ വ്യക്തിഗതമായി കഥ വായിക്കുന്നു.വിലയിരുത്തുന്നു .ലഘു ചോദ്യങ്ങൾ ചോദിക്കുന്നു.<br><br>പക്ഷികളുടെ താവളമായി കഥയിൽ പറയുന്നതെന്തിനെയാണ്?<br><br>കഥാപാത്രങ്ങൾ ആരെല്ലാം ? | |

| | |
|---|---|
| ഞാവൽ മരത്തിന്റെ പ്രത്യേകതകൾ എന്തെല്ലാമാണ് ?<br><br>ഞാവൽക്കാട് പക്ഷികളുടെ സ്വർഗമായി അനുഭവപ്പെട്ടതെന്തുകൊണ്ട് ?<br><br>കുട്ടികൾ ഉത്തരങ്ങൾ പറയുന്നു .<br><br>ടീച്ചർ ക്രോഡീകരിച്ച് BB യിൽ എഴുതുന്നു . കുട്ടികൾ നോട്ടുബുക്കിലേക്ക് പകർത്തുന്നു<br><br>പ്രവർത്തനഘട്ടം 2<br><br>ചോദ്യോത്തരപ്പയറ്റ്<br><br>കുട്ടികൾ വ്യക്തിഗതമായി ചോദ്യങ്ങൾ തയ്യാറാക്കുന്നു .<br><br>ഗ്രൂപ്പിൽ ചോദ്യങ്ങൾ മെച്ചപ്പെടുത്തുന്നു .ചോദ്യോത്തരപ്പയറ്റ് നടത്തുന്നു .<br><br>കൂടുതൽ ചോദ്യങ്ങൾ എഴുതിയ ഗ്രൂപ്പിനേയും ഉത്തരങ്ങൾ കണ്ടെത്തി അവതരിപ്പിച്ച ഗ്രൂപ്പിനേയും അഭിനന്ദിക്കുന്നു .<br><br>ചോദ്യങ്ങളും ഉത്തരങ്ങളും കുട്ടികൾ നോട്ടുബുക്കിലേക്ക് എഴുതുന്നു . | |

| | |
|---|---|
| കഥയിലെ വർണ്ണചിത്രം നിരീക്ഷിച്ചുകൊണ്ട് ഒന്നിലധികം തവണ കഥ വായിക്കുന്നു. കഥാപാത്രങ്ങളുടെ പേര് പലപ്പോഴായി പ്രയോഗിക്കുന്ന സന്ദർഭത്തിൽ വിശേഷണങ്ങൾ ചേർത്ത് എഴുതിയിട്ടുണ്ട് . ഇത്തരം പ്രയോഗങ്ങൾ കണ്ടെത്തി എഴുതാൻ ആവശ്യപ്പെടുന്നു .<br><br>ഉദാ - ഞാവൽമരം - പക്ഷികളുടെ താവളം<br><br>ഗരുഢമ്മാവൻ - പക്ഷികളുടെ സംരക്ഷകൻ<br><br>ഉണ്ടക്കണ്ണൻ മൂങ്ങ - മൂങ്ങകളുടെ നേതാവ്<br><br>പ്രവര്ത്തനഘട്ടം 3 - പറയാം എഴുതാം<br><br>ടി ബി യിലെ ചോദ്യങ്ങൾ ക്ലാസിൽ അവതരിപ്പിക്കുന്നു.<br><br>കുട്ടികൾ കണ്ടെത്തി എഴുതുന്നു . ടീച്ചർ വിലയിരുത്തുന്നു . | |

വിലയിരുത്തൽ : റിഫ്ലക്ഷൻ നോട്ട് : കഥാവായന ലേഖന പ്രവര്ത്തനങ്ങൾ

തുടർ പ്രവർത്തനങ്ങൾ : കാട്ടുതീയിൽപെട്ട കുടുംബം എന്ന സമാന ആശയം വരുന്ന കവിത ശേഖരിച്ചെഴുതുന്നു .

# യൂണിറ്റ് 3 മഹിതം

| നമ്പർ | പഠനനേട്ടങ്ങൾ | പ്രവർത്തനം | പഠനസാമഗ്രികൾ | ആശയങ്ങൾ, മൂല്യങ്ങൾ ധാരണകൾ | ഉല്പന്നങ്ങൾ | വിലയിരുത്തൽ | സമയം |
|---|---|---|---|---|---|---|---|
| 1 | ഓണവുമായി ബന്ധപ്പെട്ട നാടൻപാട്ടുകൾ, കഥകൾ കവിതകൾ എന്നിവ ആസ്വദിച്ച് അവതരിപ്പിക്കുന്നു. | കവിതാ അവതരണം (പ്രവേശകം) | ഓണപ്പാട്ട്-ഓഡിയോ | നമുക്ക് മഹത്തായ കാർഷിക സാംസ്കാരിക പാരമ്പര്യം ഉണ്ട്. | ഓണപ്പാട്ട് | കവിതാവായന | 60മിനിട്ട് |
| 2 | ഭക്ഷണം, കൃഷി, വീട്ടുപകരണങ്ങൾ ശീലങ്ങൾ തുടങ്ങിയവയുമായി ബന്ധപ്പെട്ട് കണ്ടെത്തിയ പഴമകൾ, കുറിപ്പുകളിലൂടെയും ചർച്ചകളിലൂടെയും അവതരിപ്പിക്കുന്നു. ശേഖരിച്ച വിവരങ്ങൾ അടിസ്ഥാനമാക്കികുറിപ്പ് തയാറാക്കുന്നു. | 1.കണ്ടെത്താം<br>2.അർത്ഥം കണ്ടെത്താം<br>3.അന്വേഷിച്ച് അറിയാം<br>4.കൃഷിച്ചൊല്ലുകൾ | ICT പത്തായത്തിന്റെ ചിത്രം TB Page38 കൃഷിച്ചൊല്ലുകൾ-ചാർട്ട് | കാർഷികജീവിതം നമ്മുടെ ശരീരത്തിനും മനസ്സിനും ഉന്മേഷം പകരുകയും, ജീവിതത്തെ ഐശ്വര്യപൂർണ്ണമാക്കുകയും ചെയ്യുന്നു. ഓർമ്മയും സമൃദ്ധിയും വിളിച്ചറിയിക്കുന്ന .എത്രയോ പ്രതീകങ്ങളുണ്ട്. ഇത്തരത്തിൽ ഒന്നാണ് പത്തായം. | കൃഷിച്ചൊല്ലുകൾ | വായന<br>ഉത്തരം കണ്ടെത്തൽ<br>ചൊല്ലുകൾ കണ്ടെത്തൽ | 90 |

| | | | | | | | |
|---|---|---|---|---|---|---|---|
| 3 | ഓണവുമായി ബന്ധപ്പെട്ട് കൂടുതൽ പ്രയോഗങ്ങൾകണ്ടെത്തി സന്ദർഭോചിതമായി പ്രയോഗിക്കുന്നു. | 1.കണ്ടുമുട്ടൽ<br><br>2.അന്വേഷിച്ചറിയാം<br><br>3.ആത്മകഥ | കലപ്പ,തേവുകൊട്ട എന്നിവയുടെ ചിത്രം | കാർഷികവൃത്തി, നമ്മുടെ ഭാഷയെയും സംസ്കാരത്തെയും വളരെയേറെ സ്വാധീനിച്ചിട്ടുണ്ട്.<br><br>നമുക്ക് മഹത്തായ കാർഷിക–സാംസ്കാരിക പാരമ്പര്യമുണ്ട്. | എന്റെ പദശേഖരം, ആത്മകഥ-പത്തായം. | ആത്മകഥ<br><br>രചനാ പ്രവർത്തനങ്ങൾ | 90 |
| 4 | ഓണവുമായി ബന്ധപ്പെട്ട് കവിതകൾ,കഥകൾ,ചിത്രങ്ങൾ എന്നിവ ശേഖരിച്ച് പതിപ്പ്തയാറാക്കുന്നു. | 1.കണ്ടെത്താം<br><br>2.പറയാം എഴുതാം<br><br>3.പദങ്ങൾ,പദങ്ങൾ<br><br>4.പാടി രസിക്കാം | കവിത,ഓമനയുടെഓണം(ആഡിയോ)<br><br>ഓണപ്പാട്ടുകൾ | കേരളീയ സംസ്കാരവുമായി ഏറെ ബന്ധപ്പെട്ടു കിടക്കുന്ന ആഘോഷമാണ് ഓണം.<br><br>ആഘോഷങ്ങളുമായി ബന്ധപ്പെട്ടഒട്ടേറെ അനുഭവങ്ങളും ഓർമ്മകളുംഓരോ മനുഷ്യനും ഉണ്ട്.<br><br>ഇത്തരം അനുഭവങ്ങൾ സാഹിത്യരൂപത്തിലൂടെ ആവിഷ്കരിക്കപ്പെടാറുണ്ട്. | ഓണപ്പാട്ടുകൾ | ഈണം കണ്ടെത്തൽ കവിതാലാപനം പദങ്ങൾ കണ്ടെത്തൽ | 135 |

| | | | | | | | |
|---|---|---|---|---|---|---|---|
| 5 | പഴയകാല .കാർഷിക സംസ്കൃതിയുടെ ചരിത്രവും വർത്തമാനവും തിരിച്ചറിഞ്ഞ് രചനകൾനിർവഹിക്കുന്നു. | 1.കളി കണ്ടെത്താം<br>2.കഥപറയാം<br>3.പതിപ്പ് തയ്യാറാക്കാം | നാടൻ കളികളുടെ ചിത്രങ്ങൾ | ആഘോഷങ്ങളുമായി ബന്ധപ്പെട്ടഒട്ടേറെ അനുഭവങ്ങളും ഓർമ്മകളുംഓരോ മനുഷ്യനും ഉണ്ട് .ഇത്തരം അനുഭവങ്ങൾ സാഹിത്യരൂപത്തിലൂടെആവിഷ്കരിക്കപ്പെടാറുണ്ട്. | നാടൻകളികളുടെ പട്ടിക, ഓണപ്പതിപ്പ് | പതിപ്പ് നിർമ്മിക്കാം , കഥകണ്ടെത്തൽ- അവതരണം | 90 |

**പഠനനേട്ടം : ഓണവുമായി ബന്ധപ്പെട്ട നാടൻപാട്ടുകൾ, കഥകൾ കവിതകൾ എന്നിവ ആസ്വദിച്ച് അവതരിപ്പിക്കുന്നു**

പ്രവർത്തനത്തിന്റെ പേര് : കവിതാ അവതരണം (പ്രവേശകം)

ആശയങ്ങൾ, മൂല്യങ്ങൾ ധാരണകൾ : നമുക്ക് മഹത്തായ കാർഷിക സാംസ്കാരിക പാരമ്പര്യം ഉണ്ട്.

പഠന സാമഗ്രികൾ: ഓണപ്പാട്ട് - ഓഡിയോ

പ്രതീക്ഷിത ഉല്പന്നങ്ങൾ: ഓണപ്പാട്ട്

തീയതി : .....................................  സമയം : 60 മിനിട്ട്

കവിതാ അവതരണം (പ്രവേശകം)
പഠന നേട്ടം: ഓണവുമായി ബന്ധപ്പെട്ട നാടൻ പാട്ടുകൾ, കഥകൾ, കവിതകൾ എന്നിവ ആസ്വദിച്ച് അവതരിപ്പിക്കുന്നു.

| പ്രവർത്തനം | പ്രതികരണം |
| --- | --- |
| ഓണവുമായി ബന്ധപ്പെട്ട ടി ബി പേജ് 37 ലെ കവിതയോ മറ്റ് ഏതെങ്കിലും കവിതയോ ടീച്ചർ ഓഡിയോ രൂപത്തിൽ ക്ലാസ്സിൽ അവതരിപ്പിക്കുന്നു.<br>കുട്ടികൾ കേട്ട് ആസ്വദിക്കുന്നു.<br>പാഠഭാഗത്തെ പാട്ടിന്റെ വീഡിയോ കാണിക്കുന്നു<br>തുടർന്ന് പാഠഭാഗത്തെ ഓണപ്പാട്ട് കുട്ടികൾ ചൊല്ലി അവതരിപ്പിക്കുന്നു.<br>ചർച്ച<br>ഓണാനുഭവങ്ങൾ ടീച്ചർ പങ്കുവയ്ക്കുന്നു.<br>കുട്ടികൾ ഓണാനുഭവങ്ങൾ അവതരിപ്പിക്കുന്നു.<br>ഓണത്തിന് എന്തെല്ലാം ഒരുക്കങ്ങളാണ് ചെയ്യാറുള്ളത്?<br>പഴയകാലത്തെ ഓണാഘോഷം എങ്ങനെയായിരുന്നു?<br>ഇപ്പോഴത്തെ ഓണാഘോഷം എങ്ങനെ?<br>കുട്ടികൾ സ്വതന്ത്രമായി പ്രതികരിക്കുന്നു.<br>ടീച്ചർ ക്രോഡീകരിക്കുന്നു<br>ക്രോഡീകരണം<br>ഓണത്തിന്റെ ഒരുക്കങ്ങൾ .<br>പഴയകാല ഓണം .<br>ഇപ്പോഴത്തെ ഓണം.<br>നമ്മുടെ നാട്ടിൽ പൂച്ചെടികൾ സമൃദ്ധമായി വളരുന്നില്ല.<br>വയലുകളിൽ കൃഷിയില്ല തൊടികളിൽ വാഴകളും പച്ചക്കറികളും ഇല്ല.<br>നാം നൂൽ നൂൽക്കുന്നില്ല. ഇവയെല്ലാം പണ്ടുകാലത്ത് സമൃദ്ധമായി നമ്മുടെ നാട്ടിൽ ഉണ്ടായിരുന്നു.<br>ഓണം വിളവെടുപ്പിന്റെ ഉത്സവമാണ്. | |

വിലയിരുത്തൽ : കവിതാ വായന

തുടർ പ്രവർത്തനങ്ങൾ : ഓണവുമായി ബന്ധപ്പെട്ട കവിതകൾ, നാടൻ പാട്ടുകൾ എന്നിവ ശേഖരിച്ച് പതിപ്പ് തയ്യാറാക്കുക.

**പഠനനേട്ടം : ഓണവുമായി ബന്ധപ്പെട്ട് കൂടുതൽ പ്രയോഗങ്ങൾ കണ്ടെത്തി സന്ദർഭോചിതമായി പ്രയോഗിക്കുന്നു. ഓണവുമായി ബന്ധപ്പെട്ട് കവിതകൾ കഥകൾ ചിത്രങ്ങൾ എന്നിവ ശേഖരിച്ച് പതിപ്പ് തയാറാക്കുന്നു.**

പ്രവർത്തനത്തിന്റെ പേര് : 1. കണ്ടെത്താം 2. പറയാം എഴുതാം 3. പദങ്ങൾ പദങ്ങൾ 4. പാടി രസിക്കാം

ആശയങ്ങൾ, മൂല്യങ്ങൾ ധാരണകൾ : കേരളീയ സംസ്കാരവുമായി .ഏറെ.ബന്ധപ്പെട്ടുകിടക്കുന്ന ആഘോഷമാണ് ഓണം. ആഘോഷങ്ങളുമായി ബന്ധപ്പെട്ട ഒട്ടേറെ അനുഭവങ്ങളും ഓർമ്മകളും ഓരോ മനുഷ്യനും ഉണ്ട്.

ഇത്തരം അനുഭവങ്ങൾ  സാഹിത്യരൂപത്തിലൂടെ ആവിഷ്കരിക്കപ്പെടാറുണ്ട്

പഠന സാമഗ്രികൾ:

പ്രതീക്ഷിത ഉല്പന്നങ്ങൾ:

തീയതി : .....................................                സമയം :135 മിനിട്ട്

| പ്രവർത്തനം | പ്രതികരണം |
|---|---|
| പ്രവർത്തനം:1.കണ്ടെത്താം<br>ഓണവുമായി ബന്ധപ്പെട്ട് കുട്ടികൾ ശേഖരിച്ച .ഓണപ്പാട്ട് ക്ലാസ്സിൽ അവതരിപ്പിക്കുവാൻ അവസരംനല്കുന്നു. | |

| | |
|---|---|
| ടീച്ചർ ഓണപ്പാട്ടിന്റെ ഓഡിയോ ക്ലാസ്സിൽ കേൾപ്പിക്കുന്നു.<br>കുട്ടികൾകേട്ട് ആസ്വദിക്കുന്നു.<br>തുടർന്ന്  പാഠപുസ്തകത്തിലെ ഓമനയുടെ ഓണം എന്ന കവിത ആശയം ഉൾക്കൊണ്ട് വായിക്കുന്നു.<br>ചർച്ച<br>ഓണം വന്നാൽ എന്തൊക്കെ ചെയ്യാനാണ ഓമന ഉദ്ദേശിക്കുന്നത്?<br>ഓണക്കോടിയുടുത്താൽ താൻ എത്രത്തോളം ഭംഗിയുള്ളവളാകുമെന്നാണ് ഓമന പറയുന്നത്?<br>അച്ഛനും അമ്മയും ഓമനയോടുള്ള സ്നേഹം എങ്ങനെയെല്ലാമാണ് പ്രകടിപ്പിക്കുന്നത്?<br>കുട്ടികൾ കവിത വീണ്ടും വായിച്ച് ഉത്തരം.കണ്ടെത്തി പറയുന്നു.<br>തുടർന്ന് പാഠഭാഗത്തിലെ കണ്ടെത്താം എന്ന പ്രവർത്തനം പൂർത്തിയാക്കുന്നു.<br>കൂടുതൽ ചോദ്യങ്ങളും ഉത്തരങ്ങളും .കണ്ടെത്തുന്നു.<br>ഗ്രൂപ്പിൽ അവതരിപ്പിക്കുന്നു.<br>മെച്ചപ്പെടുത്തി ക്ലാസ്സിൽ അവതരിപ്പിക്കുന്നു.<br>പ്രവർത്തനം: 2.പറയാം എഴുതാം<br>ക്ലാസ്സിൽ സദ്യയുമായി ബന്ധപ്പെട്ട ചർച്ച<br>ഏതെല്ലാം തരം സദ്യകളാണ് ഉള്ളത്?<br>ഏതൊക്കെ സദ്യകളിൽ പങ്കെടുത്തിട്ടുണ്ട്?<br>സദ്യകളിൽ എന്തൊക്കെ വിഭവങ്ങളാണ് ഉണ്ടാകുന്നത്?<br>വ്യക്തിഗതമായി പറയുന്നു.<br>തുടർന്ന് നോട്ടുബുക്കിൽ എഴുതുന്നു.<br>ക്ലാസിൽ അവതരിപ്പിക്കുന്നു.<br>ഏറ്റവും കൂടുതൽ വിഭവം കണ്ടെത്തിയ കുട്ടിയെ  അഭിനന്ദിക്കുന്നു. | |

ടീച്ചറുടെ ക്രോഡീകരണം.

| | | | |
|---|---|---|---|
| സാമ്പാർ<br>അവിയൽ<br>കാളൻ<br>ഓലൻ | തോരൻ<br>കൂട്ടുകറി<br>എരിശ്ശേരി<br>പുളിശ്ശേരി | മോരുകറി<br>നാരങ്ങാക്കറി<br>കിച്ചടി<br>പച്ചടി | ഉപ്പേരി<br>കായവറുത്തത് പപ്പടം<br>ശർക്കരവരട്ടി<br>പ്രഥമൻ<br>പഴം |

പ്രവർത്തനം:3.പദങ്ങൾ

ഓണം ചേർന്നുവരുന്ന പദങ്ങൾകണ്ടെത്തി പറയാൻ ആവശ്യപ്പെടുന്നു.

കുട്ടികൾ പ്രതികരിക്കുന്നു.

ടീച്ചർ ബിബി/ചാർട്ടിൽ എഴുതുന്നു.

കൂടുതൽ കണ്ടെത്തി.പറയാൻ അവസരം നല്കുന്നു.

ഇവ ഉപയോഗിച്ച് പദസൂര്യൻ നിർമ്മിക്കുന്നു.

ഓണനിലാവ്

ഓണപ്പാട്ട്

ഓണപ്പൂവിളി

ഓണത്തല്ല്

ഓണക്കോടി

ഓണവില്ല്

ഓണക്കളി

ഓണപ്പൂക്കളം

ഓണത്തപ്പൻ

ഓണപ്പൂക്കളം

| | |
|---|---|
| നോട്ടുബുക്കിൽ എഴുതാൻ അവസരം നല്കുന്നു.<br>കുട്ടികൾ നിർമ്മിച്ച മികച്ച പദസൂര്യൻ ക്ലാസ്സിൽ പ്രദർശിപ്പിക്കുന്നു.<br>പ്രവർത്തനം:4.പാടിരസിക്കാം കുട്ടികളെ ഗ്രൂപ്പുകളാക്കി തിരിക്കുന്നു.<br>ഓമനയുടെ ഓണം എന്ന  കവിത ഈണം കണ്ടെത്താൻ അവസരം നല്കുന്നു.<br>ഈണം കണ്ടെത്തി അവതരിപ്പിക്കുന്നു.<br>മികച്ച അവതരണം നടത്തുന്ന ഗ്രൂപ്പിനെ അഭിനന്ദിക്കുന്നു.<br>വ്യക്തിഗത അവതരണത്തിനും അവസരം നല്കുന്നു.<br>കുട്ടികൾക്ക് കൂടുതൽ പരിചിതമായ ഓണപ്പാട്ടുകൾ അവതരിപ്പിക്കാൻ അവസരം നൽകുന്നു.(എല്ലാവർക്കും)<br>അർത്ഥത്തിനും ഭാവത്തിനും തടസ്സം വരാത്തരീതിയിൽ വിവിധഈണങ്ങൾപരീക്ഷിക്കാൻ അവസരംനല്കുന്നു.<br>കൂടുതൽ ഓണപ്പാട്ടുകൾ ശേഖരിക്കുവാൻ അവസരംനല്കുന്നു.<br>ശേഖരിക്കുന്ന കവിതകൾ 'എന്റെ കവിതാപുസ്തക'ത്തിൽ ചേർക്കുന്നു.<br>HBപേജ്115ലെ ഓണപ്പാട്ടുകൾ പരിചയപ്പെടാൻ അവസരം ഒരുക്കുന്നു.<br>കുട്ടികൾ ചൊല്ലുന്ന (ഈണത്തിലും,താളത്തിലും,ഭാവത്തിലും) കവിത റെക്കോർഡ് ചെയ്ത് സി ഡി-യിലാക്കുന്നു | |

വിലയിരുത്തൽ : ഈണം കണ്ടെത്തൽ, കവിതാലാപനം, പദങ്ങൾ കണ്ടെത്തൽ

റഫറൻസ് :

തുടർ പ്രവർത്തനങ്ങൾ : ഓണപ്പാട്ടുകളുടെ ശേഖരണം , ഓണവിഭവങ്ങളുടെ കണ്ടെത്തൽ

റിഫ്ലക്ഷൻ നോട്ട് :.

**പഠനനേട്ടം ഭക്ഷണം, കൃഷി, വീട്ടുപകരണങ്ങൾ ശീലങ്ങൾ തുടങ്ങിയവയുമായി ബന്ധപ്പെട്ട് കണ്ടെത്തിയ പഴമകൾ കുറിപ്പുകളിലൂടെയും ചർച്ചകളിലൂടെയും അവതരിപ്പിക്കുന്നു. ശേഖരിച്ച് വിവരങ്ങൾ അടിസ്ഥാനമാക്കി കുറിപ്പ് തയാറാക്കുന്നു**

പ്രവർത്തനത്തിന്റെ പേര് :_1. കണ്ടെത്താം 2. അർത്ഥം കണ്ടെത്താം 3. അന്വേഷിച്ച് അറിയാം 4. കൃഷിച്ചൊല്ലുകൾ

ആശയങ്ങൾ, മൂല്യങ്ങൾ ധാരണകൾ : കാർഷികജീവിതം നമ്മുടെ ശരീരത്തിനും മനസ്സിനും ഉന്മേഷം പകരുകയും, ജീവിതത്തെ ഐശ്വര്യപൂർണ്ണമാക്കുകയും ചെയ്യുന്നു. ഓർമ്മയും സമൃദ്ധിയും വിളിച്ചറിയിക്കുന്ന എത്രയോ പ്രതീകങ്ങളുണ്ട്. ഇത്തരത്തിൽ ഒന്നാണ് പത്തായം

പഠന സാമഗ്രികൾ: ICT പത്തായത്തിന്റെ ചിത്രംTB Page 38 കൃഷിച്ചൊല്ലുകൾ -ചാർട്ട്

പ്രതീക്ഷിത ഉല്പന്നങ്ങൾ: കൃഷിച്ചൊല്ലുകൾ

തീയതി : ..................................... സമയം :135 മിനിട്ട്

| പ്രവർത്തനം | പ്രതികരണം |
|---|---|
| പാഠാവതരണം- കണ്ടെത്താം<br>പത്തായവുമായി ബന്ധപ്പെട്ട് പഴഞ്ചൊല്ലുകൾ ടീച്ചർ ഐ സി ടി / ചാർട്ടിൽ പ്രദർശിപ്പിക്കുന്നു.<br>ഈ ചൊല്ലുകൾ ഇന്നലെകളിലെ കാർഷിക ജീവിതത്തിലേയ്ക്കും സംസ്കാരത്തിലേതുമാണ് വെളിച്ചം വീശുന്നത്.<br>ഇന്നലെകളിലെ കാർഷിക സംസ്കാരം വിളിച്ചോതുന്ന ഒരു പാഠഭാഗം നമ്മുടെ പുസ്തകത്തിലുണ്ട്.<br>നമുക്ക് വായിക്കാം. | |

| | |
|---|---|
| കുട്ടികൾ  വ്യക്തിഗതമായി വായിക്കുന്നു .<br>വ്യക്തഗത വായന<br>മൗന വായന<br>ആശയ ഗ്രഹണ വായന<br>ആശയഗ്രഹണ ചോദ്യങ്ങൾ ടീച്ചർ ചോദിക്കുന്നു.<br>നിങ്ങൾ പത്തായം കണ്ടിട്ടുണ്ടോ?<br>പത്തായം എന്തിനാണ് ഉപയോഗിക്കുന്നത്?<br>പത്തായം എന്തുകൊണ്ടാണ് നിർമ്മിച്ചിരിക്കുന്നത്?<br>കുട്ടികളുടെ സ്വതന്ത്ര പ്രതികരണം<br>തുടർന്ന് പാഠഭാഗം വീണ്ടും വായിക്കുന്നു.<br>ടി ബി യിലെ ചോദ്യങ്ങൾക്ക് ഉത്തരങ്ങൾ കണ്ടെത്തി പറയുന്നു.<br>എഴുതുന്നു.<br>പ്രവർത്തനം: 2. അർത്ഥം കണ്ടെത്താം<br>പാഠഭാഗത്തിൽ നല്കിയിരിക്കുന്ന പദങ്ങളുൾക്ക് വാക്യ സന്ദർഭത്തിൽ നിന്ന് കുട്ടികൾ ഊഹിച്ചുപറയുന്നു.<br>നോട്ടുബുക്കിൽ എഴുതുന്നു.<br>ഗ്രൂപ്പിൽ അവതിരിപ്പിക്കുന്നു.<br>മെച്ചപ്പെടുത്തി ക്ലാസ്സിൽ അവതരിപ്പിക്കുന്നു.<br>ഉത്തരം കണ്ടെത്താൻ പ്രയാസം നേരിടുന്ന കുട്ടികളെ ടീച്ചർ സഹായിക്കുന്നു.<br>ക്ലാസ്സില് അവതരിപ്പിക്കുന്നു.<br>ടീച്ചർ ചാർട്ടിൽ എഴുതുന്നു.<br>കണ്ടെത്തിയ ഉത്തരം ശരിയാണോ എന്ന് പരിശോധിക്കുവാൻ ഉത്തരസൂചിക ഉപയോഗിക്കുന്നു. | |

| | |
|---|---|
| പാഠഭാഗത്തെ കൂടുതൽ പദങ്ങൾക്ക് അർത്ഥം കണ്ടെത്തി 'എന്റെ പദശേഖരം'വിപുലപ്പെടുത്തുന്നു.<br>പ്രവർത്തനം: 3. അന്വേഷിച്ചറിയാം<br>ചില പഴയകാല കാർഷിക ഉപകരണങ്ങളുടെ ചിത്രം ICT യിൽ പ്രദർശിപ്പിക്കുന്നു.<br>പത്തായം, കലപ്പ, തേവുക്കൊട്ട, അരിവാൾ, പറ, ഇടങ്ങഴി<br>ICT<br>പഴയകാല കാർഷിക ഉപകരണങ്ങൾ<br>ചർച്ച<br>ചിത്രത്തിൽ കാണുന്ന ഉപകരണങ്ങൾ എന്തൊക്കെയാണ്?<br>ഇവയുടെ ഉപയോഗം എന്തെല്ലാം?<br>ഇപ്പോൾ ഈ ഉപകരണങ്ങൾ ഉപയോഗത്തിൽ ഉണ്ടോ?<br>ഈ ഉപകരണങ്ങൾക്ക് പകരമായി ഇന്ന് ഉപയോഗിക്കുന്ന ഉപകരണങ്ങൾ ഏതെല്ലാം?<br>കുട്ടികൾ സ്വതന്ത്രമായി പ്രതികരിക്കുന്നു.<br>ഓരോ ഉപകരണങ്ങളുടെയും ഉപയോഗം കുട്ടികൾ പറയുന്നു.<br>കണ്ടെത്താൻ പ്രയാസം നേരിടുന്ന ഉപകരണങ്ങളുടെ ഉപയോഗം ടീച്ചർ കണ്ടെത്താൻ സഹായിക്കുന്നു.<br>കൂടുതൽ കാർഷിക ഉപകരണങ്ങളുടെ പേരും ഉപയോഗവും പ്രദേശത്തെ കർഷകരോട് ചോദിച്ച് കണ്ടെത്തി എഴുതുന്നു.<br>കണ്ടെത്തലുകൾ അവതരിപ്പിക്കാൻ അവസരം ടീച്ചർ ക്രോഡീകരിക്കുന്നു<br>ക്രോഡീകരണം ICT ചാർട്ടിൽ<br>പത്തായം :- ധാന്യം സംഭരിച്ച് സൂക്ഷിക്കുന്നതിന്<br>കലപ്പ :- നിലം ഉഴുത് മറിക്കുന്നതിന് | |

| | |
|---|---|
| തേക്കുകൊട്ട :- ജലസേചനത്തിന്<br>അരിവാൾ :- കൊയ്യുന്നതിന്<br>തൂമ്പ :- കിളയ്ക്കുന്നതിന്<br>പറ, ഇടങ്ങഴി, നാഴി - ധാന്യങ്ങൾ അളക്കുന്നതിന്.<br>പ്രവർത്തനഘട്ടം: 4. കൃഷിച്ചൊല്ലുകൾ<br>പത്തായം പെറും, ചക്കി കുത്തും<br>അമ്മ വയ്ക്കും, ഉണ്ണി ഉണ്ണും<br>ഈ പഴഞ്ചൊല്ല് ടീച്ചർ ചാർട്ടിൽ എഴുതി പ്രദർശിപ്പിക്കുന്നു. പഴഞ്ചൊല്ലിന്റെ<br>ആശയം ക്ലാസ്സിൽ ചർച്ച ചെയ്യുന്നു.<br>എന്തുമായി ബന്ധപ്പെട്ട പഴഞ്ചൊല്ലാണ് ഇത്?<br>ആശയം എന്താണ്?<br>കുട്ടികൾ സ്വതന്ത്രമായി പ്രതികരിക്കുന്നു.<br>കൂടുതൽ പഴഞ്ചൊല്ലുകൾ (കൃഷിയുമായി ബന്ധപ്പെട്ടത്)<br>കണ്ടെത്തി ക്ലാസ്സിൽ അവതരിപ്പിക്കുന്നു.<br>ആശയം ചർച്ച ചെയ്യുന്നു.<br>ടീച്ചർ ക്രോഡീകരിക്കുന്നു.<br>ക്രോഡീകരണം ICT ചാർട്ട്<br>വിത്തുഗുണം, പത്തുഗുണം<br>മുളയിലേ അറിയാം വിള<br>വിത്താഴം ചെന്നാൽ പത്തായം നിറയും<br>ഞാറ്റിൽ പിഴച്ചാൽ ചോറ്റിൽ പിഴയ്ക്കും<br>പത്തായമുള്ളയിടത്ത് പറയും കാണും<br>വിത്തു കുത്തി ഉണ്ണരുത് | |

| | |
|---|---|
| ഞാറില്ലെങ്കിൽ ചോറില്ല<br>വിത്തിനൊത്ത വിള<br>വിത്തില്ലാതെ ഞാറില്ല<br>പത്തായത്തിൽ നെല്ലുണ്ടെങ്കിൽ എലി വയനാട്ടിൽ നിന്നു പോലുമെത്തും | |

വിലയിരുത്തൽ : പാഠവായന, ആശയം കണ്ടെത്തൽ, കാർഷിക ഉപകരണങ്ങളുടെ പേര് കണ്ടെത്താം, ചിത്രനിരീക്ഷണം, പഴഞ്ചൊല്ല് കണ്ടെത്താൻ

റഫറൻസ് :ഓർമയിലെ കൃഷിക്കാഴ്ചകൾ: മുരളീധരൻ തഴക്കര

തുടർ പ്രവർത്തനങ്ങൾ : കാർഷിക ഉപകരണങ്ങളുടെ ചിത്രം വരച്ച് അവയെക്കുറിച്ച് കുറിപ്പ് തയ്യാറാക്കൽ

റിഫ്ലക്ഷൻ നോട്ട് :

**പഠനനേട്ടം : : ഓണവുമായി ബന്ധപ്പെട്ട് കൂടുതൽ പ്രയോഗങ്ങൾ കണ്ടെത്തി സന്ദർഭോചിതമായി പ്രയോഗിക്കുന്നു. ഓണവുമായി ബന്ധപ്പെട്ട കവിതകൾ, കഥകൾ, ചിത്രങ്ങൾ എന്നിവ ശേഖരിച്ച് പതിപ്പ് തയ്യാറാക്കുന്നു**

പ്രവർത്തനത്തിന്റെ പേര് : 1. കണ്ടുമുട്ടൽ 2. അന്വേഷിച്ചറിയാം 3. ആത്മകഥ

ആശയങ്ങൾ, മൂല്യങ്ങൾ ധാരണകൾ : കാർഷിക വൃത്തി, നമ്മുടെ ഭാഷയെയും സംസ്കാരത്തെയും വളരെയേറെ സ്വാധീനിച്ചിട്ടുണ്ട്. നമുക്ക് മഹത്തായ കാർഷിക – സാംസ്കാരിക പാരമ്പര്യമുണ്ട്.

പഠന സാമഗ്രികൾ: കലപ്പ, തേവുകൊട്ട് എന്നിവയുടെ ചിത്രം

പ്രതീക്ഷിത ഉല്പന്നങ്ങൾ: 'എന്റെ പദശേഖരം' , ആത്മകഥ -പത്തായം .

തീയതി : .....................................                    സമയം :90 മിനിട്ട്

| പ്രവർത്തനം | പ്രതികരണം |
|---|---|
| പ്രവർത്തനം : 1. കണ്ടുമുട്ടിയാൽ<br>ടീച്ചർ ക്ലാസ്സിൽ കലപ്പ, തേവുകൊട്ട എന്നിവയുടെ ചിത്രം പ്രദർശിപ്പിക്കുന്നു.<br>ഇവർ തമ്മിൽ പരസ്പരം സംസാരിക്കുകയാണെങ്കിൽ ഏതൊക്കെയാവും സംസാരിച്ചിട്ടുണ്ടാവുക?<br>സങ്കല്പിച്ച് എഴുതാൻ ആവശ്യപ്പെടുന്നു.<br>ഉൾപ്പെടുത്തേണ്ട കാര്യങ്ങൾ - ചർച്ച<br>ഇന്നലെകളിൽ എന്തിനാണ് ഇവ ഉപയോഗിച്ചിരുന്നത്?<br>പണ്ടുകാലത്ത് ഇവയ്ക്ക് ലഭിച്ചിരുന്ന പരിഗണന എന്താണ്?<br>ഇന്നത്തെ ഇവയുടെ അവസ്ഥ എന്താണ്?<br>ഇവയ്ക്ക് പകരം വന്ന ഉപകരണങ്ങൾ എന്തൊക്കെയാണ്?<br>ഇവരുടെ ഭാവിയെക്കുറിച്ചുള്ള ആശങ്ക എന്താണ്?<br>മുകളിൽപ്പറഞ്ഞ സൂചകങ്ങളും കൂടുതൽ സൂചകങ്ങളും കണ്ടെത്തി ക്ലാസ്സിൽ ചരച്ച ചെയ്യുന്നു.<br>കുട്ടികളുടെ സ്വതന്ത്ര പ്രതികരണം എഴുതുന്നു<br>ഗ്രൂപ്പിൽ അവതരിപ്പിക്കുന്നു.<br>മെച്ചപ്പെടുത്തി ക്ലാസ്സിൽ അവതരിപ്പിക്കുന്നു.<br>കുട്ടികളുടെ രചനകൾ ശേഖരിച്ച് പതിപ്പാക്കുന്നു.<br>പ്രവർത്തനം : 2.അന്വേഷിച്ചറിയാം<br>പാഠഭാഗത്തിന് നൽകിയിരിക്കുന്ന പദങ്ങൾക്ക് വാക്യ സന്ദർഭത്തിൽ നിന്ന് കുട്ടികൾ ഊഹിച്ചുപറയുന്നു.<br>നോട്ടുബുക്കിൽ എഴുതുന്നു.<br>ക്ലാസ്സിൽ അവതരിപ്പിക്കുന്നു. | |

| | |
|---|---|
| ടീച്ചർ ചാർട്ടിൽ എഴുതുന്നു.<br>കണ്ടെത്തിയ ഉത്തരം ശരിയാണോ എന്ന് പരിശോധിക്കുവാൻ ഉത്തരസൂചിക ഉപയോഗിക്കുന്നു.<br>പാഠഭാഗത്തെ കൂടുതൽ പദങ്ങൾക്ക് അർത്ഥം കണ്ടെത്തി 'എന്റെ പദശേഖരം'വിപുലപ്പെടുത്തുന്നു.<br>പ്രവർത്തനം :3. അന്വേഷിച്ചറിയാം<br>നമ്മുടെ സ്കൂളിൽ ഉച്ചഭക്ഷണത്തിനാവശ്യമായ ഭക്ഷ്യവസ്തുക്കൾ നമ്മുടെ സംസ്ഥാനത്ത് തന്നെ ഉല്പാദിപ്പിക്കുന്നവയാണോ?<br>ചർച്ച<br>ഉച്ചഭക്ഷണത്തിന് ഉപയോഗിക്കുന്ന ഭക്ഷ്യവസ്തുക്കൾ ഏതെല്ലാം?<br>ഇവ നമ്മുടെ സംസ്ഥാനത്തു തന്നെയാണോ ഉല്പാദിപ്പിക്കുന്നത്?<br>ആഹാരത്തിനായി അയൽ സംസ്ഥാനങ്ങളെ ആശ്രയിക്കുന്ന ഭക്ഷ്യവസ്തുക്കൾ ഏതെല്ലാം?<br>കുട്ടികളുടെ പ്രതികരണം<br>തുടർന്ന് ആഹാരത്തിനായി അയൽ സംസ്ഥാനങ്ങളെ ആശ്രയിക്കുന്ന ഭക്ഷ്യവസ്തുക്കളുടെ പേരും സംസ്ഥാനത്തിന്റെ പേരും പട്ടികപ്പെടുത്തുന്നു.<br>അവതരിപ്പിക്കുന്നു.<br>ടീച്ചർ വെർഷന് അവതരിപ്പിക്കുന്നു. | |

| ഭക്ഷ്യവസ്തു | സംസ്ഥാനം |
|---|---|
| അരി | ആന്ധ്രപ്രദേശ്, തമിഴ്നാട് |
| പച്ചക്കറി | തമിഴ്നാട്, കർണ്ണാടക |
| കോഴിയിറച്ചി | തമിഴ്നാട് |
| മുട്ട | തമിഴ്നാട് |

| | |
|---|---|
| പഴങ്ങൾ | തമിഴ്നാട് |

കുട്ടികളുടെ നോട്ടുബുക്കിൽ എഴുതുന്നു.

പരിഹാര മാർഗം നിർദ്ദേശിക്കാൻ അവസരം നൽകുന്നു.

കുട്ടികളുടെ സ്വതന്ത്ര പ്രതികരണം

ടീച്ചർ ബി ബി യിൽ രേഖപ്പെടുത്തുന്നു.

കുട്ടികൾ നോട്ടുബുക്കിൽ എഴുതുന്നു.

വായിക്കുന്നു.

പ്രവർത്തനം : 3. ആത്മകഥ

പത്തായത്തിന് മുകളിൽ ഉറങ്ങുന്ന ഉണ്ണിയുടെ ചിത്രം പേജ് നം. 42 (ടി ബി) ൽ നൽയിരിക്കുന്നു. ചിത്രം കുട്ടികൾ നിരീക്ഷിക്കുന്നു.

ചർച്ച

ഉണ്ണീ നീ ഉറങ്ങിയോ?

എനിക്ക് നിന്നോട് ചിലതൊക്കെ പറയാനുണ്ട്. രാത്രി, പത്തായത്തിന് മുകളിൽ പായ വിരിച്ച് ഉറങ്ങുന്ന ഉണ്ണിയോട് പത്തായം തന്റെ കഥ പറയുന്നു.

എന്തൊക്കെയായിരിക്കും. പത്തായം പറഞ്ഞിട്ടുണ്ടാവുക?

കുട്ടികളുടെ പ്രതികരണം.

ആത്മകഥ രചന ലളിതകരമാക്കുന്നതിന് ഗാന്ധിജിയുടെ ആത്മകഥ ക്ലാസ്സിൽ പരിചയപ്പെടുത്തുന്നു.

തുടർന്ന് 'പത്തായ'ത്തിന്റെ ആത്മകഥ എഴുതാൻ ആവശ്യപ്പെടുന്നു.

രചനയിൽ 'ഞാൻ', 'എന്റെ', 'എനിക്ക് 'എന്നീ പ്രയോഗങ്ങളുടെ സവിശേഷതകൾ കുട്ടികളുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നു.

ആത്മകഥയിൽ ഉൾപ്പെടുത്തേണ്ട കാര്യങ്ങൾ

പണ്ടുകാലത്ത് പത്തായത്തിന് ലഭിച്ചിരുന്ന പരിഗണന

| | |
|---|---|
| പത്തായത്തിന്റെ നിലവിലെ അവസ്ഥ<br>കാരഷിക മേഖലയിൽ ഉണ്ടായ മാറ്റങ്ങൾ<br>കൃഷിയോട് മനുഷ്യനുള്ള അവഗണന<br>ഇവ ഉൾപ്പെടുത്തി ആത്മകഥ തയ്യാറാക്കുന്നു.<br>ഗ്രൂപ്പിൽ തയ്യാറാക്കുന്നു.<br>മികച്ചത് കണ്ടെത്തുന്നു. (ടീച്ചർ ഇടപെടലിലൂടെ)<br>അനുയോജ്യമായ തലക്കെട്ട് നൽകാൻ നിർദ്ദേശിക്കുന്നു. മികച്ച രചനകൾ ശേഖരിച്ച് പതിപ്പ് തയ്യാറാക്കുന്നു. മികച്ച രചനകൾ ബാലസഭയിൽ അവതരിപ്പിക്കുന്നു. | |

വിലയിരുത്തൽ : സംഭാഷണ രചന, ആത്മകഥ, ആശയങ്ങളുടെ ഘടന, ഭാഷാശൈലി

റഫറൻസ് : ഓർമയിലെ കൃഷിക്കാഴ്ചകൾ: മുരളീധരൻ തഴക്കര

തുടർ പ്രവർത്തനങ്ങൾ : കൃഷിയുമായി ബന്ധപ്പെട്ട് ചൊല്ലുകൾ ശേഖരിച്ച് പതിപ്പ് തയാറാക്കുക.

കാർഷിക ഉപകരണങ്ങളുടെ ചിത്രം വരച്ച് അവയെക്കുറിച്ച് കുറിപ്പ് തയ്യാറാക്കൽ

റിഫ്ലക്ഷൻ നോട്ട് :

**പഠനനേട്ടം : പഴയകാല കാർഷിക സംസ്കൃതിയുടെ ചരിത്രവും വർത്തമാനവും തിരിച്ചറിഞ്ഞ് രചനകൾ നിർവഹിക്കുന്നു.**

പ്രവർത്തനത്തിന്റെ പേര് : 1.കളി കണ്ടെത്താം 2.കഥപറയാം 3.പതിപ്പ് തയ്യാറാക്കാം

ആശയങ്ങൾ, മൂല്യങ്ങൾ ധാരണകൾ : ആഘോഷങ്ങളുമായി ബന്ധപ്പെട്ട ഒട്ടേറെ അനുഭവങ്ങളും ഓർമ്മകളും ഓരോ മനുഷ്യനും ഉണ്ട്. ഇത്തരം അനുഭവങ്ങൾ സാഹിത്യരൂപത്തിലൂടെ ആവിഷ്കരിക്കപ്പെടാറുണ്ട്

പഠന സാമഗ്രികൾ: നാടൻ കളികളുടെ ചിത്രങ്ങൾ

പ്രതീക്ഷിത ഉല്പന്നങ്ങൾ: നാടൻ കളികളുടെ പട്ടിക, ഓണപ്പതിപ്പ്

തീയതി : .....................................                    സമയം :90 മിനിട്ട്

| പ്രവർത്തനം | പ്രതികരണം |
|---|---|
| പ്രവർത്തനം:1.കളി കണ്ടെത്താം<br>ചില നാടൻ കളികളുടെ ചിത്രങ്ങൾ ഐസിറ്റി ഉപയോഗിച്ച് ടീച്ചർ ക്ലാസ്സിൽ പ്രദർശിപ്പിക്കുന്നു.<br>ചർച്ച<br>ചിത്രത്തിൽ കാണുന്ന കളികൾ ഏതെല്ലാം?<br>ഇവയുടെ പേര് എന്ത്?<br>ഇവയിൽ നിങ്ങൾ കളിച്ച കളികൾ ഏതെല്ലാം?<br>ഇവ കൂടാതെ നിങ്ങൾക്കറിയാവുന്ന കളികൾ ഏതൊക്കെയാണ്?<br>കുട്ടികൾവ്യക്തിഗതമായി പറയുന്നു.<br>തുടർന്ന് നാടൻകളികളുടെ പട്ടിക തയാറാക്കുന്നു..<br>അവതരിപ്പിക്കാൻഅവസരം നല്കുന്നു.<br>ഏറ്റവും കൂടുതൽ കണ്ടെത്തിയ കുട്ടിയെ അഭിനന്ദിക്കുന്നു.<br>ടീച്ചർവെർഷൻ അവതരിപ്പിക്കുന്നു.<br>കുട്ടികൾനോട്ടുബുക്കിൽ എഴുതുന്നു.<br>ചില നാടൻകളികൾ<br>പ്രവർത്തനം:2.കഥപറയാം<br>ടീച്ചർ ഒരു മുത്തശ്ശിക്കഥ ക്ലാസ്സിൽ ഭാവാത്മകമായി അവതരിപ്പിക്കുന്നു.<br>തുടർന്ന് കുട്ടികൾക്ക് ഇഷ്ടപ്പെട്ട മറ്റൊരു കഥ കണ്ടെത്താൻ.അവസരം നല്കുന്നു ക്ലാസ്സിൽ ഒരു കഥയരങ്ങ് സംഘടിപ്പിക്കുന്നു | |

| | |
|---|---|
| കഥ അവതരിപ്പിക്കുന്നു.<br>അവതരിപ്പിച്ച കഥകൾ'എന്റെ കഥാപുസ്തകത്തിൽ ചേർക്കുന്നു.'<br>കഥ അവതരിപ്പിക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ<br>കഥ കണ്ടെത്തൽ<br>കഥവായിച്ച് പരിശീലിക്കൽ<br>മെച്ചപ്പെടുത്തൽ<br>കഥയരങ്ങിലെ അവതരണം<br>ചർച്ച<br>ക്രോഡീകരണം<br>പ്രവർത്തനം:3.പതിപ്പു തയാറാക്കാം<br>നമുക്ക് ഒരു ഓണപ്പതിപ്പ് നിർമ്മിച്ചാലോ?<br>എന്തൊക്കെ ഉൾപ്പെടുത്താം?<br>ചർച്ച<br>കുട്ടികൾ കണ്ടെത്തിയതും രചിച്ചതുമായ കഥ, കവിത, ചൊല്ലുകൾ, ശൈലികൾ,ചിത്രങ്ങൾ<br>തുടങ്ങിയവ ഉൾപ്പെടുത്തി ഓണപ്പതിപ്പ് തയ്യാറാക്കുന്നു.<br>പതിപ്പ് തയ്യാറാക്കുമ്പോൾ ശ്രദ്ധിക്കേണ്ടത്.<br>പത്രാധിപസമിതി രൂപീകരണം<br>പതിപ്പിന് പേര് നൽകൽ<br>കവർചിത്രം തയ്യാറാക്കൽ<br>ആമുഖം<br>ടീച്ചർ/പ്രധാനാധ്യാപകന്റെ സന്ദേശം<br>ഉള്ളടക്കം<br>ചിത്രങ്ങൾ | |

| പ്രകാശനം | |
|---|---|

വിലയിരുത്തൽ : പതിപ്പ് നിർമ്മിക്കാം

കഥ കണ്ടെത്തൽ - അവതരണം

പതിപ്പ്  രചനയുടെ വിവിധ ഘട്ടങ്ങൾ

റഫറൻസ് :

തുടർ പ്രവർത്തനങ്ങൾ : നിങ്ങൾക്കറിയാവുന്ന കളികൾ എഴുതുന്നു.

റിഫ്ലക്ഷൻ നോട്ട് :

# യൂണിറ്റ് 4. രസിതം

| | പഠന നേട്ടം | പ്രവർത്തനം | സാമഗ്രികൾ | ആശയങ്ങൾ ധാരണകൾ മൂല്യങ്ങൾ | ഉല്പന്നം | വിലയിരുത്തൽ | സമയം |
|---|---|---|---|---|---|---|---|
| 1 | .കഥ, വിവരണം എന്നിവ ഉച്ചാരണശുദ്ധി ഒഴുക്ക് ഭാവം എന്നിവയോടെ അവതരിപ്പിക്കുന്നു. 2. ഉത്തമ, മധ്യമ, പ്രഥമപുരുഷ സർവനാമങ്ങൾ തിരിച്ചറിഞ്ഞ് പ്രയോഗിക്കുന്നു | പ്രവേശകപ്രവർത്തനം. കടംകഥ പയറ്റ് (രണ്ട് ഗ്രൂപ്പ് ) പുസ്തകവായന. ആശയഗ്രഹണത്തിന് വേണ്ടിയുള്ള വിശകലനാത്മക ചോദ്യങ്ങൾ, പറയാം എഴുതാം. | വള്ളംകളി, ക്രിക്കറ്റ് കളി (വീഡിയോ), കടങ്കഥ പുസ്തകം, വള്ളംകളി ചിത്രം, ക്രിക്കറ്റ് കമന്ററി | വിനോദങ്ങൾ മാനസികവും ശാരീരികവുമായ ഉല്ലാസത്തിന് ഉതകുന്നതോടൊപ്പം വളർച്ചയെ സഹായിക്കുകയും ചെയ്യുന്നു. ബുദ്ധിപരവും ശാരീരികവും ആയ വിനോദങ്ങൾ ഉണ്ട്.പ്രദേശത്തിന് സ്വന്തമായി കളികളും വിനോദങ്ങളും ഉണ്ട്. | കടങ്കഥ പതിപ്പ് , സ്കൂൾ ഗ്രൗണ്ടിൽ നടക്കുന്ന കളിയുടെ ദൃക്സാക്ഷി വിവരണം, റേഡിയോ ക്ലബ്ബ് | കടങ്കഥ പയറ്റ്, വായന (ഉച്ചാരണ ശുദ്ധി ഒഴുക്ക് ഭാവം), ദൃക്സാക്ഷി വിവരണം | 120 |
| 2 | കഥ, വിവരണം | പ്രവേശകം,പാഠപു | പാഠപുസ്തകം | ബീർബൽ കഥകളിലെ | | ശ്രാവ്യ | 45 |

| | | | | | | | |
|---|---|---|---|---|---|---|---|
| | എന്നിവ ഉച്ചാരണശുദ്ധി ഒഴുക്ക് ഭാവം എന്നിവയോടെ അവതരിപ്പിക്കുന്നു. 2. ഉത്തമ, മധ്യമ, പ്രഥമപുരുഷ സർവനാമങ്ങൾ തിരിച്ചറിഞ്ഞ് പ്രയോഗിക്കുന്നു | സ്തകവായന- ആശയഗ്രഹണ വായന, ശ്രാവ്യവായന,കണ്ടെത്താം,കണ്ടെത്താം.എഴുതാം,അർത്ഥം കണ്ടെത്താം, എന്തൊക്കെ പഠിപ്പിക്കും, | ,ബീർബൽ കഥ - ആഡിയോ , ചിത്രങ്ങൾ - ബീർബൽ, അക്ബർ ചക്രവർത്തി ,ടി ബിയിലെ ചിത്രങ്ങൾ | നർമബോധവും ജീവിത പാഠങ്ങളും ആകർഷണീയമാണ്,എല്ലാമറിയുന്നവനും ഒന്നുമറിയാത്തവനുമായി ഭൂമിയിൽ ആരുമില്ല, പ്രകൃതിയിലെ സർവ ചരാചരങ്ങളുംഒരുതരത്തിൽ അല്ലെങ്കിൽ മറ്റൊരു തരത്തിൽ നമ്മെ പലതും പഠിപ്പിക്കുന്നുണ്ട്. | | വായന | |
| 3 | തത്സമയ വിവരണം, വിളംബരം എന്നിവ സ്വന്തം ഭാഷയിൽ ഉചിതമായരീതിയിൽ തയാറാക്കി അവതരിപ്പിക്കുന്നു | തത്സമയ വിവരണം (വള്ളംകളി), ദൃക്സാക്ഷി വിവരണം, കുട്ടികൾക്കായുള്ള ഫുട്ബോൾ മത്സരം, മഹാഭാരതം യുദ്ധകാണ്ഡം സൂചന (ഗാന്ധാരീ | പാഠപുസ്തകം , ക്രിക്കറ്റ് കമന്ററി | വിനോദങ്ങൾമാനസികവും ശാരീരികവുമായ ഉല്ലാസത്തിന് ഉതകുന്നതോടൊപ്പം വളർച്ചയെ സഹായിക്കുകയും ചെയ്യുന്നു. ബുദ്ധിപരവും ശാരീരികവും ആയ വിനോദങ്ങൾ ഉണ്ട്. പ്രദേശത്തിന് സ്വന്തമായി കളികളും വിനോദങ്ങളും ഉണ്ട്.സംഘബോധം, സഹകരണം, നേതൃപാടവം, ആത്മ | ദൃക്സാക്ഷി വിവരണം പതിപ്പ് | ദൃക്സാക്ഷി വിവരണം | 150 |

| | | | | | | | |
|---|---|---|---|---|---|---|---|
| | | വിലാപം) | | വിശ്വാസം തുടങ്ങിയവ വളർത്തുന്നതിന് കളികളും വിനോദങ്ങളുംസഹായിക്കുന്നു. വള്ളംകളി ഇത്തരത്തിലുള്ള ഒരു വിനോദമാണ് കളിയാണെന്ന് നാം കരുതുന്നവ ഉന്നതമായ ജീവിത മൂല്യങ്ങളും പാഠങ്ങളും ഉൾക്കൊള്ളുന്നവ കൂടിയാണ് | | | |
| 4 | വിളംബരം കേൾക്കുന്നു (ഐ സി ടി സഹായത്തോടെ) വിളംബരം തയ്യാറാക്കുന്നു.ത ത്സമയ വിവരണം വിളംബരം എന്നിവ സ്വന്തം ഭാഷയിൽ ഉചിതമായരീതി | വിളംബരം കേൾക്കുന്നു(ഐ സി ടി സഹായത്തോടെ) വിളംബരം തയ്യാറാക്കുന്നു | വിളംബരം ആഡിയോ, വീഡിയോ | തത്സമയ വിവരണം, വിളംബരം എന്നിവ സ്വന്തം ഭാഷയിൽ ഉചിതമായ രീതിയിൽ തയ്യാറാക്കി അവതരിപ്പിക്കുന്നു | | വിളംബ രം (വ്യക്തിഗ തമായി തയ്യാറാ ക്കുന്ന തും ഗ്രൂപ്പിൽ തയ്യാറാ ക്കുന്ന തും) | |

| | | | | | | | |
|---|---|---|---|---|---|---|---|
| | യിൽ തയാറാക്കി അവതരിപ്പിക്കുന്നു | | | | | | |
| 5 | കഥയെ നാടകമാക്കി അവതരിപ്പിക്കുന്നു. | നാടകം വീഡിയോ പ്രദർശനം.വീഡിയോ വിശകലനം-ചർച്ച.നാടകം - സ്ക്രിപ്റ്റ് - ചർച്ച.സ്ക്രിപ്റ്റ് തയ്യാറാക്കൽ നാടകാവിഷ്കാരം. | നാടകം - വീഡിയോ (പുഴ കേഴുന്നു). സ്ക്രിപ്റ്റ് - പുഴ കേഴുന്നു.വായന സാമഗ്രി സ്വപ്നത്തിലെ കടം. | ബീർബൽ കഥയിലെ നർമബോധവും ജീവിത പാഠങ്ങളും ആകർഷണീയമാണ്. | നാടകം - സ്ക്രിപ്റ്റ് | നാടകം - പ്രകടനം | 45 |
| 6 | ബീർബൽ കഥ വായിച്ച് ആസ്വാദന കുറിപ്പ് തയ്യാറാക്കുന്നു. | ആസ്വാദനക്കുറിപ്പ് തയ്യാറാക്കൽ | ടി ബി, സ്വപ്നത്തിലെ കടം (പി ഡി എഫ്) | ബീർബൽ കഥ വായിച്ച് ആസ്വാദനക്കുറിപ്പ് തയ്യാറാക്കുന്നു | ആസ്വാദനക്കുറിപ്പ് | ആസ്വാദനക്കുറിപ്പ് | 45 |
| 7 | വ്യത്യസ്തവായ്ത്താരികൾ | വായ്ത്താരികൾ ശേഖരിക്കുന്നു, | നാടൻപാട്ട് ( വീഡിയോ, | സംഘബോധം, സഹകരണം, നേതൃപാടവം, ആത്മ വിശ്വാസം | നാടൻ പാട്ട് | നാടൻപാട്ട് | 45 |

| | | | | | | | |
|---|---|---|---|---|---|---|---|
| | ശേഖരിക്കുന്നു, ഈണത്തിൽ അവതരിപ്പിക്കുന്നു | ഈണത്തിൽ അവതരിപ്പിക്കുന്നു, പാടി അഭിനയിക്കുന്നു. | ഓഡിയോ) | തുടങ്ങിയവ വളർത്തുന്നതിന് കളികളും വിനോദങ്ങളും സഹായിക്കുന്നു. വള്ളംകളി ഇത്തരത്തിലുള്ള ഒരു വിനോദമാണ്. | | അവതരണം | |
| 8 | പ്രകൃതിയിലെ സർവ്വ ചരാചരങ്ങളും ഒരു തരത്തിലല്ലെങ്കിൽ മറ്റൊരു തരത്തിൽ നമ്മെ പലതും പഠിപ്പിക്കുന്നുണ്ട് എന്ന് തിരിച്ചറിഞ്ഞ് സഹജീവിസ്നേഹം വളർത്തുന്നു. | ഒളപ്പമണ്ണകവിത | അധ്യാപക സഹായി ഒളപ്പമണ്ണ കവിത ആഡിയോ കവിതയുടെ വരികൾ- പിഡിഎഫ് കോപ്പി | പ്രകൃതിയിലെ സർവചരാചരങ്ങളും ഒരുതരത്തിൽ അല്ലെങ്കിൽ മറ്റൊരുതരത്തിൽ നമ്മെ പലതും പഠിപ്പിക്കുന്നുണ്ട് | താരതമ്യക്കുറിപ്പ് | താരതമ്യക്കുറിപ്പ് | 45 |

**പഠനനേട്ടം : 1. കഥ, വിവരണം എന്നിവ ഉച്ചാരണശുദ്ധി ഒഴുക്ക് ഭാവം എന്നിവയോടെ അവതരിപ്പിക്കുന്നു. 2. ഉത്തമ, മധ്യമ, പ്രഥമപുരുഷ സർവനാമങ്ങൾ തിരിച്ചറിഞ്ഞ് പ്രയോഗിക്കുന്നു**

പ്രവർത്തനത്തിന്റെ പേര് : പ്രവേശക പ്രവർത്തനം. കടംകഥ പയറ്റ് (രണ്ട് ഗ്രൂപ്പ് ) പുസ്തകവായന. ആശയ ഗ്രഹണത്തിന് വേണ്ടിയുള്ള വിശകലനാത്മക ചോദ്യങ്ങൾ, പറയാം എഴുതാം

ആശയങ്ങൾ, മൂല്യങ്ങൾ ധാരണകൾ : വിനോദങ്ങൾ മാനസികവും ശാരീരികവുമായ ഉല്ലാസത്തിന് ഉതകുന്നതോടൊപ്പം വളർച്ചയെ സഹായിക്കുകയും ചെയ്യുന്നു. ബുദ്ധിപരവും ശാരീരികവും ആയ വിനോദങ്ങൾ ഉണ്ട്. പ്രദേശത്തിന് സ്വന്തമായി കളികളും വിനോദങ്ങളും ഉണ്ട്.

പഠന സാമഗ്രികൾ: വള്ളംകളി, ക്രിക്കറ്റ് കളി (വീഡിയോ),കടങ്കഥ പുസ്തകം, വള്ളംകളി ചിത്രം, ക്രിക്കറ്റ് കമന്ററി

പ്രതീക്ഷിത ഉല്പന്നങ്ങൾ: കടങ്കഥ പതിപ്പ് , സ്കൂൾ ഗ്രൗണ്ടിൽ നടക്കുന്ന കളിയുടെ ദൃക്സാക്ഷി വിവരണം, റേഡിയോ ക്ലബ്ബ്

തീയതി : .....................................          സമയം : 120 മിനിട്ട്

| പ്രവർത്തനം | പ്രതികരണം |
|---|---|
| പ്രവർത്തനം 1<br>**കടങ്കഥ പയറ്റ്**<br>കുട്ടികൾ രണ്ട് ഗ്രൂപ്പുകളായി തിരിഞ്ഞ് കടങ്കഥ പയറ്റ് നടത്തുന്നു. ആ സമയത്ത് തന്നെ അതിന്റെ ദൃക്സാക്ഷി വിവരണം അധ്യാപിക നടത്തുന്നു, വിജയിച്ച ഗ്രൂപ്പിനെ അഭിനന്ദിക്കുന്നു.<br>**അനുരൂപീകരണം:** | |

| | |
|---|---|
| * കാഴ്ചക്കുറവ് ,ബുദ്ധിമാന്ദ്യം ,ഓട്ടിസം തുടങ്ങിയ പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്ക് ആദ്യമാദ്യം കടങ്കഥ ചോദിക്കാനും ഉത്തരം പറയാനും അവസരം നൽകുന്നു.<br>*കേൾവി കുറവുള്ള കുട്ടികൾക്ക് ക്ലാസ്സിന്റെ മുൻവശത്ത് ഇരിപ്പിടം ക്രമീകരിക്കുന്നു.<br>* പഠന പിന്നാക്കക്കാരെയും ആദ്യം പരിഗണിക്കണം.പ്രവർത്തനം 2:<br>വള്ളംകളിയുടെ ചിത്രം ക്ലാസ്സിൽ പ്രദർശിപ്പിക്കുന്നു.<br>എന്തിന്റെ ചിത്രം ആണ്?<br>അധ്യാപിക വിശദീകരിക്കുന്നു.<br>കടംകഥ മത്സരം നടത്തിയപ്പോൾ നിങ്ങൾക്കുണ്ടായ ആവേശം പോലെ ആവേശവും ആഹ്ലാദവുമുണർത്തുന്ന മത്സരം ആണ് വള്ളംകളി. കേരളത്തിൽ എല്ലാ വർഷവും നടത്തിവരാറുള്ള ഒരു ജലമേളയെ കുറിച്ചുള്ള പാഠമാണ് നമുക്ക് പഠിക്കാനുള്ളത്.<br>പുസ്തക വായന - വ്യക്തിഗതം<br>പുസ്തക വായന -ചെയിൻ റീഡിങ്.<br>ഗ്രൂപ്പ് വായനയ്ക്ക് വേണ്ടിയുള്ള ചോദ്യങ്ങൾ നൽകുന്നു. (ഓരോ ഗ്രൂപ്പിന് 3, 4 ചോദ്യങ്ങൾ).<br>ശ്രാവ്യ വായനയിലൂടെ നല്ല വായനക്കാരെ കണ്ടെത്തുന്നു.<br>ചോദ്യങ്ങൾ<br><br>ജനങ്ങൾ ആരെ പ്രതീക്ഷിച്ചാണ് അക്ഷമരാകാതെ കാത്തിരുന്നത് | |

| | |
|---|---|
| വിശിഷ്ട അതിഥി വന്ന ജലനൗകയുടെ പേരെന്താണ്?<br>• പണ്ഡിറ്റ് ജവഹർലാൽ നെഹ്റുവിനെ എന്ത് പേരിലാണ് വിശേഷിപ്പിച്ചത്?<br>• അദ്ദേഹത്തിന്റെ വേഷവിധാനം എങ്ങനെയാണ് ?<br>• നെഹ്റുവിനെ വരവേൽക്കാനായി 63 കതിന വെടികൾ മുഴക്കി. അതിന്റെ സാംഗത്യം എന്താണ് ?<br>• എത്ര ചുണ്ടൻ വള്ളങ്ങളാണ് മത്സരത്തിൽ ഉണ്ടായിരുന്നത് ?<br>• മത്സരത്തിൽ പങ്കെടുത്ത വള്ളങ്ങൾ ഏതൊക്കെയാണ് ?<br>• വള്ളംകളിയുടെ ആവേശം പണ്ഡിറ്റ്ജി എങ്ങനെയാണ് ഉൾക്കൊണ്ടത് ?<br>• മത്സര വിജയി ആയ ചുണ്ടൻവള്ളം ഏത് ?<br>• ട്രോഫിയുടെ പ്രത്യേകത എന്താണ് ?<br>• നെഹറുജിയുടെ ആഗ്രഹം എന്തായിരുന്നു?<br>• പണ്ഡിറ്റ്ജി ഏത് വള്ളത്തിലാണ് ചാടിക്കയറിയത്?<br>• പണ്ഡിറ്റ് ജിക്ക് ഉണ്ടായതുപോലെ ആവേശഭരിതനായി സന്തോഷിക്കുന്ന അനുഭവം നിങ്ങൾക്ക് ഉണ്ടായിട്ടുണ്ടോ? വിവരിക്കു.<br>• 'ചുണ്ടൻ വള്ളങ്ങൾ ഇടിമിന്നൽ പോലെ ചീറിപ്പാഞ്ഞു' എന്ന് പറഞ്ഞതിൽ നിന്ന് നിങ്ങൾക്ക് എന്ത് മനസ്സിലായി?<br>• എപ്പോഴാണ് പുന്നമടക്കായലിലെ കൊച്ചോളങ്ങൾ പുളകമണിഞ്ഞു എന്ന് | |

| | |
|---|---|
| പറഞ്ഞിരിക്കുന്നത് ?<br>• അഭൂതപൂർവമായ ആ കാഴ്ച നെഹ്റു ദൂരദർശിനിയിലൂടെ നോക്കിക്കണ്ടു. എന്തായിരുന്നു ആ കാഴ്ച?<br><br>അനുരൂപീകരണം<br>*കാഴ്ചക്കുറവ് :<br><br>വള്ളം കളിയെക്കുറിച്ചുള്ള വിവരണങ്ങൾ ധാരാളമായി നൽകുന്നു. വള്ളപ്പാട്ട് കേൾക്കാൻ അവസരം നൽകുന്നു .<br>*കേൾവിക്കുറവ് :<br><br>വള്ളംകളി, ചിത്രം വായന. വള്ളംകളിയുടെ ചിത്ര ശേഖരണം. പണ്ഡിറ്റ്ജിയുടെ ചിത്രവായന. (ചിത്ര കാർഡുകൾ ഉപയോഗിച്ച് )<br>*മാനസിക വെല്ലുവിളി നേരിടുന്നവർ:<br><br>പാഠപുസ്തകത്തിലെ ആശയം ലഘുവായി അദ്ധ്യാപിക വിശദീകരിക്കുന്നു. വള്ളം വരയ്ക്കാനും നിറം നൽകാനും അവസരം.വഞ്ചിപ്പാട്ട് ഈണത്തിൽ പാടാനുള്ള അവസരം.<br><br>പ്രവർത്തനം 3<br>പറയാം എഴുതാം .<br>പുസ്തകം താൾ 54 പറയാം എഴുതാം എന്ന പ്രവർത്തനം | |

| | |
|---|---|
| നാലു ചോദ്യങ്ങൾ .<br>കുട്ടികൾ വ്യക്തിഗതമായി രേഖപ്പെടുത്തുന്നു.<br>3 പേരടങ്ങുന്ന ഗ്രൂപ്പിൽ ചർച്ച. കൃത്യതപ്പെടുത്തൽ.<br>ഗ്രൂപ്പ് അവതരണം.ക്ലാസ് തല ക്രോഡീകരണം<br>പ്രവർത്തനം 4<br>ദൃക്സാക്ഷി വിവരണം എന്ന വ്യവഹാരരൂപത്തിന്റെ<br>സവിശേഷതകൾപരിചയപ്പെടുത്തുന്നതിനായി ആദ്യത്തെ നെഹ്റു ട്രോഫി<br>വള്ളംകളി കാണിക്കുന്നു(വീഡിയോ).<br>ദൃക്സാക്ഷിവിവരണത്തിന്റെ മാതൃക കുട്ടികൾ പരിചയപ്പെടുന്നു. തുടർന്ന് ക്രിക്കറ്റ്<br>കമന്ററികൾ കുട്ടികൾകേൾക്കുന്നു.<br>അനുരൂപീകരണം<br>* കാഴ്ചക്കുറവ് :<br>നെഹറു ട്രോഫി വള്ളംകളിയെക്കുറിച്ചുള്ള വിവരണങ്ങളും ദൃക്സാക്ഷി<br>വിവരണങ്ങളും ധാരാളമായി കേൾക്കാൻ അവസരം നൽകുന്നു.<br>* കേൾവിക്കുറവ്<br>മത്സരങ്ങളുടെ തത്സമയ സംപ്രേഷണങ്ങൾ കാണാൻ അവസരം നൽകുന്നു<br><br>കടങ്കഥ പയറ്റ്, വായന (ഉച്ചാരണശുദ്ധി, ഒഴുക്ക്, ഭാവം), ദൃക്സാക്ഷി വിവരണം<br>പ്രവർത്തനം 5<br>സ്കൂൾ ഗ്രൗണ്ടിൽ കുട്ടികൾക്കായുള്ള റിലേ മത്സരം സംഘടിപ്പിക്കുന്നു.കുട്ടികളെ രണ്ട് | |

| | |
|---|---|
| ഗ്രൂപ്പ് ആക്കുന്നു.ഓരോ ഗ്രൂപ്പും മത്സരം നടത്തുമ്പോൾഅടുത്ത് ഗ്രൂപ്പ് അതിന്റെ തത്സമയ വിവരണം നൽകുന്നു. പ്രവർത്തനം:<br>**ചേർത്തെഴുതാം**(T B Page 54)<br>വ്യക്തിഗത വായന.വ്യക്തിഗത രചന.<br>3/4 പേരുടെ അവതരണം.<br>ഗ്രൂപ്പിൽ പങ്കുവെയ്ക്കൽ.<br>കൃത്യതപ്പെടുത്തി അവതരണം.<br><br>അർഥം കണ്ടെത്താം<br>പുസതകവായന സമയത്ത് കണ്ടെത്തിയ പ്രയാസമുള്ള പദങ്ങൾ നോട്ട് ബുക്കിൽ ലിസ്റ്റ് ചെയ്യുന്നു. അർഥം ഊഹിച്ചെഴുതുന്നു.(വ്യക്തിഗതം ) 2/3 പേർ വീതമുള്ള ഗ്രൂപ്പിൽ നിഘണ്ടു നോക്കി അർഥം കൃത്യതപ്പെടുത്തുന്നു. നോട്ട് ബുക്കിൽ ക്രോഡീകരിയ്ക്കുന്നു.<br>**ചേർത്തെഴുതാം**<br>ആശയഗ്രഹണ വായന സമയത്ത് ഓരോ ഗ്രൂപ്പിലും (പുസ്തകം പേജ് 55) പിരിച്ചെഴുതിയ വാക്കുകൾ നൽകുന്നു.<br>ഇത് ചേർന്നു വന്നപ്പോഴുണ്ടായ മാറ്റം എന്താണെന്ന് പുസതകത്തിൽ നോക്കി ഗ്രൂപ്പിൽ കണ്ടെത്തുന്നു.<br>അവതരണം.<br>നോട്ട് ബുക്കിൽ ക്രോഡീകരണം.<br>പദങ്ങൾ കണ്ടെത്താം. | |

| | |
|---|---|
| പുസ്തകം പേജ് 55 ലെ പ്രവർത്തനം.വേഗത്തെ സൂചിപ്പിക്കുന്ന വാക്കുകൾ ഗ്രൂപ്പിൽ കണ്ടെത്തുന്നു.അവതരണം.നോട്ട് ബുക്കിൽ ക്രോഡീകരണം, ( ഹാൻഡ്ബുക്ക് പേജ് 125) | |

വിലയിരുത്തൽ : കടങ്കഥ പയറ്റ്, വായന (ഉച്ചാരണശുദ്ധി ഒഴുക്ക് ഭാവം),

നോട്ട് ബുക്കിലെ ക്രോഡീകരണം

കടങ്കഥപതിപ്പ്, സ്കൂൾ ഗ്രൗണ്ടിൽ നടക്കുന്ന കളിയുടെ ദൃക്സാക്ഷി വിവരണം, റേഡിയോക്ലബ്ബ് ക്രോഡീകരണം. (നോട്ട് ബുക്ക് )വിലയിരുത്തൽ :കടങ്കഥ പയറ്റ്, വായന (ഉച്ചാരണശുദ്ധി ഒഴുക്ക് ഭാവം), ദൃക്സാക്ഷി വിവരണം

റഫറൻസ് :

തുടർ പ്രവർത്തനങ്ങൾ :

റിഫ്ലക്ഷൻ നോട്ട് :

**പഠനനേട്ടം : 1. കഥ, വിവരണം എന്നിവ ഉച്ചാരണശുദ്ധി ഒഴുക്ക് ഭാവം എന്നിവയോടെ അവതരിപ്പിക്കുന്നു. 2. ഉത്തമ, മധ്യമ, പ്രഥമപുരുഷ സർവനാമങ്ങൾ തിരിച്ചറിഞ്ഞ് പ്രയോഗിക്കുന്നു**

പ്രവർത്തനത്തിന്റെ പേര് : പ്രവേശകം, പാഠപുസ്തക വായന- ആശയഗ്രഹണ വായന, ശ്രാവ്യവായന, കണ്ടെത്താം, കണ്ടെത്താം എഴുതാം, അർത്ഥം കണ്ടെത്താം,  എന്തൊക്കെ പഠിപ്പിക്കും,

ആശയങ്ങൾ, മൂല്യങ്ങൾ ധാരണകൾ : ബീർബൽ കഥകളിലെ നർമബോധവും ജീവിത പാഠങ്ങളും

ആകർഷണീയമാണ്,എല്ലാമറിയുന്നവനും ഒന്നുമറിയാത്തവനുമായി ഭൂമിയിൽ ആരുമില്ല, പ്രകൃതിയിലെ സർവ ചരാചരങ്ങളും ഒരു തരത്തിൽ അല്ലെങ്കിൽ മറ്റൊരു തരത്തിൽ നമ്മെ പലതും പഠിപ്പിക്കുന്നുണ്ട്.

പഠന സാമഗ്രികൾ: പാഠപുസ്തകം, ബീർബൽ കഥ -ആഡിയോ , ചിത്രങ്ങൾ -ബീർബൽ, അക്ബർ ചക്രവർത്തി,ടി ബിയിലെ ചിത്രങ്ങൾ

പ്രതീക്ഷിത ഉല്പന്നങ്ങൾ:

തീയതി : ..................................... സമയം :150 മിനിട്ട്

| പ്രവർത്തനം | പ്രതികരണം |
|---|---|
| പ്രവേശകം<br>ബീർബലിന്റെ ചിത്രം ക്ലാസിൽ പ്രദർശിപ്പിക്കുന്നു.<br>ഇതാരെന്ന് പറയാമോ?<br>(ഇതാണ് ബീർബൽ. അക്ബർ ചക്രവർത്തിയുടെ സദസിലെ മന്ത്രിമാരിൽ പ്രധാനി. അദ്ദേഹം വളരെ ബുദ്ധിമാനും രസികനും ആയിരുന്നു.)<br>ബീർബലിന്റെ 'സ്വപ്നത്തിലെ കടം'എന്ന കഥ അധ്യാപിക പറയുന്നു (എച്ച് ബി പേജ് 131).<br>കഥ ഇഷ്ടമായോ? ഇതുപോലെ ബീർബലിനെക്കുറിച്ച് രസകരമായ ധാരാളം കഥകളുണ്ട്. ബീർബലിന്റെ ഒരു കഥ പാഠപുസ്തകത്തിലുണ്ട്. വായിച്ചു നോക്കൂ.<br>പ്രവർത്തനം 2 | |

| | |
|---|---|
| പാഠപുസ്തക വായന – വ്യക്തിഗതം (പിന്നാക്കക്കാരെ വായനയിൽ അധ്യാപിക വ്യക്തിഗത പിന്തുണ നല്കും. CWSN കുട്ടികൾക്ക്  പാഠപുസ്തകത്തിലെ ചിത്രങ്ങളുടെ സഹായത്തോടെ ആശയഗ്രഹണത്തിന് പിന്തുണ നല്കും).<br>പ്രയാസമുള്ള പദങ്ങൾ അടിവരയിടുന്നതിന് നിർദേശിക്കുന്നു (ബീർബലിന്റെ ഈ കഥ നമുക്ക് നാടകമാക്കി ക്ലാസ് പി ടി എ/ ബാലസഭ/ വാർഷികം എന്നിവയിൽ അവതരിപ്പിക്കണം എന്ന് പാഠത്തിന്റെ തുടക്കത്തിൽ തന്നെ കുട്ടികളോട് പറയണം.നാടകാവിഷ്കാരത്തിനുള്ള ചിന്ത ഓരോ ഘട്ടത്തിലും കുട്ടികളിലുണ്ടാകുന്നതിന് ഇത് സഹായിക്കും)വായന നടന്നു എന്നുറപ്പിക്കുന്നതിനായി രണ്ടോ മൂന്നോ ചോദ്യങ്ങൾ ഉന്നയിക്കുന്നു (പ്രതികരണത്തിന് പിന്നാക്കക്കാർക്ക് ആദ്യ അവസരം)<br>എന്തായിരുന്നു ചക്രവർത്തിയുടെ പേര്?<br>ചക്രവർത്തി ആരോടാണ് പഠനം തുടങ്ങാനുള്ള ഏർപ്പാടുകൾ ചെയ്യാൻ പറഞ്ഞത്? ആൾക്കൂട്ടത്തിൽ ബീർബൽ ചെന്നത് ആരുടെ അടുത്തേക്കാണ്?<br><br>**സംഘവായന**<br>ആശയങ്ങൾ ഗ്രൂപ്പിൽ പങ്കുവയ്ക്കുന്നു. പ്രയാസമുള്ള പദങ്ങൾ അവയുടെ അർഥം എന്നിവയും പങ്കുവെക്കണം.<br>ഓരോ ഗ്രൂപ്പിനും രണ്ടോ മൂന്നോ ചോദ്യങ്ങൾ വീതം ആശയഗ്രഹണത്തിനായി നല്കുന്നു.<br>1. അക്ബർ ചക്രവർത്തി എന്താണ് ബീർബലിനോട് ആവശ്യപ്പെട്ടത്?<br>2. അടുത്ത പ്രഭാതത്തിൽ ചക്രവർത്തിയെ അമ്പരപ്പിച്ച കാഴ്ചയെന്ത്? | |

| | |
|---|---|
| 3. ചക്രവർത്തി ബീർബലിനോട് കോപിച്ചതെന്തിനാവാം?<br>4. ബീർബൽ എന്താണ് അദ്ദേഹത്തെ ബോധ്യപ്പെടുത്തിയത്?<br>5. ബീർബലിന്റെ മറുപടിക്ക് ചക്രവർത്തി എങ്ങനെയാണ് പ്രതികരിച്ചത്?<br>6. വൃദ്ധ അക്ബർ ചക്രവര്ത്തിയെ വന്ദിച്ച് പറഞ്ഞതെന്താണ്?<br>7. ആരായിരിക്കാം വൃദ്ധ?<br>ഗ്രൂപ്പ് ചർച്ചയിലൂടെ ഉത്തരത്തിലെത്തുന്നു.<br>ഗ്രൂപ്പ് അവതരണം.<br>ക്രോഡീകരണം.<br><br>പ്രവർത്തനം 4 വായിക്കാം കണ്ടെത്താം<br>ടി ബി പേജ് 62. വ്യക്തിഗത രചന.ഗ്രൂപ്പിൽ<br>പങ്കുവെക്കൽ.അവതരണം.കൃത്യതപ്പെടുത്തൽ - ക്രോഡീകരണം.<br><br>**വാക്യങ്ങൾ കണ്ടെത്താം.**<br>?(കാകു/ ചോദ്യ ചിഹ്നം),<br>! (വിക്ഷേപിണി)<br>എന്നീ ചിഹ്നങ്ങൾ വരുന്ന പരമാവധി വാക്യങ്ങൾ പാഠഭാഗത്തു നിന്നും<br>കണ്ടെത്തി എഴുതുന്നു. (വ്യക്തിഗതം)<br>ഈ ചിഹ്നങ്ങൾ എന്തിനെ സൂചിപ്പിക്കുന്നു?<br>ഊഹിച്ചു പറയാനവസരം.<br>**ശ്രാവ്യവായന**<br>ചങ്ങലവായന/ അധ്യാപിക നിർദേശിക്കുന്ന ഭാഗം/ കഥയുടെ സൂചന നല്കി ആ<br>ഭാഗം കണ്ടെത്തി വായന. | |

| | |
|---|---|
| വിലയിരുത്തൽ സൂചകങ്ങൾ<br>ഉച്ചാരണ ശുദ്ധി, ഒഴുക്ക് എന്നിവയോടെ വായിക്കുന്നു.<br>ഭാവം ഉൾക്കൊണ്ട് വായിക്കുന്നു.<br>വ്യക്തതയോടെ ഉച്ചത്തിൽ വായിക്കുന്നു.<br><br>**കണ്ടെത്താം**<br>കുട്ടികളെ ഗ്രൂപ്പാക്കുന്നു. ടി ബി പേജ് 60 കണ്ടെത്താം എന്ന പ്രവർത്തനത്തിന് ഉത്തരം കണ്ടെത്തി എഴുതുന്നു ഗ്രൂപ്പ് അവതരണം കൃത്യതപ്പെടുത്തൽ ക്രോഡീകരണം<br><br>അർഥം കണ്ടെത്താം<br>മൂന്ന് പേർ വീതമുള്ള ഗ്രൂപ്പിൽ വായനയുടെ സമയത്ത് അടിവരയിട്ട പ്രയാസമുള്ള പദങ്ങൾ നോട്ട്ബുക്കിൽ എഴുതുന്നു. അർഥം ഊഹിച്ചെഴുതുന്നു. നിഘണ്ടു/ അർഥ സൂചിക നോക്കി അർഥം ഉറപ്പിക്കുന്നു<br><br>**എന്തൊക്കെ പഠിപ്പിക്കും**<br>കൃഷിക്കാരനായ ഒരാൾക്ക് എന്തൊക്കെ കാര്യങ്ങളാവും ചക്രവർത്തിയെ പഠിപ്പിക്കാനാവുക?<br>സ്വതന്ത്ര പ്രതികരണം<br>ചാർട്ടിൽ രേഖപ്പെടുത്തൽ<br>ക്രമീകരിക്കൽ<br>നോട്ട്ബുക്കിൽ ക്രോഡീകരണം (നിലമൊരുക്കൽ, വിതയ്ക്കൽ, നടീൽ, ജലസേചനം, | |

| | |
|---|---|
| വളപ്രയോഗം, കീടനാശിനി പ്രയോഗം, വിളവെടുക്കൽ...)<br>കുട്ടികളെ മൂന്ന് പേർ വീതമുള്ള ഗ്രൂപ്പാക്കുന്നു.<br>ഓരോ ഗ്രൂപ്പിനും ഓരോ തൊഴിൽ മേഖല നല്കുന്നു.(കച്ചവടക്കാർ, ആക്രിക്കാർ, കാലിമേക്കുന്നവർ, ഗുമസ്തൻമാർ, ആധാരമെഴുത്തുകാർ, സന്യാസിമാർ..)<br>ഗ്രൂപ്പ് ചർച്ച<br>അവതരണം<br>ക്രോഡീകരണം | |

വിലയിരുത്തൽ : ശ്രാവ്യവായന

റഫറൻസ് :

തുടർ പ്രവർത്തനങ്ങൾ : നിങ്ങളുടെ വീട്ടിൽ വിവിധ തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നവർ ഉണ്ടല്ലോ. ഏതെങ്കിലും ഒരു തൊഴിലിനെക്കുറിച്ച് അന്വേഷിച്ച് കുറിപ്പ് തയ്യാറാക്കുക

റിഫ്ലക്ഷൻ നോട്ട് :

**പഠനനേട്ടം : .തത്സമയ വിവരണം, വിളംബരം എന്നിവ സ്വന്തം ഭാഷയിൽ ഉചിതമായ രീതിയിൽ തയാറാക്കി അവതരിപ്പിക്കുന്നു**

പ്രവർത്തനത്തിന്റെ പേര് : തത്സമയ വിവരണം (വള്ളംകളി), ദൃക്സാക്ഷി വിവരണം, കുട്ടികൾക്കായുള്ള ഫുട്ബോൾ മത്സരം, മഹാഭാരതം യുദ്ധകാണ്ഡം സൂചന (ഗാന്ധാരീ വിലാപം)

ആശയങ്ങൾ, മൂല്യങ്ങൾ ധാരണകൾ : പ്രകൃതിയിലെ സർവചരാചരങ്ങളും ഒരുതരത്തിൽ അല്ലെങ്കിൽ മറ്റൊരു തരത്തിൽ നമ്മെ പലതും പഠിപ്പിക്കുന്നുണ്ട്

വിനോദങ്ങൾ മാനസികവും ശാരീരികവുമായ ഇല്ലാത്തതിന് ഉതകുന്നതോടൊപ്പം വളർച്ചയെസഹായിക്കുകയുംചെയ്യുന്നു. ബുദ്ധിപരവും ശാരീരികവും ആയ വിനോദങ്ങൾ ഉണ്ട്.പ്രദേശത്തിന് സ്വന്തമായി.കളികൾ വിനോദങ്ങളും ഉണ്ട്.സംഘബോധം, സഹകരണം,നേതൃപാടവം, ആത്മവിശ്വാസം തുടങ്ങിയവ വളർത്തുന്നതിന് കളികളും വിനോദങ്ങളും സഹായിക്കുന്നു.വള്ളംകളി ഇത്തരത്തിലുള്ള ഒരു വിനോദമാണ് കളിയാണെന്ന്  നാം കരുതുന്നവ ഉന്നതമായ ജീവിത  മൂല്യങ്ങളും പാഠങ്ങളും ഉൾക്കൊള്ളുന്നവ കൂടിയാണ്.

പഠന സാമഗ്രികൾ: പാഠപുസ്തകം, ക്രിക്കറ്റ് കമന്ററി

പ്രതീക്ഷിത ഉല്പന്നങ്ങൾ: ദൃക്സാക്ഷി വിവരണം പതിപ്പ്

തീയതി : .....................................                സമയം : 45 മിനിട്ട്

| പ്രവർത്തനം | പ്രതികരണം |
|---|---|
| പ്രവർത്തനം1<br>വള്ളംകളി ദൃക്സാക്ഷി വിവരണം. ചാർട്ടിൽ എഴുതി പ്രദർശിപ്പിക്കുന്നു.എല്ലാവർക്കും വായിക്കുന്നതിനുള്ള അവസരം നൽകുന്നു. തുടർന്ന് ഗ്രൂപ്പ് തല ചർച്ച നടത്തുന്നു. ഗ്രൂപ്പിന്റെ അവതരണം നടക്കുന്നു. എങ്ങനെയാണ്  ദൃക്സാക്ഷിവിവരണം എഴുതേണ്ടത് എന്നതിനെക്കുറിച്ച് ധാരണ ഉറപ്പിക്കുന്നു.കളിയുടെ പേര്, കളിസ്ഥലം, കളിക്കാരുടെ എണ്ണം, ഉപകരണങ്ങൾ, കളിക്കുന്നവരുടെ ചലനങ്ങൾ, എന്നിവ ഉൾപ്പെടുത്തണം.<br>പ്രവർത്തനം 2<br>കുട്ടികളുമായി ഗ്രൗണ്ടിലേക്ക് പോകുന്നു. കളിക്കാർ ഗ്രൗണ്ടിൽ ഇറങ്ങുന്നു. | |

| | |
|---|---|
| കളിക്കാരെ പരിചയപ്പെടുത്തുന്നു. കളി തുടങ്ങുന്നു.<br>കുട്ടികൾ വ്യക്തിഗതമായി നിരീക്ഷിച്ച് വിവരണം തയ്യാറാക്കുന്നു. വീണ്ടും ക്ലാസിൽ എത്തുന്നു .കുറച്ചു കുട്ടികൾ അവതരിപ്പിക്കുന്നു. ഗ്രൂപ്പ് തിരിക്കുന്നു. ഗ്രൂപ്പ് ചർച്ചയിലൂടെ മെച്ചപ്പെടുത്തി എഴുതുന്നു.ഗ്രൂപ്പ് തല അവതരണം. എഡിറ്റിങ്.ടീച്ചേഴ്സ് വേർഷൻ. വീണ്ടും വ്യക്തിഗതമായി മെച്ചപ്പെടുത്തി എഴുതി വിസ്മയ ചുവരിലേക്ക് മാറ്റുന്നു.<br>ഫുട്ബോൾ<br>ആലന്തറ സ്കൂൾതല ഫുട്ബോൾ മത്സരം നടക്കുകയാണ് .ഇതാ കളി ആരംഭിച്ചുകഴിഞ്ഞു.ഇരുടീമുകളും ഗ്രൗണ്ടിൽ നിരന്നുകഴിഞ്ഞു.അതാ റഫറിയുടെ ആദ്യ വിസിൽ മുഴങ്ങി. 7B യിലെ കുട്ടികൾ പന്ത് തട്ടി തുടങ്ങിയിരിക്കുന്നു. അതാ പന്ത് പരസ്പരം പാസ് ചെയ്യുന്നു. അഭിനന്ദ് സൗരവിന് പാസ് ചെയ്യുന്നു. സൗരവ് പന്തുമായി മുന്നോട്ടു പോവുകയാണ്. 7Aയിലെ സച്ചു പന്ത് തടയുന്നു.7Aയിലെ ആദർശിന് പന്ത് കൈമാറി. ആദർശ പന്തുമായി മുന്നോട്ടുനീങ്ങുന്നു. ഗോൾമുഖത്തേക്ക് വേഗത്തിൽ നീങ്ങിയ അശ്വിന് പാസ് നൽകിക്കഴിഞ്ഞു. അശ്വിൻ ഇടതു ഭാഗത്ത് നിന്നും ഗോൾമുഖത്തേക്ക് ഗോളടിച്ചു. ഗോളി ചാടിയിട്ടും ബോൾ കിട്ടിയില്ല.ഗോൾ...............! | |

വിലയിരുത്തൽ : ദൃക്സാക്ഷി വിവരണം

റഫറൻസ് :

തുടർ പ്രവർത്തനങ്ങൾ :

റിഫ്ലക്ഷൻ നോട്ട് :

**പഠനനേട്ടം : തത്സമയ വിവരണം, വിളംബരം എന്നിവ സ്വന്തം ഭാഷയിൽ ഉചിതമായ രീതിയിൽ തയാറാക്കി അവതരിപ്പിക്കുന്നു**

പ്രവർത്തനത്തിന്റെ പേര് :വിളംബരം കേൾക്കുന്നു(ഐ സി ടി സഹായത്തോടെ), വിളംബരം തയ്യാറാക്കുന്നു

ആശയങ്ങൾ, മൂല്യങ്ങൾ ധാരണകൾ : തത്സമയ വിവരണം, വിളംബരം എന്നിവ സ്വന്തം ഭാഷയിൽ ഉചിതമായ രീതിയിൽ തയ്യാറാക്കി അവതരിപ്പിക്കുന്നു

പഠന സാമഗ്രികൾ: വിളംബരം ആഡിയോ, വീഡിയോ

പ്രതീക്ഷിത ഉല്പന്നങ്ങൾ: നാടകം - തത്സമയ വിവരണം, വിളംബരം എന്നിവ സ്വന്തം ഭാഷയിൽ ഉചിതമായ രീതിയിൽ തയ്യാറാക്കി അവതരിപ്പിക്കുന്നു

തീയതി : .....................................                    സമയം :45 മിനിട്ട്

| | |
|---|---|
| പ്രവേശക പ്രവർത്തനം<br>ബീർബലിനോട് രാജാവ് പറഞ്ഞു 'ബീർബൽ എനിക്ക് വേണ്ടത്ര പാണ്ഡിത്യം ഇല്ല. എനിക്കറിഞ്ഞു കൂടാത്തതായി ഒരുപാട് കാര്യങ്ങളുണ്ട്. എനിക്ക് എല്ലാം പഠിക്കണം” രാജാവിന്റെ കല്പന പ്രകാരം വിവിധ മേഖലകളിൽ പാണ്ഡിത്യമുള്ളവർ കൊട്ടാരത്തിലെത്തിച്ചേരണമെന്ന് ബീർബൽ ജനങ്ങളെ | |

| | |
|---|---|
| അറിയിച്ചു. എങ്ങനെയെല്ലാമായിരിക്കും ബീർബൽ ജനങ്ങളെ അറിയിച്ചിട്ടുണ്ടാവുക? സ്വതന്ത്ര പ്രതികരണം പുതിയകാലത്തും പഴയകാലത്തുമുള്ള അറിയിപ്പ് സംവിധാനങ്ങളെക്കുറിച്ച് ലഘു ചർച്ച<br><br>**വിളംബരം വീഡിയോ പ്രദര്ശനം**<br>രാജകല്പനകൾ പ്രജകളെ അറിയിക്കാനായി പഴയകാലത്ത് നിലവിലുണ്ടായിരുന്ന ഒരു രീതി നമുക്ക് കാണാം.വിളംബരത്തിന്റെ വീഡിയോ ക്ലിപ്പിംഗ് കാണിക്കുന്നു<br>1. അറിയിപ്പു നല്കുന്ന ഈ രീതിയുടെ പേര് എന്താണ്?<br>2. വിളംബരം നടത്താനുപയോഗിക്കുന്ന ഉപകരണം ഏതാണ്?<br>3. വിളംബരത്തിന്റെ ഭാഷയുടെ സവിശേഷത എന്താണ്?<br>4. രാജാവ് പറഞ്ഞതനുസരിച്ച് ബീർബൽ വിവിധ മേഖലകളിൽ പാണ്ഡിത്യമുള്ളവരെ കണ്ടെത്തുന്നതിനു വേണ്ടി തയ്യാറാക്കിയ വിളംബരം എങ്ങനെയുള്ളതായിരിക്കും?<br>വ്യക്തിഗത രചന.<br>അവതരണം.<br>മൂന്നുപേരടങ്ങുന്ന ഗ്രൂപ്പിൽ ചർച്ച, മെച്ചപ്പെടുത്തൽ<br>ഗ്രൂപ്പവതരണം. ക്രോഡീകരണം.<br>തുടർന്ന് ഓരോ ഗ്രൂപ്പും അവർ തയ്യാറാക്കിയ വിളംബരം അംഗവിക്ഷേപങ്ങളോടെയും. ശബ്ദവിന്യാസത്തോടെയും അവതരിപ്പിക്കുന്നു.<br>**തുടർ പ്രവർത്തനം**<br>സ്കൂൾ ലീഡറെ കണ്ടെത്തുന്നതിന് ഹെഡ്മാസ്റ്റർ പുറപ്പെടുവിക്കാനുദ്ദേശിക്കുന്ന വിളംബരം തയ്യാറാക്കുക<br>**അനുരൂപീകരണം**<br>*കാഴ്ചക്കുറവ് - വിളംബരങ്ങൾ ധാരാളമായി കേൾക്കാനും പറയാനുമുള്ള | |

| | |
|---|---|
| അവസരം ഉണ്ടാക്കുക.<br>*കേൾവിക്കുറവ് - വിളംബരം സ്പീച്ച് ബലൂണിലെഴുതാനുള്ള അവസരം നല്കുക<br>*മാനസിക വെല്ലുവിളി നേരിടുന്നവർ- വിളംബരം നടത്തുന്നത് അനുകരിപ്പിക്കാം | |

വിലയിരുത്തൽ : വിളംബരം (വ്യക്തിഗതമായി തയ്യാറാക്കുന്നതും ഗ്രൂപ്പിൽ തയ്യാറാക്കുന്നതും)

റഫറൻസ് :

തുടർ പ്രവർത്തനങ്ങൾ :

റിഫ്ലക്ഷൻ നോട്ട് :

**പഠനനേട്ടം : കഥയെ നാടകമാക്കി അവതരിപ്പിക്കുന്നു**

പ്രവർത്തനത്തിന്റെ പേര് :

ആശയങ്ങൾ, മൂല്യങ്ങൾ ധാരണകൾ :

പഠന സാമഗ്രികൾ: നാടകം - വീഡിയോ (പുഴ കേഴുന്നു). സ്ക്രിപ്റ്റ് - പുഴ കേഴുന്നു. വായന സാമഗ്രി -സ്വപ്നത്തിലെ കടം.

പ്രതീക്ഷിത ഉല്പന്നങ്ങൾ: നാടകം - സ്ക്രിപ്റ്റ്

തീയതി : ..................................... സമയം : 180 മിനിട്ട്

| പ്രവർത്തനം | പ്രതികരണം |
|---|---|

| | |
|---|---|
| പ്രവർത്തനം 1<br>നാടകം -വീഡിയോ പ്രദർശനം, ചർച്ച (നാടകത്തിന്റെ പേര്, കഥാപാത്രങ്ങൾ, എത്ര രംഗങ്ങൾ നാടകത്തിന്റെ ആശയം...)<br>പ്രവർത്തനം 2<br>**പുഴ കേഴുന്നു സ്ക്രിപ്റ്റ് വിശകലനം**<br>പുഴ കേഴുന്നു സ്ക്രിപ്റ്റ് ഗ്രൂപ്പിൽ നല്കുന്നു.<br>ഗ്രൂപ്പ് ചർച്ച<br>ചർച്ചാ സൂചകങ്ങൾ<br>1. ഈ നാടകത്തിലെ കഥാപാത്രങ്ങൾ ആരെല്ലാം?<br>2. എത്ര രംഗങ്ങൾ ഉണ്ട്?<br>3. കഥാപാത്രങ്ങളുടെ ഭാവം, പ്രവൃത്തി എന്നിവ സ്ക്രിപ്റ്റിൽ എങ്ങനെയാണ് സൂചിപ്പിച്ചിരിക്കുന്നത്?<br>4. ...<br>സ്ക്രിപ്റ്റ് തയ്യാറാക്കുന്നതിന്റെ സൂചകങ്ങൾ ക്രോഡീകരിക്കുന്നു<br>പ്രവർത്തനം 3<br>**സ്ക്രിപ്റ്റ് തയ്യാറാക്കൽ**<br>ആരു പഠിപ്പിക്കും എന്ന കഥയെ നാടകമാക്കുന്നതിന് സ്ക്രിപ്റ്റ് തയ്യാറാക്കൽ.<br>വ്യക്തിഗതം. രണ്ടോ മൂന്നോ കുട്ടികളുടെ അവതരണം. | |

| | |
|---|---|
| പരസ്പര വിലയിരുത്തൽ.ഗ്രൂപ്പിൽ മെച്ചപ്പെടുത്തൽ.അവതരണം.<br>വിലയിരുത്തൽ.<br>ഒരു ഗ്രൂപ്പിന്റെ സ്ക്രിപ്റ്റ് എഡിറ്റ് ചെയ്യുന്നു.<br>ടീച്ചേഴ്സ് വേർഷൻ പ്രദർശിപ്പിക്കുന്നു.<br>ഓരോ ഗ്രൂപ്പും അവരുടെ സ്ക്രിപ്റ്റ് മെച്ചപ്പെടുത്തുന്നു.<br>സൂചകങ്ങൾ<br>*കഥാപാത്രങ്ങൾ, അനുയോജ്യമായ സംഭാഷണങ്ങൾ എന്നിവ<br>ഉൾപ്പെടുത്തിയിട്ടുണ്ടോ?<br>*കഥാപാത്രങ്ങളുടെ ഭാവം, പ്രവൃത്തി ഇവ സ്ക്രിപ്റ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ?<br>*കഥ നടക്കുന്ന സ്ഥലം മാറുന്നതിനനുസരിച്ച് രംഗത്തിന് മാറ്റം വന്നിട്ടുണ്ടോ?<br>*രംഗസജ്ജീകരണം ഉൾപ്പെടുത്തിയിട്ടുണ്ടോ?<br><br>പ്രവർത്തനം 4<br>**നാടകാവിഷ്കാരം**<br>നാടകാവതരണം -ഗ്രൂപ്പ് ചർച്ച<br>റിഹേഴ്സൽ, അവതരണം, വിലയിരുത്തൽ.<br>(രക്ഷിതാക്കളുടെ പങ്കാളിത്തത്തോടെ വേഷഭൂഷാദികളോടെ പൊതുവേദിയിൽ -<br>ക്ലാസ്പി ടി എ/ ബാലസഭ/ വാർഷികം- അവതരിപ്പിക്കാനുള്ള അവസരം ഒരുക്കണം)<br>സൂചകങ്ങൾ<br>*സംഭാഷണം<br>*അഭിനയം | |

| | |
|---|---|
| *വേഷം<br>*രംഗചലനം<br>**തുടർ പ്രവർത്തനം**<br>സ്വപ്നത്തിലെ കടം എന്ന കഥ നാടകാവിഷ്കാരം നടത്തുന്നതിന് സ്ക്രിപ്റ്റ് തയ്യാറാക്കുന്നു<br>**അനുരൂപീകരണം**<br>*കാഴ്ചക്കുറവ് -നിരവധി നാടകങ്ങളുടെ ആഡിയോ കേൾക്കാനവസരം നല്കണം.നാടകത്തിനു വേണ്ടി സംഭാഷണം തയ്യാറാക്കുന്നതിൽ പങ്കാളിയാകാൻ അവസരം നല്കണം. നാടകത്തിന്റെ അനൗൺസ്മെന്റിന് അവസരം നല്കണം.<br>*കേൾവിക്കുറവ് - രംഗസജ്ജീകരണം ഒരുക്കാൻ മറ്റ് കുട്ടികളോടൊപ്പം അവസരം നല്കണം. കോറസ് ആയുള്ള കഥാപാത്രങ്ങളുള്ള നാടകങ്ങളിൽ ഒരാളാകാനവസരം നല്കണം.<br>*മാനസിക വെല്ലുവിളി നേരിടുന്നവർ- ചെറിയ കഥാപാത്രങ്ങളാകാൻ അവസരം നല്കണം | |

പഠനനേട്ടം : ബീർബൽ കഥ വായിച്ച് ആസ്വാദന കുറിപ്പ് തയ്യാറാക്കുന്നു

പ്രവർത്തനത്തിന്റെ പേര് : ആസ്വാദനക്കുറിപ്പ് തയ്യാറാക്കൽ

ആശയങ്ങൾ, മൂല്യങ്ങൾ ധാരണകൾ : ബീർബൽ.കഥയിലെ നർമബോധവും ജീവിതപാഠങ്ങളും ആകർഷണീയമാണ്.

പഠന സാമഗ്രികൾ: ടി ബി, സ്വപ്നത്തിലെ കടം (പി ഡി എഫ്)

പ്രതീക്ഷിത ഉല്പന്നങ്ങൾ: ആസ്വാദനക്കുറിപ്പ്

തീയതി : .....................................          സമയം :45 മിനിട്ട്

| പ്രവർത്തനം | പ്രതികരണം |
|---|---|
| പ്രവർത്തനം 1<br>**ആസ്വാദനക്കുറിപ്പ് തയ്യാറാക്കൽ**<br>ആസ്വാദനപ്പട്ടിക തയ്യാറാക്കൽ.<br>ഗ്രൂപ്പിൽ ആസ്വാദനപ്പട്ടിക പൂർത്തിയാക്കുന്നു.<br>അവതരണം, ചർച്ച, ക്രോഡീകരണം.<br>ആസ്വാദനപ്പട്ടിക പരിഗണിച്ചുകൊണ്ട് ആസ്വാദനക്കുറിപ്പ് തയ്യാറാക്കുന്നു.<br>വ്യക്തിഗത രചന.<br>മൂന്നോ നാലോ കുട്ടികളുടെ അവതരണം.<br>ഗ്രൂപ്പിൽ മെച്ചപ്പെടുത്തൽ. ഗ്രൂപ്പവതരണം. വിലയിരുത്തൽ.<br>ടീച്ചേഴ്സ് വേർഷൻ പ്രദർശിപ്പിക്കുന്നു.<br>സ്വന്തം ആസ്വാദനക്കുറിപ്പ് മെച്ചപ്പെടുത്തുന്നു.<br>ആസ്വാദനക്കുറിപ്പുകൾ വിസ്മയച്ചുമരിലേക്ക് | |

വിലയിരുത്തൽ : ആസ്വാദനക്കുറിപ്പ്

റഫറൻസ് :

തുടർ പ്രവർത്തനങ്ങൾ :

റിഫ്ലക്ഷൻ നോട്ട് :

**പഠനനേട്ടം : പ്രകൃതിയിലെ സർവ്വ ചരാചരങ്ങളും ഒരു തരത്തിലല്ലെങ്കിൽ മറ്റൊരു തരത്തിൽ നമ്മെ പലതും പഠിപ്പിക്കുന്നുണ്ട് എന്ന് തിരിച്ചറിഞ്ഞ് സഹജീവി സ്നേഹം വളർത്തുന്നു.**

പ്രവർത്തനത്തിന്റെ പേര് :

ആശയങ്ങൾ, മൂല്യങ്ങൾ ധാരണകൾ : പ്രകൃതിയിലെ സർവചരാചരങ്ങളും ഒരു തരത്തിൽ അല്ലെങ്കിൽ മറ്റൊരുതരത്തിൽ നമ്മെ പലതും പഠിപ്പിക്കുന്നുണ്ട് മലയാളനാടിന്റെ പ്രകൃതിഭംഗി ആരെയും ഏറെ ആകർഷിക്കുന്നു.
കേരളീയ പ്രകൃതിയുടെ സവിശേഷതകളും സൗന്ദര്യവും ആസ്വദിക്കുന്നതിലൂടെ സ്വന്തം നാടിനെക്കുറിച്ച് അഭിമാനിക്കാൻ നമുക്ക് കഴിയുന്നു.

പഠന സാമഗ്രികൾ:

പ്രതീക്ഷിത ഉല്പന്നങ്ങൾ:

തീയതി : .....................................                 സമയം : 45 മിനിട്ട്

| പ്രവർത്തനം | പ്രതികരണം |
| --- | --- |
| കേരളത്തിന്റെ സവിശേഷതകൾ (കലാരൂപങ്ങൾ, ഭൂപ്രകൃതി, ആഘോഷങ്ങൾ, ഉത്സവങ്ങൾതുടങ്ങിയവ) ഉൾക്കൊള്ളുന്ന ഒരു വീഡിയോ പ്രദർശിപ്പിക്കുന്നു (സിഗ്നേച്ചർ വീഡിയോ ഓഫ് കേരള ടൂറിസം, ശ്യാമ സുന്ദര കേര കേദാര ഭൂമി തുടങ്ങിയ വീഡിയോകൾ ഉപയോഗിക്കാം)<br>**ചർച്ച**<br>കേരളത്തിന്റെ സവിശേഷതകൾ<br>വീഡിയോയിൽ കേരളത്തിന്റെ എന്തെല്ലാം സവിശേഷതകൾ കണ്ടു ?<br>(കലാരൂപങ്ങൾ, ഭൂപ്രകൃതി, ആഘോഷങ്ങൾ, കാലാവസ്ഥ, ഉത്സവങ്ങൾ എന്നീ സവിശേഷതകളാണ് ചർച്ച ചെയ്യേണ്ടത്)<br>വ്യക്തിഗതമായി കുറിക്കുന്നു.അവതരണം<br>വീഡിയോയിൽ കണ്ട കാഴ്ചകൾ കുട്ടികൾ അവതരിപ്പിക്കുന്നത് അധ്യാപിക ചാർട്ടിൽ ക്രോഡീകരിക്കുന്നു. കുട്ടികൾ നോട്ടുബുക്കിൽ കൂട്ടിച്ചേർക്കുന്നു.<br>കേരളത്തിന്റെ സവിശേഷതകൾ വിളിച്ചോതുന്ന വീഡിയോയിൽ കണ്ട ചില ദൃശ്യങ്ങൾ പാഠപുസ്തകത്തിലെ 87-ാം പേജിലുണ്ട്. ചിത്രം നിരീക്ഷിച്ച് എന്തൊക്കെയെന്ന് തിരിച്ചറിയൂ.<br>പാഠപുസ്തകത്തിലെ ചിത്രം നിരീക്ഷണം (പേജ് 87)<br>ചിത്രത്തിൽ ഉള്ള എഴുത്താണി, തെയ്യം, തുള്ളൽ, തെങ്ങോല എന്നിവയെ | |

| | |
|---|---|
| കുറിച്ചുള്ള ചർച്ച.<br>(എഴുത്താണി എന്തിന് ഉപയോഗിക്കുന്നു?<br>എഴുത്താണിക്ക് പകരം ഇപ്പോൾ എന്തൊക്കെ ഉപയോഗിക്കുന്നു?<br>തെയ്യം നിങ്ങൾ എവിടെയാണ് കണ്ടിട്ടുള്ളത് ?<br>തുള്ളലിനെക്കുറിച്ച് നിങ്ങൾക്കെന്തറിയാം?) | |

വിലയിരുത്തൽ : വായന, കവിതാലാപനം, കവിത

റഫറൻസ് :

തുടർ പ്രവർത്തനങ്ങൾ :

റിഫ്ലക്ഷൻ നോട്ട് :

**പഠനനേട്ടം : വ്യത്യസ്ത വായ്ത്താരികൾ ശേഖരിക്കുന്നു, ഈണത്തിൽ അവതരിപ്പിക്കുന്നു.**

പ്രവർത്തനത്തിന്റെ പേര് : **പാടി രസിക്കാം.**

ആശയങ്ങൾ, മൂല്യങ്ങൾ ധാരണകൾ : സംഘബോധം, സഹകരണം, നേതൃപാടവം, ആത്മ വിശ്വാസം തുടങ്ങിയവ വളർത്തുന്നതിന് കളികളും വിനോദങ്ങളും സഹായിക്കുന്നു. വള്ളംകളി ഇത്തരത്തിലുള്ള ഒരു വിനോദമാണ്

പഠന സാമഗ്രികൾ: നാടൻപാട്ട് ( വീഡിയോ, ഓഡിയോ)

പ്രതീക്ഷിത ഉല്പന്നങ്ങൾ: നാടൻപാട്ട്

തീയതി : .................................... സമയം :45. മിനിട്ട്

| പ്രവർത്തനം | |
|---|---|
| പ്രവർത്തനം 1<br>വായ്ത്താരികൾ, നാടൻ പാട്ട് ദൃശ്യാവിഷ്കാരം (വീഡിയോ).വായ്ത്താരി വരുന്ന ഭാഗം ആവർത്തിക്കുന്നു. വായ്ത്താരിയെക്കുറിച്ച് ചർച്ച.<br>കുട്ടികൾക്ക് അറിയാവുന്ന വായ്ത്താരികൾ ചൊല്ലാൻ അവസരം.<br>വ്യക്തിഗതം, ഗ്രൂപ്പ് അവതരണം.വിലയിരുത്തൽ<br>**പാടി രസിക്കാം.**<br>പാഠപുസ്തകത്തിലെ കവിതാ വായന .വ്യക്തിഗതം.<br>മൂന്നോ നാലോ കുട്ടികൾ അവതരിപ്പിക്കുന്നു.<br>സ്വന്തമായി ഈണം കണ്ടെത്തി സംഘവായന.<br>ഗ്രൂപ്പിൽ ഈണം കണ്ടെത്തൽ. ഗ്രൂപ്പ് അവതരണം.വിലയിരുത്തൽ.<br>അധ്യാപികയുടെ അവതരണം.<br>**വഞ്ചിപ്പാട്ട് വീഡിയോ ഓഡിയോ പ്രദർശനം.**അധ്യാപികയും കുട്ടികളും ചേർന്ന് ആലാപനം.<br>വിലയിരുത്തൽ സൂചകങ്ങൾ :<br>*ഈണത്തിലും താളത്തിലും അവതരിപ്പിക്കുന്നു.<br>*ഉച്ചാരണ ശുദ്ധിയോടെ അവതരിപ്പിക്കുന്നു.<br>*ഭാവം ഉൾക്കൊണ്ട് അവതരിപ്പിക്കുന്നു | |

| | |
|---|---|
| **പ്രവർത്തന ഘട്ടം 3**<br>**പാടി അഭിനയിക്കാം.**<br>ഗ്രൂപ്പിൽ വഞ്ചിപ്പാട്ടിന്റെ ദൃശ്യാവിഷ്കാരം നടത്തുന്നതിനെക്കുറിച്ച് ചർച്ച.<br>ഗ്രൂപ്പ് അവതരണം. വിലയിരുത്തൽ.<br>**അനുരൂപീകരണം**<br>*കാഴ്ചക്കുറവുള്ള കുട്ടികളെ ഉൾപ്പെടുത്തുന്നു. | |

വിലയിരുത്തൽ : നാടൻപാട്ട് അവതരണം

റഫറൻസ് :

തുടർ പ്രവർത്തനങ്ങൾ :

റിഫ്ലക്ഷൻ നോട്ട് :

**പഠനനേട്ടം : പ്രകൃതിയിലെ സർവ്വചരാചരങ്ങളും ഒരുതരത്തിലല്ലെങ്കിൽ മറ്റൊരുതരത്തിൽ നമ്മെ പലതും പഠിപ്പിക്കുന്നുണ്ട് എന്ന് തിരിച്ചറിഞ്ഞ് സഹജീവിസ്നേഹം വളർത്തുന്നു.**

പ്രവർത്തനത്തിന്റെ പേര് : ഒളപ്പമണ്ണ കവിത

ആശയങ്ങൾ, മൂല്യങ്ങൾ ധാരണകൾ : പ്രകൃതിയിലെ സർവചരാചരങ്ങളും ഒരു തരത്തിൽ അല്ലെങ്കിൽ മറ്റൊരു തരത്തിൽ നമ്മെ പലതും പഠിപ്പിക്കുന്നുണ്ട്

പഠന സാമഗ്രികൾ: അധ്യാപക സഹായി ഒളപ്പമണ്ണ കവിത ആഡിയോ

കവിതയുടെ വരികൾ -പി ഡി എഫ് കോപ്പി

പ്രതീക്ഷിത ഉല്പന്നങ്ങൾ: താരതമ്യക്കുറിപ്പ്

തീയതി : .....................................          സമയം :45

| പ്രവർത്തനം | പ്രതികരണം |
|---|---|
| ഒളപ്പമണ്ണ കവിത ആഡിയോ കേൾപ്പിക്കുന്നു.<br>കവിതയുടെ വരികൾ -പി ഡി എഫ് കോപ്പി നല്കുന്നു / ചാർട്ട് പ്രദർശിപ്പിക്കുന്നു.<br>വിശകലന ചർച്ച.<br>ഒളപ്പമണ്ണ കവിതയിലെ ആശയങ്ങളും ആരു പഠിപ്പിക്കും എന്ന ബീർബൽ കഥയിലെ ആശയങ്ങളും തമ്മിലുള്ള ബന്ധം താരതമ്യം ചെയ്യുന്നു.<br>ചാർട്ടിൽ ആശയങ്ങൾ ക്രോഡീകരിക്കുന്നു.<br>പട്ടികയിൽ രണ്ട് കോളത്തിലായി ബീർബൽ കഥയുടേയും ഒളപ്പമണ്ണ കവിതയുടേയും ആശയങ്ങൾ ക്രോഡീകരിക്കണം.<br>പട്ടിക വിശകലനം.<br>താരതമ്യക്കുറിപ്പ് തയ്യാറാക്കുന്നു.<br>വ്യക്തിഗതം. രണ്ടോ മൂന്നോ പേരുടെ അവതരണം. ഗ്രൂപ്പിൽ മെച്ചപ്പെടുത്തൽ.<br>കൃത്യതപ്പെടുത്തി അവതരണം.<br>വിലയിരുത്തൽ.<br>ക്രോഡീകരണം (എച്ച് ബി പേജ് -134 | |

വിലയിരുത്തൽ : താരതമ്യക്കുറിപ്പ്

റഫറൻസ് :

തുടർ പ്രവർത്തനങ്ങൾ :

റിഫ്ലക്ഷൻ നോട്ട് :

# യൂണിറ്റ് 5 മധുരം

| നമ്പർ | പഠനനേട്ടം | പ്രവർത്തനം | പഠന സാമഗ്രികൾ | | | | |
|---|---|---|---|---|---|---|---|
| 1 | സവിശേഷതകൾ ഉൾക്കൊണ്ട് കവിത ചൊല്ലി ആസ്വദിക്കുന്നു | പ്രവേശകം, വായന, പറയാം എഴുതാം, കണ്ടെത്താം എഴുതാം, പട്ടികപ്പെടുത്താം, രുചികുറിക്കാം, ഈണത്തിൽ ചൊല്ലാം ചൊല്ലി രസിക്കാം, | | ആഹാരകാര്യത്തിൽ മഹത്തായ പാരമ്പര്യം നമുക്കുണ്ട്. ആരോഗ്യ സംരക്ഷണത്തിനു സഹായകമായതും പ്രകൃതിക്കിണങ്ങുന്നതുമായ ജീവിതശൈലികളും ഭക്ഷണരീതികളും നമ്മുടെ നാട്ടിലുണ്ട്. ഈ നന്മകൾ തിരിച്ചറിയുകയും സ്വീകരിക്കുകയും ചെയ്യേണ്ടതാണ്. അക്ഷരങ്ങളുടെ ആവർത്തനം, പദങ്ങളുടെ താളാത്മകമായ ക്രമീകരണം, സൂക്ഷ്മ സ്വഭാവമുള്ള വർണനകൾ, നർമ മധുരമായ ആഖ്യാനം, പരിഹാസം എന്നിവ തുള്ളൽ കവിതകളുടെ പ്രത്യേകതകളാണ് | തുള്ളൽ കവിതകളുടെ ശേഖരം | കവിതയ്ക്ക് ഈണം കണ്ടെത്തൽ | 45 |
| 2 | സവിശേഷതകൾ ഉൾക്കൊണ്ട് കവിത ചൊല്ലി ആസ്വദിക്കുന്നു | ചൊല്ലി രസിക്കാം.<br><br>കവിതാശേഖരണം. ക്രമപ്പെടുത്താം | പാഠപുസ്തകം | ഭക്ഷണവുമായി ബന്ധപ്പെട്ട ശൈലികൾ, ചൊല്ലുകൾ, കവിതകൾ എന്നിവ നമുക്കുണ്ട് | കവിതാലാപാനം | കവിതാലാപാനം | 45 |
| 3 | ചൊല്ലുകൾ കടങ്കഥകൾ, ശൈലികൾ | വീഡിയോ / ചിത്ര പ്രദർശനം,ചൊ | അരി തിളയ്ക്കുന്നത്, പപ്പടം, | ഭക്ഷണവുമായി ബന്ധപ്പെട്ട ശൈലികൾ, ചൊല്ലുകൾ, കവിതകൾ എന്നിവ നമുക്കുണ്ട് | ചൊല്ലുകൾ, കടങ്കഥകൾ, ശൈലികൾ | ചൊല്ലുകൾ, കടങ്കഥക | 45 |

| | | | | | | | |
|---|---|---|---|---|---|---|---|
| | എന്നിവ വ്യാഖ്യാനിക്കുന്നു | ല്ലുകൾ, കടങ്കഥകൾ, ശൈലികൾ വ്യാഖ്യാനിക്കൽ | ചേന, മത്തങ്ങ എന്നിവയുടെ വീഡിയോ/ ചിത്രം | | എന്നിവയുടെ വ്യാഖ്യാനം | ൾ, ശൈലികൾ എന്നിവയുടെ വ്യാഖ്യാനം | |
| 4 | പുതിയ ഭക്ഷണശീലവുമായി ബന്ധപ്പെട്ട ചർച്ചയിൽ പങ്കെടുക്കുന്നു. പ്രസംഗം തയ്യാറാക്കി അവതരിപ്പിക്കുന്നു | കുട്ടികൾ കഴിച്ച ആഹാരവുമായി ബന്ധപ്പെട്ട ചർച്ച, കുറിപ്പ് തയ്യാറാക്കൽ | ഹോട്ടലുകളിൽ നിന്നും പഴകിയ ഭക്ഷണം പിടിച്ചതുമായി ബന്ധപ്പെട്ട പത്രക്കട്ടിംഗുകൾ, ആരോഗ്യമാസികകൾ | ആരോഗ്യ സംരക്ഷണത്തിനു സഹായകമായതും പ്രകൃതിക്കിണങ്ങുന്നതുമായ ജീവിതശൈലികളും ഭക്ഷണരീതികളും നമ്മുടെ നാട്ടിലുണ്ട്. ഈ നന്മകൾ തിരിച്ചറിയുകയും സ്വീകരിക്കുകയും ചെയ്യേണ്ടതാണ്.നമ്മുടെ ഭക്ഷണശീലത്തിൽ ആരോഗ്യകരമല്ലാത്ത പല പ്രവണതകളും വർധിച്ചു വരുന്നുണ്ട് | ആഹാരവും ആരോഗ്യവും -കുറിപ്പ് | ചർച്ചയിലെ പങ്കാളിത്തം ആഹാരവും ആരോഗ്യവും - കുറിപ്പ് | 45 |
| 5 | നമ്മുടെ പഴയ ഭക്ഷണ സംസ്കാരം ആരോഗ്യ സംരക്ഷണത്തിന് ഏറെ ഉത്തമമായിരുന്നു എന്ന് അറിയുന്നു. പുതിയ ശീലങ്ങളുമാ | വീഡിയോ പ്രദർശനം - പഴയകാല ഭക്ഷണസാധനങ്ങൾ, വായന – ആശയഗ്രഹണ വായനയും ശ്രാവ്യവായനയും, അർഥം കണ്ടെത്താം പിരിച്ചെഴുതാം, വീഡിയോ | പാഠപുസ്തകം വീഡിയോ -പഴയകാല ഭക്ഷണസാധനങ്ങൾ, പഴയകാല വീട്ടുപകരണങ്ങൾ പഴയകാല വീട്ടുപകരണങ്ങൾ - ചിത്രം | 1. ആഹാരകാര്യത്തിൽ മഹത്തായ പാരമ്പര്യം നമുക്കുണ്ട് . ആരോഗ്യ സംരക്ഷണത്തിനു സഹായകമായതും പ്രകൃതിക്കിണങ്ങുന്നതുമായ ജീവിതശൈലികളും ഭക്ഷണരീതികളും നമ്മുടെ നാട്ടിലുണ്ട്. ഈ നന്മകൾ തിരിച്ചറിയുകയും സ്വീകരിക്കുകയും ചെയ്യേണ്ടതാണ് . നമ്മുടെ ഭക്ഷണശീലത്തിൽ ആരോഗ്യകരമല്ലാത്ത പല പ്രവണതകളും വർധിച്ചു വരുന്നുണ്ട് | ചർച്ചാക്കുറിപ്പുകൾ | ചർച്ചാക്കുറിപ്പുകൾ | 45 |

| | | | | | | | |
|---|---|---|---|---|---|---|---|
| | യി താരതമ്യം ചെയ്യു ന്നു | പ്രദർശനം - പഴയകാല വീട്ടുപകരണ ങ്ങൾ ,ശീലങ്ങ ൾ അന്വേഷിച്ചറി യാം | | | | | |
| 6 | പോസ്റ്റർ തയ്യാറാക്കു ന്നു | പോസ്റ്റർ പ്രദർശനം, പോസ്റ്റർ തയ്യാറാക്കൽ, പോസ്റ്റർ പതിപ്പ് | വിവിധ പോസ്റ്ററുകൾ | ആരോഗ്യ സംരക്ഷണത്തിനു സഹായകമായതും പ്രകൃതിക്കിണങ്ങുന്നതുമായ ജീവിതശൈലികളും ഭക്ഷണരീതികളും നമ്മുടെ നാട്ടിലുണ്ട്. ഈ നന്മകൾ തിരിച്ചറിയുകയും സ്വീകരിക്കുകയും ചെയ്യേണ്ടതാണ്. | പോസ്റ്റർ | പോസ്റ്റർ | 4 5 |
| 7 | പ്രകൃതി ദൃശ്യത്തെ ചിത്രീകരി ക്കുന്നു, പ്രസംഗം തയ്യാറാക്കു ന്നു | പ്രകൃതി ദൃശ്യം ചിത്രീകരണം, പ്രസംഗം - രചന, ആവിഷ്കാരം. | പ്രസംഗം ആഡിയോ | ആഹാരകാര്യത്തിൽ മഹത്തായ പാരമ്പര്യ നമുക്കുണ്ട്, ആരോഗ്യ സംരക്ഷണത്തിനു സഹായകമായതും പ്രകൃതിക്കിണങ്ങുന്നതുമായ ജീവിതശൈലികളും ഭക്ഷണരീതികളും നമ്മുടെ നാട്ടിലുണ്ട്. ഈ നന്മകൾ തിരിച്ചറിയുകയും സ്വീകരിക്കുകയും ചെയ്യേണ്ടതാണ്. | ചിത്രീകര ണം പതിപ്പ്, പ്രസംഗം | ചിത്രീകര ണം പതിപ്പ്,പ്ര സംഗം,സമ യം. | 4 5 |
| 8 | നമുക്ക് സമ്പന്നമായ ഒരു നാട്ടുഭക്ഷണ പാരമ്പര്യം ഉണ്ടെന്ന് | പാചകക്കുറിപ്പ് തയ്യാറാക്കൽ, ക്ലാസിൽ ഒരു സദ്യ | വീഡിയോ പ്രദർശനം - ഒരു വിഭവം,പ്രസി ദ്ധീകരണങ്ങ ളിലെ | ആരോഗ്യ സംരക്ഷണത്തിനു സഹായകമായതും പ്രകൃതിക്കിണങ്ങുന്നതുമായ ജീവിതശൈലികളും ഭക്ഷണരീതികളും നമ്മുടെ നാട്ടിലുണ്ട്. ഈ നന്മകൾ തിരിച്ചറിയുകയും സ്വീകരിക്കുകയും ചെയ്യേണ്ടതാണ് | പാചകക്കു റിപ്പ് | പാചകക്കു റിപ്പ് | 4 5 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | തിരിച്ചറിയുന്നു. അവയുടെ സവിശേഷതകൾ കുറിപ്പുകളിലൂടെയും ചർച്ചയിലൂടെയും ആവിഷ്കരിക്കുന്നു | | പാചകക്കുറിപ്പ് | | | | | |

**പഠനനേട്ടം : സവിശേഷതകൾ ഉൾക്കൊണ്ട് കവിത ചൊല്ലി ആസ്വദിക്കുന്നു**

പ്രവർത്തനത്തിന്റെ പേര് : പ്രവേശകം

ആശയങ്ങൾ, മൂല്യങ്ങൾ ധാരണകൾ : ആഹാരകാര്യത്തിൽ മഹത്തായ പാരമ്പര്യ നമുക്കുണ്ട്. ആരോഗ്യ സംരക്ഷണത്തിനു സഹായകമായതും പ്രകൃതിക്കിണങ്ങുന്നതുമായ ജീവിതശൈലികളും ഭക്ഷണരീതികളും നമ്മുടെ നാട്ടിലുണ്ട്. ഈ നന്മകൾ തിരിച്ചറിയുകയും സ്വീകരിക്കുകയും ചെയ്യേണ്ടതാണ്. അക്ഷരങ്ങളുടെ ആവർത്തനം, പദങ്ങളുടെ താളാത്മകമായ ക്രമീകരണം, സൂക്ഷ്മ സ്വഭാവമുള്ള വർണനകൾ, നർമ മധുരമായ ആഖ്യാനം, പരിഹാസം എന്നിവ തുള്ളൽ കവിതകളുടെ പ്രത്യേകതകളാണ്

പഠന സാമഗ്രികൾ: പാഠപുസ്തകം, കുഞ്ചൻ നമ്പ്യാരുടെ കവിതാ ശകലങ്ങൾ -ആഡിയോ, തുള്ളൽ കവിതകൾ പി ഡി എഫ് കോപ്പി, ആറന്മുള വള്ളസദ്യ -ചിത്രം.

പ്രതീക്ഷിത ഉല്പന്നങ്ങൾ: തുള്ളൽ കവിതകളുടെ ശേഖരം

തീയതി : .................................... സമയം :45 മിനിട്ട്

| പ്രവർത്തനം | പ്രതികരണം |
|---|---|
| **പ്രവേശകം**<br>വ്യക്തിഗത വായന<br>യൂണിറ്റ് ആമുഖമായി കൊടുത്തിരിക്കുന്ന ഐതിഹ്യമാലയിലെ വരരുചിയുടെ കഥ.<br>വായന ഉറപ്പാക്കുന്നതിനായി ചില ചോദ്യങ്ങൾ ഉന്നയിക്കുന്നു.( പിന്നാക്കക്കാർക്ക് ആദ്യ അവസരം നല്കണം. )<br>*വരരുചി ആരായിരുന്നു?<br>*വരരുചി എപ്പോഴാണ് ഇല്ലത്ത് വന്നത്?<br>*ആരാണ് വരരുചിയെ ഉണ്ണാൻ ക്ഷണിച്ചത്?<br>*വരരുചി എങ്ങോട്ടാണ് പോയത്?<br>*കുളി കഴിഞ്ഞു വന്ന വരരുചി എന്തു ചെയ്തു?<br>കഥയുടെ പൂർണമായ ആസ്വാദനത്തിനായി ടി ബി യിലെ<br>പഞ്ചമി എങ്ങനെയായിരിക്കും വാക്കു പാലിച്ചിരിക്കുക ?<br>എന്ന ചോദ്യം നല്കുന്നു.<br>എല്ലാവർക്കും ഉത്തരം പറയാൻ അവസരം. (കുട്ടികൾ ഉത്തരം പറഞ്ഞില്ലെങ്കിൽ എച്ച് ബി പേജ് 136 ലെ വിശദീകരണം നല്കണം). | |

| | |
|---|---|
| ചർച്ച<br>പഞ്ചമിയുടെ ഔചിത്യ ബോധത്തെക്കുറിച്ചും ആ കുടുംബത്തിന്റ അതിഥി സൽക്കാരത്തെക്കുറിച്ചും<br>ആറന്മുള വള്ളസദ്യയുടെ വീഡിയോ പ്രദർശനം (നൂറ്റൊന്ന് കറികൾ ഉള്ള ഒരു സദ്യവട്ടത്തിന്റെ മേളത്തിലേക്ക് കുട്ടികളുടെ ശ്രദ്ധ ക്ഷണിക്കുന്നതിന്).**വായന** വ്യക്തിഗതം,<br>പ്രയാസമുള്ള പദങ്ങൾ അടിവരയിടുന്നു,<br>പിന്നാക്കക്കാർക്ക് അധ്യാപികയുടെ വ്യക്തിഗത പിന്തുണ, സംഘവായന,<br>ആശയ ഗ്രഹണം ഉറപ്പാക്കാനായി രണ്ടോ മൂന്നോ ചോദ്യങ്ങൾ ഗ്രൂപ്പിൽ നല്കുന്നു,<br>*എന്തെല്ലാം വിഭവങ്ങൾ സദ്യയിലുണ്ടായിരുന്നു?<br>*എന്തൊക്കെ കറികളാണ് കോരിക്കൊണ്ട് വരാൻ പറയുന്നത്?<br>*സദ്യ നടക്കുന്ന പന്തലിലെ കോലാഹലങ്ങൾ എന്തൊക്കെ?<br>*ഏതെല്ലാം തരം പായസങ്ങൾ വിളമ്പി?<br>*പപ്പടത്തോടൊപ്പം എന്തെല്ലാമാണ് വിളമ്പിയത്?<br>ഗ്രൂപ്പ് ചർച്ച, അവതരണം<br><br>പറയാം എഴുതാം, കണ്ടെത്താം എഴുതാം -ടി ബി പേജ് 67 ലെ പ്രവർത്തനങ്ങൾ,<br>പ്രവർത്തനം 2 ലെ ചോദ്യങ്ങൾ ചാർട്ടിൽ പ്രദർശിപ്പിക്കുന്നു. ഗ്രൂപ്പിൽ ഉത്തരം കണ്ടെത്തൽ,<br>നോട്ടുബുക്കിൽ രേഖപ്പെടുത്തൽ, അവതരണം. ക്രോഡീകരണം.<br><br>ഈണത്തിൽ ചൊല്ലാം.<br>കവിതയ്ക്ക് ഈണം കണ്ടെത്തൽ -വ്യക്തിഗതം. രണ്ടോ മൂന്നോ പേരുടെ അവതരണം. സംഘത്തിൽ ഈണം കണ്ടെത്തൽ. ഗ്രൂപ്പ് അവതരണം. സൂചകങ്ങൾക്കനുസരിച്ച് മറ്റ് ഗ്രൂപ്പുകളുടെ വിലയിരുത്തൽ (കവിത ഈണത്തിലും ഭാവത്തിലും ചൊല്ലുന്നു, ആശയ വ്യക്തതയോടെ ചൊല്ലുന്നു, ഉച്ചാരണ ശുദ്ധിയോടെ ചൊല്ലുന്നു).<br>അധ്യാപികയുടെ അവതരണം. ആഡിയോ കേൾപ്പിക്കുന്നു പ്രവർത്തനം 5 പട്ടികപ്പെടുത്താം<br>ടി ബി പേജ് 68 ലെ പട്ടിക പൂർത്തീകരണം (വേവിച്ചത് , വേവിക്കാത്തത്). ഗ്രൂപ്പ് ചർച്ച. അവതരണം. ക്രോഡീകരണം. | |

വിലയിരുത്തൽ : കവിതയ്ക്ക് ഈണം കണ്ടെത്തൽ

റഫറൻസ് : പറയി പെറ്റ പന്തിരുകുലം

തുടർ പ്രവർത്തനങ്ങൾ : വിവിധ ആഹാരവസ്തുക്കളുടെ ചിത്ര ശേഖരണം

രുചി കുറിക്കാം.
കവിതയിൽ സൂചിപ്പിച്ചിരിക്കുന്ന ഭക്ഷണ സാധനങ്ങളെ രുചിക്കനുസരിച്ച് (മധുരം, പുളി, എരിവ്). പട്ടികപ്പെടുത്തുന്നു - വ്യക്തിഗതം. ഗ്രൂപ്പിൽ പങ്കുവെക്കൽ . അവതരണം.

റിഫ്ലക്ഷൻ നോട്ട് :

**പഠനനേട്ടം : സവിശേഷതകൾ ഉൾക്കൊണ്ട് കവിത ചൊല്ലി ആസ്വദിക്കുന്നു**

പ്രവർത്തനത്തിന്റെ പേര് : ചൊല്ലി രസിക്കാം. കവിതാശേഖരണം ക്രമപ്പെടുത്താം.

ആശയങ്ങൾ, മൂല്യങ്ങൾ ധാരണകൾ : ഭക്ഷണവുമായി ബന്ധപ്പെട്ട ശൈലികൾ, ചൊല്ലുകൾ, കവിതകൾ എന്നിവ നമുക്കുണ്ട്

പഠന സാമഗ്രികൾ: പാഠ പുസ്തകം

പ്രതീക്ഷിത ഉല്പന്നങ്ങൾ: കവിതാലാപനം

തീയതി : .................................... സമയം :45 മിനിട്ട്

| പ്രവർത്തനം | പ്രതികരണം |
|---|---|
| കവിതാശേഖരണം<br>ടി ബി പേജ് 76 ലെ കവിത – അമ്മൂമ്മപ്പാട്ട് - വ്യക്തിഗത വായന. മൂന്നോ നാലോ പേരുടെ അവതരണം. ചർച്ച. ഇതുപോലെ ഭക്ഷണ സാധനങ്ങളുമായി ബന്ധപ്പെട്ട കുഞ്ഞു കവിതകൾ, പാട്ടുകൾ, ചൊല്ലുകൾ ശേഖരിക്കുന്നു പതിപ്പാക്കുന്നു.<br><br>ക്രമപ്പെടുത്താം<br>യൂണിറ്റിന്റെ അവസാനം നൽകിയിരിക്കുന്ന അർഥ സൂചിക പരിശോധിക്കുന്നു. പദങ്ങൾ എഴുതിയിരിക്കുന്നതിന്റെ പ്രത്യേകത എന്ത്? ഏതെങ്കിലും ക്രമം പാലിച്ചാണോ എഴുതിയിരിക്കുന്നത്? സ്വതന്ത്ര പ്രതികരണം. ചർച്ച. ക്രോഡീകരണം. ഇതു പോലെ ടി ബി പേജ് 76 ലെ വാക്കുകൾ അക്ഷരമാല ക്രമത്തിൽ | |

| | |
|---|---|
| വ്യക്തിഗത രചന. അവ ഈണത്തിൽ ചൊല്ലാം.<br>കവിതയ്ക്ക് ഈണം കണ്ടെത്തൽ -വ്യക്തിഗതം. രണ്ടോ മൂന്നോ പേരുടെ അവതരണം. സംഘത്തിൽ ഈണം കണ്ടെത്തൽ . ഗ്രൂപ്പ് അവതരണം.<br>സൂചകങ്ങൾക്കനുസരിച്ച് മറ്റ് ഗ്രൂപ്പുകളുടെ വിലയിരുത്തൽ (കവിത ഈണത്തിലും ഭാവത്തിലും ചൊല്ലുന്നു, ആശയ വ്യക്തതയോടെ ചൊല്ലുന്നു, ഉച്ചാരണ ശുദ്ധിയോടെ ചൊല്ലുന്നു).<br>അധ്യാപികയുടെ അവതരണം. ആഡിയോ കേൾപ്പിക്കുന്നു. കുട്ടികളുടെ അവതരണം.<br><br>പ്രവർത്തനം 5 പട്ടികപ്പെടുത്താം<br>ടി ബി പേജ് 68 ലെ പട്ടിക പൂർത്തീകരണം (വേവിച്ചത് , വേവിക്കാത്തത്). ഗ്രൂപ്പ് ചർച്ച. അവതരണം. ക്രോഡീകരണം.<br><br>രുചി കുറിക്കാം.<br>കവിതയിൽ സൂചിപ്പിച്ചിരിക്കുന്ന ഭക്ഷണ സാധനങ്ങളെ രുചിക്കനുസരിച്ച് (മധുരം, പുളി, എരിവ്). പട്ടികപ്പെടുത്തുന്നു - വ്യക്തിഗതം. ഗ്രൂപ്പിൽ പങ്കുവെക്കൽ. അവതരണം. | |

വിലയിരുത്തൽ : കവിതാലാപനം

തുടർ പ്രവർത്തനങ്ങൾ : കൂടുതൽ ഭക്ഷണങ്ങളുടെ രുചി കണ്ടെത്തുക

റിഫ്ലക്ഷൻ നോട്ട് :

പഠനനേട്ടം : ചൊല്ലുകൾ, കടങ്കഥകൾ, ശൈലികൾ എന്നിവ വ്യാഖ്യാനിക്കുന്നു

പ്രവർത്തനത്തിന്റെ പേര് : വീഡിയോ / ചിത്ര പ്രദർശനം,ചൊല്ലുകൾ, കടങ്കഥകൾ, ശൈലികൾ വ്യാഖ്യാനിക്കൽ

ആശയങ്ങൾ, മൂല്യങ്ങൾ ധാരണകൾ : ഭക്ഷണവുമായി ബന്ധപ്പെട്ട ശൈലികൾ, ചൊല്ലുകൾ, കവിതകൾ എന്നിവ നമുക്കുണ്ട്

പഠന സാമഗ്രികൾ: അരി തിളയ്ക്കുന്നത്, പപ്പടം, ചേന, മത്തങ്ങ എന്നിവയുടെ വീഡിയോ/ ചിത്രം

പ്രതീക്ഷിത ഉല്പന്നങ്ങൾ: ചൊല്ലുകൾ, കടങ്കഥകൾ, ശൈലികൾ എന്നിവയുടെ വ്യാഖ്യാനം

തീയതി : .................................... സമയം :45 മിനിട്ട്

| പ്രവർത്തനം | പ്രതികരണം |
|---|---|
| അരി തിളയ്ക്കുന്നത്, പപ്പടം, ചേന, മത്തങ്ങ എന്നിവയുടെ വീഡിയോ/ ചിത്രപ്രദർശനം<br>ഇവയുമായി ബന്ധപ്പെട്ട കടങ്കഥകൾ പറയാമോ?<br>കടങ്കഥ ഊഹിച്ചു പറയൽ.<br>എന്തുകൊണ്ടാകാം പപ്പടത്തെ ഞെട്ടില്ലാ വട്ടയില എന്നു പറയുന്നത്?<br>മൂന്നോ നാലോ കുട്ടികൾക്ക് പറയാനവസരം.<br>ക്രോഡീകരണം.<br>ഇതുപോലെ നാലോ അഞ്ചോ ചൊല്ലുകൾ, കടങ്കഥകൾ, ശൈലികൾ എന്നിവ ഗ്രൂപ്പിൽ നൽകുന്നു<br>*ഇല്ലത്തമ്മ കുളിച്ച് വരുമ്പോൾ വെള്ളിക്കിണ്ണം തുള്ളിത്തുള്ളി<br>* അത്താഴം അത്തിപ്പഴത്തോളം<br>*പന്തിക്കു മുമ്പിലും പടയ്ക്കു പിമ്പിലും<br>* അന്നവിചാരം മുന്ന വിചാരം<br>ഗ്രൂപ്പ് ചർച്ച . കൃത്യതപ്പെടുത്തൽ. അവതരണം. ക്രോഡീകരണം.<br>(കുട്ടികൾ ചൊല്ലുകൾ, കടങ്കഥകൾ, ശൈലികൾ ഇവ തമ്മിലുള്ള വ്യത്യാസവുമായി ബന്ധപ്പെട്ട സംശയം ഉന്നയിച്ചാൽ വിശദീകരണം നല്കേണ്ടതുണ്ട്. (അനുബന്ധമായി നല്കിയിരിക്കുന്ന വിശദീകരണം പ്രയോജനപ്പെടുത്താം).<br>**അനുബന്ധം**<br>*പഴഞ്ചൊല്ലുകൾ<br>പണ്ടു പണ്ടേ പറഞ്ഞ് പഴക്കം വന്ന അർഥപൂർണമായ വാക്യങ്ങളാണ് പഴഞ്ചൊല്ലുകൾ. ഒരു | |

| | |
|---|---|
| കാലഘട്ടത്തിന്റെ സംസ്കാരവും തനിമയും അതിൽ വെളിപ്പെടും.<br>*കടങ്കഥ<br>ഒരു ഉത്തരം പ്രതീക്ഷിച്ചു കൊണ്ട് കാവ്യാത്മകമായ ഭാഷയിൽ അവതരിപ്പിക്കുന്ന അർത്ഥപൂർണമായ വാക്യങ്ങളാണ് കടങ്കഥകൾ. ചിന്തയ്ക്കും ഭാവനയ്ക്കും ഇതിൽ ഇടമുണ്ട്.<br>*ശൈലികൾ<br>ഏതെങ്കിലും ഒരു പ്രത്യേക സന്ദർഭത്തിന്റെ അർഥം വെളിവാക്കാൻ സമാനമായ മറ്റൊരു സന്ദർഭത്തെ വാക്യരൂപത്തിൽ അവതരിപ്പിക്കൽ. ലഘുവാക്യങ്ങളിൽ ഇവ ആവിഷ്കരിക്കുന്നു.ശക്തമായ അർഥബോധം വരുത്താൻ ശൈലികൾക്കു കഴിയും | |

വിലയിരുത്തൽ : ചൊല്ലുകൾ, കടങ്കഥകൾ, ശൈലികൾ എന്നിവയുടെ വ്യാഖ്യാനം

റഫറൻസ് :

തുടർ പ്രവർത്തനങ്ങൾ :

റിഫ്ലക്ഷൻ നോട്ട് :

**പഠനനേട്ടം : പുതിയ ഭക്ഷണശീലവുമായി ബന്ധപ്പെട്ട ചർച്ചയിൽ പങ്കെടുക്കുന്നു. പ്രസംഗം തയ്യാറാക്കി അവതരിപ്പിക്കുന്നു**

പ്രവർത്തനത്തിന്റെ പേര് : കുട്ടികൾ കഴിച്ച ആഹാരവുമായി ബന്ധപ്പെട്ട ചർച്ച, കുറിപ്പ് തയ്യാറാക്കൽ

ആശയങ്ങൾ, മൂല്യങ്ങൾ ധാരണകൾ : ആരോഗ്യ സംരക്ഷണത്തിനു സഹായകമായതും പ്രകൃതിക്കിണങ്ങുന്നതുമായ ജീവിതശൈലികളും ഭക്ഷണരീതികളും നമ്മുടെ നാട്ടിലുണ്ട്. ഈ നന്മകൾ തിരിച്ചറിയുകയും സ്വീകരിക്കുകയും ചെയ്യേണ്ടതാണ്. നമ്മുടെ ഭക്ഷണശീലത്തിൽ ആരോഗ്യകരമല്ലാത്ത പല പ്രവണതകളും വർധിച്ചു വരുന്നുണ്ട്

പഠന സാമഗ്രികൾ: ഹോട്ടലുകളിൽ നിന്നും പഴകിയ ഭക്ഷണം പിടിച്ചതുമായി ബന്ധപ്പെട്ട പത്രക്കട്ടിംഗുകൾ, ആരോഗ്യമാസികകൾ ആഹാരവും ആരോഗ്യവും -കുറിപ്പ്

പ്രതീക്ഷിത ഉല്പന്നങ്ങൾ:

തീയതി : .................................... സമയം :45 മിനിട്ട്

| പ്രവർത്തനം | പ്രതികരണം |
|---|---|
| കുട്ടികൾ കഴിഞ്ഞ ദിവസം കഴിച്ച ഭക്ഷണസാധനങ്ങൾ നോട്ടു ബുക്കിൽ ലിസ്റ്റ് ചെയ്യുന്നു.<br>എല്ലാ കുട്ടികൾക്കും പറയാനവസരം.<br>അധ്യാപിക കുട്ടികൾ പറയുന്ന എല്ലാ ആഹാര വസ്തുക്കളും ബോർഡിൽ രേഖപ്പെടുത്തണം.<br>ഇവയിൽ ഏതൊക്കെ ഭക്ഷണ സാധനങ്ങളാണ് കടയിൽ നിന്നും വാങ്ങുന്നത്?<br>അവ വട്ടത്തിലാക്കാൻ കുട്ടികൾക്ക് അവസരം.<br>ഈ ഭക്ഷണ സാധനങ്ങൾ ആരാണ് വാങ്ങിക്കൊണ്ടു വരുന്നത്?<br>എന്തുകൊണ്ടാണ് കടയിൽ നിന്നും ഭക്ഷണ സാധനങ്ങൾ വാങ്ങുന്നത്?<br>സ്വതന്ത്ര പ്രതികരണം.<br>ഹോട്ടലുകളിൽ നിന്നും പഴകിയ ഭക്ഷണം പിടിക്കുന്നതുമായി ബന്ധപ്പെട്ട വീഡിയോ പ്രദർശനം.<br>കുട്ടികളെ അഞ്ച് ഗ്രൂപ്പാക്കുന്നു. ചർച്ച. ക്രോഡീകരണം<br>ഗ്രൂപ്പിൽ ഹോട്ടലുകളിൽ നിന്ന് പഴകിയ ഭക്ഷണം പിടിച്ച വാർത്തകൾ അടങ്ങിയ പത്രക്കട്ടിംഗുകൾ നൽകുന്നു. ഗ്രൂപ്പിൽ വായന. ആശയങ്ങൾ ക്രോഡീകരിച്ച് പങ്കുവെക്കൽ . അവതരണം<br>വീട്ടിലെ ഭക്ഷണമാണോ കടയിലെ ഭക്ഷണമാണോ നിങ്ങൾക്ക് ഏറെ ഇഷ്ടം? എന്തു കൊണ്ട്?<br>ചർച്ച<br>സൂചനകൾ<br>▪ ആഹാരം ആരോഗ്യം, ആഹാരശീലങ്ങൾ,<br>▪ ഫാസ്റ്റ് ഫുഡ് വിഭവങ്ങൾ,<br>▪ ആഹാരത്തിലെ മായം<br>▪ പായ്ക്കറ്റ് ഭക്ഷണവും ബേക്കറി പലഹാരങ്ങളും | |

| | |
|---|---|
| അധ്യാപിക ഇതുമായി ബന്ധപ്പെട്ട ചോദ്യങ്ങൾ ഉന്നയിക്കണം.<br>*ഹോട്ടൽ ഭക്ഷണം കഴിക്കാറുണ്ടോ?<br><br>*ഏതൊക്കെ അവസരങ്ങളിലാണ് നാം കടയിൽ നിന്ന് ഭക്ഷണങ്ങൾ കഴിക്കാറുള്ളത്?<br>*വീട്ടിലുണ്ടാക്കുന്ന ആഹാര സാധനങ്ങൾക്കും കടയിൽ നിന്നും വാങ്ങുന്ന ആഹാരസാധനങ്ങൾക്കും ഒരേ നിറവും രുചിയുമാണോ ഉള്ളത്?<br>*നിങ്ങൾക്ക് ഏതാണ് കൂടുതലിഷ്ടം?<br>തുടങ്ങിയ ഉപചോദ്യങ്ങൾ കൂടി അധ്യാപികയ്ക്ക് ഉന്നയിക്കാം.<br><br>കുറിപ്പ് തയ്യാറാക്കൽ.<br>കുട്ടികളെ അഞ്ച് ഗ്രൂപ്പാക്കുന്നു.<br>ഓരോ ഗ്രൂപ്പിനും ഒരു വിഷയം വീതം നല്കുന്നു.<br>1.ആഹാരം ആരോഗ്യം<br>2.ആഹാരശീലങ്ങൾ<br>3.ഫാസ്റ്റ് ഫുഡ് വിഭവങ്ങൾ<br>4.ആഹാരത്തിലെ മായം<br>5.പായ്ക്കറ്റ് ഭക്ഷണവും ബേക്കറി പലഹാരങ്ങളും<br>ഓരോ വിഷയവുമായി ബന്ധപ്പെട്ട ആരോഗ്യമാസിക ഗ്രൂപ്പിൽ നല്കുന്നു.<br>ഗ്രൂപ്പ് ചർച്ച. കുറിപ്പ് തയ്യാറാക്കൽ. അവതരണം.<br>ചർച്ച (സംശയനിവാരണം വരുത്തൽ).<br><br>ക്രോഡീകരണം (എല്ലാ വിഷയങ്ങളുമായി ബന്ധപ്പെട്ട കുറിപ്പ് എല്ലാ കുട്ടികളുടെയും നോട്ടുബുക്കിൽ രേഖപ്പെടുത്തണം) | |

വിലയിരുത്തൽ : ചർച്ചയിലെ പങ്കാളിത്തം, ആഹാരവും ആരോഗ്യവും -കുറിപ്പ്

റഫറൻസ് : വിവിധ ആരോഗ്യ മാസികകൾ

തുടർ പ്രവർത്തനങ്ങൾ : പായ്ക്കറ്റ് ഭക്ഷണ കവറുകളിലെ വിവരങ്ങൾ കണ്ടെത്തുക

റിഫ്ലക്ഷൻ നോട്ട് :

**പഠനനേട്ടം : നമ്മുടെ പഴയ ഭക്ഷണ സംസ്കാരം ആരോഗ്യസംരക്ഷണത്തിന് ഏറെ ഉത്തമമായിരുന്നു എന്ന് അറിയുന്നു. പുതിയ ശീലങ്ങളുമായി താരതമ്യം ചെയ്യുന്നു**

പ്രവർത്തനത്തിന്റെ പേര് : വീഡിയോ പ്രദർശനം -പഴയകാല ഭക്ഷണസാധനങ്ങൾ,വായന ആശയഗ്രഹണവായനയും ശ്രാവ്യവായനയും, അർഥം കണ്ടെത്താം ,പിരിച്ചെഴുതാം, വീഡിയോ പ്രദർശനം -പഴയകാല വീട്ടുപകരണങ്ങൾ. ശീലങ്ങൾ അന്വേഷിച്ചറിയാം.

ആശയങ്ങൾ, മൂല്യങ്ങൾ ധാരണകൾ : ആഹാരകാര്യത്തിൽ മഹത്തായ പാരമ്പര്യം നമുക്കുണ്ട്. ആരോഗ്യ സംരക്ഷണത്തിനു സഹായകമായതും പ്രകൃതിക്കിണങ്ങുന്നതുമായ ജീവിതശൈലികളും ഭക്ഷണരീതികളും നമ്മുടെ നാട്ടിലുണ്ട്. ഈ നന്മകൾ തിരിച്ചറിയുകയും സ്വീകരിക്കുകയും ചെയ്യേണ്ടതാണ്. നമ്മുടെ ഭക്ഷണശീലത്തിൽ ആരോഗ്യകരമല്ലാത്ത പല പ്രവണതകളും വർധിച്ചു വരുന്നുണ്ട്.

പഠന സാമഗ്രികൾ: പാഠപുസ്തകം വീഡിയോ -പഴയകാല ഭക്ഷണസാധനങ്ങൾ, പഴയകാല വീട്ടുപകരണങ്ങൾ പഴയകാല വീട്ടുപകരണങ്ങളുടെ ചിത്രം

പ്രതീക്ഷിത ഉല്പന്നങ്ങൾ: ചർച്ചാക്കുറിപ്പുകൾ

തീയതി : .................................... സമയം :45 മിനിട്ട്

| പ്രവർത്തനം | പ്രതികരണം |
|---|---|
| വീഡിയോ പ്രദർശനം<br>-കേരളത്തിലെ വീടുകളിൽ പഴയകാലങ്ങളിൽ പാകം ചെയ്തിരുന്ന ഭക്ഷണ സാധനങ്ങൾ - ചിരട്ടപ്പുട്ട്, എരിശ്ശേരി, ചക്കക്കുരു മെഴുക്കു പുരട്ടി, പാലട പ്രഥമൻ ....) വീഡിയോ വിശകലനം ചർച്ച<br><br>വ്യക്തിഗതം<br>പ്രയാസമുള്ള പദങ്ങൾ അടിവരയിടണം.<br>(പിന്നാക്കക്കാർക്ക് മുൻഗണന നല്കിക്കൊണ്ട് ചില ചോദ്യങ്ങൾ ചോദിക്കാം. ഉദാ- പണ്ടുകാലത്ത് വീടുകളിൽ കറിവയ്ക്കാൻ ധാരാളമായി ഉപയോഗിച്ചിരുന്ന ഭക്ഷണ സാധനങ്ങൾ ഏവ? എങ്ങനെയാണ് തിര മാങ്ങ ഉണ്ടാക്കുന്നത്? മുരിങ്ങ എങ്ങനെയെല്ലാം ഉപയോഗപ്പെടുത്താം)<br>ആശയഗ്രഹണ വായന<br>*ചക്ക കൊണ്ട് എന്തെല്ലാം വിഭവങ്ങൾ തയ്യാറാക്കാം? | |

| | |
|---|---|
| *മാങ്ങ കൊണ്ട് എന്തെല്ലാം വിഭവങ്ങൾ തയ്യാറാക്കാം?<br>*പണ്ടുകാലത്ത് ചക്കക്കുരു എങ്ങനെയാണ് സൂക്ഷിച്ചിരുന്നത്?<br>*ചക്കക്കുരുവിന്റെ പ്രത്യേകത എന്ത്?<br>*അടമാങ്ങ എങ്ങനെ തയ്യാറാക്കാം?<br>*ചക്കയും മാങ്ങയും ഇല്ലാത്ത കാലങ്ങളിൽ കറിവെയ്ക്കാൻ ഉപയോഗിച്ചിരുന്ന പച്ചക്കറികൾ എന്തെല്ലാം?<br>*'മാങ്ങാക്കാലത്ത് ഉച്ചയ്ക്ക് ചക്കക്കുരുവും മാങ്ങയും വൈകുന്നേരം മാങ്ങേം ചക്കക്കുരുവും' എന്താണ് ഇതുകൊണ്ട് അർഥമാക്കുന്നത്?<br>*ചക്കയും മാങ്ങയും ഇല്ലാത്ത ആറുമാസം കൂട്ടാൻ വയ്ക്കാൻ കാശുകൊടുത്തു വാങ്ങുന്ന പതിവ് കേരളത്തിൽ പണ്ട് പണക്കാർക്കു പോലും ഇല്ല. എന്നാൽ ഇന്നത്തെ അവസ്ഥ എന്താണ്?<br>*കറിവെയ്ക്കുന്നതിന് നിങ്ങളുടെ വീട്ടിൽ കടയിൽ നിന്ന് വാങ്ങുന്ന പച്ചക്കറികൾ ഏതെല്ലാം.<br>ഗ്രൂപ്പിൽ രണ്ടോ മൂന്നോ ചോദ്യങ്ങൾ നല്കുന്നു. ഗ്രൂപ്പ് ചർച്ച. ഉത്തരം കണ്ടെത്തി രേഖപ്പെടുത്തൽ. അവതരണം. ക്രോഡീകരണം.<br><br>അർഥം കണ്ടെത്താം<br>ആശയഗ്രഹണവായന സമയത്ത് കണ്ടെത്തിയ പ്രയാസമുള്ള പദങ്ങൾ നോട്ടുബുക്കിൽ ലിസ്റ്റ് ചെയ്യുന്നു. വ്യക്തിഗതം. അർഥം ഊഹിക്കുന്നു. രണ്ടോ മൂന്നോ കുട്ടികളടങ്ങുന്ന ഗ്രൂപ്പിൽ പങ്കുവെക്കുന്നു. നിഘണ്ടു നോക്കി കൃത്യതപ്പെടുത്തുന്നു. അവതരിപ്പിക്കുന്നു<br><br>പിരിച്ചെഴുതാം<br>പാഠഭാഗത്തിലെ കൂട്ടക്ഷരം വരുന്ന വാക്കുകൾ ഗ്രൂപ്പിൽ ലിസ്റ്റു ചെയ്യുന്നു. അധ്യാപിക ബോർഡിൽ രേഖപ്പെടുത്തുന്നു കുട്ടികൾ പദങ്ങൾ പിരിച്ചു പറയുന്നു നോട്ടുബുക്കിൽ രേഖപ്പെടുത്തുന്നു. അധ്യാപിക ബോർഡിൽ കൃത്യതപ്പെടുത്തുന്നു കുട്ടികൾ പൊരുത്തപ്പെടുത്തി സ്വന്തം രചന മെച്ചപ്പെടുത്തുന്നു<br><br>ചോദിച്ചറിയാം<br>പഴയകാല വീട്ടുപകരണങ്ങൾ -ചിത്രം പ്രദർശനം, പരിചിതമായ ചിത്രങ്ങളുടെ പേര് ലിസ്റ്റ് ചെയ്യുന്നു - വ്യക്തിഗതം, ഗ്രൂപ്പിൽ പങ്കുവെക്കുന്നു, അവതരണം, ബി ബി യിൽ ക്രോഡീകരണം. ശ്രാവ്യവായന -ചങ്ങല വായന, സൂചനക്കനുസരിച്ച് വായന, പ്രത്യേക പ്രയോഗങ്ങൾ വരുന്ന ഭാഗം | |

| | |
|---|---|
| അധ്യാപികയുടെ നിർദേശമനുസരിച്ച് കണ്ടെത്തി വായന, അധ്യാപികയുടെ വായന, വായന വിലയിരുത്തൽ. പഴയകാല വീട്ടുപകരണങ്ങൾ -വീഡിയോ പ്രദർശനം<br>ചർച്ച - പഴയകാല വീട്ടുപകരണങ്ങൾ -ചിത്രം /വീഡിയോ പ്രദർശനത്തിന്റെ അടിസ്ഥാനത്തിൽ.<br>ഉപകരണങ്ങളും അവയുടെ ഉപയോഗവും ചർച്ച ചെയ്ത് പട്ടികപ്പെടുത്തുന്നു.<br>ക്രോഡീകരണം.<br>**തുടർ പ്രവർത്തനം**<br>പഴയകാല വീട്ടുപകരണങ്ങളുടെ ചിത്രങ്ങൾ ശേഖരിച്ച് അവയുടെ ഉപയോഗവും ഉൾപ്പെടുത്തി ചുമർ പത്രിക തയ്യാറാക്കുക.<br>വിലയിരുത്തൽ<br><br>ശീലങ്ങൾ അന്വേഷിച്ചറിയാം<br>മൂന്നോ നാലോ കുട്ടികൾ വീതമുള്ള ഗ്രൂപ്പിൽ കടങ്കഥാ/ പഴഞ്ചൊല്ല്/ ശൈലികൾ എന്നിവയടങ്ങിയ പുസ്തകങ്ങൾ വിതരണം ചെയ്യുന്നു. ഭക്ഷണം/ ദിനചര്യയുമായി ബന്ധപ്പെട്ട ചൊല്ലുകൾ കണ്ടെത്തുന്നു. അവതരണം. ക്രോഡീകരണം | |

വിലയിരുത്തൽ : ചർച്ചാക്കുറിപ്പുകൾ

റഫറൻസ് : പഴഞ്ചൊൽ പ്രപഞ്ചം - ഡി സി.ബുക്സ്

തുടർ പ്രവർത്തനങ്ങൾ :

റിഫ്ലക്ഷൻ നോട്ട് :

**പഠനനേട്ടം : പോസ്റ്റർ തയ്യാറാക്കുന്നു**

പ്രവർത്തനത്തിന്റെ പേര് : പോസ്റ്റർ പ്രദർശനം,പോസ്റ്റർ തയ്യാറാക്കൽ, പോസ്റ്റർ പതിപ്പ്.

ആശയങ്ങൾ, മൂല്യങ്ങൾ ധാരണകൾ : ആരോഗ്യ സംരക്ഷണത്തിനു സഹായകമായതും പ്രകൃതിക്കിണങ്ങുന്നതുമായ ജീവിതശൈലികളും ഭക്ഷണരീതികളും നമ്മുടെ നാട്ടിലുണ്ട്. ഈ നന്മകൾ തിരിച്ചറിയുകയും സ്വീകരിക്കുകയും ചെയ്യേണ്ടതാണ്.

പഠന സാമഗ്രികൾ: വിവിധ പോസ്റ്ററുകൾ

പ്രതീക്ഷിത ഉല്പന്നങ്ങൾ: പോസ്റ്റർ

തീയതി : .................................... സമയം :45 മിനിട്ട്

| പ്രവർത്തനം | പ്രതികരണം |
|---|---|
| പോസ്റ്റർ തയ്യാറാക്കൽ<br>ഭക്ഷണശീലങ്ങളെക്കുറിച്ച് ചർച്ച. വ്യത്യസ്ത പോസ്റ്ററുകൾ പ്രദർശിപ്പിക്കുന്നു. പോസ്റ്ററുകളുടെ സവിശേഷത – ചർച്ച ( ആകർഷണീയമായ ഭാഷ, ലേ ഔട്ട്, സംക്ഷിപ്തത, അർഥവ്യാപ്തി...) വ്യക്തിഗതമായി പോസ്റ്റർ തയ്യാറാക്കൽ -നിറം നൽകൽ. പ്രദർശനം. വിലയിരുത്തൽ . മെച്ചപ്പെട്ടവയ്ക്ക് അംഗീകാരം.<br><br>പാചകക്കുറിപ്പ് തയ്യാറാക്കൽ<br>വീഡിയോ പ്രദർശനം - ഏതെങ്കിലും ഒരു വിഭവം തയ്യാറാക്കുന്നത് വിശകലന ചർച്ച (ഏത് വിഭവമാണ് ഉണ്ടാക്കിയത്? എന്തൊക്കെ സാധനങ്ങൾ ഉപയോഗിച്ചു? എത്ര അളവിലാണ് ഉപയോഗിച്ചത്?...) ക്രോഡീകരണം. പ്രസിദ്ധീകരണങ്ങളിലുള്ള വ്യത്യസ്ത വിഭവങ്ങളുടെ പാചകക്കുറിപ്പ് ഗ്രൂപ്പിൽ വായിക്കാനവസരം. കണ്ട വീഡിയോയെ അടിസ്ഥാനമാക്കി പാചകക്കുറിപ്പ് തയ്യാറാക്കുന്നു -വ്യക്തിഗതം ഗ്രൂപ്പിൽ എഡിറ്റിംഗ്. അവതരണം. | |

വിലയിരുത്തൽ : പോസ്റ്റർ

റഫറൻസ് : വിവിധ പാചകഗ്രന്ഥങ്ങൾ

തുടർ പ്രവർത്തനങ്ങൾ :

റിഫ്ലക്ഷൻ നോട്ട് :

**പഠനനേട്ടം : പ്രകൃതി ദൃശ്യത്തെ ചിത്രീകരിക്കുന്നു, പ്രസംഗം തയ്യാറാക്കുന്നു**

പ്രവർത്തനത്തിന്റെ പേര് : പ്രകൃതി ദൃശ്യം ചിത്രീകരണം, പ്രസംഗം -രചന, ആവിഷ്കാരം.

ആശയങ്ങൾ, മൂല്യങ്ങൾ ധാരണകൾ : ആഹാരകാര്യത്തിൽ മഹത്തായ പാരമ്പര്യ നമുക്കുണ്ട് ആരോഗ്യ സംരക്ഷണത്തിനു സഹായകമായതും പ്രകൃതിക്കിണങ്ങുന്നതുമായ ജീവിതശൈലികളും ഭക്ഷണരീതികളും നമ്മുടെ നാട്ടിലുണ്ട്. ഈ നന്മകൾ തിരിച്ചറിയുകയും സ്വീകരിക്കുകയും ചെയ്യേണ്ടതാണ്.

പഠന സാമഗ്രികൾ: പ്രസംഗം ആഡിയോ

പ്രതീക്ഷിത ഉല്പന്നങ്ങൾ: ചിത്രീകരണം പതിപ്പ്, പ്രസംഗം

തീയതി : .................................... സമയം 45 മിനിട്ട്

| പ്രവർത്തനം | |
|---|---|
| പ്രകൃതി ദൃശ്യം ചിത്രീകരിക്കുന്നു ( വ്യത്യസ്ത പച്ചക്കറികളും മരങ്ങളും നില്ക്കുന്ന കൃഷിയിടത്തിന്റെ ചിത്രം വരയ്ക്കാനാണ് നിർദേശിക്കേണ്ടത്. വരച്ച ചിത്രത്തെക്കുറിച്ച് വിശദീകരിക്കുന്നതിന് അവസരം നൽകണം. പതിപ്പാക്കൽ. വിലയിരുത്തൽ.<br><br>**പ്രസംഗം**<br>പ്രസംഗത്തിന്റെ ഓഡിയോ കേൾപ്പിക്കുന്നു<br>വിശകലനം<br>*പ്രസംഗം തുടങ്ങിയത് എങ്ങനെ?<br>* പ്രസംഗത്തിന്റെ വിഷയം എന്തായിരുന്നു?<br>*എന്തെല്ലാം കാര്യങ്ങൾ ഉൾപ്പെടുത്തിയിരുന്നു?<br>*അവസാനിപ്പിച്ചതെങ്ങനെ?<br>സ്വതന്ത്ര പ്രതികരണം.<br>നാട്ടു ഭക്ഷണത്തിന്റെ മേന്മയെക്കുറിച്ച് പ്രസംഗിക്കണമെങ്കിൽ എന്തെല്ലാം ഉൾപ്പെടുത്തും?<br>ചർച്ച<br>വ്യക്തിഗതമായി പ്രസംഗം എഴുതി തയ്യാറാക്കുന്നു. മൂന്നോ നാലോ പേർക്ക് എഴുതിയത് വായിക്കാനവസരം. | |

| | |
|---|---|
| ഗ്രൂപ്പിൽ മെച്ചപ്പെടുത്തൽ.<br>വ്യക്തിഗതമായി പ്രസംഗിക്കുന്നു.<br>വിലയിരുത്തൽ<br>സൂചകങ്ങൾ :<br>*പ്രസംഗത്തിന്റെ തുടക്കം<br>*അഭിസംബോധന<br>*വിഷയത്തെക്കുറിച്ചുള്ള വിവരങ്ങൾ<br>* ഉദാഹരണങ്ങൾ<br>*കാര്യങ്ങളെ സംഗ്രഹിച്ചു കൊണ്ടുള്ള ഉപക്രമം<br>ടീച്ചേഴ്സ് വേർഷൻ അവതരിപ്പിക്കൽ.<br>വ്യക്തിഗതമായി രചന മെച്ചപ്പെടുത്തുന്നു. | |

വിലയിരുത്തൽ : ചിത്രീകരണം പതിപ്പ്, പ്രസംഗം

തുടർ പ്രവർത്തനങ്ങൾ :

റിഫ്ലക്ഷൻ നോട്ട് :

**പഠനനേട്ടം : നമുക്ക് സമ്പന്നമായ ഒരു നാട്ടുഭക്ഷണ പാരമ്പര്യം ഉണ്ടെന്ന് തിരിച്ചറിയുന്നു. അവയുടെ സവിശേഷതകൾ കുറിപ്പുകളിലൂടെയും ചർച്ചയിലൂടെയും ആവിഷ്കരിക്കുന്നു**

പ്രവർത്തനത്തിന്റെ പേര് : പാചകക്കുറിപ്പ് തയ്യാറാക്കൽ, ക്ലാസിൽ ഒരു സദ്യ,

ആശയങ്ങൾ, മൂല്യങ്ങൾ ധാരണകൾ : ആരോഗ്യ സംരക്ഷണത്തിനു സഹായകമായതും പ്രകൃതിക്കിണങ്ങുന്നതുമായ ജീവിതശൈലികളും ഭക്ഷണരീതികളും നമ്മുടെ നാട്ടിലുണ്ട്. ഈ നന്മകൾ തിരിച്ചറിയുകയും സ്വീകരിക്കുകയും ചെയ്യേണ്ടതാണ്.

പഠന സാമഗ്രികൾ: വീഡിയോ പ്രദർശനം - ഒരു വിഭവം, പ്രസിദ്ധീകരണങ്ങളിലെ പാചകക്കുറിപ്പ്

പ്രതീക്ഷിത ഉല്പന്നങ്ങൾ: പാചകക്കുറിപ്പ്

തീയതി : .................................... സമയം :45 മിനിട്ട്

| പ്രവർത്തനം | പ്രതികരണം |
|---|---|
| പതിപ്പ് തയ്യാറാക്കാം.<br>ചക്കയും മാങ്ങയും ഉപയോഗിച്ച് എന്തെല്ലാം വിഭവങ്ങള് ഉണ്ടാക്കാം - ചർച്ച<br>ഗ്രൂപ്പിൽ ചക്കയും മാങ്ങയും ഉപയോഗിച്ചുള്ള ഒരു വിഭവത്തിന്റെ പാചകക്കുറിപ്പ് തയ്യാറാക്കുന്നു<br>അവതരിപ്പിക്കുന്നു<br>തുടർ പ്രവർത്തനം.<br>ഒരു വിഭവത്തിന്റെ പാചകക്കുറിപ്പ് തയ്യാറാക്കുക (മുതിർന്നവരോട് പാചകരീതി ചോദിച്ചറിയാം.)<br>കുട്ടികൾ തയ്യാറാക്കുന്ന പാചകക്കുറിപ്പുകൾ ചേർത്ത് പതിപ്പാക്കുന്നു.വിലയിരുത്തൽ<br><br>പതിപ്പ് തയ്യാറാക്കാം.<br>ചക്കയും മാങ്ങയും ഉപയോഗിച്ച് എന്തെല്ലാം വിഭവങ്ങൾ ഉണ്ടാക്കാം - ചർച്ച<br>ഗ്രൂപ്പിൽ ചക്കയും മാങ്ങയും ഉപയോഗിച്ചുള്ള ഒരു വിഭവത്തിന്റെ പാചകക്കുറിപ്പ് തയ്യാറാക്കുന്നു. അവതരിപ്പിക്കുന്നു<br>തുടർ പ്രവർത്തനം.<br>ഒരു വിഭവത്തിന്റെ പാചകക്കുറിപ്പ് തയ്യാറാക്കുക (മുതിർന്നവരോട് പാചകരീതി ചോദിച്ചറിയാം.)<br>കുട്ടികൾ തയ്യാറാക്കുന്ന പാചകക്കുറിപ്പുകൾ ചേർത്ത് പതിപ്പാക്കുന്നു.<br>വിലയിരുത്തൽ<br><br>**ക്ലാസിൽ ഒരു സദ്യ**<br>സദ്യയെക്കുറിച്ച് ചർച്ച.<br>* വിഭവങ്ങൾ ഏതെല്ലാം?<br>*സദ്യയിൽ ആദ്യം വിളമ്പുന്നതെന്ത്?<br>നമ്മുടെ ക്ലാസിൽ ഒരു സദ്യ നടത്തിയാലോ?<br>*എന്ന് നടത്തും?<br>*എങ്ങനെ നടത്തും?<br>* ആരുടെയൊക്കെ സഹായം ചോദിക്കാം?<br>*ആരെയൊക്കെ സദ്യയ്ക്ക് വിളിയ്ക്കും?<br>*ആരെല്ലാം കറികൾ കൊണ്ടുവരും? *ചോറ് എവിടെ നിന്നും എത്തിക്കാം? | |

| | |
|---|---|
| *ആരൊക്കെ വിളമ്പും?<br>*ഭക്ഷണാവശിഷ്ടങ്ങളും ആഹാരം കഴിച്ച ഇലയും എവിടെ നിക്ഷേപിക്കും?<br>കുട്ടികൾ സദ്യയ്ക്കായി കൊണ്ട് വരുന്ന വിഭവങ്ങളുടെ ലിസ്റ്റ് തയ്യാറാക്കുന്നു.<br>(രക്ഷിതാക്കളെ അറിയിക്കാനുള്ള ക്രമീകരണം അധ്യാപിക നടത്തണം. വീട്ടിൽ കൃഷിചെയ്യുന്ന പച്ചക്കറികൾ ഉപയോഗിച്ച് വിഭവങ്ങൾ തയ്യാറാക്കാൻ നിർദേശിക്കണം)<br>തീരുമാനിച്ച ദിവസം സദ്യ നടത്തുന്നു. | |

വിലയിരുത്തൽ : പാചകക്കുറിപ്പ്

റഫറൻസ് :

തുടർ പ്രവർത്തനങ്ങൾ :

റിഫ്ലക്ഷൻ നോട്ട് :

# യൂണിറ്റ് 5 മധുരം

| നമ്പർ | പഠനനേട്ടം | പ്രവർത്തനം | പഠന സാമഗ്രികൾ | ആശയങ്ങൾ, ധാരണകൾ, മൂല്യങ്ങൾ | ഉല്പന്നം | വിലയിരുത്തൽ | സമയം |
|---|---|---|---|---|---|---|---|
| 1 | കേരളത്തിന്റെ പ്രകൃതി സൗന്ദര്യം അനുഭവിക്കുന്നതിലൂടെയും ആസ്വദിക്കുന്നതിലൂടെയും നാടിനെക്കുറിച്ചറിയുന്നു. അഭിമാനിക്കുന്നു. | പ്രവേശകം, കവിതാ വായന, കണ്ടെത്താം എഴുതാം, അർത്ഥം കണ്ടെത്താം, പിരിച്ചെഴുതാം, സമാന പദങ്ങൾ കണ്ടെത്താം, വരികൾ കണ്ടെത്താം, പ്രയോഗഭംഗി വിശദമാക്കാം. | വീഡിയോ - കേരളത്തിന്റെ സവിശേഷതകൾ (സിഗ്നേച്ചർ വീഡിയോ -കേരള ടൂറിസം, ശ്യാമസുന്ദര കേര കേദാര ഭൂവിൽ) മലയാളം കവിത ഓഡിയോ നിഘണ്ടു | മലയാളനാടിന്റെ പ്രകൃതി ഭംഗി ആരെയും ഏറെ ആകർഷിക്കുന്നു. കേരളീയ പ്രകൃതിയുടെ സവിശേഷതകളും സൗന്ദര്യവും ആസ്വദിക്കുന്നതിലൂടെ സ്വന്തം നാടിനെക്കുറിച്ച് അഭിമാനിക്കാൻ നമുക്ക് കഴിയുന്നു. | കവിത | വായന കവിതാലാപനം കവിത | 420 |
| 2 | പ്രകൃതി വർണ്ണന തയ്യാറാക്കി അവതരിപ്പിക്കുന്നു | വർണന, ആസ്വാദനക്കുറിപ്പ് തയ്യാറാക്കൽ. | ടീച്ചർ വേർഷൻ (വർണന, ആസ്വാദനക്കുറിപ്പ്) | വാക്കുകൾ കൊണ്ട് വരയ്ക്കുന്ന മനോഹരചിത്രങ്ങൾ കവിതയെ ഏറെ ആസ്വാദ്യമാക്കുന്നു | വർണന, ആസ്വാദനക്കുറിപ്പ് പതിപ്പ് | ആസ്വാദനക്കുറിപ്പ്, വർണന | 120 |
| 3 | കേരളത്തെക്കുറിച്ചുള്ള കവിതകളും ഗാനങ്ങളും ശേഖരിച്ചു ചൊല്ലുന്നു. | കേരളവുമായി ബന്ധപ്പെട്ട കവിത/ ഗാനശേഖരം | കേരളവുമായി ബന്ധപ്പെട്ട കവിതകളുടെയു ഗാനങ്ങളുടെയും ഓഡിയോ, pdf കോപ്പി | വാക്കുകൾ കൊണ്ട് വരയ്ക്കുന്ന മനോഹര ചിത്രങ്ങൾ കവിതയെ ആസ്വാദ്യകരമാക്കുന്നു. | കേരളത്തെക്കുറിച്ചുള്ള കവിതകളും ഗാനങ്ങളും ഉൾപ്പെട്ട പതിപ്പ് | പതിപ്പ് | 90 |

| | | | | | | | |
|---|---|---|---|---|---|---|---|
| 4 | വരികൾ കൂട്ടിച്ചേർത്തു കവിത പൂർത്തിയാക്കുന്നു. | കവിതാപൂരണം | പാഠപുസ്തകം | വാക്കുകൾ കൊണ്ടു വരയ്ക്കുന്ന മനോഹര ചിത്രങ്ങൾ കവിതയെ ഏറെ ആസ്വാദ്യമാക്കുന്നു | കവിത | കവിത | 40 |
| 5 | കവിതയിൽ വർണിച്ചിരിക്കുന്ന ദൃശ്യത്തെ സ്വന്തം വാക്യത്തിൽ വിവരിക്കുന്നു | വിവരണം തയ്യാറാക്കൽ | പാഠപുസ്തകം | കേരളീയ പ്രകൃതിയുടെ സവിശേഷതകളും സൗന്ദര്യവും ആസ്വദിക്കുന്നതിലൂടെ സ്വന്തം നാടിനെക്കുറിച്ച് അഭിമാനിക്കാൻ നമുക്ക് കഴിയുന്നു | വിവരണം | വിവരണം | 40 |
| 6 | കേരളത്തിന്റെ പ്രസിദ്ധ കലാരൂപമായ കഥകളിയുടെ ചടങ്ങുകൾ, വേഷം എന്നിവ സാമാന്യമായി പരിചയപ്പെട്ട് കുറിപ്പുകൾ, ആൽബം എന്നിവ തയ്യാറാക്കുന്നു. | വീഡിയോ പ്രദർശനം, വായന, ശ്രാവ്യ വായന, കണ്ടെത്താം, അർത്ഥം എഴുതാം, സമാനാർത്ഥം ഉള്ള പദങ്ങൾ കണ്ടെത്താം, മാറ്റിയെഴുതാം, പദങ്ങൾ കണ്ടെത്താം, തിരിച്ചറിയാം, കഥകളി മേളം, ചിത്രം നിരീക്ഷിച്ച് എഴുതാം, പൂരിപ്പിക്കാം, കഥകളി കാണാം,ആൽബം. | പാഠപുസ്തകം കഥകളി വീഡിയോ കഥകളി ചിത്രങ്ങൾ വാദ്യോപകരണങ്ങൾ ചിത്രം നിഘണ്ടു വർക്ക്ഷീറ്റ് | കേരളത്തിന് മഹത്തായ ഒരു കലാപാരമ്പര്യം ഉണ്ട്. കേരളം നിരവധി കലകളാൽ സമ്പന്നമാണ്. ഓരോ പ്രദേശത്തിനും തനതായ കലാരൂപം ഉണ്ട്. ഓരോ കലാരൂപത്തിനും സവിശേഷമായ ചിട്ടവട്ടങ്ങളുണ്ട്. കേരളത്തിന്റെ പ്രധാന കലാരൂപമായ കഥകളിയിൽ ഒരേസമയം ഒന്നിലധികം കലകളുടെ സാന്നിദ്ധ്യമുണ്ട് | ആൽബം,കുറിപ്പുകൾ | ആൽബം, കുറിപ്പുകൾ, ശ്രാവ്യവായന | 480 |
| 7 | ഓരോ | എത്രയെത്ര കലകൾ | വിവിധ | കേരളം നിരവധി | കുറിപ്പുകൾ | കുറിപ്പുകൾ | 40 |

| | | | | | | | |
|---|---|---|---|---|---|---|---|
| | പ്രദേശത്തിനും തനതായ കലാരൂപം ഉണ്ടെന്ന് തിരിച്ചറിഞ്ഞ് സവിശേഷതകൾ കണ്ടെത്തി കുറിപ്പുകൾ തയ്യാറാക്കുന്നു. | | കലാരൂപങ്ങളുടെ ചിത്രങ്ങൾ, വീഡിയോ (ഒപ്പന, മാർഗ്ഗംകളി, തിരുവാതിരകളി) | കലകളാൽ സമ്പന്നമാണ്. ഓരോ പ്രദേശത്തിനും തനതായ കലാരൂപം ഉണ്ട്. | | | |

**പഠനനേട്ടം കേരളത്തിന്റെ പ്രകൃതി സൗന്ദര്യം അനുഭവിക്കുന്നതിലൂടെയും ആസ്വദിക്കുന്നതിലൂടെയും നാടിനെക്കുറിച്ചറിയുന്നു. അഭിമാനിക്കുന്നു**

പ്രവർത്തനത്തിന്റെ പേര് : പ്രവേശകം, കവിതാ വായന, കണ്ടെത്താം എഴുതാം, അർത്ഥം കണ്ടെത്താം, പിരിച്ചെഴുതാം, സമാന പദങ്ങൾ കണ്ടെത്താം, വരികൾ കണ്ടെത്താം, പ്രയോഗഭംഗി വിശദമാക്കാം.

ആശയങ്ങൾ, മൂല്യങ്ങൾ ധാരണകൾ : മലയാളനാടിന്റെ പ്രകൃതി ഭംഗി ആരെയും ഏറെ ആകർഷിക്കുന്നു.
കേരളീയ പ്രകൃതിയുടെ സവിശേഷതകളും സൗന്ദര്യവും ആസ്വദിക്കുന്നതിലൂടെ സ്വന്തം നാടിനെക്കുറിച്ച് അഭിമാനിക്കാൻ നമുക്ക് കഴിയുന്നു.

പഠന സാമഗ്രികൾ: വീഡിയോ - കേരളത്തിന്റെ സവിശേഷതകൾ (സിഗ്നേച്ചർ വീഡിയോ -കേരള ടൂറിസം, ശ്യാമസുന്ദര കേര കേദാര ഭൂവിൽ)
മലയാളം കവിത ഓഡിയോ

പ്രതീക്ഷിത ഉല്പന്നങ്ങൾ: കവിത

തീയതി : .................................... സമയം :120 മിനിട്ട്

| പ്രവർത്തനം | പ്രതികരണം |
|---|---|
| **കവിതാ വായന**<br>പ്രവേശക കവിത - വ്യക്തിഗത വായന.<br>സംഘ വായന (ബെഞ്ച് ഗ്രൂപ്പ്)<br>അധ്യാപിക വായിക്കുന്നു<br>നന്നായി പാടുന്ന കുട്ടികളെക്കൊണ്ട് വായിപ്പിക്കുന്നു.<br>കുട്ടികൾക്ക് ആവർത്തിച്ചു ചെല്ലുന്നതിനും ഏറ്റു ചൊല്ലുന്നതിനും ഉള്ള അവസരം നൽകുന്നു. | |

| | |
|---|---|
| ആശയ ഗ്രഹണ വായന ഉറപ്പാക്കാൻ താഴെ കൊടുത്തിരിക്കുന്ന ചോദ്യങ്ങൾ പ്രയോജനപ്പെടുത്താം.<br><br>• ഏതു നാടിനെ ക്കുറിച്ചാണ് കവിതയിൽ പറയുന്നത്.<br>• ആരുടെ പൈങ്കിളിയാണ് മലനാട്ടിൽ പാടുന്നത്?<br>• ആരാണ് തുഞ്ചൻ?<br>• ആരുടെ നർത്തകിയാണ് ആടുന്നത്?<br>• ആരാണ് കുഞ്ചൻ?<br>• എന്താണ് കളിയാടുന്നത്?<br>• നെഞ്ചു കുളിർപ്പിക്കുന്നത് എന്താണ്?<br>• കേരളത്തെക്കുറിച്ച് എന്തൊക്കെ കാര്യങ്ങളാണ് കവിതയിൽ പറഞ്ഞിരിക്കുന്നത്?<br><br>ക്രോഡീകരണം<br>സംസ്കാരത്തിന്റെ പുതു മലരുകൾ വിരിയുന്ന നാട്. എഴുത്തച്ഛനും കുഞ്ചൻനമ്പ്യാരും ജീവിച്ച നാട്. തുള്ളലിന്റെ നാട്. ഇളനീരിന്റെ നാട്. തെങ്ങുകൾ കൊണ്ട് പച്ചപ്പന്തലിട്ട നാട്.<br>കൂടാതെ വ്യത്യസ്ത ഭാഷാശൈലികളുടെ നാട്. വിവിധ കലകളുടെ നാട്. വ്യത്യസ്ത ആചാരങ്ങളുടെയും ആഘോഷങ്ങളുടെയും നാട്. വൈവിധ്യമാർന്ന കാലാവസ്ഥയുള്ള നാട്. തുടങ്ങിയവ കൂടി ഉൾപ്പെടുത്താവുന്നതാണ്.<br>**പ്രത്യേകപരിഗണന അർഹിക്കുന്നവർക്ക്**<br>*കാഴ്ചക്കുറവ് - കേരളത്തെക്കുറിച്ചും കേരളത്തിന്റെ സവിശേഷതകളെക്കുറിച്ചും വർണ്ണിക്കുന്ന പാട്ട് കേൾക്കാൻ അവസരം നൽകുന്നു.<br>*കേൾവിക്കുറവ് - കേരളത്തിന്റെ സവിശേഷതയുമായി ബന്ധപ്പെട്ട ചിത്രങ്ങൾ ശേഖരിക്കുക.<br>*മാനസിക വെല്ലുവിളി - കേരളത്തിന്റെ ജിഗ്സോ പസിൽ നൽകാവുന്നതാണ്. കേരളത്തിന്റെ കലാരൂപങ്ങളുടെ ചിത്രങ്ങൾ ശേഖരിക്കുക | |

വിലയിരുത്തൽ : വായന , കവിതാലാപനം ,കവിത

റഫറൻസ് : കേരളം വളരുന്നു കവിത - പാലാ

തുടർ പ്രവർത്തനങ്ങൾ : കേരളത്തിന്റെ പ്രത്യേകതകൾ ഉൾപ്പെടുത്തി ആൽബം നിർമിക്കുക

റിഫ്ലക്ഷൻ നോട്ട് :

**പഠനനേട്ടം : കേരളത്തിന്റെ പ്രകൃതി സൗന്ദര്യം അനുഭവിക്കുന്നതിലൂടെയും ആസ്വദിക്കുന്നതിലൂടെയും നാടിനെക്കുറിച്ചറിയുന്നു. അഭിമാനിക്കുന്നു**

പ്രവർത്തനത്തിന്റെ പേര് : **കവിതാ വായന, കണ്ടെത്താം എഴുതാം**

ആശയങ്ങൾ, മൂല്യങ്ങൾ ധാരണകൾ : മലയാളനാടിന്റെ പ്രകൃതി ഭംഗി ആരെയും ഏറെ ആകർഷിക്കുന്നു.
കേരളീയ പ്രകൃതിയുടെ സവിശേഷതകളും സൗന്ദര്യവും ആസ്വദിക്കുന്നതിലൂടെ സ്വന്തം നാടിനെക്കുറിച്ച് അഭിമാനിക്കാൻ നമുക്ക് കഴിയുന്നു.

പഠന സാമഗ്രികൾ: കവിത - മലയാളം

പ്രതീക്ഷിത ഉല്പന്നങ്ങൾ: നോട്ടുബുക്കിലെ രേഖപ്പെടുത്തൽ

തീയതി : .................................... സമയം : 90 മിനിട്ട്

| പ്രവർത്തനം | പ്രതികരണം |
|---|---|
| **കവിതാ വായന, കണ്ടെത്താം എഴുതാം.**<br>'പൊങ്ങും മോഹന സംസ്കാരം' എന്ന് തുടങ്ങുന്ന ടി. ഉബൈദിന്റെ **വിടവാങ്ങൽ** എന്ന കവിതയിലും, നമ്മൾ കണ്ട കേരളത്തെക്കുറിച്ചുള്ള വീഡിയോകളിലും ഉള്ളതുപോലെ നമ്മുടെ നാടിന്റെ സവിശേഷതകൾ വർണ്ണിക്കുന്ന വള്ളത്തോളിന്റെ **മലയാളം** എന്ന കവിത പാഠപുസ്തകത്തിൽ ഉണ്ട്. വായിച്ചു നോക്കൂ.<br>മലയാളം എന്ന കവിത. വ്യക്തിഗത വായന.<br>പ്രയാസമുള്ള പദങ്ങൾ അടിവരയിടുന്നു.<br>ഗ്രൂപ്പ് വായന.<br>കവിതയുടെ സാമാന്യ ഉള്ളടക്കം ഗ്രഹിച്ചിട്ടുണ്ടോ എന്നറിയാൻ ചുവടെ കൊടുത്തിരിക്കുന്ന ചോദ്യങ്ങൾ | |

| | |
|---|---|
| ചാർട്ടിൽ പ്രദർശിപ്പിക്കുന്നു<br><br>o മേഘങ്ങളാൽ ഉടുപ്പിട്ടിരിക്കുന്നത് ആരെല്ലാമാണ്?<br><br>o ആറുകൾ പോകുന്നത് എങ്ങനെ എന്നാണ് കവി പറഞ്ഞിരിക്കുന്നത്?<br><br>o തോപ്പിലെ ഏതെല്ലാം വൃക്ഷങ്ങളെക്കുറിച്ചാണ് കവിതയിൽ സൂചിപ്പിക്കുന്നത്?<br><br>o പൊയ്കകളിൽ എന്തെല്ലാമാണുള്ളത്?<br><br>ഗ്രൂപ്പിൽ ഉത്തരം കണ്ടെത്തൽ<br>ഉത്തരം കണ്ടെത്താൻ പ്രയാസം ഉള്ള ഗ്രൂപ്പിന് അധ്യാപികയുടെ പിന്തുണ ഉറപ്പാക്കണം.<br>എല്ലാ കുട്ടികളും ഉത്തരം നോട്ടുബുക്കിൽ രേഖപ്പെടുത്തണം.,<br>ഗ്രൂപ്പ് അവതരണം | |

വിലയിരുത്തൽ : വായന, കവിതാലാപനം, കവിത

തുടർ പ്രവർത്തനങ്ങൾ : കേരളത്തെക്കുറിച്ച് പ്രതിപാദിക്കുന്ന മറ്റ് കവിതകൾ കണ്ടെത്തൂ

റിഫ്ലക്ഷൻ നോട്ട് :

**പഠനനേട്ടം : കേരളത്തിന്റെ പ്രകൃതി സൗന്ദര്യം അനുഭവിക്കുന്നതിലൂടെയും ആസ്വദിക്കുന്നതിലൂടെയും നാടിനെക്കുറിച്ചറിയുന്നു. അഭിമാനിക്കുന്നു**

പ്രവർത്തനത്തിന്റെ പേര് : **അർത്ഥം കണ്ടെത്താം**
ആശയങ്ങൾ, മൂല്യങ്ങൾ ധാരണകൾ : മലയാളനാടിന്റെ പ്രകൃതി ഭംഗി ആരെയും ഏറെ ആകർഷിക്കുന്നു.
കേരളീയ പ്രകൃതിയുടെ സവിശേഷതകളും സൗന്ദര്യവും ആസ്വദിക്കുന്നതിലൂടെ സ്വന്തം നാടിനെക്കുറിച്ച് അഭിമാനിക്കാൻ നമുക്ക് കഴിയുന്നു

പഠന സാമഗ്രികൾ: നിഘണ്ടു

പ്രതീക്ഷിത ഉല്പന്നങ്ങൾ:

തീയതി : .................................... സമയം :120 മിനിട്ട്

| പ്രവർത്തനം | പ്രതികരണം |
|---|---|
| **അർത്ഥം കണ്ടെത്താം**<br>പ്രവർത്തനം 3ൽ കവിതാ വായനയുടെ സമയത്ത് കണ്ടെത്തിയ പ്രയാസമുള്ള പദങ്ങൾ നോട്ടുബുക്കിൽ കുറിക്കുന്നു. അർത്ഥം ഊഹിച്ചു എഴുതുന്നു. വ്യക്തിഗതം<br>ഗ്രൂപ്പിൽ അർത്ഥ സൂചിക/ നിഘണ്ടു നോക്കി കണ്ടെത്തുന്നു.<br>(എല്ലാ കുട്ടികൾക്കും നിഘണ്ടു നോക്കി അർത്ഥം കണ്ടെത്താനുള്ള ശേഷി അധ്യാപിക ഉറപ്പാക്കണം.)<br>ഗ്രൂപ്പ് അവതരണം.<br>എല്ലാ കുട്ടികളുടെ നോട്ടുബുക്കിലും ശരിയായ അർത്ഥം രേഖപ്പെടുത്തിയിട്ടുണ്ടെന്ന് അധ്യാപിക ഉറപ്പുവരുത്തണം.<br>**പിരിച്ചെഴുതാം**<br>ഒന്നിലധികം പദങ്ങൾ ചേർന്നു വരുന്ന വാക്കുകൾ കവിതയിൽ നിന്നും കണ്ടെത്താൻ അവസരം നൽകുന്നു.<br>(ഉദാഹരണം - മേഘങ്ങളാലുടുപ്പിട്ട, മണിത്തങ്കച്ചിലങ്ക, തെളിഞ്ഞോളങ്ങൾ ...)<br>5/6 കുട്ടികൾ അവതരിപ്പിക്കുന്നു<br>അധ്യാപിക ചാർട്ടിൽ രേഖപ്പെടുത്തുന്നു.<br>കുട്ടികൾ വാക്കുകൾ പിരിച്ച് എഴുതുന്നു.<br>വ്യക്തിഗതം<br>ഗ്രൂപ്പിൽ പങ്കുവെച്ച് മെച്ചപ്പെടുത്തൽ.<br>പൊതു അവതരണം.<br>അധ്യാപിക ചാർട്ടിൽ രേഖപ്പെടുത്തുന്നു.<br>**സമാന പദങ്ങൾ കണ്ടെത്താം**<br>ആറ്, കാട്, വൃക്ഷം, പക്ഷി തുടങ്ങിയ പദങ്ങൾക്ക് (ടെക്സ്റ്റ് ബുക്ക് പേജ് 90) സമാന അർഥമുള്ള പദങ്ങൾ കുട്ടികൾ വ്യക്തിഗതമായി എഴുതുന്നു .<br>2/3 കുട്ടികൾ അടങ്ങിയ ഗ്രൂപ്പിൽ ചർച്ച ചെയ്യുന്നു. ഗ്രൂപ്പ് അവതരണം.<br>പാഠപുസ്തകത്തിൽ നിർദ്ദേശിച്ച സ്ഥലത്ത് എഴുതുന്നു.<br>നോട്ടുബുക്കിൽ രേഖപ്പെടുത്തുന്നു | |

വിലയിരുത്തൽ : വായന, കവിതാലാപനം, കവിത

റഫറൻസ് :

തുടർ പ്രവർത്തനങ്ങൾ :

റിഫ്ലക്ഷൻ നോട്ട് :

**പഠനനേട്ടം : ആശയം, പുതിയ പദങ്ങൾ, പ്രയോഗങ്ങൾ എന്നിവ ഉൾക്കൊണ്ട് കവിത ആസ്വദിച്ച് ഈണത്തിൽ ചൊല്ലുന്നു**

പ്രവർത്തനത്തിന്റെ പേര് : **വരികൾ കണ്ടെത്താം**
ആശയങ്ങൾ, മൂല്യങ്ങൾ ധാരണകൾ : മലയാളനാടിന്റെ പ്രകൃതി ഭംഗി ആരെയും ഏറെ ആകർഷിക്കുന്നു.
കേരളീയ പ്രകൃതിയുടെ സവിശേഷതകളും സൗന്ദര്യവും ആസ്വദിക്കുന്നതിലൂടെ സ്വന്തം നാടിനെക്കുറിച്ച് അഭിമാനിക്കാൻ നമുക്ക് കഴിയുന്നു

പഠന സാമഗ്രികൾ: വീഡിയോ  മലയാളം കവിത ഓഡിയോ

പ്രതീക്ഷിത ഉല്പന്നങ്ങൾ: കവിത

തീയതി : ....................................   സമയം :120 മിനിട്ട്

| പ്രവർത്തനം | പ്രതികരണം |
|---|---|
| പാഠപുസ്തകം പേജ് 90 ലെ ആശയങ്ങൾ ഉൾക്കൊള്ളുന്ന വരികൾ കണ്ടെത്താനുള്ള പ്രവർത്തനം ചാർട്ടിൽ എഴുതി നൽകുന്നു.<br>കേരളത്തിലെ കാടുകളിൽ നിരവധി മൃഗങ്ങൾ വിഹരിക്കുന്നുണ്ട്.<br>പൊയ്കകളിൽ ആമ്പലും താമരയും തിങ്ങിനിറഞ്ഞിരിക്കുന്നു.<br>ഫലഭൂയിഷ്ഠമായ വയലുകൾ കേരളത്തിലുണ്ട്.<br>ആറുകൾ മൂളിപ്പാട്ട് പാടി ഒഴുകുന്നു.<br>നനവുള്ള പാടങ്ങളും പശുമേയുന്ന പറമ്പുകളും<br>തുടങ്ങിയ ആശയങ്ങൾ ഉൾക്കൊള്ളുന്ന വരികൾ കവിതയിൽ നിന്ന് കണ്ടെത്തുന്നു.<br>വ്യക്തിഗതമായി അവതരിപ്പിക്കുന്നു. നോട്ടുബുക്കിൽ രേഖപ്പെടുത്തുന്നു<br>**പ്രയോഗഭംഗി വിശദമാക്കാം**<br>അധ്യാപിക കുട്ടികളോട് പാഠഭാഗത്തിലെ സവിശേഷ പ്രയോഗങ്ങൾ കണ്ടെത്തി അടിവരയിടാൻ ആവശ്യപ്പെടുന്നു. | |

| | |
|---|---|
| കുട്ടികൾ കണ്ടെത്തുന്നു. അവതരണം.<br>(കുട്ടികൾ കണ്ടെത്തിയില്ലെങ്കിൽ അധ്യാപിക മഹാഭാരതഭൂവിന്റെ മണിത്തങ്കച്ചിലങ്ക ഒരു സവിശേഷ പ്രയോഗം ആണെന്ന ഉദാഹരണം വ്യക്തമാക്കുന്നു.)<br>ഈ പ്രയോഗത്തിന്റെ അർത്ഥം എന്താണ് എന്ന ചോദ്യം ഉന്നയിക്കുന്നു.<br>കുട്ടികൾ അവരവരുടെ അഭിപ്രായങ്ങൾ വ്യക്തിഗതമായി കുറിക്കുന്നു.<br>അധ്യാപിക അഭിപ്രായങ്ങളിൽ ആവശ്യമുള്ളവ ബോർഡിൽ രേഖപ്പെടുത്തുന്നു. ഇതിനു വേണ്ടി ഏതാനും ചിന്തോദ്ദീപക ചോദ്യങ്ങൾ അധ്യാപികയ്ക്ക് ചോദിക്കാവുന്നതാണ്.<br>*കേരളം ഏത് രാജ്യത്തിന്റെ ഭാഗമാണ്?<br>*ഇന്ത്യയുടെ മറ്റൊരു പേര് എന്താണ്?<br>*മഹാഭാരത ഭൂവ് എന്നതുകൊണ്ട് ഉദ്ദേശിക്കുന്നതെന്താണ്?<br>*ഇന്ത്യയുടെ ഭൂപടത്തിൽ എവിടെയാണ് കേരളം സ്ഥിതിചെയ്യുന്നത്?<br>*ചിലങ്ക ശരീരത്തിന്റെ ഏതു ഭാഗത്താണ് ധരിക്കുന്നത്?<br>**ക്രോഡീകരണം**<br>മഹാഭാരതം എന്ന ദേശത്തിന്റെ കാലുകളിൽ അണിഞ്ഞിരിക്കുന്ന മണിത്തങ്കച്ചിലങ്കയാണ് കേരളം. പ്രകൃതി സൗന്ദര്യത്തിന്റെ വർണഭംഗിയും കലാരൂപങ്ങളുടെ കിലുക്കവും ഈ വരിയിൽ കവി ഉൾക്കൊള്ളിച്ചിരിക്കുന്നു.<br><br>വിചിത്രപക്ഷിച്ചിറകിൻ മഴവില്ലാർന്ന ശാഖികൾ എന്നതുകൊണ്ട് ഉദ്ദേശിക്കുന്നതെന്താണ്?<br>(വിചിത്രം എന്ന പദത്തിന് നാനാ വർണ്ണത്തിലുള്ള എന്ന അർത്ഥം എടുക്കണമെന്നും ശാഖികൾ എന്നത് മരങ്ങൾ എന്നും വ്യക്തമാക്കേണ്ടതുണ്ട്.)<br>നാനാ വർണ്ണത്തിലുള്ള ചിറകോട് കൂടിയ പക്ഷികൾ ചേക്കേറുന്ന മരങ്ങൾ എന്ന ആശയം കുട്ടികളിൽ എത്തിക്കുന്നു. ചിറകുകളുടെ വർണ്ണഭംഗി മഴവില്ല് പോലെ ആയിരുന്നു എന്നും വ്യക്തമാക്കുന്നു.<br>**ഈണം കണ്ടെത്തം**<br>വ്യക്തിഗതമായി കവിതയുടെ ഈണം കണ്ടെത്തുന്നു.<br>ഒന്ന് അല്ലെങ്കിൽ രണ്ട് പേർക്ക് ചൊല്ലാൻ അവസരം.<br>മൂന്ന് അല്ലെങ്കിൽ നാലു പേരുള്ള ഗ്രൂപ്പിൽ ഈണം കണ്ടെത്തുന്നു. ഗ്രൂപ്പ് അവതരണം.<br>മറ്റു ഗ്രൂപ്പുകളുടെ വിലയിരുത്തൽ. മെച്ചപ്പെട്ട അവതരണത്തിന് അംഗീകാരം.<br>അധ്യാപകന്റെ അവതരണം . | |

| | |
|---|---|
| ആഡിയോ കേൾപ്പിക്കൽ. | |

വിലയിരുത്തൽ : വായന, കവിതാലാപനം, കവിത

തുടർ പ്രവർത്തനങ്ങൾ :

റിഫ്ലക്ഷൻ നോട്ട് :

**പഠനനേട്ടം : പ്രകൃതി വർണ്ണന തയ്യാറാക്കി അവതരിപ്പിക്കുന്നു**

പ്രവർത്തനത്തിന്റെ പേര് : **വർണന, ആസ്വാദനക്കുറിപ്പ് തയ്യാറാക്കൽ.**

ആശയങ്ങൾ, മൂല്യങ്ങൾ ധാരണകൾ : വാക്കുകൾ കൊണ്ട് വരയ്ക്കുന്ന മനോഹര ചിത്രങ്ങൾ കവിതയെ ഏറെ ആസ്വാദ്യമാക്കുന്നു.

പഠന സാമഗ്രികൾ: ടീച്ചർ വേർഷൻ (വർണന, ആസ്വാദനക്കുറിപ്പ്)

പ്രതീക്ഷിത ഉല്പന്നങ്ങൾ: വർണന,

തീയതി : ....................................  സമയം :120 മിനിട്ട്

| പ്രവർത്തനം | പ്രതികരണം |
|---|---|
| **വർണന തയ്യാറാക്കൽ**<br>ആസ്വാദനാംശം : കവി, ആലങ്കാരിക ഭാഷ, കാഴ്ചയും മറ്റനുഭവവും, പ്രയോഗങ്ങൾ, അതിശയോക്തി ഇവ ഓരോന്നിന്റെയും വിശദീകരണം ഉൾപ്പെടുത്തി വ്യക്തിഗതമായി പട്ടിക രൂപപ്പെടുത്തണം.<br>ഗ്രൂപ്പിൽ വർണനക്കുള്ള പട്ടിക പങ്കുവെച്ച് മെച്ചപ്പെടുത്തുന്നു.<br>അവതരണം<br>ചർച്ച<br>ക്രോഡീകരണം (വർണന തയ്യാറാക്കുന്നതിന് സഹായകമായ പട്ടിക അധ്യാപിക ചാർട്ടിൽ പ്രദർശിപ്പിക്കണം)<br>പട്ടിക പരിഗണിച്ചുകൊണ്ട് വർണന തയ്യാറാക്കുന്നു. വ്യക്തിഗത രചന. മൂന്ന് അല്ലെങ്കിൽ നാലു കുട്ടികളുടെ അവതരണം. ഗ്രൂപ്പിൽ മെച്ചപ്പെടുത്തൽ. ഗ്രൂപ്പ് അവതരണം. | |

| | |
|---|---|
| വിലയിരുത്തൽ.<br>ടീച്ചർ വെർഷൻ പ്രദർശിപ്പിക്കുന്നു.<br>സ്വന്തം വർണന മെച്ചപ്പെടുത്തുന്നു. വർണന വിസ്മയ ചുവരിലേക്ക്. | |

വിലയിരുത്തൽ : വർണന

തുടർ പ്രവർത്തനങ്ങൾ : റിഫ്ലക്ഷൻ നോട്ട് :

**പഠനനേട്ടം : പ്രകൃതി വർണ്ണന തയ്യാറാക്കി അവതരിപ്പിക്കുന്നു.**

പ്രവർത്തനത്തിന്റെ പേര് : ആസ്വാദനക്കുറിപ്പ് തയ്യാറാക്കൽ.

ആശയങ്ങൾ, മൂല്യങ്ങൾ ധാരണകൾ : വാക്കുകൾ കൊണ്ട് വരയ്ക്കുന്ന മനോഹരചിത്രങ്ങൾ കവിതയെ ഏറെ ആസ്വാദ്യമാക്കുന്നു

പഠന സാമഗ്രികൾ: ടീച്ചർ വേർഷൻ ആസ്വാദനക്കുറിപ്പ്

പ്രതീക്ഷിത ഉല്പന്നങ്ങൾ: ആസ്വാദനക്കുറിപ്പ് പതിപ്പ്

തീയതി : .................................... സമയം :120 മിനിട്ട്

| പ്രവർത്തനം | പ്രതികരണം |
|---|---|
| **ആസ്വാദനക്കുറിപ്പ് തയ്യാറാക്കൽ**<br>ആസ്വാദന പട്ടിക -എഴുത്തുകാരൻ, ആശയം, ഇഷ്ടപ്പെട്ട ഭാഗം, പ്രയോഗങ്ങൾ, എന്റെ നിരീക്ഷണം എന്നീ വിശദാംശങ്ങൾ ഉൾപ്പെടുത്തി ഗ്രൂപ്പിൽ ആസ്വാദന പട്ടിക പൂർത്തിയാക്കുന്നു. അവതരണം<br>ചർച്ച<br>ക്രോഡീകരണം<br>പട്ടിക പരിഗണിച്ചുകൊണ്ട് ആസ്വാദനക്കുറിപ്പ് തയ്യാറാക്കുന്നു<br>വ്യക്തിഗത രചന.<br>മൂന്ന് നാല് കുട്ടികളുടെ അവതരണം.<br>ഗ്രൂപ്പിൽ മെച്ചപ്പെടുത്തൽ . ഗ്രൂപ്പ് അവതരണം. വിലയിരുത്തൽ.<br>ടീച്ചർ വേർഷൻ .<br>സ്വന്തം ആസ്വാദനക്കുറിപ്പ് മെച്ചപ്പെടുത്തുന്നു. | |

| | |
|---|---|
| ആസ്വാദന കുറിപ്പ് പഠന ഗ്യാലറിയിലേക്ക്. | |

വിലയിരുത്തൽ : ആസ്വാദനക്കുറിപ്പ്, വർണ്ണന.

തുടർ പ്രവർത്തനങ്ങൾ : കേരളത്തെ കുറിച്ചുള്ള കവിതകളുടെ ശേഖരം

**പഠനനേട്ടം : കേരളത്തെക്കുറിച്ചുള്ള കവിതകളും ഗാനങ്ങളും ശേഖരിച്ചു ചൊല്ലുന്നു.**

പ്രവർത്തനത്തിന്റെ പേര് : കേരളവുമായി ബന്ധപ്പെട്ട കവിത/ ഗാനശേഖരം

ആശയങ്ങൾ, മൂല്യങ്ങൾ ധാരണകൾ : വാക്കുകൾ കൊണ്ട് വരയ്ക്കുന്ന മനോഹര ചിത്രങ്ങൾ കവിതയെ ആസ്വാദ്യകരമാക്കുന്നു.

പഠന സാമഗ്രികൾ: കേരളവുമായി ബന്ധപ്പെട്ട കവിതകളുടെയു ഗാനങ്ങളുടെയും ഓഡിയോ, pdf കോപ്പി

പ്രതീക്ഷിത ഉല്പന്നങ്ങൾ: കേരളത്തെക്കുറിച്ചുള്ള കവിതകളും ഗാനങ്ങളും ഉൾപ്പെട്ട പതിപ്പ്

തീയതി : .................................... സമയം :90മിനിട്ട്

| പ്രവർത്തനം | പ്രതികരണം |
|---|---|
| അധ്യാപിക കുട്ടികളോട് ആസ്വാദനക്കുറിപ്പിന്റെ തുടർ പ്രവർത്തനമായി കേരളത്തെ കുറിച്ചുള്ള കവിതകൾ ശേഖരിക്കുവാൻ നിർദേശം നൽകുന്നു.<br>എല്ലാ കുട്ടികളും കേരളവുമായി ബന്ധപ്പെട്ട കവിതകൾ ശേഖരിക്കുന്നു.<br>രണ്ട് അല്ലെങ്കിൽ മൂന്ന് കുട്ടികൾക്ക് ശേഖരിച്ച് കവിതകളിൽ ഒന്ന് വീതം പാടാൻ അവസരം നൽകുന്നു.<br>മൂന്ന് അല്ലെങ്കിൽ നാലു കുട്ടികൾ ഉൾപ്പെടുന്ന ഗ്രൂപ്പാക്കുന്നു. ഗ്രൂപ്പിൽ കുട്ടികൾ കവിതകൾ പങ്കിടുന്നു. ഗ്രൂപ്പിൽ ഈണം കണ്ടെത്തൽ. ഗ്രൂപ്പ് അവതരണം. കുട്ടികളുടെ അവതരണത്തിനു ശേഷം അധ്യാപിക അധ്യാപക സഹായി പേജ് നമ്പർ 153, 154, 155 ലെ കവിതകളുടെ പിഡിഎഫ് കോപ്പി കാണിക്കുന്നു. കവിതകളുടെ അവതരണം.<br>കേരളത്തെ കുറിച്ചുള്ള കവിതകൾ ചൊല്ലുന്നതിന്റെ ഓഡിയോ കേൾപ്പിക്കൽ.<br>കുട്ടികൾ ശേഖരിച്ച കവിതകൾ ചേർത്ത് പതിപ്പ് നിർമ്മാണം | |

വിലയിരുത്തൽ : പതിപ്പ്

തുടർ പ്രവർത്തനങ്ങൾ : കേരളത്തെക്കുറിച്ചുള്ള കവിതകൾ ശേഖരിക്കുക

റിഫ്ലക്ഷൻ നോട്ട് :

**പഠനനേട്ടം : വരികൾ കൂട്ടിച്ചേർത്തു കവിത പൂർത്തിയാക്കുന്നു**

പ്രവർത്തനത്തിന്റെ പേര് : കവിതാപൂരണം

ആശയങ്ങൾ, മൂല്യങ്ങൾ ധാരണകൾ : വാക്കുകൾ കൊണ്ടു വരയ്ക്കുന്ന മനോഹര ചിത്രങ്ങൾ കവിതയെ ഏറെ ആസ്വാദ്യമാക്കുന്നു

പഠന സാമഗ്രികൾ: പാഠപുസ്തകം

പ്രതീക്ഷിത ഉല്പന്നങ്ങൾ: കവിത

തീയതി : .................................... സമയം :40 മിനിട്ട്

| പ്രവർത്തനം | പ്രതികരണം |
|---|---|
| ടി.ബി.പേജ്91.വരികൾ കൂട്ടിചേർത്ത് കവിത പൂർത്തിയാക്കൂ.<br><br>പാഠഭാഗത്തിലെ വരികൾ കുട്ടികൾ വായിക്കുന്നു.<br><br>കവിതാപൂരണത്തിന്നാവശ്യമായ ചില സഹായം നല്കുന്നു.<br><br>മലയാളത്തിന്റെ പ്രകൃതി ഭംഗി വിവരിക്കുന്ന ആശയഭൂപടം തയ്യാറാക്കുന്നു<br><br>കേരളം-കേരവൃക്ഷങ്ങൾ<br><br>-കഥകളി<br><br>-കുഞ്ചൻ നമ്പ്യാർ | |

| | |
|---|---|
| -നെല്ല് വിളഞ്ഞു നിൽക്കുന്ന പാടങ്ങൾ<br>-മാമലകൾ<br>-കാട്<br>-അരുവികൾ<br>-തുഞ്ചനും പൈങ്കിളിയും<br>-കളകളം പാടും പുഴകൾ<br>-അസ്തമയസൂര്യനും പറക്കുന്ന പക്ഷികളും<br>ഈ പദങ്ങളോട് വിശേഷണങ്ങൾ ചേർത്ത് വാക്യങ്ങൾ തയ്യാറാക്കുന്നു<br>വാക്യങ്ങളെ വരികളാക്കുന്നു.ഈണം നല്കുന്നു.<br>ഉദാ- കേരവൃക്ഷങ്ങൾ ആലോലമാടും നാട്<br>കായലും പുഴയും പാടും നാട്<br>വയലേലകൾ താളമിടും നാട്<br>എന്റെ നല്ല മലയാളം.<br>ടീച്ചർ വരികൾ ചൊല്ലുന്നു.കുട്ടികൾ ഏറ്റു ചൊല്ലുന്നു.<br>തുടർന്നു കുട്ടികൾ കവിതാപൂരണത്തിൽ ഏർപ്പെടുന്നു<br>വ്യക്തിഗതമായി രചനയിലേർപ്പെടുന്നു<br>ഗ്രൂപ്പിൽ അവതരിപ്പിക്കുന്നു.<br>മെച്ചപ്പെടുത്തുന്നു. | |

| | |
|---|---|
| ഗ്രൂപ്പിന്റെ അവതരണം<br><br>എഡിറ്റിംഗ്.<br><br>ടീച്ചർ വേർഷൻ അവതരണം .<br><br>ക്ലാസിലെ മെച്ചപ്പെട്ട വരികൾ ചേർത്ത് പതിപ്പ് നിർമാണം.<br><br>പിന്നാക്കം നിൽക്കുന്ന കുട്ടികൾ പുഴ,തോട്,ചിത്രം വരച്ചു നിറം നൽകട്ടെ | |

വിലയിരുത്തൽ : കവിത

തുടർ പ്രവർത്തനങ്ങൾ : മലയാളത്തിന്റെ പ്രകൃതിഭംഗി വിവരിക്കുന്ന കവിതകൾ ശേഖരിക്കുന്നു

റിഫ്ലക്ഷൻ നോട്ട് :

**പഠനനേട്ടം : കവിതയിൽ വർണിച്ചിരിക്കുന്ന ദൃശ്യത്തെ സ്വന്തം വാക്യത്തിൽ വിവരിക്കുന്നു**

പ്രവർത്തനത്തിന്റെ പേര് : വിവരണം തയ്യാറാക്കൽ

ആശയങ്ങൾ, മൂല്യങ്ങൾ ധാരണകൾ : കേരളീയ പ്രകൃതിയുടെ സവിശേഷതകളും സൗന്ദര്യവും ആസ്വദിക്കുന്നതിലൂടെ സ്വന്തം നാടിനെക്കുറിച്ച് അഭിമാനിക്കാൻ നമുക്ക് കഴിയുന്നു

പഠന സാമഗ്രികൾ: പാഠപുസ്തകം

പ്രതീക്ഷിത ഉല്പന്നങ്ങൾ: വിവരണം

തീയതി : .................................... സമയം :40 മിനിട്ട്

| പ്രവർത്തനം | പ്രതികരണം |
| --- | --- |
| **വർണിച്ചെഴുതാം**<br>കവിതയിൽ ഏതെല്ലാം ദൃശ്യങ്ങളാണ് വർണിച്ചിരിക്കുന്നത്?<br>മഹാഭാരത പൂവിന്റെ മണിത്തങ്കച്ചിലങ്ക, വിചിത്ര പക്ഷിച്ചിറകിൻ  മഴവില്ലാർന്ന ശാഖികൾ തുടങ്ങിയവ ചർച്ച ചെയ്യണം.<br>എന്താണ് ഇതുകൊണ്ട് അർത്ഥമാക്കുന്നത്?<br>വർണ്ണനയുടെ ആശയവും കവിതയുടെ ആശയം കൂടി ചേർത്തു കൊണ്ട് വിവരണം തയ്യാറാക്കാൻ നിർദ്ദേശിക്കുന്നു.<br>വിവരണം തയ്യാറാക്കൽ. വ്യക്തിഗത അവതരണം. പഠനഗ്യാലറിയിൽ പ്രദർശിപ്പിക്കുന്നു.<br>**പ്രത്യേകപരിഗണന അർഹിക്കുന്നവർക്ക്**<br>*കാഴ്ച കുറവ് -കവിതയിൽ വർണ്ണിച്ചിരിക്കുന്ന ദൃശ്യത്തെ സ്വന്തം വാക്യത്തിൽ പറയാൻ അവസരം<br>*കേൾവിക്കുറവ് -കവിതയിലെ വർണ്ണനകൾ ചേർത്ത് ചിത്രം വരയ്ക്കൽ | |

വിലയിരുത്തൽ : വിവരണം

റഫറൻസ് :

തുടർ പ്രവർത്തനങ്ങൾ :

റിഫ്ലക്ഷൻ നോട്ട് :

**പഠനനേട്ടം : കേരളത്തിന്റെ പ്രസിദ്ധ കലാരൂപമായ കഥകളിയുടെ ചടങ്ങുകൾ, വേഷം എന്നിവ സാമാന്യമായി പരിചയപ്പെട്ട് കുറിപ്പുകൾ, ആൽബം എന്നിവ തയ്യാറാക്കുന്നു**

പ്രവർത്തനത്തിന്റെ പേര് : വീഡിയോ പ്രദർശനം, വായന, ശ്രാവ്യ വായന, കണ്ടെത്താം, അര്  ത്ഥം എഴുതാം, സമാനാർത്ഥം ഉള്ള പദങ്ങൾ കണ്ടെത്താം, മാറ്റിയെഴുതാം, പദങ്ങൾ കണ്ടെത്താം, തിരിച്ചറിയാം, കഥകളി മേളം, ചിത്രം നിരീക്ഷിച്ച് എഴുതാം, പൂരിപ്പിക്കാം, കഥകളി കാണാം,ആൽബം

ആശയങ്ങൾ, മൂല്യങ്ങൾ ധാരണകൾ : കേരളത്തിന് മഹത്തായ ഒരു കലാപാരമ്പര്യം ഉണ്ട്.
കേരളം നിരവധി കലകളാൽ സമ്പന്നമാണ്.

ഓരോ പ്രദേശത്തിനും തനതായ കലാരൂപം ഉണ്ട്.
ഓരോ കലാരൂപത്തിനും സവിശേഷമായ ചിട്ടവട്ടങ്ങളുണ്ട്.
കേരളത്തിന്റെ പ്രധാന കലാരൂപമായ കഥകളിയിൽ ഒരേസമയം ഒന്നിലധികം കലകളുടെ സാന്നിദ്ധ്യമുണ്ട്

പഠന സാമഗ്രികൾ: പാഠപുസ്തകം, കഥകളി വീഡിയോ , കഥകളി ചിത്രങ്ങൾ, വാദ്യോപകരണങ്ങൾ ചിത്രം, നിഘണ്ടു, വർക്ക്ഷീറ്റ്

പ്രതീക്ഷിത ഉല്പന്നങ്ങൾ: ആൽബം,കുറിപ്പുകൾ

തീയതി : .................................... സമയം : 90 മിനിട്ട്

| പ്രവർത്തനം | പ്രതികരണം |
|---|---|
| **വീഡിയോ പ്രദർശനം** കഥകളി വീഡിയോ പ്രദർശനം. വീഡിയോ വിശകലനചർച്ച.<br>(ഇത് ഏത് കലാരൂപമാണ്? ആരൊക്കെ നേരിൽ കണ്ടിട്ടുണ്ട് ? തുടങ്ങിയവ )<br>**ക്രോഡീകരണം**<br>**വായന, കണ്ടെത്തി എഴുതാം**<br>മുരളി എന്ന കുട്ടി അച്ഛനോടൊപ്പം കഥകളി കാണാൻ പോയ അനുഭവം നമുക്ക് വായിച്ചാലോ?<br>പാഠഭാഗം വ്യക്തിഗത വായന. (നാല് പേജുള്ള പാഠഭാഗം ഒരുമിച്ച് വായിച്ച് ആശയം ഗ്രഹിക്കാൻ പ്രയാസം നേരിടുന്ന ക്ലാസുകളിൽ തോടയം കഴിയുന്നതുവരെയുള്ള ഭാഗം വായിക്കാൻ നിർദ്ദേശിക്കുകയും അതുമായി ബന്ധപ്പെട്ട ആശയഗ്രഹണ ചോദ്യങ്ങൾ ഉന്നയിച്ച് വായന ഉറപ്പാക്കിയ ശേഷം തുടർന്നുള്ള ഭാഗം വായിക്കാൻ നിർദ്ദേശിക്കാവുന്നതാണ്.)<br>പ്രയാസമുള്ള പദങ്ങൾ അടിവരയിടുന്നു. വായന ഉറപ്പുവരുത്താനായി ചില ചോദ്യങ്ങൾ.<br>പിന്നാക്കക്കാർക്ക് മുൻഗണന.<br>ഉദാഹരണം-<br>*മുരളി അച്ഛനോടൊപ്പം എവിടെയാണ് പോയത്?<br>*സ്റ്റേജിനു മുന്നിലായി എന്താണ് കണ്ടത് ?<br>*ഈശ്വരനെ പ്രാർത്ഥിക്കുന്ന ചടങ്ങിനു പറയുന്ന പേര് എന്താണ്?<br>*നല്ല സ്വഭാവത്തോടുകൂടിയ കഥാപാത്രങ്ങളുടെ വേഷം?<br>ആശയ ഗ്രഹണ വായന. സംഘവായന.<br>ഗ്രൂപ്പിൽ 2 അല്ലെങ്കിൽ 3 ചോദ്യം വീതം നൽകുന്നു. | |

| | |
|---|---|
| • കഥകളിയുടെ ആരംഭത്തിലെ പ്രധാന ചടങ്ങുകൾ:?<br>• ഏതെല്ലാം വാദ്യോപകരണങ്ങളാണ് മേളം തുടങ്ങിയപ്പോൾ ഉപയോഗിച്ചത്?<br>• ഈ ചടങ്ങിന്റെ പേരെന്താണ്?<br>• കളി തുടങ്ങാറായി എന്ന് മുരളിക്ക് തോന്നിയത് എന്തുകൊണ്ടാണ്?<br>• എന്താണ് തോടയം എന്ന ചടങ്ങ്?<br>• ആ വേഷക്കാരൻ എന്താണ് ചെയ്യുന്നത്?<br>• തിരശ്ശീലയുടെ പ്രത്യേകത എന്താണ്?<br>• തോടയം കഴിഞ്ഞുള്ള ചടങ്ങ് ഏതാണ്?<br>• തിരശീല താണപ്പോൾ മുരളി സ്റ്റേജിൽ എന്താണ് കണ്ടത്?<br>• പുരുഷ വേഷത്തിന്റെ പ്രത്യേകതകൾ എന്തെല്ലാം?<br>• സ്ത്രീവേഷത്തിന്റെ പ്രത്യേകതകൾ എന്തെല്ലാം?<br><br>ഗ്രൂപ്പ് ചർച്ച. ഉത്തരം കണ്ടെത്തുന്നു. രേഖപ്പെടുത്തൽ. ഗ്രൂപ്പ് അവതരണം.<br>എല്ലാ കുട്ടികളുടെയും നോട്ടുബുക്കിൽ എല്ലാ ചോദ്യങ്ങളും ശരിയായി രേഖപ്പെടുത്തിയിരിക്കുന്നു എന്ന് അധ്യാപിക ഉറപ്പാക്കണം. | |

വിലയിരുത്തൽ : ആൽബം, കുറിപ്പുകൾ, ശ്രാവ്യവായന

റഫറൻസ് :

തുടർ പ്രവർത്തനങ്ങൾ :

റിഫ്ലക്ഷൻ നോട്ട് :

**പഠനനേട്ടം : കേരളത്തിന്റെ പ്രസിദ്ധ കലാരൂപമായ കഥകളിയുടെ ചടങ്ങുകൾ, വേഷം എന്നിവ സാമാന്യമായി പരിചയപ്പെട്ട് കുറിപ്പുകൾ, ആൽബം എന്നിവ തയ്യാറാക്കുന്നു.**

പ്രവർത്തനത്തിന്റെ പേര് :

ആശയങ്ങൾ, മൂല്യങ്ങൾ ധാരണകൾ : കേരളത്തിന് മഹത്തായ ഒരു കലാപാരമ്പര്യം ഉണ്ട്.
കേരളം നിരവധി കലകളാൽ സമ്പന്നമാണ്.
ഓരോ പ്രദേശത്തിനും തനതായ കലാരൂപം ഉണ്ട്.
ഓരോ കലാരൂപത്തിനും സവിശേഷമായ ചിട്ടവട്ടങ്ങളുണ്ട്.
കേരളത്തിന്റെ പ്രധാന കലാരൂപമായ കഥകളിയിൽ ഒരേസമയം ഒന്നിലധികം കലകളുടെ

പഠന സാമഗ്രികൾ: പാഠപുസ്തകം , നിഘണ്ടു, വർക്ക്ഷീറ്റ്

പ്രതീക്ഷിത ഉല്പന്നങ്ങൾ: ആൽബം ,കുറിപ്പുകൾ

തീയതി : .................................... സമയം : 40 മിനിട്ട്

| പ്രവർത്തനം | പ്രതികരണം |
|---|---|
| **അർത്ഥം എഴുതാം**<br>ആശയഗ്രഹണ വായന സമയത്ത് കണ്ടെത്തിയ പ്രയാസമുള്ള പദങ്ങൾ നോട്ട് ബുക്കിൽ ലിസ്റ്റ് ചെയ്യുന്നു.<br>വ്യക്തിഗതമായി അർത്ഥം ഊഹിക്കുന്നു. രണ്ട് അല്ലെങ്കിൽ മൂന്ന് കുട്ടികളുള്ള ഗ്രൂപ്പിൽ പങ്കുവയ്ക്കുന്നു. നിഘണ്ടു/ അർത്ഥ സൂചിക നോക്കി കൃത്യതപ്പെടുത്തുന്നു. അവതരണം<br>**സമാനമായ പദം**<br>മനോഹരം, പൂവ്, കൈ എന്നീ വാക്കുകൾ അധ്യാപിക ബോർഡിൽ രേഖപ്പെടുത്തുന്നു.<br>ഓരോ വാക്കിനും സമാനമായി ഉപയോഗിക്കുന്ന മറ്റു വാക്കുകൾ കുട്ടിയുടെ മുന്നനുഭവത്തിൽനിന്നു എഴുതാൻ നിർദ്ദേശിക്കുന്നു.<br>വ്യക്തിഗതം. രണ്ട് അല്ലെങ്കിൽ മൂന്ന് പേരുള്ള ഗ്രൂപ്പിൽ പങ്കുവയ്ക്കൽ. സമാനാർത്ഥ സൂചിക നോക്കി കൂട്ടിച്ചേർക്കൽ. | |

| | |
|---|---|
| ഗ്രൂപ്പ് അവതരണം. ക്ലാസ്തല ക്രോഡീകരണം<br><br>**പ്രവർത്തനം**<br>വസ്തുക്കളോടോ ജീവികളോടോ ചെം കൂട്ടിച്ചേർത്ത് ചെമന്ന നിറമുള്ളത് എന്ന അർത്ഥത്തിൽ ഉപയോഗിക്കുന്ന പദങ്ങൾ എഴുതാൻ അധ്യാപിക നിർദ്ദേശിക്കുന്നു.<br>ഒരു ഉദാഹരണം അധ്യാപിക പരിചയപ്പെടുത്തണം.<br>ചെമ്പട്ട് ചെമന്ന പട്ട്<br>വ്യക്തിഗത രചന. അവതരണം.<br>ആദ്യാവതരണം പിന്നാക്കം നിൽക്കുന്നവർക്ക്.<br>ഒരു കുട്ടി ഒരെണ്ണം എന്ന ക്രമത്തിൽ.<br>എല്ലാ വാക്കുകളും അധ്യാപിക ബോർഡിൽ ക്രോഡീകരിക്കുന്നു. എല്ലാ കുട്ടികളുടെയും നോട്ടുബുക്കിൽ രേഖപ്പെടുത്തലുകൾ ഉറപ്പാക്കണം.<br>**മാറ്റിയെഴുതാം**<br>കൈകാലുകൾ എന്ന പദം എങ്ങനെയാണ് പിരിച്ച് പറയുക?<br>സ്വതന്ത്ര പ്രതികരണം.<br>കൈയും കാലും എന്ന് ബോർഡിൽ അധ്യാപിക കുറിക്കുന്നു.<br>ടെക്സ്റ്റ് ബുക്ക് പേജ് 96 ലെ കളിചിരി, ആടയാഭരണങ്ങൾ എന്നീ പദങ്ങൾ പുസ്തകത്തിൽ പിരിച്ചെഴുതുന്നു.<br>കൂടുതൽ ഉദാഹരണങ്ങൾ കണ്ടെത്തി നോട്ടുബുക്കിൽ കുറിക്കുന്നു. അവതരണം.<br>ബോർഡിൽ അധ്യാപിക ക്രോഡീകരിക്കുന്നു.<br>എല്ലാ കുട്ടികളുടെയും നോട്ടുബുക്കിൽ രേഖപ്പെടുത്തൽ അധ്യാപിക ഉറപ്പാക്കണം.<br>ഇതുപോലെ പിരിച്ചെഴുതിയ പദങ്ങൾ കൂട്ടി ചേർത്ത് ഒറ്റപ്പദം ആക്കാനുള്ള പ്രവർത്തനവും നൽകണം.<br>ഉദാഹരണം അച്ഛനും അമ്മയും - അച്ഛനമ്മമാർ.<br>വിലയിരുത്തലിന് അനുബന്ധം ഒന്നിൽ കൊടുത്തിരിക്കുന്ന വർക്ക്ഷീറ്റ് പ്രയോജനപ്പെടുത്തണം | |

വിലയിരുത്തൽ : ആൽബം, കുറിപ്പുകൾ, ശ്രാവ്യവായന

റഫറൻസ് :

തുടർ പ്രവർത്തനങ്ങൾ : കൂടുതൽ പദങ്ങൾ കണ്ടെത്തി എഴുതൂ

റിഫ്ലക്ഷൻ നോട്ട് :

**പഠനനേട്ടം : കേരളത്തിന്റെ പ്രസിദ്ധ കലാരൂപമായ കഥകളിയുടെ ചടങ്ങുകൾ, വേഷം എന്നിവ സാമാന്യമായി പരിചയപ്പെട്ട് കുറിപ്പുകൾ, ആൽബം എന്നിവ തയ്യാറാക്കുന്നു.**

പ്രവർത്തനത്തിന്റെ പേര് :

ആശയങ്ങൾ, മൂല്യങ്ങൾ ധാരണകൾ : കേരളത്തിന് മഹത്തായ ഒരു കലാപാരമ്പര്യം ഉണ്ട്.
കേരളം നിരവധി കലകളാൽ സമ്പന്നമാണ്.
ഓരോ പ്രദേശത്തിനും തനതായ കലാരൂപം ഉണ്ട്.
ഓരോ കലാരൂപത്തിനും സവിശേഷമായ ചിട്ടവട്ടങ്ങളുണ്ട്.
കേരളത്തിന്റെ പ്രധാന കലാരൂപമായ കഥകളിയിൽ ഒരേസമയം ഒന്നിലധികം കലകളുടെ സാന്നിദ്ധ്യമുണ്ട്

പഠന സാമഗ്രികൾ: പാഠപുസ്തകം , വാദ്യോപകരണങ്ങൾ ചിത്രം, നിഘണ്ടു, വർക്ക്ഷീറ്റ്

പ്രതീക്ഷിത ഉല്പന്നങ്ങൾ: ആൽബം,കുറിപ്പുകൾ

തീയതി : .................................... സമയം : 90 മിനിട്ട്

| പ്രവർത്തനം | പ്രതികരണം |
|---|---|
| **ശ്രാവ്യ വായന**<br>ചങ്ങല വായന, സൂചനയനുസരിച്ച് വായിക്കൽ (നിർദേശിച്ച ഭാഗം)<br>വിലയിരുത്തൽ.<br>മികച്ച വായനക്കാരന് പാഠഭാഗം വായിക്കാൻ അവസരം<br>അധ്യാപികയുടെ വായന<br>**പ്രവർത്തനം**<br>ചെണ്ട, ചേങ്ങില, കൊമ്പ്, ശംഖ്, മദ്ദളം, ഇലത്താളം, ഇടയ്ക്ക തുടങ്ങിയ വാദ്യോപകരണങ്ങളുടെ വീഡിയോ പ്രദർശനം ( അല്ലെങ്കിൽ രണ്ട് മിനിറ്റ് ദൈർഘ്യമുള്ള പ്രത്യേകം പ്രത്യേകം വീഡിയോ).<br>ഓരോ വീഡിയോയും പ്രദർശിപ്പിച്ചതിന് ശേഷം<br>*ഏത് വാദ്യോപകരണമാണ്? | |

| | |
|---|---|
| *എന്ത് കൊണ്ട് നിർമിച്ചിരിക്കുന്നു?<br>*ശബ്ദത്തിന്റെ സവിശേഷത?<br>തുടങ്ങിയ കാര്യങ്ങൾ ചർച്ച ചെയ്യുകയും ഉപകരണം, സവിശേഷത എന്ന തരത്തിൽ പട്ടിക പ്പെടുത്തുകയും വേണം.<br>(ഓരോ വാദ്യോപകരണത്തിന്റെയും പേരും സവിശേഷതയും കുട്ടിയുടെ നോട്ട് ബുക്കിൽ ഉണ്ടെന്ന് ഉറപ്പാക്കുന്നതിന് അധ്യാപിക ചാർട്ടിൽ ക്രോഡീകരിച്ചിരിക്കണം.)<br>വിലയിരുത്തലിന് ടെക്സ്റ്റ് ബുക്ക് പേജ് 97 ലെ ചിത്രങ്ങളുടെ പേരുകൾ എഴുതാൻ നിർദ്ദേശിക്കണം. അതോടൊപ്പം അനുബന്ധം 2-ലെ വർക്ഷീറ്റ് പ്രയോജനപ്പെടുത്തണം. | |

വിലയിരുത്തൽ : ആൽബം, കുറിപ്പുകൾ, ശ്രാവ്യവായന

തുടർ പ്രവർത്തനങ്ങൾ :

റിഫ്ലക്ഷൻ നോട്ട് :

**പഠനനേട്ടം : കേരളത്തിന്റെ പ്രസിദ്ധ കലാരൂപമായ കഥകളിയുടെ ചടങ്ങുകൾ, വേഷം എന്നിവ സാമാന്യമായി പരിചയപ്പെട്ട് കുറിപ്പുകൾ, ആൽബം എന്നിവ തയ്യാറാക്കുന്നു.**

പ്രവർത്തനത്തിന്റെ പേര് :

ആശയങ്ങൾ, മൂല്യങ്ങൾ ധാരണകൾ : കേരളത്തിന് മഹത്തായ ഒരു കലാപാരമ്പര്യം ഉണ്ട്.
കേരളം നിരവധി കലകളാൽ സമ്പന്നമാണ്.
ഓരോ പ്രദേശത്തിനും തനതായ കലാരൂപം ഉണ്ട്.
ഓരോ കലാരൂപത്തിനും സവിശേഷമായ ചിട്ടവട്ടങ്ങളുണ്ട്.
കേരളത്തിന്റെ പ്രധാന കലാരൂപമായ കഥകളിയിൽ ഒരേസമയം ഒന്നിലധികം കലകളുടെ സാന്നിധ്യമുണ്ട്.

പഠന സാമഗ്രികൾ: : പാഠപുസ്തകം
കഥകളി വീഡിയോ
കഥകളി ചിത്രങ്ങൾ
വാദ്യോപകരണങ്ങൾ ചിത്രം
നിഘണ്ടു
വർക്ക്ഷീറ്റ്

പ്രതീക്ഷിത ഉല്പന്നങ്ങൾ: ആൽബം,കുറിപ്പുകൾ

തീയതി : ....................................    സമയം : 40 മിനിട്ട്

| പ്രവർത്തനം | പ്രതികരണം |
|---|---|
| **ചിത്ര നിരീക്ഷണം**<br>വിശകലനം.<br>*പച്ച വേഷം കെട്ടുന്നത് പുരുഷ കഥാപാത്രമാണോ?<br>*സ്ത്രീ കഥാപാത്രമാണോ?<br>*കിരീടത്തിന്റെ സവിശേഷത?<br>*മുഖത്തിന്റെ നിറം?<br>*ചുട്ടി കുത്തലിന്റെ നിറം, ആകൃതി?<br>*പുരികം, നെറ്റി ഇവയുടെ ഒരുക്കം?<br>*ചെവിപ്പൂവിന്റെ സവിശേഷത?<br>*ആഭരണങ്ങളുടെ പ്രത്യേകത?<br>*വസ്ത്രങ്ങളുടെ നിറം?<br>തുടങ്ങിയ കാര്യങ്ങൾ ചിത്ര നിരീക്ഷണത്തിലൂടെ പറയാൻ അവസരം.<br>അധ്യാപിക ആവശ്യമായ കൂട്ടിച്ചേർക്കലുകൾ നടത്തണം.<br>ചിത്രനിരീക്ഷണം. ചർച്ച.<br>പാഠപുസ്തകം പേജ് 94 വർണ്ണന എന്നിവ പരിഗണിച്ച് പച്ച വേഷത്തെക്കുറിച്ച് രണ്ട് അല്ലെങ്കിൽ മൂന്ന് കുട്ടികളുടെ ഗ്രൂപ്പിൽ കുറിപ്പ് തയ്യാറാക്കുന്നു. ഗ്രൂപ്പ് അവതരണം.<br>ഒരു ഗ്രൂപ്പിന്റെ ഉൽപ്പന്നം എഡിറ്റിങ്ങിന് വിധേയമാക്കുന്നു.<br>ടീച്ചർ വേർഷൻ. വ്യക്തിഗത മെച്ചപ്പെടുത്തൽ.<br>**മിനുക്ക് ചിത്രം നിരീക്ഷണം**<br>വിശകലനം.<br>ആഭരണങ്ങളുടെ സവിശേഷത. വേഷത്തിന്റെ സവിശേഷത തുടങ്ങിയ കാര്യങ്ങൾ ചർച്ച ചെയ്ത് അധ്യാപികയുടെ കൂട്ടിച്ചേർക്കലുകളോട് കൂടി പച്ച വേഷത്തിന്റെ കുറിപ്പ് തയ്യാറാക്കിയത് പോലെ മിനുക്ക് വേഷത്തിന്റെയും കുറിപ്പ് തയ്യാറാക്കുന്നു. | |

വിലയിരുത്തൽ : ആൽബം, കുറിപ്പുകൾ, ശ്രാവ്യവായന

തുടർ പ്രവർത്തനങ്ങൾ :

റിഫ്ലക്ഷൻ നോട്ട് :

**പഠനനേട്ടം : കേരളത്തിന്റെ പ്രസിദ്ധ കലാരൂപമായ കഥകളിയുടെ ചടങ്ങുകൾ, വേഷം എന്നിവ സാമാന്യമായി പരിചയപ്പെട്ട് കുറിപ്പുകൾ, ആൽബം എന്നിവ തയ്യാറാക്കുന്നു.**

പ്രവർത്തനത്തിന്റെ പേര് :

ആശയങ്ങൾ, മൂല്യങ്ങൾ ധാരണകൾ : കേരളത്തിന് മഹത്തായ ഒരു കലാപാരമ്പര്യം ഉണ്ട്.
കേരളം നിരവധി കലകളാൽ സമ്പന്നമാണ്.
ഓരോ പ്രദേശത്തിനും തനതായ കലാരൂപം ഉണ്ട്.
ഓരോ കലാരൂപത്തിനും സവിശേഷമായ ചിട്ടവട്ടങ്ങളുണ്ട്.
കേരളത്തിന്റെ പ്രധാന കലാരൂപമായ കഥകളിയിൽ ഒരേ സമയം ഒന്നിലധികം കലകളുടെ സാന്നിദ്ധ്യമുണ്ട്

പഠന സാമഗ്രികൾ: : പാഠപുസ്തകം വർക്ക്ഷീറ്റ്

പ്രതീക്ഷിത ഉല്പന്നങ്ങൾ: ആൽബം,കുറിപ്പുകൾ

തീയതി : ....................................          സമയം : 40 മിനിട്ട്

| പ്രവർത്തനം | പ്രതികരണം |
|---|---|
| **പൂരിപ്പിക്കാം**<br>പാഠപുസ്തകം പേജ് 100 ൽ   കൊടുത്തിരിക്കുന്ന അടിവരയിടാത്ത വാക്യങ്ങൾ ചാർട്ടിൽ എഴുതുന്നു.<br>2-ാം കോളത്തിൽ അടിവരയിട്ട വാക്യങ്ങളും എഴുതുന്നു. രണ്ട് കോളങ്ങളിലെയും വാക്യങ്ങൾ തമ്മിലുള്ള വ്യത്യാസങ്ങൾ കണ്ടെത്തുന്നു.<br>ചർച്ച.<br>(ഈ വാക്യങ്ങൾ തമ്മിലുള്ള വ്യത്യാസം എന്താണ്? ഏത് വാക്യത്തിനാണ് പൂർണമായ അർത്ഥമുള്ളത്? തുടങ്ങിയവ) .<br>തുടർന്ന് പാഠപുസ്തകത്തിലെ ചില വാക്യങ്ങൾ വ്യക്തിഗതമായി പൂരിപ്പിക്കുന്നു. | |

| | |
|---|---|
| മൂന്ന് അല്ലെങ്കിൽ നാലു കുട്ടികൾ അവതരിപ്പിക്കുന്നു. ഗ്രൂപ്പിൽ പങ്കുവെച്ച് മെച്ചപ്പെടുത്തുന്നു. ഗ്രൂപ്പ് അവതരണം. കൃത്യതപ്പെടുത്തി ക്രോഡീകരണം. | |

വിലയിരുത്തൽ : ആൽബം, കുറിപ്പുകൾ, ശ്രാവ്യവായന

തുടർ പ്രവർത്തനങ്ങൾ :

റിഫ്ലക്ഷൻ നോട്ട് :

**പഠനനേട്ടം : കേരളത്തിന്റെ പ്രസിദ്ധ കലാരൂപമായ കഥകളിയുടെ ചടങ്ങുകൾ, വേഷം എന്നിവ സാമാന്യമായി പരിചയപ്പെട്ട് കുറിപ്പുകൾ, ആൽബം എന്നിവ തയ്യാറാക്കുന്നു.**

പ്രവർത്തനത്തിന്റെ പേര് :

ആശയങ്ങൾ, മൂല്യങ്ങൾ ധാരണകൾ : കേരളത്തിന് മഹത്തായ ഒരു കലാപാരമ്പര്യം ഉണ്ട്.
കേരളം നിരവധി കലകളാൽ സമ്പന്നമാണ്.
ഓരോ പ്രദേശത്തിനും തനതായ കലാരൂപം ഉണ്ട്.
ഓരോ കലാരൂപത്തിനും സവിശേഷമായ ചിട്ടവട്ടങ്ങളുണ്ട്.
കേരളത്തിന്റെ പ്രധാന കലാരൂപമായ കഥകളിയിൽ ഒരേസമയം ഒന്നിലധികം കലകളുടെ

പഠന സാമഗ്രികൾ: : പാഠപുസ്തകം  കഥകളി വീഡിയോ

പ്രതീക്ഷിത ഉല്പന്നങ്ങൾ: ആൽബം,കുറിപ്പുകൾ

തീയതി : ....................................  സമയം : 90 മിനിട്ട്

| പ്രവർത്തനം | പ്രതികരണം |
|---|---|
| **കഥകളി കാണാം.**<br>കഥകളിയുടെ വീഡിയോ വീണ്ടും പ്രദർശിപ്പിക്കുന്നു.<br>കുട്ടികൾ വ്യക്തിഗതമായി അനുഭവം എഴുതുന്നു. മൂന്ന് അല്ലെങ്കിൽ നാലു കുട്ടികൾ അവതരിപ്പിക്കുന്നു.<br>ഗ്രൂപ്പിൽ അവതരിപ്പിക്കുന്നു. ഗ്രൂപ്പില്   മെച്ചപ്പെടുത്തല്   .ഗ്രൂപ്പിന്റെ അവതരണം. ക്രോഡീകരണം | |

| | |
|---|---|
| നോട്ടുബുക്കിൽ<br>**ആൽബം തയ്യാറാക്കാം**<br>ക്ലാസിന് ഒരു ആൽബം.<br>കഥകളിയിലെ വേഷം, ആടയാഭരണങ്ങൾ, വാദ്യോപകരണങ്ങൾ, തുടങ്ങിയവയുടെ ചിത്രങ്ങൾ, കുറിപ്പുകൾ, പത്ര കട്ടിങ്ങുകൾ, കഥകളിപ്പദങ്ങൾ തുടങ്ങിയവ ചേർത്ത് ആൽബം തയ്യാറാക്കുന്നു. (കുട്ടികളെ തന്നെ ഇതിന്റെ ജോലിക്കായി നിയോഗിക്കണം. എഡിറ്ററുടെ നേതൃത്വത്തിൽ ഒരു സമിതി രൂപീകരിക്കണം. എല്ലാ കുട്ടികളുടെയും പങ്കാളിത്തം ഉറപ്പാക്കണം.) | |

വിലയിരുത്തൽ : ആൽബം, കുറിപ്പുകൾ, ശ്രാവ്യവായന

തുടർ പ്രവർത്തനങ്ങൾ :

റിഫ്ലക്ഷൻ നോട്ട് :

**പഠനനേട്ടം : ഓരോ പ്രദേശത്തിനും തനതായ കലാരൂപം ഉണ്ടെന്ന് തിരിച്ചറിഞ്ഞ് സവിശേഷതകൾ കണ്ടെത്തി കുറിപ്പുകൾ തയ്യാറാക്കുന്നു.**

പ്രവർത്തനത്തിന്റെ പേര് : എത്രയെത്ര കലകൾ

ആശയങ്ങൾ, മൂല്യങ്ങൾ ധാരണകൾ : കേരളം നിരവധി കലകളാൽ സമ്പന്നമാണ്. ഓരോ പ്രദേശത്തിനും തനതായ കലാരൂപം ഉണ്ട്.

പഠന സാമഗ്രികൾ: വിവിധ കലാരൂപങ്ങളുടെ ചിത്രങ്ങൾ, വീഡിയോ (ഒപ്പന, മാർഗ്ഗംകളി, തിരുവാതിരകളി)

പ്രതീക്ഷിത ഉല്പന്നങ്ങൾ:,കുറിപ്പുകൾ

തീയതി : ....................................            സമയം :40 മിനിട്ട്

| പ്രവർത്തനം | പ്രതികരണം |
|---|---|
| **എത്ര എത്ര കലകൾ**<br>ഒപ്പന, മാർഗംകളി, തിരുവാതിരകളി എന്നിവയുടെ ചിത്രങ്ങൾ പ്രദർശിപ്പിക്കുന്നു.<br>ഏതൊക്കെ കലാരൂപങ്ങൾ ആണെന്ന് തിരിച്ചറിയുന്നു.<br>ആരൊക്കെ കണ്ടിട്ടുണ്ട്? ഈ കലാരൂപം കണ്ടിട്ടുള്ള കുട്ടികൾക്ക് സവിശേഷതകൾ പറയാൻ | |

| | |
|---|---|
| അവസരം നൽകുന്നു.<br>തുടർന്ന് ഒപ്പനയുടെ വീഡിയോ പ്രദർശനം.<br>എത്ര പേരാണ് കളിക്കുന്നത്?<br>വസ്ത്രധാരണം എങ്ങനെയാണ്?<br>തുടങ്ങിയ കാര്യങ്ങൾ പൊതുവായി ചർച്ച ചെയ്യുന്നു.<br>ഒപ്പനയുടെ വ്യക്തിഗത കുറിപ്പ് തയ്യാറാക്കുന്നു. ഗ്രൂപ്പിൽ പങ്കുവയ്ക്കൽ.<br>ഗ്രൂപ്പ് അവതരണം. മെച്ചപ്പെടുത്തൽ. ഒരു ഗ്രൂപ്പിന്റെ ഉൽപ്പന്നം എഡിറ്റ് ചെയ്യുന്നു.<br>വ്യക്തിഗത മെച്ചപ്പെടുത്തൽ. ഇതുപോലെ തിരുവാതിര, മാർഗ്ഗംകളി ഇവയുടെ വീഡിയോ<br>പ്രദർശനവും അതിന്മേലുള്ള ചർച്ചയും കുറിപ്പ് തയ്യാറാക്കലും ക്ലാസ് മുറിയിൽ നടക്കണം.<br>**തുടർപ്രവർത്തനം**<br>അവരവരുടെ നാട്ടിൽ പ്രചാരത്തിലുള്ള കലാരൂപങ്ങളെക്കുറിച്ച് അന്വേഷിച്ച് കുറിപ്പ് തയ്യാറാക്കുന്നു. | |

വിലയിരുത്തൽ : കുറിപ്പുകൾ

# യൂണിറ്റ് 7 മോഹിതം

| നമ്പർ | പഠനനേട്ടം | പ്രവർത്തനം | പഠനസാമഗ്രികൾ | ആശയങ്ങൾ, ധാരണകൾ, മൂല്യങ്ങൾ | ഉല്പന്നങ്ങൾ | വിലയിരുത്തൽ | സമയം |
|---|---|---|---|---|---|---|---|
| 1 | പ്രപഞ്ച വിസ്മയങ്ങൾ ആസ്വദിക്കുന്നു. അവയോട് ആദരവ് പ്രകടിപ്പിക്കുന്നു. അവയെക്കുറിച്ച് ലഘുവിവരണങ്ങൾ തയ്യാറാക്കുന്നു. ചർച്ചകളിൽ അവതരിപ്പിക്കുന്നു | പ്രവേശകം | ആകാശപൊയ്കയിലുണ്ടൊരു പൊന്നിൻ തോണി<br>നാഴിയുരി പാലുകൊണ്ടു നാടാകെ കല്യാണം - വീഡിയോ ക്ലിപ്പിംഗ് | നമ്മെ വിസ്മയിപ്പിക്കുന്ന നിരവധി അനുഭവങ്ങൾ നിറഞ്ഞതാണ് ഈ പ്രകൃതിയും പ്രപഞ്ചവും | | | 15 |
| 2 | ഈണം താളം എന്നിവ പാലിച്ച് ഭാവാത്മകമായി കവിത ചൊല്ലുന്നു. | കവിതയ്ക്ക് ഈണം നൽകൽ | നിലാവിനോട് - കവിത - ഓഡിയോ | ആകാശ വിസ്മയങ്ങളിൽ ആകർഷകമാണ് അമ്പിളി. ആകാശദൃശ്യങ്ങൾ നമ്മെ എക്കാലവും അത്ഭുതപ്പെടുത്തുന്നു. | കവിതയുടെ ആലാപനം | ഈണം, താളം, ഭാവം | 120 |
| | | ഈണം നല്കാം | കവിതയുടെ ആഡിയോ | പ്രകൃതിയിലെ വിസ്മയിപ്പിക്കുന്ന സൗന്ദര്യാനുഭവമാണ് പൂമ്പാറ്റ കൗതുകം നിറഞ്ഞ | | കവിതാലാപനം<br>ഈണം<br>താളം | 45 |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | കണ്ണുകളോടെയാണ് കുട്ടികള് പൂമ്പാറ്റകളെ നോക്കുന്നത്. | | ഭാവം | |
| 3 | നിർദ്ദേശിക്കപ്പെട്ട ആശയമുള്ള കവിത രചിക്കുന്നു | ചൊല്ലി രസിക്കാം | അമ്പിളിയെക്കുറിച്ചുള്ള സിനിമാഗാനങ്ങൾ, കവിതകൾ ആഡിയോ | ആകാശത്തിലെ അത്ഭുതങ്ങൾ ആവിഷ്കരിക്കുന്ന നിരവധി കവിതകൾ ഉണ്ട് | കവിതകൾ | കവിത<br><br>വിഷയവുമായുള്ള ബന്ധം<br><br>ഭാഷാശൈലി<br><br>താളക്രമം | 60 |
| 4 | ഒരു കവിതയിലെ ആശയത്തെ സമാനകവിതയിലെ ആശയവുമായി താരതമ്യം ചെയ്തി കുറിപ്പാക്കുന്നു. | താരതമ്യം ചെയ്യാം | | ആകാശത്തിലെ അത്ഭുതങ്ങൾ ആവിഷ്കരിക്കുന്ന നിരവധി കവിതകൾ ഉണ്ട്. | താരതമ്യക്കുറിപ്പ് | കുറിപ്പ്<br><br>ആശയവ്യക്തതയോടെ താരതമ്യം ചെയ്ത് എഴുതിയിട്ടുണ്ട്.<br><br>ആശയങ്ങള് അംഗീകരിച്ച് സ്വന്തം ഭാഷയിൽ എഴുതിയിട്ടുണ്ട്. | 90 |
| 5 | ഇന്ത്യയിലെ ഏറ്റവും പ്രധാനപ്പെട്ട ചരിത്ര സ്മാരകമായ കുത്തബ്മിനാറിന്റെ സവിശേഷതകൾ തിരിച്ചറിഞ്ഞ് രചനകൾ നിർവ്വഹിക്കുന്നു | വ്യക്തിഗത വായന<br><br>ചോദ്യോത്തരപ്പയറ്റ് - ശ്രാവ്യ വായന<br><br>കണ്ടെത്താം<br><br>അർഥം കണ്ടെത്താം | കുത്തബ്മിനാർ സമീപ പ്രദേശങ്ങൾ വീഡിയോ ക്ലിപ്പിംഗ് | ഇന്ത്യയിലെ ചരിത്ര പ്രസിദ്ധമായ സ്മാരകമാണ് കുത്തബ്മിനാർ. നമുക്കു ചുറ്റുമുള്ള വിസ്മയം നിറഞ്ഞ അനുഭവങ്ങളെ അടുത്തറിയുന്നതിന് | | ശ്രാവ്യ വായന<br><br>ഉച്ചാരണ ശുദ്ധി<br><br>ഒഴുക്ക്<br><br>ഭാവവ്യത്യാസം | 180 |

| | | | | | | | |
|---|---|---|---|---|---|---|---|
| | | പ്രയോഗ ഭംഗി കണ്ടെത്താം<br><br>വാക്യങ്ങൾ കണ്ടെത്താം | | യാത്രകൾ സഹായകമാകുന്നു. | | | |
| 6 | യാത്രാ വിവരണങ്ങൾ തയ്യാറാക്കി അവതരിപ്പിക്കുന്നു. | യാത്രാവിവരണം തയാറാക്കാം. | സന്തോഷ് കുളങ്ങരയുടെ സഞ്ചാരം. വീഡിയോ | അനുയോജ്യമായ പ്രയോഗ വിശേഷണങ്ങളിലൂടെ യും വർണ്ണനകളിലൂടെയും ജനജീവിതം പ്രകൃതി ദൃശ്യങ്ങൾ എന്നിവയെക്കുറിച്ച് നേരനുഭവം രചിപ്പിക്കുന്ന രചനകളാണ് യാത്രാവിവരണങ്ങൾ | യാത്രാ വിവരണപ്പതിപ്പ്. | നല്ല തുടക്കം<br><br>ഉചിതമായ ഭാഷ<br><br>ഖണ്ഡികാകരണം<br><br>ആശയ ക്രമീകരണം | 90 |
| 7 | രചനകളിൽ ഉചിതമായ ചിഹ്നം ചേർക്കുന്നു | ചിഹ്നം ചേർത്തെഴുതാം | TB | വാക്യങ്ങള്‍ ക്ക് അർഥ പൂർണത വരുത്താനാണ് ചിഹ്നങ്ങൾ ഉപയോഗിക്കുന്നത്. | ചിഹ്നങ്ങൾ ചേർത്ത കുറിപ്പ് | ചിഹ്നങ്ങള്‍ ശരിയായ രീതിയില്‍ രേഖപ്പെടുത്തിയി ട്ടുണ്ട്. | 20 |
| 8 | പ്രകൃതി ദൃശ്യങ്ങൾ മറ്റു കാഴ്ചകൾ എന്നിവ വർണിക്കുന്നു | അനുഭവ വിവരണം തയാറാക്കാം. | TB | നമുക്കു ചുറ്റുമുള്ള വിസ്മയം നിറഞ്ഞ അനുഭവങ്ങളെ അടുത്തറിയുന്നതിന് യാത്രകൾ സഹാകമാവുന്നു | അനുഭവ വിവരണം | നല്ല തുടക്കം<br><br>കാഴ്ചകൾ വർണിച്ചിട്ടുണ്ട്<br><br>ഉചിതമായ ഭാഷ | 90 |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | | | ആശയ ക്രമീകരണം | |
| | | സങ്കൽപ്പിച്ചെഴുതാം<br><br>കുറിപ്പെഴുതാം<br><br>കാരണം കണ്ടെത്താം. | TB | പ്രകൃതിയിലെ വിസ്മയിപ്പിക്കുന്ന സൗന്ദര്യാനുഭവമാണ് പൂമ്പാറ്റ കൗതുകം നിറഞ്ഞ കണ്ണുകളോടെയാണ് കുട്ടികൾ പൂമ്പാറ്റകളെ നോക്കുന്നത്.<br><br>പൂമ്പാറ്റയുടെ സൗന്ദര്യം ആവിഷ്കരിക്കുന്ന നിരവധി കവിതകൾ ഉണ്ട്. | കുറിപ്പുകള് | കവിതകളിലെ ആശയങ്ങൾ താരതമ്യം ചെയ്ത് എഴുതിയിട്ടുണ്ട്. ആശയങ്ങൾ സ്വാംശീകരിച്ച് എഴുതിയിട്ടുണ്ട്. | 90 |
| | | വർണ്ണിച്ചെഴുതാം | -ഹിമാലയം - വീഡിയോ | നമ്മെ വിസ്മയിപ്പിക്കുന്ന നിരവധി അനുഭവങ്ങൾ നിറഞ്ഞതാണ് ഈ പ്രകൃതിയും പ്രപഞ്ചവും | വർണനകള് | ആലങ്കാരികമായ ഭാഷ പ്രയോഗങ്ങൾ , ഭംഗി- | 40 |

**പഠനനേട്ടം : പ്രപഞ്ചവിസ്മയങ്ങൾ ആസ്വദിക്കുന്നു. അവയോട് ആദരവ് പ്രകടിപ്പിക്കുന്നു.അവയെക്കുറിച്ച് ലഘുവിവരണങ്ങൾ തയ്യാറാക്കുന്നു.ചർച്ചകളിൽ അവതരിപ്പിക്കുന്നു.**

പ്രവർത്തനത്തിന്റെ പേര് : പ്രവേശകം

ആശയങ്ങൾ, മൂല്യങ്ങൾ ധാരണകൾ : നമ്മെ വിസ്മയിപ്പിക്കുന്ന നിരവധി അനുഭവങ്ങൾ നിറഞ്ഞതാണ് ഈ പ്രകൃതിയും പ്രപഞ്ചവും

പഠന സാമഗ്രികൾ: ആകാശപൊയ്കയിലുണ്ടൊരു പൊന്നിൻ തോണി

നാഴിയുരി പാലുകൊണ്ടു നാടാകെ കല്യാണം - വീഡിയോ ക്ലിപ്പിംഗ്

പ്രതീക്ഷിത ഉല്പന്നങ്ങൾ:

തീയതി : .................................... സമയം :45 മിനിട്ട്

| പ്രവർത്തനം | പ്രതികരണം |
|---|---|
| 1. ആകാശപൊയ്കയിലുണ്ടൊരു പൊന്നിൻ തോണി<br>അക്കരയ്ക്കോ ഇക്കരയ്ക്കോ പൊന്മുകിലോല<br>പായകെട്ടിയ പൊന്നിൻ തോണി (ആഡിയോ കേൾപ്പിക്കുന്നു)<br>2. ഇതുപോലൊരു പാട്ടിന്റെ നാലുവരി നമ്മുടെ പാഠപുസ്തകത്തിലുണ്ട്.<br>ടി ബി പേജ് 103 വ്യക്തിഗത വായന പാടുന്നു.<br>3. ചോദ്യങ്ങൾ<br>• ഈ രണ്ടു പാട്ടിലും എന്തിനെക്കുറിച്ചുള്ളതാണ്?<br>കുട്ടികൾ ഉത്തരം പറയുന്നു.<br>വീണ്ടും ലഘു ചോദ്യങ്ങൾ | |

| | |
|---|---|
| • നാഴിയുരിപ്പാൽ എന്ന് വിശേഷിപ്പിക്കുന്നത് എന്തിനെയാണ്?<br><br>• മാനത്തുള്ള തുമ്പച്ചെടികൾ എന്താണ്?<br><br>നിലാവ് പൊഴിക്കുന്ന ചന്ദ്രനും മിന്നിത്തിളങ്ങുന്ന നക്ഷത്രങ്ങളും ചേർന്ന് ആകാശത്തെ കുറിച്ചാണെന്ന് കുട്ടികൾ കണ്ടെത്തണം.<br><br>പാട്ടിന്റെ തുടർന്നുള്ള വരികളിലേയ്ക്ക് ശ്രദ്ധ തിരിക്കുന്നു. (ആഡിയോ) ചാർട്ടിൽ എഴുതി പ്രദർശിപ്പിക്കുന്നു. നാടൻ പദപ്രയോഗങ്ങൾ - ആശയം കൂടുതൽ മനസ്സിലാകാൻ വേണ്ടിയാണിത്.<br><br>• മഞ്ഞിന്റെ തട്ടമിട്ട്<br><br>• ചന്ദ്രൻ മേലെ<br><br>• സുറുമയാൽ കണ്ണെഴുതി<br><br>• താരകൾ നീളെ<br><br>• തൻ വീട്ടിൻ പടിഞ്ഞാറ്<br><br>• ചെന്തെങ്ങിന് കുല വെട്ടി കല്യാണവീട്ടിലാരോ<br><br>• ഒരു മുല്ലപ്പൂ പന്തലുകെട്ടി.<br><br>ഇതുപോലെ എത്രയെത്ര വിസ്മയങ്ങളാണ് നമുക്കു ചുറ്റുമുള്ളത്. സ്വ. പ്ര<br><br>അധ്യാപിക ബി ബിയിൽ എഴുതുന്നു.<br><br>പ്രപഞ്ചത്തിലെ പല കാഴ്ചകളും വിസ്മയം ജനിപ്പിക്കുന്നവയാണ്. മാനം മുട്ടെ ഉയർന്നുനില്ക്കുന്ന പർവ്വത നിരകളും കെട്ടിടങ്ങളും വിശാലമായ മഹാസമുദ്രങ്ങളുംആകാശത്ത് മിന്നുന്ന | |

| | |
|---|---|
| നക്ഷത്രങ്ങളും അമ്പിളിയുമെല്ലാം മനുഷ്യൻ എന്നുംവിസ്മയങ്ങളാണ്. പ്രകൃതിയിലെ ഏറ്റവും വിസ്മയമുണ്ടാക്കുന്ന ഒരു കാഴ്ച വർണിക്കുന്ന കവിത നമുക്കു പരിചയപ്പെടാം. | |

വിലയിരുത്തൽ :

**പഠനനേട്ടം : ഈണം താളം എന്നിവ പാലിച്ച് ഭാവാത്മകമായി കവിത ചൊല്ലുന്നു**

പ്രവർത്തനത്തിന്റെ പേര് : കവിതയ്ക്ക് ഈണം നൽകൽ

ആശയങ്ങൾ, മൂല്യങ്ങൾ ധാരണകൾ : ആകാശ വിസ്മയങ്ങളിൽ ആകർഷകമാണ് അമ്പിളി. ആകാശദൃശ്യങ്ങൾ നമ്മെ എക്കാലവും അത്ഭുതപ്പെടുത്തുന്നു

പഠന സാമഗ്രികൾ: നിലാവിനോട് - കവിത - ഓഡിയോ

പ്രതീക്ഷിത ഉല്പന്നങ്ങൾ: കവിതയുടെ ആലാപനം

തീയതി : .................................... സമയം :120

| പ്രവർത്തനം | പ്രതികരണം |
|---|---|
| 1. ഗ്രൂപ്പു തിരിക്കുന്നു<br><br>കവിതയ്ക്ക് ഈണം നൽകൽ<br><br>അവതരണം, മികച്ചത് കണ്ടെത്തുന്നു, അഭിനന്ദിക്കുന്നു.<br><br>2. ഭാവാത്മക അവതരണം<br><br>അധ്യാപിക ഈണത്തിൽ കവിത ചൊല്ലുന്നു. (ICT സാധ്യത ഉപയോഗിച്ച് നിലാവിനോട് കെ.പി. കറുപ്പൻ )<br><br>3. ആശയഗ്രഹണ ചോദ്യങ്ങൾ ചോദിക്കുന്നു.<br><br>• ആരെക്കുറിച്ചുള്ളിതാണ് ഈ കവിത? | |

| | |
|---|---|
| • കുഞ്ഞ് ആരെയാണ് വിളിക്കുന്നത്?<br><br>• കവി എന്താണ് നിലാവിനോട് ആവശ്യപ്പെടുന്നത്?<br><br>4. കവിത വ്യക്തിഗത വായന.<br><br>എല്ലാവരും കവിത വായിച്ചോ.<br><br>എല്ലാവർക്കും ഉത്തരം കണ്ടെത്താൻ കഴിഞ്ഞോ (അർഥമറിയില്ല ആശയമറിയില്ല)<br><br>വ്യക്തിഗതമായി കവിത കുട്ടികൾ ഒന്നുകൂടി വായിക്കുന്നു. അറിയുന്ന പദങ്ങൾ അറിയാത്ത പദങ്ങൾ രേഖപ്പെടുത്തുന്നു.<br><br>അറിയാത്ത പദങ്ങളുടെ അർഥം സന്ദർഭത്തിൽ ഊഹിക്കാനും അർഥസൂചിക നോക്കി കണ്ടെത്താനും ആവശ്യപ്പെടുന്നു.<br><br>5) കണ്ടെത്താം TB പേജ് 105.<br><br>ആശയഗ്രഹണത്തിനുള്ള ചോദ്യങ്ങൾ വായിച്ച് കുട്ടികൾ കവിതയിൽ നിന്നും ഉത്തരം കണ്ടെത്തി സ്വന്തം വാക്യത്തിൽ പറയുകയും നോട്ട് ബുക്കിൽ എഴുതുകയും ചെയ്യുന്നു.<br><br>അർഥം കണ്ടെത്താം-<br><br>കവിതയിൽ നിന്നുള്ള പദങ്ങളുടെ അർഥം കുട്ടികൾ ഊഹിച്ചു പറയുന്നു. ഊഹിച്ച അർഥം ശരിയാണോ എന്ന് പരിശോധിക്കാൻ അർഥ സൂചിക നോക്കാൻ നിർദ്ദേശിക്കാം.<br><br>6) പ്രയോഗഭംഗി കണ്ടെത്താം<br><br>അമ്പിളിത്തേർ വിട്ടിറങ്ങി വാ നീ<br><br>അക്കൊണ്ടൽ ആനമേൽ ഏറി വാ നീ<br><br>തുമ്പപ്പൂ കണ്ടിട്ടു തുല്ലു ചൊല്ലും | |

| | |
|---|---|
| തൂവാലയിങ്ങു കൊടുത്തയയ്ക്കും<br><br>വരികൾ കുട്ടികൾ ചൊല്ലുന്നു. അധ്യാപിക ചോദ്യങ്ങൾ ചോദിക്കുന്നു.<br><br>• ആരാണ് അമ്പിളിയാകുന്ന തേരിൽ സഞ്ചരിക്കുന്നത്?<br>• ഏതിനെയാണ് കവി ആനയോട് ഉപമിച്ചിരിക്കുന്നത്?<br>• തുമ്പപ്പൂ സുല്ലു ചൊല്ലുന്നത് എന്തിനോടാണ്?<br><br>കുട്ടികൾ ഉത്തരം പറയുന്നു. ചർച്ച – അർഥ വിശദീകരണം - കുട്ടികൾ വ്യക്തിഗതമായി എഴുതി അവതരിപ്പിക്കുന്നു.<br><br>ടീച്ചർ വെർഷൻ<br><br>അമ്പിളിയാകുന്ന തേരിൽ സഞ്ചരിക്കുകയാണ് നിലാവ്<br><br>മേഘമാകുന്ന ആനപ്പുറത്ത് കയറി വരാൻ നിലാവിനോട് പറയുന്നു<br><br>തുമ്പപ്പൂവിന്റെ വെണ്മയേയും തോല്പ്പിക്കുന്നതാണ് നിലാവിന്റെ ഭംഗി<br><br>എന്നാണ് കവി സൂചിപ്പിക്കുന്നത്.<br><br>7) എത്ര പദങ്ങൾ ചേർക്കാം. TB പേജ് 106.<br><br>ചന്ദ്രനു പകരം പറയുന്ന പദങ്ങൾ<br><br>TB യിൽ നല്കിയിട്ടുണ്ട്.<br><br>ഭൂമി<br><br>ആകാശം<br><br>നിലാവ് | |

| | |
|---|---|
| ആന<br><br>മേഘം<br><br>കുഞ്ഞ്<br><br>സമാനാർത്ഥമുള്ളപദങ്ങൾ കുട്ടികൾ പറയട്ടെ. തുടർന്ന് പര്യായ നിഘണ്ടു ഗ്രൂപ്പിൽനല്കി പകരം പദങ്ങൾ കണ്ടെത്തി നോട്ട് ബുക്കിൽ എഴുതുന്നു. വായിച്ച് അവതരിപ്പിക്കുന്നു.<br><br>8) പദങ്ങൾ കണ്ടെത്താം<br><br>പൂചേർത്ത് വരുന്ന പദങ്ങൾ കുട്ടികൾ പറയട്ടെ. അധ്യാപിക ബിബി യിൽ എഴുതുന്നു. കണ്ടെത്തിയ വാക്കുകളിൽ ഒരു പദം ഉപയോഗിച്ച് വാക്യം എഴുതാൻ നിർദ്ദേശിക്കുന്നു. വ്യത്യസ്ത പദങ്ങൾ കുട്ടികൾ ഉപയോഗിക്കുവാൻ അധ്യാപിക ശ്രദ്ധിക്കണം.<br><br>വ്യക്തിഗതമായി വാക്യരചന<br><br>അവതരണം<br><br>മികച്ച വാക്യങ്ങൾ അധ്യാപിക ബിബി യിൽ എഴുതുന്നു. | |

വിലയിരുത്തൽ : ആലാപനം - ഈണം, താളം, ഭാവം

തുടർ പ്രവർത്തനങ്ങൾ : അമ്പിളിയുമായി ബന്ധപ്പെട്ട മറ്റ് കവിതകൾ ശേഖരിക്കുക

റിഫ്ലക്ഷൻ നോട്ട് :

**പഠനനേട്ടം : ഈണം താളം എന്നിവ പാലിച്ച് ഭാവാത്മകമായി കവിത ചൊല്ലുന്നു.**

പ്രവർത്തനത്തിന്റെ പേര് : ഈണം നല്കാം.

ആശയങ്ങൾ, മൂല്യങ്ങൾ ധാരണകൾ : പ്രകൃതിയിലെ വിസ്മയിപ്പിക്കുന്ന സൗന്ദര്യാനുഭവമാണ് പൂമ്പാറ്റ. കൗതുകം നിറഞ്ഞ കണ്ണുകളോടെയാണ് കുട്ടികൾ പൂമ്പാറ്റകളെ നോക്കുന്നത്.

പഠന സാമഗ്രികൾ: കവിതയുടെ ആഡിയോ.

പ്രതീക്ഷിത ഉല്പന്നങ്ങൾ:

തീയതി : .................................... സമയം :45 മിനിട്ട്

| പ്രവർത്തനം | പ്രതികരണം |
|---|---|
| 1)അധ്യാപിക താഴെപ്പറയുന്ന കൊച്ചു കടംകഥ പറയുന്നു.<br>പൂവിലുണ്ട് ഇലയിലില്ല<br>അമ്പിലുണ്ട് വില്ലിലില്ല<br>പാറ്റയിലുണ്ട് ഈച്ചയിലില്ല<br>ആരാണെന്നു പറയാമോ<br>കുട്ടികൾ ഉത്തരം പറയുന്നു.<br>2) പ്രകൃതിയിലെ വിസ്മയിപ്പിക്കുന്ന സൗന്ദര്യാനുഭവമാണ് പൂമ്പാറ്റ<br>പൂമ്പാറ്റകളെ നിങ്ങൾക്കിഷ്ടമല്ലേ?<br>പൂമ്പാറ്റകളെ കുറിച്ചൊരു കവിത നമുക്കു നോക്കാം.<br>കുട്ടിയും തള്ളയും എന്ന കവിത വ്യക്തിഗത വായന | |

| | |
|---|---|
| ഗ്രൂപ്പിൽ ഈണം നൽകൽ<br><br>അവതരണം<br><br>മികച്ച അവതരണം കണ്ടെത്തൽ<br><br>അഭിനന്ദിക്കുന്നു.<br><br>4) തുടർന്ന് അധ്യാപികയുടെ ആലാപനം (ICT സാധ്യതയുപയോഗിച്ചും അവതരിപ്പിക്കുന്നു)<br><br>തുടർന്ന് അധ്യാപിക താഴെപ്പറയുന്ന ചോദ്യങ്ങൾ ചോദിക്കുന്നു.<br><br>ആരൊക്കയാണ് ഈ കവിതയിലുള്ളത്?<br><br>കുട്ടിക്ക് പൂമ്പാറ്റകളെ എന്തായിട്ടാണ് തോന്നിയത്?<br><br>കുട്ടിയുടെ സങ്കടമെന്താണ്?<br><br>കുട്ടികൾ ഉത്തരം പറയുന്നു.<br><br>പ്രവർത്തനം - കണ്ടെത്താം<br><br>കുട്ടികൾ ചോദ്യങ്ങൾ വായിക്കുന്നു. കവിത വീണ്ടും വായിച്ച് ഉത്തരം കണ്ടെത്തി നോട്ട് ബുക്കിൽ എഴുതുന്നു. (എളുപ്പത്തിൽ ആശയഗ്രഹണം നടക്കുന്ന ലളിതമായ ഒരു കവിതയാണിത്)<br><br>അർഥം കണ്ടെത്താം<br><br>പദങ്ങളുടെ അർഥം കുട്ടി സന്ദർഭത്തിൽ നിന്നും ഊഹിച്ച് പറയുന്നു. അർഥ സൂചിക നോക്കി ഉറപ്പുവരുത്തി എഴുതട്ടെ.<br><br>**<u>ആശയം വരുന്ന വരികൾ</u>**<br><br>അധ്യാപിക ഓരോന്നായി പറയുന്നു.<br><br>1) വള്ളിയിൽ നിന്ന് പൂക്കൾ പറന്നുപോകുന്നു | |

| | |
|---|---|
| 2) ചെയ്യാൻ കഴിയാത്തതിനെ കുറിച്ചോർത്തു വിഷമിക്കേണ്ട<br><br>3) നമുക്കറിയാവുന്നത് വളരെ കുറച്ചു കാര്യങ്ങൾ മാത്രമാണ്.<br><br>4) കുട്ടിക്ക് പിച്ച നടക്കാൻ കഴിയുന്നുണ്ട്. എന്നാൽ പിച്ചകത്തിന് കഴിയുന്നില്ലല്ലോ.<br><br>5) ചെയ്യാൻ കഴിയാത്തതിനെക്കുറിച്ച് ദുഃഖിക്കുകയല്ല വേണ്ടത്. മറ്റുള്ളവർക്കില്ലാത്ത കഴിവുകൾ നമുക്കുണ്ട്.<br><br>ഓരോ ചോദ്യം പറയുമ്പോഴും കുട്ടികൾ കവിത വീണ്ടും വീണ്ടും വായിച്ച് ഉത്തരം പറയുന്നു. കവിതയുടെ പൂർണ്ണമായ ആശയം കുട്ടിയിൽ എത്തിക്കാനും കഴിയും.<br><br>**പകരം പദങ്ങൾ**<br><br>ഭംഗി, പൂമ്പാറ്റ, വല്ലി.... എന്നീ പദങ്ങൾ മുൻ പാഠങ്ങളിൽ പഠിപ്പിച്ചിട്ടുള്ളവയാണ്. കുട്ടികൾക്ക് സ്വയം കണ്ടെത്താനുള്ള അവസരം നല്കണം. പിന്നീട് സമാനാർത്ഥ സൂചികയുടെ സഹായത്തോടെ എഴുതട്ടെ.<br><br>**സംഭാഷണം എഴുതാം.**<br><br>ചോദ്യോത്തരം കവിതയായതുകൊണ്ട് കുട്ടികൾക്ക് വേഗം സംഭാഷണം എഴുതാൻ കഴിയും.<br><br>1) ഒന്നുരണ്ട് ചെറിയ ചോദ്യങ്ങളിലൂടെ കുട്ടികളെ സംഭാഷണത്തിലേയ്ക്കു നയിക്കാം.<br><br>കുട്ടി ആദ്യം എന്താണ് അമ്മയോട് ചോദിക്കുന്നത്?<br><br>അതിന് അമ്മ പറയുന്ന മറുപടി എന്താണ്?<br><br>2) കവിതയിലെ ആശയങ്ങൾ സംഭാഷണം രൂപത്തിൽ എഴുതാൻ ആവശ്യപ്പെടുന്നു.<br><br>3) സംഭാഷണം വ്യക്തിഗതം<br><br>Random അവതരണം<br><br>ഗ്രൂപ്പിൽ എഴുതുന്നു | |

| | |
|---|---|
| അവതരണം<br><br>എഡിറ്റിംഗ്<br><br>ടീച്ചർ വെർഷൻ<br><br>മെച്ചപ്പെടുത്തൽ | |

വിലയിരുത്തൽ : കവിതാലാപനം ഈണം താളം ഭാവം

**പഠനനേട്ടം : നിർദ്ദേശിക്കപ്പെട്ട ആശയമുള്ള കവിത രചിക്കുന്നു.**

പ്രവർത്തനത്തിന്റെ പേര് : ചൊല്ലി രസിക്കാം

ആശയങ്ങൾ, മൂല്യങ്ങൾ ധാരണകൾ : ആകാശത്തിലെ അത്ഭുതങ്ങൾ ആവിഷ്കരിക്കുന്ന നിരവധി കവിതകൾ ഉണ്ട്

പഠന സാമഗ്രികൾ: അമ്പിളിയെക്കുറിച്ചുള്ള സിനിമാഗാനങ്ങൾ, കവിതകൾ ആഡിയോ

പ്രതീക്ഷിത ഉല്പന്നങ്ങൾ: കവിതകൾ

തീയതി : .................................... സമയം :60 മിനിട്ട്

| പ്രവർത്തനം | പ്രതികരണം |
|---|---|
| 1. TB പേജ് നം. 107 പേജിലെ കവിതകൾ അധ്യാപികയും കുട്ടികളും ചേർന്ന് ഈണത്തിലും താളത്തിലും പാടുന്നു.<br><br>2. തുടർന്ന് ഐ സി റ്റി സാധ്യത ഉപയോഗിച്ച് ആഡിയോ ക്ലിപ്പിംഗ്<br><br>അമ്മേ അമ്മേ അമ്മേ നമ്മുടെ<br><br>അമ്പിളി അമ്മാവനെപ്പവരും (ഓടയിൽ നിന്ന്)<br><br>വെണ്ണിലാ ചന്ദനക്കിണ്ണം | |

| | |
|---|---|
| പുന്നമടക്കായലിൽ വീണേ<br>(അഴകിയ രാവണൻ )<br>ഇന്ദു പുഷ്പം ചൂടി നില്ക്കും രാത്രി (വൈശാലി)<br>അധ്യാപികയുടെ കഴിവിനനുസരിച്ച് ചന്ദ്രനെക്കുറിച്ചുള്ള ഗാനങ്ങൾ തെരഞ്ഞെടുത്ത് കേൾപ്പിക്കാം.<br>നിലാ<br>നിലാ നിലാ ഓടി വാ<br>നില്ലാമൽ ഓടി വാ<br>മലൈ മേലെയേറി വാ<br>മല്ലിക പൂ കൊണ്ടു വാ<br>വട്ടവട്ട നിലവേ<br>വർണ്ണമുകിൽ പൂവേ<br>പാൽ നിലവേ കൊണ്ടു വാ<br>പമ്പരം പോൽ ചുറ്റി വാ<br>ഈ പാട്ട് ആംഗ്യത്തോടെ അവതരിപ്പിക്കാം.<br>പ്രവർത്തനം - കവിത രചിക്കാം<br>അമ്പിളിയെക്കുറിച്ചുള്ള പാട്ടുകളും കവിതകളും ചൊല്ലി രസിച്ചില്ലേ. ഇനി നിങ്ങൾക്ക് അമ്പിളിയെക്കുറിച്ച് ഒരു കവിത രചിക്കാം. കുട്ടികൾ വ്യക്തിഗതമായി കവിത രചിക്കുന്നു. മികച്ചവ കണ്ടെത്തുന്നു. അഭിനന്ദിക്കുന്നു. | |

വിലയിരുത്തൽ : കവിത - വിഷയവുമായുള്ള ബന്ധം ഭാഷാശൈലി താളക്രമം

റഫറൻസ് :

തുടർ പ്രവർത്തനങ്ങൾ : അമ്പിളി, ആകാശം എന്നിവയുമായി ബന്ധപ്പെട്ട കടങ്കഥകൾ ശേഖരിക്കുക

**അമ്പിളി അമ്മാവൻ**

അമ്മ വരുന്നോ കാണാൻ? നമ്മുടെ

അമ്പിളി വന്നൂ മേലെ

ആകാശത്തു നടുക്കു വിളക്കൊ-

ന്നാരോ തൂക്കിയപോലെ

അന്തിമയങ്ങുമ്പോ,ളൊരുനാളൊരു

മങ്ങിയ തേങ്ങാപ്പൂളായ്

എന്തഴകമ്മേ കാണാൻ!

അമ്പിളിയെങ്ങനെയിത്ര വളർന്നു

റിഫ്ലക്ഷൻ നോട്ട്

**പഠനനേട്ടം : ഒരു കവിതയിലെ ആശയത്തെ സമാനകവിതയിലെ ആശയവുമായി താരതമ്യം ചെയ്തു കുറിപ്പാക്കുന്നു**

പ്രവർത്തനത്തിന്റെ പേര് : താരതമ്യം ചെയ്യാം

ആശയങ്ങൾ, മൂല്യങ്ങൾ ധാരണകൾ : ആകാശത്തിലെ അത്ഭുതങ്ങൾ ആവിഷ്കരിക്കുന്ന നിരവധി കവിതകൾ ഉണ്ട്.

പഠന സാമഗ്രികൾ: TB -

പ്രതീക്ഷിത ഉല്പന്നങ്ങൾ: താരതമ്യക്കുറിപ്പ്

തീയതി : .................................... സമയം :90 മിനിട്ട്

| പ്രവർത്തനം | പ്രതികരണം |
| --- | --- |
| താരതമ്യം ചെയ്യാം TB പേജ് 107<br><br>അമ്പിളി ചിരിക്കും മാനത്ത്<br><br>തുമ്പ ചിരിക്കും താഴത്ത്<br><br>(ഒ.എൻ.വി)<br><br>തുമ്പപ്പൂ കണ്ടിട്ട് തുല്ലും ചൊല്ലും<br><br>തൂവാലയിങ്ങു കൊടുത്തയയ്ക്കും<br><br>രണ്ട് കവിതകളും കുട്ടികൾ വ്യക്തിഗത വായന. അധ്യപിക ചില ചോദ്യങ്ങൾ ചോദിക്കുന്നു<br><br>• അമ്പിളിയുടെ ചിരിയെ കവി എന്തിനോടാണ് ഉപമിച്ചിരിക്കുന്നത്?<br><br>• തുമ്പപ്പൂ എന്തിനോടാണ് തുല്ലു ചൊല്ലുന്നത്?<br><br>അധ്യാപിക ചോദ്യങ്ങളിലൂടെ കവിതകളുടെ ആശയം കുട്ടികളിൽ എത്തിക്കുന്നു. ചർച്ച.<br><br>തുടർന്ന് താരതമ്യക്കുറിപ്പ് എഴുതാൻ ആവശ്യപ്പെടുന്നു.<br><br>ക്രോഡീകരണം<br><br>അമ്പിളിമാനത്ത് ചിരിക്കുന്നതുപോലെയാണ് തുമ്പപ്പൂ ഭൂമിയിൽ നിന്ന് ചിരിക്കുന്നത്. എന്നാൽ നിലാവിന്റെ ഭംഗിതുമ്പപ്പൂവിന്റെ വെണ്മയെ പോലും തോൽപ്പിക്കുന്നു എന്നാണ് കവി പറയുന്നതെന്നആശയം വരത്തക്ക രീതിയിൽ ചർച്ച ക്രോഡീകരിക്കണം | |

വിലയിരുത്തൽ : കുറിപ്പ്

ആശയവ്യക്തതയോടെ താരതമ്യം ചെയ്ത് എഴുതിയിട്ടുണ്ട്.

ആശയങ്ങൾ അംഗീകരിച്ച് സ്വന്തം ഭാഷയിൽ എഴുതിയിട്ടുണ്ട്.

റഫറൻസ് :

തുടർ പ്രവർത്തനങ്ങൾ :

റിഫ്ലക്ഷൻ നോട്ട് :

**പഠനനേട്ടം : ഇന്ത്യയിലെ ഏറ്റവും പ്രധാനപ്പെട്ട ചരിത്ര സ്മാരകമായ കുത്തബ്മിനാറിന്റെ സവിശേഷതകൾ തിരിച്ചറിഞ്ഞ് രചനകൾ നിർവ്വഹിക്കുന്നു.**

പ്രവർത്തനത്തിന്റെ പേര് : വ്യക്തിഗത വായന

ചോദ്യോത്തരപ്പയറ്റ് - ശ്രാവ്യ വായന

കണ്ടെത്താം

അർഥം കണ്ടെത്താം

പ്രയോഗ ഭംഗി കണ്ടെത്താം

വാക്യങ്ങൾ കണ്ടെത്താം

ആശയങ്ങൾ, മൂല്യങ്ങൾ ധാരണകൾ : ഇന്ത്യയിലെ ചരിത്ര പ്രസിദ്ധമായ സ്മാരകമാണ് കുത്തബ്മിനാർ. നമുക്കു ചുറ്റുമുള്ള വിസ്മയം നിറഞ്ഞ അനുഭവങ്ങളെ അടുത്തറിയുന്നതിന് യാത്രകൾ സഹായകമാകുന്നു.

പഠന സാമഗ്രികൾ: കുത്തബ്മിനാർ സമീപ പ്രദേശങ്ങൾ വീഡിയോ ക്ലിപ്പിംഗ്

പ്രതീക്ഷിത ഉല്പന്നങ്ങൾ:

തീയതി : .................................... സമയം :180 മിനിട്ട്

| പ്രവർത്തനം | പ്രതികരണം |
| --- | --- |
| ICT സാധ്യത ഉൾപ്പെടുത്തി ഡൽഹി സമീപ പ്രദേശങ്ങൾ കുത്തബ്മിനാർ - എന്ന വീഡിയോ പ്രദർശനം<br><br>ആകാശത്തെ വിസ്മയങ്ങൾ പോലെ തന്നെ ഭൂമിയിലും ധാരാളം വിസ്മയങ്ങൾ ഉണ്ട്. അതിലൊന്നായ കുത്തബ്മിനാറിനെ കുറിച്ച് പ്രതിപാദിക്കുന്ന ഒരു പാഠഭാഗം നമുക്കുണ്ട്.<br><br>**2) കുത്തബ്മിനാർ - പാഠഭാഗം - മൗന വായന (**വ്യക്തിഗതം)<br><br>3) അധ്യാപിക ചില ചോദ്യങ്ങൾ ചോദിക്കുന്നു<br><br>ഈ പാഠഭാഗം ഏതിനെക്കുറിച്ചാണ്പ്രതിപാദിക്കുന്നത്?<br><br>ആരാണ് ഇത് എഴുതിയിരിക്കുന്നത്?<br><br>കൃതിയുടെ പേരെന്താണ്?<br><br>കുട്ടികൾ ഒന്നുകൂടി പാഠഭാഗം വായിക്കട്ടെ.<br><br>ചോദ്യോത്തരപ്പയറ്റ്<br><br>**4) അധ്യാപികയുടെ ഭാവാത്മക വായന**<br><br>**5) കണ്ടെത്താം**<br><br>ചോദ്യങ്ങൾ വായിച്ച് കുട്ടികൾ പാഠഭാഗം ഒന്നു കൂടി വായിച്ച് ഉത്തരം എഴുതുന്നു.<br><br>**6)അർഥം കണ്ടെത്താം.**<br><br>കുട്ടികൾ വാക്കുകൾ വായിക്കുന്നു. പദസൂചിക നോക്കി കുട്ടികൾ അർഥം കണ്ടെത്തുന്നു. | |

| | |
|---|---|
| **7)-പ്രയോഗ ഭംഗി കണ്ടെത്താം.**<br><br>അകലെ വെയിലിൽ വെള്ളിയരഞ്ഞാൺ പോലെ<br><br>വെട്ടിത്തിളങ്ങുന്നത് യമുനാനദിയാണ്<br><br>യമുനാനദിയെ വെള്ളിയരഞ്ഞാൺ പോലെ എന്ന് വിശേഷിപ്പിക്കാൻ കാരണമെന്ത്?<br><br>അധ്യാപിക പാഠഭാഗം ഒന്നുകൂടി വായിക്കാൻ ആവശ്യപ്പെടുന്നു.<br><br>ചോദ്യങ്ങൾ ചോദിക്കുന്നു.<br><br>എവിടെ നിന്ന് നോക്കുമ്പോഴാണ് യമുനാനദി വെള്ളിയരഞ്ഞാൺ പോലെ തോന്നുന്നത്?<br><br>സ്വ. പ്ര<br><br>യമുനാനദി വെള്ളിയരഞ്ഞാൺ പോലെ വെട്ടിത്തിളങ്ങാൻ കാരണമെന്തായിരിക്കും? സ്വ. പ്ര<br><br>**ചർച്ച**<br><br>**ക്രോഡീകരണം**<br><br>കുത്തബ്മിനാറിന്റെ മുകളിൽ നിന്നുള്ള ദൃശ്യമായതുകൊണ്ടും നദി വെയിലിൽത്തട്ടി തിളങ്ങുന്നതു കൊണ്ടുമാണ് വെള്ളിയരഞ്ഞാൺ പോലെ തോന്നിയത്.<br><br>പാഠഭാഗത്തുനിന്ന് ഇതുപോലെയുള്ള മറ്റു പ്രയോഗങ്ങൾ കുട്ടികൾ വ്യക്തിഗതമായി കണ്ടെത്തി എഴുതുന്നു.<br><br>**പദങ്ങൾ കണ്ടെത്താം.** TB page 113.<br><br>"മലർ ശയ്യ കൊണ്ട് ചൊട്ടികുത്തിയ<br><br>പച്ചപ്പുൽത്തകിടികൾ "<br><br>വാക്യം കുട്ടികൾ ഉറക്കെ വായിക്കുന്നു. | |

| | |
|---|---|
| ഇതിൽ ശയ്യ എന്ന പദത്തെ എന്തുകൊണ്ട് വിശേഷിപ്പിച്ചിരിക്കുന്നു. സ്വ.പ്ര.<br><br>"മലർ" കൊണ്ടുള്ള കിടക്ക<br><br>ആശയം വിശദമാക്കുന്ന രീതിയിൽ അധ്യാപിക വിശദീകരണം നല്കണം.<br><br>പൂക്കളാലാകുന്ന കിടക്ക കൊണ്ട്<br><br>അലങ്കരിക്കുന്ന പച്ചപ്പുൽത്തകിടി<br><br>ഇവിടെ ശയ്യയെ മലർ എന്ന പദം കൊണ്ട് വിശേഷിപ്പിച്ചിരിക്കുന്നു.<br><br>ഇതുപോലെ മലർ എന്ന പദം വിശേഷണമായി ഉപയോഗിക്കുന്ന മറ്റു പദങ്ങൾ പറയാമോ ?<br><br>കുട്ടികൾക്ക് പറയാൻ അവസരം.<br><br>അധ്യാപിക ബിബിയിൽ എഴുതുന്നു.<br><br>മലർ മണം, മലർ മെത്ത<br><br>മലർ കൊടി, മലർ വാടി<br><br>മലർച്ചെണ്ട്,<br><br>മലർ അമ്പ്, മലർ തേൻ<br><br>ഓരോ പദം എഴുമ്പോഴും അധ്യാപിക അർഥം പറയുന്നു. തുടർന്ന് അവർക്കിഷ്ടമുള്ള ഒരു പദം ഉപയോഗിച്ച് വാക്യം എഴുതാൻ ആവശ്യപ്പെടുന്നു. (വ്യക്തിഗതം)<br><br>ഇവിടെ ഒരു പദത്തെ മലർ എന്ന പദം കൊണ്ട് വിശേഷിപ്പിക്കുന്നതെങ്കിൽ ....<br><br>ഒരു പദത്തെ പല വിശേഷണ പദങ്ങൾ കൊണ്ട് നമുക്ക് വിശേഷിപ്പിക്കാം.<br><br>ഉദാ:- നേരിയ ശബ്ദം | |

| | |
|---|---|
| ഭയങ്കര ശബ്ദം<br>വല്യ ശബ്ദം<br><br>കാതടപ്പിക്കുന്ന ശബ്ദം<br><br>ലോല ശബ്ദം<br><br>തുടർ പ്രവർത്തനം<br><br>TB Page 111 വിശേഷിപ്പിക്കാം എന്ന പ്രവർത്തനം<br><br>Assignment – ഇത്തരത്തിലുള്ള വിശേഷണം ചേർത്തുള്ള പദങ്ങൾ കണ്ടെത്തി വരുക. | |

വിലയിരുത്തൽ : ശ്രാവ്യ വായന ഉച്ചാരണ ശുദ്ധി ഒഴുക്ക് ഭാവവ്യത്യാസം

തുടർ പ്രവർത്തനങ്ങൾ : TB Page 111 വിശേഷിപ്പിക്കാം എന്ന പ്രവർത്തനം

Assignment – ഇത്തരത്തിലുള്ള വിശേഷണം ചേർത്തുള്ള പദങ്ങൾ കണ്ടെത്തി വരുക.

**പഠനനേട്ടം : യാത്രാ വിവരണങ്ങൾ തയ്യാറാക്കി അവതരിപ്പിക്കുന്നു**

പ്രവർത്തനത്തിന്റെ പേര് : യാത്രാവിവരണം തയാറാക്കാം.

ആശയങ്ങൾ, മൂല്യങ്ങൾ ധാരണകൾ : അനുയോജ്യമായപ്രയോഗ വിശേഷണങ്ങളിലൂടെയും വർണനകളിലൂടെയും ജനജീവിതം പ്രകൃതി ദൃശ്യങ്ങൾ എന്നിവയെക്കുറിച്ച് നേരനുഭവം രചിപ്പിക്കുന്ന രചനകളാണ് യാത്രാവിവരണങ്ങൾ

പഠന സാമഗ്രികൾ: സന്തോഷ് കുളങ്ങരയുടെ സഞ്ചാരം. വീഡിയോ.

പ്രതീക്ഷിത ഉല്പന്നങ്ങൾ: യാത്രാ വിവരണപ്പതിപ്പ്.

തീയതി : .................................... സമയം :90 മിനിട്ട്

<table>
<tr><th>പ്രവർത്തനം</th><th>പ്രതികരണം</th></tr>
<tr><td>1. സന്തോഷ് കുളങ്ങരയുടെ സഞ്ചാരം വീഡിയോ പ്രദർശനം<br><br>2) ചർച്ച : യാത്രാ വിവരണം എഴുതി തയാറാക്കുമ്പോൾ എന്തെല്ലാം ഉൾപ്പെടുത്തണം?<br><br>അധ്യാപിക BB യിൽ ക്രോഡീകരിക്കണം.<br><ul><li>യാത്രപോയ സ്ഥലങ്ങൾ</li><li>യാത്ര പുറപ്പെട്ട സമയം</li><li>തിരിച്ചെത്തിയ സമയം</li><li>സന്ദർശിച്ച സ്ഥലത്തെക്കുറിച്ചുള്ള വിവരങ്ങൾ, മനുഷ്യർ, ഭൂപ്രകൃതി മറ്റു പ്രത്യേകതകൾ</li><li>ആകർഷിച്ച കാഴ്ചകൾ</li><li>അനുഭവങ്ങൾ</li></ul>ഒന്ന് രണ്ട് കുട്ടികൾ യാത്രാ വിവരണം തയ്യാറാക്കുന്നു. (വ്യക്തിഗതം)<br><br>അവതരണം<br><br>മെച്ചപ്പെടുത്തൽ</td><td></td></tr>
</table>

വിലയിരുത്തൽ : നല്ല തുടക്കം ഉചിതമായ ഭാഷ ഖണ്ഡികാകരണം ആശയ ക്രമീകരണം

റഫറൻസ് :

തുടർ പ്രവർത്തനങ്ങൾ :

റിഫ്ലക്ഷൻ നോട്ട് :

**പഠനനേട്ടം : രചനകളിൽ ഉചിതമായ ചിഹ്നം ചേർക്കുന്നു**

പ്രവർത്തനത്തിന്റെ പേര് : ചിഹ്നം ചേർത്തെഴുതാം.

ആശയങ്ങൾ, മൂല്യങ്ങൾ ധാരണകൾ : വാക്യങ്ങൾക്ക് അർഥ പൂർണത വരുത്താനാണ് ചിഹ്നങ്ങൾ ഉപയോഗിക്കുന്നത്.

പഠന സാമഗ്രികൾ:TB

പ്രതീക്ഷിത ഉല്പന്നങ്ങൾ: ചിഹ്നങ്ങൾ ചേർത്ത കുറിപ്പ്

തീയതി : .................................... സമയം :40 മിനിട്ട്

| പ്രവർത്തനം | പ്രതികരണം |
|---|---|
| I) അധ്യാപിക താഴെ പറയുന്ന വാക്കുകൾ ചിഹ്നം ചേർക്കാൻ നല്കുന്നു.<br>1. സംസാരിക്കുന്ന പക്ഷിയേത്?<br>2. മനുഷ്യന്റെ പ്രാഥമിക ആവശ്യങ്ങളാണ് വായു, ജലം, ആഹാരം, പാർപ്പിടം<br>3. ഹോ...... എന്തൊരു ഉയരം<br>4. ലൈല പറഞ്ഞു. ചേട്ടാ ഇത് വെറുമൊരു മൈനയല്ല.<br>5.<br>II) കുട്ടികൾ വ്യക്തിഗതമായി ചിഹ്നങ്ങൾ ചേർക്കുന്നു.<br>ചർച്ച<br>ചിഹ്നങ്ങൾ ഏതൊക്കെ? എങ്ങനെ ഉപയോഗിക്കുന്നു?<br>ഉദാ:- പാഠഭാഗത്തെ ഒരുപാട് വാക്യങ്ങൾ വായിപ്പിക്കണം.<br>III) തുടർന്ന് TB പേജ് നം. 112 പ്രവർത്തനം ചിഹ്നം ചേർത്തെഴുതാം | |

| | |
|---|---|
| (4-ാമത്തെ യൂണിറ്റായ രസിതത്തിൽ കുട്ടികൾ ചിഹ്നങ്ങളെക്കുറിച്ചുള്ള ധാരണ നേടിയിട്ടുണ്ട്) | |

വിലയിരുത്തൽ : ചിഹ്നങ്ങൾ ശരിയായ രീതിയിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

തുടർ പ്രവർത്തനങ്ങൾ : പാഠപുസ്തകത്തിൽ ചിഹ്നങ്ങൾ വരുന്ന ഭാഗം കണ്ടെത്തുന്നു

റിഫ്ലക്ഷൻ നോട്ട് :

**പഠനനേട്ടം : പ്രകൃതി ദൃശ്യങ്ങൾ മറ്റു കാഴ്ചകൾ എന്നിവ വർണിക്കുന്നു**

പ്രവർത്തനത്തിന്റെ പേര് : അനുഭവ വിവരണം തയാറാക്കാം

ആശയങ്ങൾ, മൂല്യങ്ങൾ ധാരണകൾ : നമുക്കു ചുറ്റുമുള്ള വിസ്മയം നിറഞ്ഞ അനുഭവങ്ങളെ അടുത്തറിയുന്നതിന് യാത്രകൾ സഹാകമാവുന്നു

പഠന സാമഗ്രികൾ:TB

പ്രതീക്ഷിത ഉല്പന്നങ്ങൾ: അനുഭവ വിവരണം.

തീയതി : .................................... സമയം :90 മിനിട്ട്

| പ്രവർത്തനം | പ്രതികരണം |
|---|---|
| കുത്തബ്മിനാർ എന്ന പാഠത്തിൽ ലേഖകൻ കണ്ട സ്വപ്ന തുല്യമായ കാഴ്ച വർണ്ണിച്ചിട്ടുണ്ടല്ലോ? ഇത്തരത്തിലുള്ള ഏതെങ്കിലും കാഴ്ച നിങ്ങൾ കണ്ടിട്ടുണ്ടോ? സ്വ.പ്രതികരണം. മൂന്നോ നാലോ കുട്ടികൾ അവർ കണ്ട കാഴ്ച (ഓർമ്മയിലുള്ള സ്വപ്ന തുല്യമായ കാഴ്ച) വർണിച്ചുകൊണ്ട് ക്ലാസിൽ സംസാരിക്കാൻ അവസരം നല്കുന്നു.<br><br>ആരുടെ അവതരണമാണ് നന്നായത്. എന്തുകൊണ്ട്?<br><br>എന്തെല്ലാം മേന്മകളാണ് അവരുടെ അവതരണത്തിൽ കണ്ടത്.<br><br>ഇത്തരം അവതരണത്തിൽ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ എന്തെല്ലാം. | |

| | |
|---|---|
| ചർച്ച<br><br>ക്രോഡീകരണം<br><br>• കാഴ്ച വർണിച്ചുകൊണ്ട് മനസ്സിൽ തങ്ങി നില്ക്കുന്ന രീതിയിലാവണം മറ്റുള്ളവർ നേരിൽ കാണുന്ന പ്രതീതി ജനിപ്പിക്കണം.<br><br>തുടർന്ന്<br><br>അനുഭവ വിവരണം വ്യക്തിഗതമായി തയ്യാറാക്കൽ<br><br>വായിച്ച് അവതരിപ്പിക്കൽ<br><br>വിലയിരുത്തൽ<br><br>ടീച്ചർ വെർഷൻ<br><br>മെച്ചപ്പെടുത്തൽ | |

വിലയിരുത്തൽ : നല്ല തുടക്കം കാഴ്ചകൾ വർണിച്ചിട്ടുണ്ട് ഉചിതമായ ഭാഷ ആശയ ക്രമീകരണം

തുടർ പ്രവർത്തനങ്ങൾ : സങ്കൽപ്പിച്ചെഴുതാം -കുറിപ്പെഴുതാം - കാരണം കണ്ടെത്താം.

റിഫ്ലക്ഷൻ നോട്ട് :

പഠനനേട്ടം : പ്രകൃതി ദൃശ്യങ്ങൾ മറ്റു കാഴ്ചകൾ എന്നിവ വർണിക്കുന്നു.

പ്രവർത്തനത്തിന്റെ പേര് : സങ്കൽപ്പിച്ചെഴുതാം -കുറിപ്പെഴുതാം - കാരണം കണ്ടെത്താം.

ആശയങ്ങൾ, മൂല്യങ്ങൾ ധാരണകൾ : പ്രകൃതിയിലെ വിസ്മയിപ്പിക്കുന്ന സൗന്ദര്യാനുഭവമാണ് പൂമ്പാറ്റ കൗതുകം നിറഞ്ഞ കണ്ണുകളോടെയാണ് കുട്ടികൾ പൂമ്പാറ്റകളെ നോക്കുന്നത്.

പൂമ്പാറ്റയുടെ സൗന്ദര്യം ആവിഷ്കരിക്കുന്ന നിരവധി കവിതകൾ ഉണ്ട്.

പഠന സാമഗ്രികൾ: TB

പ്രതീക്ഷിത ഉല്പന്നങ്ങൾ: കുറിപ്പുകൾ

തീയതി : ....................................     സമയം :90 മിനിട്ട്

| പ്രവർത്തനം | പ്രതികരണം |
| --- | --- |
| അധ്യാപിക ഒരു കുഞ്ഞു കവിത അവതരിപ്പിക്കുന്നു.<br><br>എല്ലാനാളും മണ്ണിൽ നടപ്പതു<br><br>ഇല്ലൊരു കൗതുകം നിരൂപിച്ചാൽ<br><br>മാനത്തൂടെ പറക്കാതിങ്ങനെ<br><br>ഞാനമരുന്നതു ശരിയാണോ<br><br>വിരിതൊടുനീലചിറകുകളായെൻ<br><br>കരിവണ്ടായി തീർന്നെങ്കിൽ<br><br>കാടിനു മുകളിൽ കുന്നിനു മുകളിൽ<br><br>മോടി കലർന്നു പറക്കും ഞാൻ<br><br>എന്തൊരു രസമാണെന്തൊരു രസമാ..<br><br>അന്തിവരേയ്ക്കു പറന്നീടാൻ<br><br>കുട്ടികൾ ഏറ്റു പാടുന്നു. | |

| | |
|---|---|
| ഒരു കുട്ടിക്ക് ചിറകുണ്ടായിരുന്നാൽ അവനെന്തൊക്കെ ചെയ്യുമായിരുന്നു എന്നുള്ള കവിതയാണിത്.<br><br>നിങ്ങൾക്കു ചിറകുണ്ടായിരുന്നുവെങ്കിൽ എന്തൊക്കെ ചെയ്യുമായിരുന്നു. ഒന്നുരണ്ട് കുട്ടികൾക്ക് പറയാനവസരം.<br><br>തുടർന്ന് നിങ്ങൾക്കും ചിറകുണ്ടായിരുന്നുവെങ്കിലോ. സങ്കല്പിച്ച് വ്യക്തിഗതമായി എഴുതുവാൻ ആവശ്യപ്പെടുന്നു.<br><br>അവതരണം<br><br>മികച്ച അവതരണം കണ്ടെത്തുന്നു. അഭിനന്ദിക്കുന്നു.<br><br>ചൊല്ലി രസിക്കാം.<br><br>കുട്ടികളെ 2 പേർ വീതമുള്ള ഗ്രൂപ്പാക്കുന്നു. അമ്മയും കുട്ടിയുമായി സംസാരിക്കുന്ന രൂപത്തിൽ കവിത അവതരിപ്പിക്കുവാൻ സമയം നൽകണം.<br><br>തുടർന്ന് ഓരോ ഗ്രൂപ്പായി അവതരണം മികച്ച അവതരണങ്ങൾ കണ്ടെത്തി പ്രോത്സാഹിപ്പിക്കണം.<br><br>തുടർ പ്രവർത്തനം.<br><br>പൂമ്പാറ്റ കവിതകൾ പൂരിപ്പിക്കൽ<br><br>**പ്രവർത്തനം - കുറിപ്പെഴുതാം TB page 117**<br><br>പൂവിലിരുന്നു പൂമ്പാറ്റ<br><br>പൂന്തേനുണ്ടു പൂമ്പാറ്റ | |

| | |
|---|---|
| പൂവിതളായി പൂമ്പാറ്റ<br><br>പൂങ്കരളായി പൂമ്പാറ്റ<br><br>കുട്ടിയും തള്ളയും എന്ന കവിതയിലെ ആശയവും ഈ കവിതയിലെ ആശയവും താരതമ്യപ്പെടുത്തി കുറിപ്പ് തയാറാക്കുക.<br><br>കുട്ടിയും തള്ളയും എന്ന കവിതയിലെ ആശയങ്ങൾ കുട്ടി സ്വായത്തമാക്കിയിട്ടുണ്ട്.<br><br>അധ്യാപിക ലഘുചോദ്യങ്ങൾ<br><br>1) ആദ്യത്തെ കവിതയിൽ പൂമ്പാറ്റകളെ കുട്ടിക്ക് എന്തായാണ് തോന്നുന്നത്?<br><br>2) രണ്ടാമത്തെ കവിതയിൽ പൂമ്പാറ്റ എന്തു ചെയ്യുന്നു?<br><br>3) പൂവിലിരുന്നു പൂന്തേനുണ്ണുന്ന പൂമ്പാറ്റ എന്തായി തോന്നുന്നു.<br><br>4) പൂവിന്റെ പൂങ്കരളായി മാറുന്നത് ആരാണ്?<br><br>ചർച്ച<br><br>അധ്യാപികയുടെ ക്രോഡീകരണം.<br><br>**പ്രവർത്തനം - കാരണം കണ്ടെത്താം.**<br><br>മേൽക്കുമേലിങ്ങിവ പൊങ്ങി- വിണ്ണിൽ<br><br>നോക്കമ്മേ എന്തൊരു ഭംഗി......<br><br>വരികൾ കുട്ടികൾ ഒന്നുകൂടെ ചൊല്ലുന്നു. | |

| | |
|---|---|
| അധ്യാപികയുടെ ലഘുചോദ്യങ്ങൾ<br><br>1) മേൽക്കുമേൽ പൊങ്ങിപ്പോകുന്നത് എന്താണ്.<br><br>2) പൂമ്പാറ്റകളെ കുട്ടിക്ക് എന്തായിട്ടാണ് തോന്നുന്നത്?<br><br>3) പൂമ്പാറ്റകൾ ഒരേ നിറത്തിലുള്ളവയാണോ? കുട്ടികൾ പൂമ്പാറ്റയോ കാണുമ്പോൾ വിസ്മയിക്കുന്ന കാരണം വ്യക്തിഗതമായി എഴുതുന്നു.<br><br>അവതരണം<br><br>അധ്യാപികയുടെ ക്രോഡീകരണം.<br><br>പറന്നുപോകുന്ന പൂക്കളായിട്ടാണ് കുട്ടി പൂമ്പാറ്റകളെ കാണുന്നത്. മേൽക്കുമേൽ പൊങ്ങിപ്പറക്കുന്ന പല വർണങ്ങളിലുള്ള പൂമ്പാറ്റകളാണ് കുട്ടിയെ വിസ്മയിപ്പിക്കുന്നത്. | |

വിലയിരുത്തൽ : കവിതകളിലെ ആശയങ്ങൾ താരതമ്യം ചെയ്ത് എഴുതിയിട്ടുണ്ട്. ആശയങ്ങൾ സ്വാംശീകരിച്ച് എഴുതിയിട്ടുണ്ട്

തുടർ പ്രവർത്തനങ്ങൾ : പൂമ്പാറ്റ കവിതകൾ പൂരിപ്പിക്കൽ

റിഫ്ലക്ഷൻ നോട്ട് :

**പഠനനേട്ടം : പ്രകൃതി ദൃശ്യങ്ങള് മറ്റു കാഴ്ചകൾ എന്നിവ വർണിക്കുന്നു.**

പ്രവർത്തനത്തിന്റെ പേര് : വർണ്ണിച്ചെഴുതാം

ആശയങ്ങൾ, മൂല്യങ്ങൾ ധാരണകൾ : -നമ്മെ വിസ്മയിപ്പിക്കുന്ന നിരവധി അനുഭവങ്ങൾ നിറഞ്ഞതാണ് ഈ പ്രകൃതിയും പ്രപഞ്ചവും

പഠന സാമഗ്രികൾ: - ഹിമാലയം - വീഡിയോ

പ്രതീക്ഷിത ഉല്പന്നങ്ങൾ: വർണനകൾ

തീയതി : ....................................                സമയം :40 മിനിട്ട്

| പ്രവർത്തനം | പ്രതികരണം |
|---|---|
| ഹിമാലയത്തെക്കുറിച്ചുള്ള വീഡിയോ പ്രദർശനം<br><br>പാഠപുസ്തകത്തിലെ നമുക്കു ചുറ്റും TB page 118<br><br>വ്യക്തിഗത വായന<br><br>അധ്യാപിക ചോദ്യങ്ങൾ ചോദിക്കുന്നു.<br><br>എന്തിനെക്കുറിച്ചാണ് ഇത്?<br><br>എന്താണ് മനസ്സിലായത്. സ്വ.പ്ര.<br><br>ഇതേ ഹിമാലയത്തെക്കുറിച്ച് കവി വർണിച്ചെഴുതിയിരിക്കുന്നത് നോക്കൂ<br><br>അധ്യാപികTB page 119<br><br>കവിത അവതരിപ്പിക്കുന്നു.<br><br>ചോദ്യങ്ങൾ.<br><br>ചർച്ച<br><br>തുടർന്ന്<br><br>വർണിച്ചെഴുതാം<br><br>വിസ്മയപ്പെടുത്തുന്ന എന്തെങ്കിലും പ്രകൃതി ദൃശ്യങ്ങൾ നിങ്ങളുടെ പരിസര പ്രദേശത്തുണ്ടോ. അവ സൂക്ഷ്മമായി നിരീക്ഷിച്ച് നിങ്ങൾ കണ്ട കാഴ്ചകൾ വർണിച്ചെഴുതൂ. (വ്യക്തിഗതം) അവതരണം. | |

| | |
|---|---|
| മേൽക്കുമേലിങ്ങിവ പൊങ്ങി- വിണ്ണിൽ<br><br>നോക്കമ്മേ എന്തൊരു ഭംഗി......<br><br>വരികൾ കുട്ടികൾ ഒന്നുകൂടെ ചൊല്ലുന്നു.<br><br>അധ്യാപികയുടെ ലഘുചോദ്യങ്ങൾ<br><br>1) മേൽക്കുമേൽ പൊങ്ങിപ്പോകുന്നത് എന്താണ്.<br><br>2) പൂമ്പാറ്റകളെ കുട്ടിക്ക് എന്തായിട്ടാണ് തോന്നുന്നത്?<br><br>3) പൂമ്പാറ്റകൾ ഒരേ നിറത്തിലുള്ളവയാണോ? കുട്ടികൾ പൂമ്പാറ്റയോ കാണുമ്പോൾ വിസ്മയിക്കുന്ന കാരണം വ്യക്തിഗതമായി എഴുതുന്നു.<br><br>അവതരണം | |

വിലയിരുത്തൽ : ആലങ്കാരികമായ ഭാഷ പ്രയോഗങ്ങള്, ഭംഗി-

റഫറൻസ് :

തുടർ പ്രവർത്തനങ്ങൾ :

റിഫ്ലക്ഷൻ നോട്ട് :

# യൂണിറ്റ് 8 ചരിതം

| നമ്പർ | പഠനനേട്ടം | പ്രവർത്തനം | പഠന സാമഗ്രികൾ | ആശയങ്ങൾ, മൂല്യങ്ങൾ, ധാരണകൾ | ഉല്പന്നങ്ങൾ | വിലയിരുത്തൽ | സമയം |
|---|---|---|---|---|---|---|---|
| 1 | വിദേശികൾക്കെതിരെ പോരാടി വീരചരമമടഞ്ഞ പഴശ്ശിരാജയുടെ ജീവിതത്തിൽ നിന്ന് ആവേശം ഉൾക്കൊള്ളുന്നു | പ്രവേശകം | ചിത്രം (മഹാത്മഗാന്ധിയുടെ രേഖാചിത്രം)<br>വീഡിയോ (മഹാന്മാരുടെ ജീവിതത്തിലെ സംഭവങ്ങൾ- പഴശ്ശിരാജ, ഗാന്ധിജി) | സ്വാതന്ത്ര്യത്തിനു വേണ്ടി പൊരുതി വീരചരമം പ്രാപിച്ച ധീരദേശാഭിമാനികൾ ഏറെയുണ്ട് | മഹത് വ്യക്തികളുടെ സന്ദേശങ്ങള് | രചന – സന്ദേശ രചന<br>വായന – സന്ദേശവായന | 45 |
| 2 | ഉച്ചാരണശുദ്ധിയോടേയും ആശയവ്യക്തതയോടെയും ഉച്ചത്തിൽ വായിക്കുന്നു | വാക്യരചന<br>പതിപ്പ് | ഐ സി റ്റി<br>വേലുത്തമ്പി ദളവ - വീഡിയോ | കേരള ചരിത്രത്തിലെ ഇതിഹാസ സമാനമായ ജീവിതമായിരുന്നു പഴശ്ശിരാജയുടേത്.സ്വാതന്ത്ര്യത്തിനു വേണ്ടി ത്യാഗം അനുഷ്ടിച്ച ധീര ദേശാഭിമാനികളെ ആദരിക്കുകയും വേണം. | പതിപ്പ് | പതിപ്പ്- രചന വിവിധ ഘട്ടങ്ങൾ | 90 |
| 3 | ഹോക്കി മാന്ത്രികനായ ധ്യാൻചന്ദിന്റെ ഉജ്ജ്വലമായ കായിക | കണ്ടെത്താം | ഹോക്കിയുമായി ബന്ധപ്പെട്ട ഡോക്യുമെന്ററി | കളിക്കളത്തിലെ അതുല്യ പ്രകടനത്തിലൂടെ നമുക്ക് പ്രചോദനമാകുന്ന നിരവധി | കുറിപ്പ്<br>വിവര | കുറിപ്പ് തയാറാക്കൽ<br>വിവരണം തയാറാക്കൽ | 135 |

| | | | | | | | |
|---|---|---|---|---|---|---|---|
| | ജീവിതത്തെക്കുറിച്ച് അടുത്തറിയുന്നു. പത്രവാർത്ത തയാറാക്കുന്നു.<br>കായിക വിനോദത്തിന്റെ സവിശേഷതകൾ ഉൾപ്പെടുത്തി വിവരണം തയാറാക്കുന്നു | അർത്ഥം കണ്ടെത്താം<br>കുറിപ്പെഴുതാം<br>വിവരണം തയാറാക്കാം. | (ധ്യാം ചന്ദ്)<br>വിവിധ കളികളുമായി ബന്ധപ്പെട്ട വീഡിയോ | കായിക പ്രതിഭകൾ ഉണ്ട്.<br>കളിക്കളങ്ങളിൽ ഉജ്ജ്വലമായ ദേശസ്നേഹം പ്രകടിപ്പിച്ച കായികതാരങ്ങളെ നാം ആദരിക്കേണ്ടതുണ്ട്. | ണം<br>പത്രവാര് ത്ത | പത്രവാർത്ത തയാറാക്കൽ | |
| 4 | ഹോക്കി മാന്ത്രികനായ ധ്യാൻചന്ദിന്റെ ഉജ്ജ്വലമായ കായിക ജീവിതത്തെക്കുറിച്ച് അടുത്തറിയുന്നു. പത്രവാർത്ത തയാറാക്കുന്നു.<br>കായിക വിനോദത്തിന്റെ സവിശേഷതകൾ ഉൾപ്പെടുത്തി വിവരണം തയാറാക്കുന്നു. | കണ്ടെത്താം<br>അർത്ഥം കണ്ടെത്താം<br>കുറിപ്പെഴുതാം<br>വിവരണം തയാറാക്കാം. | ഹോക്കിയുമായി ബന്ധപ്പെട്ട ഡോക്യുമെന്ററി (ധ്യാൻചന്ദ്)<br>വിവിധ കളികളുമായി ബന്ധപ്പെട്ട വീഡിയോ | കളിക്കളത്തിലെ അതുല്യ പ്രകടനത്തിലൂടെ നമുക്ക് പ്രചോദനമാകുന്ന നിരവധി കായിക പ്രതിഭകൾ ഉണ്ട്.<br>കളിക്കളങ്ങളിൽ ഉജ്ജ്വലമായ ദേശസ്നേഹം പ്രകടിപ്പിച്ച കായികതാരങ്ങളെ നാം ആദരിക്കേണ്ടതുണ്ട്. | കുറിപ്പ്<br>വിവരണം<br>പത്രവാര് ത്ത | കുറിപ്പ് തയാറാക്കൽ<br>വിവരണം തയാറാക്കൽ<br>പത്രവാർത്ത തയാറാക്കൽ | 135 |
| 5 | നിവേദനം, ജീവചരിത്രക്കുറിപ്പ് എന്നിവ തയാറാക്കുന്നു | നിവേദനം<br>ജീവചരിത്രക്കുറിപ്പ് | പാഠപുസ്തകം<br>കായിക പ്രതിഭകളുടെ വീഡിയോ | കളിക്കളങ്ങളിൽ ഉജ്ജ്വലമായ ദേശസ്നേഹം പ്രകടിപ്പിച്ച കായികതാരങ്ങളെ നാം ആദരിക്കേണ്ടതുണ്ട്. | നിവേദനം,<br>ജീവചരിത്രക്കുറി | നിവേദനം തയാറാക്കൽ വിവിധ ഘട്ടങ്ങൾ<br>ജീവചരിത്രക്കുറിപ്പ് വിവിധ ഘട്ടങ്ങൾ | 90 |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | | പ്പ് | | |
| 7 | അഭിനന്ദന കത്ത് തയാറാക്കുന്നു. | കത്ത് | കത്തിന്റെ മാതൃക | കളിക്കത്തിലെ അതുല്യ പ്രകടനത്തിലൂടെ നമുക്ക് പ്രചോദനമേകുന്ന നിരവധി കായികപ്രതിഭകൾ ഉണ്ട്. | കത്ത് | കത്ത് തയാറാക്കൽ<br><br>ആശയം<br><br>ഭാഷാശൈലി<br><br>ഘടന | 45 |

**പഠനനേട്ടം : വിദേശികൾക്കെതിരെ പോരാടി വീരചരമമടഞ്ഞ പഴശ്ശിരാജയുടെ ജീവിതത്തിൽ നിന്ന് ആവേശം ഉൾക്കൊള്ളുന്നു**

പ്രവർത്തനത്തിന്റെ പേര് : പ്രവേശകം

ആശയങ്ങൾ, മൂല്യങ്ങൾ ധാരണകൾ : സ്വാതന്ത്ര്യത്തിനു വേണ്ടി പൊരുതി വീരചരമം പ്രാപിച്ച ധീരദേശാഭിമാനികൾ ഏറെയുണ്ട്

പഠന സാമഗ്രികൾ: ചിത്രം (മഹാത്മഗാന്ധിയുടെ രേഖാചിത്രം)

വീഡിയോ (മഹാന്മാരുടെ ജീവിതത്തിലെ സംഭവങ്ങൾ- പഴശ്ശിരാജ, ഗാന്ധിജി)

പ്രതീക്ഷിത ഉല്പന്നങ്ങൾ: മഹത് വ്യക്തികളുടെ സന്ദേശങ്ങൾ

തീയതി : .................................... സമയം :45 മിനിട്ട്

| പ്രവർത്തനം | പ്രതികരണം |
|---|---|
| മഹാന്മാരുടെ രേഖാചിത്രങ്ങൾ ക്ലാസ്സിൽ പ്രദർശിപ്പിക്കുന്നു. (ഗാന്ധിജി, ശ്രീനാരായണ ഗുരു, .......)<br><br>**ചർച്ച - സൂചകങ്ങൾ**<br><br>ചിത്രത്തിൽ കാണുന്ന മഹത് വ്യക്തികൾ ആരെല്ലാമാണ്? | |

| | |
|---|---|
| അവർ ലോകത്തിന് നൽകിയ സന്ദേശങ്ങൾ എന്തെല്ലാം?<br><br>ചില മഹത് വ്യക്തികളുടെ സന്ദേശങ്ങൾ slide presentation നടത്തുന്നു.<br><br>കുട്ടികളുടെ സ്വതന്ത്ര പ്രതികരണം<br><br>ടി ബി പേജ് 123 ലെ സന്ദേശം പരിചയപ്പെടുത്തുന്നു.<br><br>കൂടുതൽ സന്ദേശം ഗ്രൂപ്പിൽ കണ്ടെത്തി അവതരിപ്പിക്കുന്നു. - എഴുതുന്നു.<br><br>ടീച്ചർ വെർഷൻ അവതരിപ്പിക്കുന്നു.<br><br>**ക്രോഡീകരണം**<br><br>• എന്റെ ജീവിതമാണ് എന്റെ സന്ദേശം - മഹാത്മഗാന്ധി<br><br>• ഒരു ജാതി, ഒരു മതം, ഒരു ദൈവം മനുഷ്യന് - ശ്രീനാരായണ ഗുരു<br><br>• എനിക്ക് രക്തം തരൂ. ഞാൻ നിങ്ങൾക്ക് സ്വാതന്ത്ര്യം തരാം. -സുഭാഷ് ചന്ദ്രബോസ്<br><br>ടീച്ചർ വെർഷൻ കുട്ടികൾ നോട്ടുബുക്കിൽ എഴുതുന്നു. കൂടുതൽ സന്ദേശങ്ങൾ കണ്ടെത്തി വരുവാൻ ആവശ്യപ്പെടുന്നു. | |

വിലയിരുത്തൽ : രചന – സന്ദേശ രചന

വായന – സന്ദേശവായന

റഫറൻസ് :

തുടർ പ്രവർത്തനങ്ങൾ : എ4 ഷീറ്റിൽ മഹത് വ്യക്തികളുടെ ചിത്രം ഒട്ടിച്ച് സന്ദേശം എഴുതിക്കൊണ്ടു വരിക

റിഫ്ലക്ഷൻ നോട്ട് :

**പഠനനേട്ടം : വിദേശികൾക്കെതിരെ പോരാടി വീരചരമമടഞ്ഞ പഴശ്ശിരാജയുടെ ജീവിതത്തിൽ നിന്ന് ആവേശം ഉൾക്കൊള്ളുന്നു.**

പ്രവർത്തനത്തിന്റെ പേര് : കണ്ടെത്താം അർത്ഥം കണ്ടെത്താം പ്രയോഗഭംഗി

ആശയങ്ങൾ, മൂല്യങ്ങൾ ധാരണകൾ : സ്വാതന്ത്ര്യത്തിനു വേണ്ടി പൊരുതി വീരചരമം പ്രാപിച്ച ധീരദേശാഭിമാനികൾ ഏറെയുണ്ട്.

പഠന സാമഗ്രികൾ: ചിത്രം (മഹാത്മഗാന്ധിയുടെ രേഖാചിത്രം)

വീഡിയോ (മഹാന്മാരുടെ ജീവിതത്തിലെ സംഭവങ്ങൾ - പഴശ്ശിരാജ, ഗാന്ധിജി)

പുസ്തകം (പാഠപുസ്തകം)

പ്രതീക്ഷിത ഉല്പന്നങ്ങൾ: മഹത് വ്യക്തികളുടെ സന്ദേശങ്ങൾ

തീയതി : .................................... സമയം :45 മിനിട്ട്

| പ്രവർത്തനം | പ്രതികരണം |
|---|---|
| **പ്രവർത്തന ഘട്ടം - 1 - പാഠാവതരണം**<br>പഴശ്ശിരാജയുമായി ബന്ധപ്പെട്ട് ഒരു ഡോക്യുമെന്ററി ക്ലാസ്സിൽ പ്രദർശിപ്പിക്കുന്നു.<br>ചർച്ച – സൂചകങ്ങൾ<br>• പഴശ്ശിരാജ സ്തൂപം എവിടെയാണ്?<br>• പഴശ്ശിരാജയുടെ യുദ്ധതന്ത്രം?<br>• ആർക്കെതിരെയാണ് പഴശ്ശിരാജ യുദ്ധം ചെയ്തത്?<br>തുടർന്ന് കൂടുതൽ മനസ്സിലാക്കുന്നതിന് പാഠഭാഗം വായിക്കുന്നതിന് അവസരം നൽകുന്നു.<br>(പഴശ്ശി തമ്പുരാൻ ടി ബി 124-126 വരെ) | |

| | |
|---|---|
| വ്യക്തിഗത വായന എന്നിവയ്ക്ക് അവസരം<br><br>വായനയിൽ പദങ്ങളുടെ ഉച്ചാരണം, വാക്യഘടന, രചനാ രീതി, ശൈലി എന്നിവ ഉൾക്കൊണ്ട് ടീച്ചർ ക്ലാസ്സിൽ അവതരിപ്പിക്കുന്നു.<br><br>**പ്രവർത്തന ഘട്ടം - 2** ചോദ്യോത്തരം - കണ്ടെത്താം<br><br>കുട്ടികൾ പാഠഭാഗത്തുനിന്നും ഗ്രൂപ്പു തിരിഞ്ഞ് ചോദ്യങ്ങൾ കണ്ടെത്തുന്നു.<br><br>ഗ്രൂപ്പുകൾ തമ്മിൽ ചോദ്യങ്ങൾ ചോദിക്കുന്നു.<br><br>ഉത്തരം ഗ്രൂപ്പുകൾ അവതരിപ്പിക്കുന്നു.<br><br>ഉത്തരം കണ്ടെത്താൻ പ്രയാസപ്പെടുന്ന ഗ്രൂപ്പുകളെ ടീച്ചർ സഹായിക്കുന്നു.<br><br>പാഠപുസ്തകത്തിലെ ചോദ്യങ്ങൾക്ക് കുട്ടികൾ വ്യക്തിഗതമായി ഉത്തരം കണ്ടെത്തുന്നു.<br><br>അവതരിപ്പിക്കുന്നു<br><br>നോട്ടുബുക്കിൽ എഴുതുന്നു.<br><br>**പ്രവർത്തന ഘട്ടം - 3**<br><br>അർത്ഥം- കണ്ടെത്താം<br><br>• ടി ബി യിലെ പുതിയ പദങ്ങൾ കണ്ടെത്തുന്നു.<br>    o ചാരൻ<br>    o ഒളിപ്പാർക്കുക<br>    o താവളം | |

| | |
|---|---|
| • നോട്ടുബുക്കിൽ എഴുതുന്നു.<br><br>• കുട്ടികൾ പറയുന്ന പദങ്ങൾ ബി ബി യിൽ എഴുതുന്നു.<br><br>• ഈ പദങ്ങളുടെ അർത്ഥം കുട്ടികൾ തന്നെ കണ്ടെത്തുന്നു.<br><br>• ക്ലാസ്സിൽ അവതരിപ്പിക്കുന്നു<br><br>• ചാർട്ടിൽ ടീച്ചർ എഴുതുന്നു.<br><br>**പ്രവർത്തന ഘട്ടം - 4** പ്രയോഗഭംഗി<br><br>പാഠഭാഗത്തിന്റെ പ്രധാനാശയങ്ങൾ കണ്ടെത്തി പറയുന്നു<br><br>കൂടുതൽ പരിചയപ്പെടുന്നതിനായി പ്രയോഗ ഭംഗി ഉൾക്കൊണ്ട് ആശയങ്ങൾ ടീച്ചർ ഐ സി റ്റി യിൽ അവതരിപ്പിക്കുന്നു.<br><br>ICT presentation<br><br>• മഞ്ഞ് കുടി പാർത്ത ഇല്ലിക്കാടുകൾ<br><br>• കുനിഞ്ഞു നില്ക്കുന്ന ഇല്ലിക്കൂട്ടം<br><br>• മുള്ള്, മുരട്, മൂർഖൻ പാമ്പ്<br><br>• അസ്തമയ സൂര്യൻ ചെമ്പട്ട് ചുറ്റും പുതച്ചു.<br><br>• സന്ധ്യയുടെ കവിളിൽ മഞ്ഞുതുള്ളികൾ ഇറ്റു വീണു.<br><br>ടി ബി പേജ് 124ലെ അസ്തമയ സൂര്യൻ ചെമ്പട്ട് ചുറ്റും പുതച്ചു നില്ക്കുന്ന ചിത്രം ക്ലാസ്സിൽ ഐ സി റ്റി സഹായത്താൽ പ്രദർശിപ്പിക്കുന്നു. | |

| | |
|---|---|
| ചർച്ച – സൂചകങ്ങൾ<br><br>• കഥയിലെ ഏത് ആശയത്തെയാണ് ചിത്രത്തിൽ സൂചിപ്പിക്കുന്നത്?<br>• ............<br>• ..........<br>• ........<br><br>കുട്ടികൾ സ്വതന്ത്രമായി പ്രതികരിക്കുന്നു.<br><br>ടീച്ചർ ക്രോഡീകരിക്കുന്നു.<br><br>**ക്രോഡീകരണം**<br><br>ആചാര മര്യാദകളോടെ വെള്ളപ്പട്ടാളം പഴശ്ശിയുടെ മൃതശരീരം മാനന്തവായി കുന്നിൻ മുകളിൽ കൊണ്ടുവന്നു. ആ സമയത്തെ പ്രകൃതിവർണ്ണനയാണിത്. മൃതശരീരത്തിൽ സംസ്കാര സമയത്ത് ചെമ്പട്ട് പുതപ്പിക്കുന്നതുപോലെ കാടു മുഴുവൻ അസ്തമയ സൂര്യന്റെ ചുമന്ന കിരണങ്ങൾ വ്യാപിച്ചു എന്ന പ്രയോഗം പഴശ്ശിയോടുള്ള പ്രകൃതിയുടെ ആദരപൂർണ്ണമായ പ്രതികരണത്തെ സൂചിപ്പിക്കുന്നു. കുട്ടികൾ നോട്ടുബുക്കിൽ എഴുതുന്നു. കൂടുതൽ പ്രയോഗഭംഗികൾ ചർച്ച ചെയ്ത് കുറിപ്പ് തയ്യാറാക്കുന്നു.<br><br>മെച്ചപ്പെടുത്തി ക്ലാസ്സിൽ അവതരിപ്പിക്കുന്നു. കുട്ടികളുടെ രചനകൾ സ്വീകരിച്ച് പതിപ്പ് തയാറാക്കുന്നു. | |

വിലയിരുത്തൽ :

- പാഠഭാഗ വായന
- ആശയം ഉൾക്കൊണ്ടുകൊണ്ട് വായന
- ഉത്തരം കണ്ടെത്തൽ
- പുതിയ പദങ്ങൾ കണ്ടെത്തൽ
- പ്രയോഗ ഭംഗി കണ്ടെത്തൽ

- ആശയങ്ങളുടെ ക്രമമായ അവതരണം
- അനുയോജ്യമായ വാക്യഘടന
- ലളിതമായ ഭാഷ
- പതിപ്പ്

റഫറൻസ് : പഴശ്ശി രാജാ സിനിമ

തുടർ പ്രവർത്തനങ്ങൾ : പതിപ്പ്

റിഫ്ലക്ഷൻ നോട്ട് :

**പഠനനേട്ടം : പുതിയ പദങ്ങളുടെ അർത്ഥം മനസ്സിലാക്കി വാക്യരചന നടത്തുന്നു.**

**ഉച്ചാരണശുദ്ധിയോടേയും ആശയവ്യക്തതയോടെയും ഉച്ചത്തിൽ വായിക്കുന്നു**

പ്രവർത്തനത്തിന്റെ പേര് : വാക്യരചന പതിപ്പ്

ആശയങ്ങൾ, മൂല്യങ്ങൾ ധാരണകൾ : കേരള ചരിത്രത്തിലെ ഇതിഹാസ സമാനമായ ജീവിതമായിരുന്നു പഴശ്ശിരാജയുടേത്.

സ്വാതന്ത്ര്യത്തിനു വേണ്ടി ത്യാഗം അനുഷ്ടിച്ച ധീര ദേശാഭിമാനികളെ സ്മരിക്കയും ആദരിക്കുകയും വേണം

പഠന സാമഗ്രികൾ: ഐ സി റ്റി വേലുത്തമ്പി ദളവ - വീഡിയോ

പ്രതീക്ഷിത ഉല്പന്നങ്ങൾ: പതിപ്പ്

തീയതി : ..................................... സമയം :90 മിനിട്ട്

| പ്രവർത്തനം | പ്രതികരണം |
|---|---|
| **പ്രവർത്തന ഘട്ടം - 1** വാക്യരചന<br>• ടീച്ചർ ചില വാക്യങ്ങൾ ക്ലാസ്സിൽ അവതരിപ്പിക്കുന്നു. അടിവരയിട്ട പദങ്ങൾക്ക് പുതിയ വാക്യങ്ങൾ കണ്ടെത്തി കുട്ടികൾ അവതരിപ്പിക്കുന്നു. | |

| | |
|---|---|
| • നോട്ടുബുക്കിൽ എഴുതുന്നു.<br><br>• പരസ്പരം കൈമാറി വിലയിരുത്തുന്നു.<br><br>**പ്രവര് ത്തന ഘട്ടം - 2** - പതിപ്പ്<br><br>സ്വാതന്ത്ര്യ സമരത്തിൽ ജീവത്യാഗം ചെയ്ത ദേശ സ്നേഹികളുടെ വീഡിയോ പ്രദർശിപ്പിക്കുന്നു.പഴശ്ശിരാജ,വേലുത്തമ്പിദളവ<br><br>ചർച്ച<br><br>• ചിത്രത്തിൽ കാണുന്ന പ്രധാന കഥാപാത്രം ആരാണ്?<br><br>• അദ്ദേഹം എവിടെയാണ് ജനിച്ചത്?<br><br>• ജനിച്ച വർഷമേത്?<br><br>• മാതാപിതാക്കൾ ആരെല്ലാം?<br><br>• സംഭാവനകൾ എന്തെല്ലാം?<br><br>ക്ലാസ്സിൽ ചർച്ച ചെയ്യുന്നു.<br><br>കുറിപ്പ് തയാറാക്കുന്നു.<br><br>ക്ലാസ്സിൽ അവതരിപ്പിക്കുന്നു<br><br>മെച്ചപ്പെടുത്തി പതിപ്പ് തയാറാക്കുന്നു. | |

വിലയിരുത്തൽ : പതിപ്പ്

- വൈവിധ്യം

- തനതായ ഭാഷ
- അനുയോജ്യമായ വാക്യഘടന
- ലേ ഔട്ട്

റഫറൻസ് :

തുടർ പ്രവർത്തനങ്ങൾ : മറ്റ് സ്വാതന്ത്ര്യസമരസേനാനികളുടെ ചിത്രങ്ങൾ ശേഖരിക്കുക.

റിഫ്ലക്ഷൻ നോട്ട് :

**പഠനനേട്ടം : ഹോക്കി മാന്ത്രികനായ ധ്യാൻ ചന്ദിന്റെ ഉജ്ജ്വലമായ കായിക ജീവിതത്തെക്കുറിച്ച് അടുത്തറിയുന്നു. പത്രവാർത്ത തയാറാക്കുന്നു കായിക വിനോദത്തിന്റെ സവിശേഷതകൾ ഉൾപ്പെടുത്തി വിവരണം തയാറാക്കുന്നു..**

പ്രവർത്തനത്തിന്റെ പേര് : കണ്ടെത്താം അർത്ഥം കണ്ടെത്താം കുറിപ്പെഴുതാം വിവരണം തയാറാക്കാം.

ആശയങ്ങൾ, മൂല്യങ്ങൾ ധാരണകൾ : കളിക്കളത്തിലെ അതുല്യ പ്രകടനത്തിലൂടെ നമുക്ക് പ്രചോദനമാകുന്ന നിരവധി കായിക പ്രതിഭകൾ ഉണ്ട്.

കളിക്കളങ്ങളിൽ ഉജ്ജ്വലമായ ദേശസ്നേഹം പ്രകടിപ്പിച്ച കായികതാരങ്ങളെ നാം ആദരിക്കേണ്ടതുണ്ട്

പഠന സാമഗ്രികൾ: ഹോക്കിയുമായി ബന്ധപ്പെട്ട ഡോക്യുമെന്ററി (ധ്യാൻ ചന്ദ്)

വിവിധ കളികളുമായി ബന്ധപ്പെട്ട വീഡിയോ

പ്രതീക്ഷിത ഉല്പന്നങ്ങൾ: കുറിപ്പ് വിവരണം പത്രവാർത്ത

തീയതി : .................................... സമയം :.135 മിനിട്ട്

| പ്രവർത്തനം | പ്രതികരണം |
|---|---|
| **പ്രവർത്തന ഘട്ടം - 1 -** കണ്ടെത്താം<br><br>വിവിധ കളികളുടെ ചിത്രങ്ങൾ ഐ സി റ്റി സഹായത്താൽ ക്ലാസ്സിൽ പ്രദർശിപ്പിക്കുന്നു.<br><br>**ചർച്ച** | |

| | |
|---|---|
| • ഏതൊക്കെ കളികളാണ് ചിത്രത്തിൽ കാണുന്നത്?<br>• ഇവയിൽ നമ്മുടെ ദേശീയ വിനോദം ഏതാണ്?<br>• ഹോക്കി കളി നിങ്ങൾ കണ്ടിട്ടുണ്ടോ?<br>• ഹോക്കി കളിക്ക് ഉപയോഗിക്കുന്ന ഉപകരണങ്ങൾ എന്താണ്?<br>കുട്ടികൾ സ്വതന്ത്രമായി പ്രതികരിക്കുന്നു.<br>തുടർന്ന് ഹോക്കി മാന്ത്രികൻ എന്ന പാഠഭാഗം അവതരിപ്പിക്കുന്നു. കുട്ടികൾ വായിക്കുന്നു.<br>• വ്യക്തിഗതം<br>• മൗനവായന<br>• ആശയഗ്രഹണ വായന<br>ചർച്ച<br>പാഠഭാഗത്ത് ആരെ കുറിച്ചാണ് പ്രതിപാദിക്കുന്നത്?<br>ഹോക്കി കളിക്കിടയിൽ അമേരിക്കൻ കളിക്കാരുടെ പരാതി എന്തായിരുന്നു?<br>ധ്യാൻചന്ദ് എങ്ങനെയാണ് ആ പ്രശ്നത്തിന് പരിഹാരം കണ്ടെത്തിയത്?<br>ഒളിമ്പിക്സ് ഹോക്കിയുടെ ചരിത്രത്തിൽ ലോസ് ഏഞ്ചൽസ് മത്സരം ഇടം പിടിച്ചത് എങ്ങനെ?<br>കുട്ടികൾ ആശയം ഉൾക്കൊണ്ട് വീണ്ടും പാഠം വായിക്കുന്നു.<br>ഉത്തരം വ്യക്തിഗതമായി പറയുന്നു. എഴുതുന്നു<br>ഗ്രൂപ്പിൽ മെച്ചപ്പെടുത്തി അവതരിപ്പിക്കുന്നു | |

| | |
|---|---|
| തുടർന്ന് കണ്ടെത്താം എന്ന പാഠപുസ്തകത്തിലെ പ്രവർത്തനം പൂർത്തിയാക്കുന്നു.<br><br>കൂടുതൽ ചോദ്യോത്തരങ്ങൾ കണ്ടെത്തി എഴുതുന്നു. വ്യക്തിഗതമായി അവതരിപ്പിക്കുന്നു.<br><br>**പ്രവർത്തന ഘട്ടം - 2 – അർത്ഥം കണ്ടെത്താം**<br><br>കുട്ടികൾ പാഠഭാഗം വായിക്കുന്നു.<br><br>പുതിയ പദങ്ങൾ കണ്ടെത്തുന്നു<br><br>ഈ പദങ്ങളുടെ അർത്ഥം കണ്ടെത്തുന്നു. (പദസൂചികയിലെ അർത്ഥം പ്രയോജനപ്പെടുത്തുന്നു.)<br><br>ക്ലാസ്സിൽ അവതരിപ്പിക്കുന്നു.<br><br>കൂടുതൽ പുതിയ പദങ്ങളും അവയുടെ അർത്ഥവും കണ്ടെത്തി പദശേഖരം വികസിപ്പിക്കുന്നു.<br><br>**പ്രവർത്തന ഘട്ടം - 3 – കുറിപ്പെഴുതാം( പത്രവാർത്ത )**<br><br>വിവിധതരം കളികളുടെ പത്രവാർത്തകൾ (കട്ടിംഗുകൾ ) ക്ലാസ്സിൽ വായിക്കാൻ കുട്ടികൾക്ക് നൽകുന്നു.<br><br>വായിക്കുന്നു.<br><br>സ്വന്തം വാക്യത്തിൽ പറയുന്നു<br><br>പ്രശസ്തരായ കളിക്കാരുടെ പേരു പറയാൻ ആവശ്യപ്പെടുന്നു.<br><br>കുട്ടികളുടെ പ്രതികരണം<br><br>ഹോക്കിയുടെ ചരിത്രത്തിൽ അത്ഭുത പ്രതിഭാസമാണ് ധ്യാൻ ചന്ദ്, ഇതുപോലെ കായിക രംഗത്ത് അത്ഭുതം സൃഷ്ടിച്ച ധാരാളം പേരുണ്ട്. ഇവരുടെ പട്ടിക തയ്യാറാക്കാൻ ആവശ്യപ്പെടുന്നു. ഗ്രൂപ്പായി പട്ടിക തയ്യാറാക്കി അവതരിപ്പിക്കുന്നു.<br><br>• സച്ചിൻ ടെണ്ടുൽക്കർ | |

- ധ്യാൻചന്ദ്
- പി. ആർ. ശ്രീജേഷ്
- പി.ടി. ഉഷ
- ഐ.എം. വിജയൻ
- സാനിയ മിർസ
- മെസ്സി
- ഹുസൈൻ ബോൾട്ട്

തുടങ്ങിയ വിവരങ്ങൾ ഉൾപ്പെടുത്തി കൂടിതൽ വിവരങ്ങൾ കണ്ടെത്തി കുറിപ്പ് തയാറാക്കുന്നു.

ക്ലാസ്സിൽ അവതരിപ്പിക്കുന്നു.

ടീച്ചർ വെർഷൻ -

**ക്രോഡീകരണം**

2014 ഇബിയോൺ ഏഷ്യൻ ഗെയിംസിൽ ഹോക്കിയിൽ ഇന്ത്യയ്ക്ക് സ്വർണ്ണം സമ്മാനിച്ച ടീമിലെ ഒരു കായികതാരം. കേരളത്തിന്റെ അഭിമാനമാണ് ഈ താരം. നിലവിൽ ഇന്ത്യൻ ടീമിന്റെ ഉപനായകനാണ്.

**പ്രവർത്തന ഘട്ടം - 4– വിവരണം തയാറാക്കാം.**

ചില കളികളുടെ വീഡിയോ ക്ലാസ്സിൽ പ്രദർശിപ്പിക്കുന്നു. (ക്രിക്കറ്റ്, ഫുട്ബോൾ, വോളിബോൾ .........)

ചർച്ച

| | |
|---|---|
| കളികൾ ഏതെല്ലാമാണ്<br><br>ക്രിക്കറ്റ് കളിയിൽ എത്ര താരങ്ങളാണ് ഉള്ളത്?<br><br>ക്രിക്കറ്റ് കളിക്കാനാവശ്യമായ ഉപകരണങ്ങൾ എന്തെല്ലാമാണ്?<br><br>കളിക്കളത്തിന്റെ പ്രത്യേകത എന്താണ്?<br><br>ക്രിക്കറ്റ് കളിക്കാനാവശ്യമായ സമയം എത്രയാണ്?<br><br>തുടങ്ങിയ വിവരങ്ങൾ ഉൾപ്പെടുത്തി കുട്ടികൾക്ക് ഇഷ്ടമുള്ള ഒരു കായിക വിനോദത്തെക്കുറിച്ച് വിവരണം തയ്യാറാക്കുന്നു.<br><br>കുട്ടികളുടെ രചനയ്ക്ക് പ്രയോജനകരമാകുന്ന വിധത്തിൽ ടീച്ചർ വെർഷൻ ( HB പേജ് 195 ൽ ഫുട്ബോൾ കളിയുമായി ബന്ധപ്പെട്ട വിവരണം) അവതരിപ്പിക്കുന്നു.<br><br>കൂടുതൽ മെച്ചപ്പെടുത്തി എഴുതുന്നു.<br><br>പൊതുഅവതരണത്തിന് അവസരം<br><br>രചനകൾ ഉൾപ്പെടുത്തി പതിപ്പ് തയ്യാറാക്കുന്നു. | |

വിലയിരുത്തൽ : കുറിപ്പ് തയാറാക്കൽ

- ആശയങ്ങളുടെ ക്രമമായ അവതരണം
- അനുയോജ്യമായ തുടക്കവും ഒടുക്കവും
- ലളിതമായ ഭാഷ

വിവരണം -

- അനുയോജ്യമായ തലക്കെട്ട്
- വിഷയവുമായുള്ള ബന്ധം
- വാക്യഘടന
- ആശയങ്ങളുടെ തുടർച്ച

റഫറൻസ് :

തുടർ പ്രവർത്തനങ്ങൾ : സ്കൂളിൽ നടക്കുന്ന കായികമേളയുമായി ബന്ധപ്പെട്ട പത്രവാർത്ത തയ്യാറാക്കുക.

ഉൾപ്പെടുത്തേണ്ടവ

-സ്ഥലം

തീയതി/സമയം

മത്സര ഇനങ്ങൾ

റിഫ്ലക്ഷൻ നോട്ട് :

**പഠനനേട്ടം : നിവേദനം, ജീവചരിത്രക്കുറിപ്പ് എന്നിവ തയാറാക്കുന്നു**

പ്രവർത്തനത്തിന്റെ പേര് : നിവേദനം . ജീവചരിത്രക്കുറിപ്പ്

ആശയങ്ങൾ, മൂല്യങ്ങൾ ധാരണകൾ : കളിക്കളങ്ങളിൽ ഉജ്ജ്വലമായ ദേശസ്നേഹം പ്രകടിപ്പിച്ച കായികതാരങ്ങളെ നാം ആദരിക്കേണ്ടതുണ്ട്.

പഠന സാമഗ്രികൾ: പാഠപുസ്തകം

കായിക പ്രതിഭകളുടെ വീഡിയോ

പ്രതീക്ഷിത ഉല്പന്നങ്ങൾ: നിവേദനം,

ജീവചരിത്രക്കുറിപ്പ്

തീയതി : .................................... സമയം :90 മിനിട്ട്

| പ്രവർത്തനം | പ്രതികരണം |
|---|---|
| **പ്രവർത്തനം -** നിവേദനം- ചില നിവേദനങ്ങളുടെ മാതൃകകൾ ഗ്രൂപ്പിൽ നൽകുന്നു<br>ഗ്രൂപ്പിൽ ചർച്ച.അവതരണം<br>സ്കൂളിലോ കുട്ടികളുടെ ചുറ്റുപാടുകളിലോ അനുഭവപ്പെടുന്ന പ്രശ്നങ്ങൾ ക്ലാസ്സിൽ അവതരിപ്പിക്കുന്നതിന് അവസരം.<br>ഉദാ:- കുടിവെള്ള പ്രശ്നം,റോഡിന്റെ അപാകതകൾ<br>തുടങ്ങിയ പ്രശ്നങ്ങളുടെ പട്ടിക ക്ലാസ്സിൽ തയ്യാറാക്കുന്നു. കുട്ടികളെ 4 ഗ്രൂപ്പുകളാക്കുന്നു.<br>ഓരോ ഗ്രൂപ്പും ഓരോ വിഷയം തെരഞ്ഞെടുത്ത് നിവേദനം തയ്യാറാക്കുന്നു.<br>**നിവേദനം - വിലയിരുത്തൽ സൂചകങ്ങൾ**<br>• സ്ഥലം/തീയതി രേഖപ്പെടുത്തൽ<br>• നിവേദനം നൽകുന്നവരെക്കുറിച്ചുള്ള സൂചന<br>• നിവേദനം ആർക്ക്?<br>• അഭിസംബോധന<br>• ഉള്ളടക്കം<br>• ഭാഷാ ശൈലി<br>• രചനാ രീതി<br>• ഉപസംഹാരം | |

| | |
|---|---|
| നിവേദനം നൽകുന്നവരുടെ പേരും ഒപ്പും കുട്ടികൾ ഗ്രൂപ്പിൽ നിവേദനം തയാറാക്കുന്നു.<br><br>ഗ്രൂപ്പ് അവതരണം - മെച്ചപ്പെടുത്തൽ<br><br>പൊതു അവതരണം<br><br>തുടർന്ന് കളിക്കാനാവശ്യമായ കൂടുതൽ കളിയുപകരണങ്ങൾ സ്കൂളിൽ ലഭ്യമാക്കണമെന്നാവശ്യപ്പെട്ടു കൊണ്ട് പഞ്ചായത്ത് പ്രസിഡന്റിന് നൽകാൻ നിവേദനം തയ്യാറാക്കുന്നു.<br><br>**പ്രവർത്തനം : ജീവചരിത്രക്കുറിപ്പ്**<br><br>കളിക്കളത്തിൽ അത്ഭുതം സൃഷ്ടിച്ച കായിക താരങ്ങളുടെ വീഡിയോ ക്ലാസ്സിൽ പ്രദർശിപ്പിക്കുന്നു<br><br>• സച്ചിൻ ടെണ്ടുൽക്കർ<br>• ഐ. എം. വിജയൻ<br>• പി. യു. ചിത്ര<br><br>അവരുടെ കളിക്കളത്തിലെ ജീവിത വിജയം വീഡിയോയിൽ നിന്നും മനസ്സിലാക്കുന്നു. തുടർന്ന് കുട്ടികളെ ഏറ്റവും കൂടുതൽ സ്വാധീനിച്ച കായിക താരത്തിന്റെ ജീവിതത്തിലെ കൂടുതൽ സംഭവങ്ങൾ കണ്ടെത്തി ജീവചരിത്രക്കുറിപ്പ് തയാറാക്കുന്നു.<br><br>ഉൾപ്പെടുത്തേണ്ട കാര്യങ്ങൾ<br><br>• ജനനം<br>• ജീവിതകാലം, സ്ഥലം<br>• മാതാപിതാക്കൾ | |

| | |
|---|---|
| • പ്രധാന പ്രവർത്തന മേഖല<br><br>• പ്രധാന സംഭവങ്ങൾ<br><br>• ലഭിച്ചിട്ടുള്ള അംഗീകാരങ്ങൾ<br><br>• ഭാഷാശൈലി<br><br>• എഴുത്തിന്റെ ഘടന<br><br>തുടങ്ങിയ വിവരങ്ങൾ ഉൾപ്പെടുത്തി ജീവചരിത്രക്കുറിപ്പ് തയ്യാറാക്കുന്നു.<br><br>രചന മെച്ചപ്പെടുത്തുന്നതിനായി കൂടുതൽ ജീവചരിത്രക്കുറിപ്പുകൾ വായിക്കാൻ അവസരം നൽകുന്നു. | |

വിലയിരുത്തൽ : നിവേദനം, ജീവചരിത്രക്കുറിപ്പ്

- ഭാഷാശൈലി
- രചനാ രീതി
- എഴുത്തിന്റെ ഘടന
- അഭിസംബോധന
- ഉപസംഹാരം

റഫറൻസ് :

തുടർ പ്രവർത്തനങ്ങൾ : ഹെഡ്മാസ്ററർ,ഹെൽത്ത് ഇൻസ്പെക്ടർ ഇവർക്കുള്ള നിവേദനം എഴുതി തയ്യാറാക്കുക

റിഫ്ലക്ഷൻ നോട്ട് :

**പഠനനേട്ടം : അഭിനന്ദന കത്ത് തയാറാക്കുന്നു.**

പ്രവർത്തനത്തിന്റെ പേര് : കത്ത്

ആശയങ്ങൾ, മൂല്യങ്ങൾ ധാരണകൾ : കളിക്കളത്തിലെ അതുല്യ പ്രകടനത്തിലൂടെ നമുക്ക് പ്രചോദനമേകുന്ന നിരവധി കായികപ്രതിഭകൾ ഉണ്ട്.

പഠന സാമഗ്രികൾ: കത്തിന്റെ മാതൃക

പ്രതീക്ഷിത ഉല്പന്നങ്ങൾ: കത്ത്

തീയതി : .................................... സമയം : 45 മിനിട്ട്

| പ്രവർത്തനം | പ്രതികരണം |
|---|---|
| **പ്രവർത്തനം -** കത്ത്<br><br>നിങ്ങൾ കത്ത് തയ്യാറാക്കിയിട്ടുണ്ടോ?<br><br>ആർക്കൊക്കെയാണ് കത്ത് അയയ്ക്കുന്നത്?<br><br>എന്തൊക്കെ ആവശ്യങ്ങൾക്ക് കത്ത് അയയ്ക്കുന്നത്?<br><br>കുട്ടികൾ സ്വതന്ത്രമായി പ്രതികരിക്കുന്നു.<br><br>കായികമേളയിൽ മികച്ച വിജയം നേടിയ സ്കൂളിലെ കുട്ടിയെ അനുമോദിച്ചുകൊണ്ട് അഭിനന്ദന കത്ത് തയാറാക്കുന്നു.<br><br>**ചർച്ച**<br><br>കത്തെഴുതുമ്പോൾ കൂട്ടുകാരനോട് എന്തൊക്കെയാണ് പറയാനുള്ളത്?<br><br>എങ്ങനെ പറയും?<br><br>എന്തെല്ലാം പദങ്ങൾ ഉപയോഗിക്കാം?<br><br>(അഭിനന്ദനത്തിന് ഉതകുന്ന വാക്കുകളും വാചകങ്ങളും ഉൾപ്പെടുത്തണം)<br><br>തുടർന്ന് കുട്ടികൾ കത്തെഴുതുന്നു. | |

| | |
|---|---|
| കത്തുകൾ പരസ്പരം കൈമാറി വായിക്കുന്നു.<br><br>വിലയിരുത്തുന്നു.<br><br>മെച്ചപ്പെടുത്തലിന് അവസരം നൽകുന്നു.<br><br>തുടർന്ന് വിവിധ തരം കത്തുകൾ<br><br>• ഔദ്യോഗിക കത്ത്<br><br>• ക്ഷണക്കത്ത്<br><br>• അഭിനന്ദന കത്ത്<br><br>• അനുശോചന കത്ത്<br><br>ക്ലാസ്സിൽ പരിചയപ്പെടുത്തുന്നു. | |

വിലയിരുത്തൽ : കത്തിന്റെ രചന

- ആശയം
- ഭാഷാശൈലി
- ഘടന

റഫറൻസ് :

തുടർ പ്രവർത്തനങ്ങൾ : വിദ്യാലയത്തിൽ കലാമേളയിൽ വിജയം നേടിയ കുട്ടിയെ അഭിനന്ദിച്ചുകൊണ്ട് കത്ത് എഴുതുക

റിഫ്ലക്ഷൻ നോട്ട് :